അവളുടെ അടുത്തായി ഞാനും ഇരുന്നു. പക്ഷെ ആ റൂമിനെ നിശബ്ദത മൂടി. മഴക്ക് പോലും ഒന്നും ചെയ്യാൻ സാധിക്കാത്തത് പോലെ. അവൾ അതെ ഇരിപ്പാണ്.

"ട്ടു..... ട്ടു.." വാതിലിൽ ആരോ തട്ടിയ ശബ്ദം.

എനിക്ക് തുറക്കേണ്ടി അവർ ഡോർ തുറന്ന് അകത്തേക്ക് കയറി. നന്ദു ചേച്ചി ആണ് കൂടെ ദേവൂചേച്ചിയും ഉണ്ട്

നന്ദുചേച്ചി:"കഴിച്ച് കഴിഞ്ഞോ നീ...."

പുള്ളിക്കാരി ഇവിടെ നടന്ന സംഭവ വികാസങ്ങൾ ഒന്നും അറിഞ്ഞിട്ടില്ല എന്ന് അതിൽ നിന്നും വ്യക്തമായിരുന്നു..

"ഇവൾ എന്താ ഇങ്ങനെ ഇരിക്കുന്നെ. കരയുകയാണോ 😳"ദേവു ആയിരുന്നു അത്. കല്ല്യാണി ഇപ്പോഴും അതെ ഇരിപ്പാണ് ചെറുതായി ഒരു ഏങ്ങലും കേൾക്കാം. ദേവു ചേച്ചി അവളുടെ അടുത്തേക്ക് വന്ന് ആ താടി പിടിച്ചൊന്ന് പൊക്കി. അവളുടെ മുഖം കണ്ട് ഞങ്ങൾ എല്ലാവരും ഒന്ന് ഭയപ്പെട്ടു. കണ്ണൊക്കെ കലങ്ങി മറഞ്ഞിരിക്കുന്നു. കഴുത്തിൽ ഞാൻ പിടിച്ചതിന്റെ പാട് കാണാം. മുഖം ചുവന്നിരിക്കുന്നു. അവൾ കരയുകയാണ് പക്ഷെ ശബ്ദം പുറത്ത് വരുന്നില്ല. ചേച്ചിയെ കണ്ടതും അവൾ കെട്ടിപിടിച്ചൊന്ന് പൊട്ടിക്കരഞ്ഞു. ചേച്ചി അവളെ ആശ്വസിപ്പിക്കുകയാണ്. ചേച്ചി എന്നെ തന്നെ നോക്കി നിൽക്കുകയാണ്. ആ മുഖത്ത് ഇതുവരെ കാണാത്ത ദേഷ്യം ഞാൻ കണ്ടു. അവളെ ആശ്വസിപ്പിക്കാൻ എന്നോണം നന്ദുവും അവളുടെ അടുത്തായി സ്ഥാനം ഉറപ്പിച്ചു.... പതിയെ പതിയെ ആ കരച്ചിൽ ക്ഷമപ്പെടുന്നത് ഞാൻ കണ്ടു എന്നാലും ആ ഏങ്ങലടി അപ്പോഴും ക്ഷമപെട്ടിട്ടുണ്ടായിരുന്നില്ല

"നന്ദു ഇവളെ നീ റൂമിലോട്ട് കൊണ്ട് പോ"

രണ്ടുപേരും കൂടെ അവളെ എണീപ്പിച്ചു നിർത്തി. നന്ദു ചേച്ചി അവളെ പിടിച്ച് പതിയെ നടത്താൻ ശ്രമിച്ചു ദേവുചേച്ചി എന്നെ തന്നെ നോക്കി നിൽക്കുന്നു.

"ചേച്ചി ഞാൻ....."വളരെ നിസ്സഹായ അവസ്ഥയിൽ ഞാൻ പറഞ്ഞതും.

www.kkstories.com

"ഠപ്പേ 💥" എന്ന ശബ്ദം റൂമിൽ തളം കെട്ടി നിന്നു.

അങ്ങനെ അതും സംഭവിച്ചു ജീവിതത്തിൽ ആദ്യമായി ചേച്ചി എന്നെ തല്ലി

"നിനക്കും ഇല്ലേ സിദ്ധു കൂടെപ്പിറപ്പായിട്ട് നാലെണ്ണം...

നീ അവളുടെ മുഖം കണ്ടോ എങ്ങനെ ചെയ്യാൻ തോന്നി ആ പാവത്തിനോട് നിനക്ക് ഇങ്ങനെ ഒക്കെ "

ചേച്ചി ഇതും പറഞ്ഞ് ഒറ്റപോക്കായിരുന്നു റൂമിന് വെളിയിലേക്ക്.

ഒന്ന് സംസാരിക്കാൻ പോലും നാവ് പൊങ്ങിയില്ല.

എന്റെ മുഖത്ത് കിട്ടിയതിനേക്കാൾ വേദന ആയിരുന്നു മനസിന്. എന്നെ അവർ വെറുക്കുമോ....

www.kkstories.com

എന്റെകണ്ണിൽ നിന്നും കണ്ണുനീർ പൊഴിയുന്നുണ്ട് ഒന്ന് കരഞ്ഞാൽ ചെലപ്പോ ആശ്വാസം കിട്ടുമായിരിക്കും പക്ഷെ അതിനും കഴിയുന്നില്ല

മഴ ഒന്ന് ശാന്തമായി പക്ഷെ മനസ്സോ?...

ഓരോന്ന് ആലോചിച്ചു പതിയെ ഞാൻ ആ കിടക്കയിലേക്ക് മറിഞ്ഞു. ഒറങ്ങാൻ സമയം വേണ്ടി വന്നില്ല.

മുഖത്ത് നല്ല വെയിൽ പതിക്കുന്നുണ്ട് രാവിലെ ആയിരിക്കുന്നു.....

ഞാൻ സമയം ഫോണിൽ നോക്കി പത്ത്മണിയായിരിക്കുന്നു. സാധാരണ ചേച്ചിമാർ ആരെങ്കിലും വിളിക്കാൻ വരേണ്ടതാണ് പക്ഷെ ആരും തന്നെ വന്നില്ല. ഇന്നലെ നടന്നതൊക്കെ ഞാൻ വീണ്ടും ഓർത്തു. ഉള്ളിൽ ഇപ്പോഴും ഒരു പിടപ്പ്

ഒന്ന് കുളിക്കാം മൈൻഡ് ഒന്ന് ഫ്രഷ് ആവും. അങ്ങനെ കുളി കഴിഞ്ഞു എന്നാലും.....

അടിയിലേക്ക് പോകണോ ഇപ്പൊ തന്നെ എല്ലാവരും അറിഞ്ഞു കാണും. അവരായിട്ട് തന്നെ പുറത്താക്കേണ്ട.

ഞാൻ ബാഗ് ഒക്കെ പാക്ക് ചെയ്യാൻ തീരുമാനിച്ചു എന്തായാലും ഇനി ഇവിടെ നിൽക്കേണ്ട. എങ്ങോട്ടെങ്കിലും പോവാം ചേച്ചിമാർ അല്ലെ കുറച്ച് ദിവസം കഴിയുമ്പോൾ മറക്കുമായിരിക്കും.

www.kkstories.com

അങ്ങനെ ബാഗ് ഒക്കെ പാക്ക് ചെയ്യുമ്പോൾ ആണ് കതകിൽ ഒരു മുട്ട് കേൾക്കുന്നേ. അവളുടെ ചേട്ടന്മാർ ആയിരിക്കണം തല്ലാൻ വന്നതായിരിക്കും.....

ഞാൻ എന്തായാലും ഡോർ തുറക്കാൻ തന്നെ വിചാരിച്ചു

"ചായ....." വൈശാകി ആണ് കൂടെ ഇഷയും ഉണ്ട്

"എനിക്ക് വേണ്ട " ബാഗ് പാക്ക് ചെയ്യൽ തുടർന്നുകൊണ്ട് ഞാൻ പറഞ്ഞു

ഇഷ:"നീ ഈ ബാഗും പാക്ക് ചെയ്തോണ്ട് ഇത് എങ്ങോട്ടാ...."

ഞാൻ:"ചേച്ചി അന്ന് ചോദിച്ചില്ലേ ഇങ്ങോട്ട് വന്നത് നല്ല തീരുമാനം ആയിരുന്നോ എന്ന്. അന്ന് എനിക്ക് അതിനുള്ള മറുപടി അറിയില്ലായിരുന്നു പക്ഷെ ഇപ്പൊ അറിയാം. അല്ല.... ഞാൻ ഇങ്ങോട്ട് വന്നത് ഒരു മോശം തീരുമാനം ആണ്....."

വൈശു:"ഇങ്ങനെ ഒക്കെ പറയാനും ചെയ്യാനും ഇതിനും മാത്രം എന്താ ഇവിടെ ഉണ്ടായേ..... ഇന്നലെ നടന്നതിനു ആണോ..."

പെട്ടന്ന് ഞാൻ ഒന്ന് സ്തംഭിച്ചു. എല്ലാരും അറിഞ്ഞിരിക്കുന്നു...

ഞാൻ:"ഓഹ് അപ്പൊ എല്ലാവരും അറിഞ്ഞു ലെ 🙂"

എന്റെ ശബ്ദത്തിലെ പതർച്ച ഞാൻ അറിഞ്ഞു....

www.kkstories.com

ഇഷ:"മോനെ നീ ഒന്ന് അടങ്ങ്. ആരും അറിഞ്ഞിട്ടില്ല... അതൊക്കെ ദേവുചേച്ചി പറഞ്ഞ് സോൾവ് ആക്കിയിരിക്കണം. ഞങ്ങളും നിന്റെ ചേച്ചിമാരും അല്ലാതെ വേറെ ആരും ഒന്നും അറിഞ്ഞിട്ടില്ല

കല്ലുവും ആരോടും പറഞ്ഞിട്ടില്ല അവളുടെ ഏട്ടന്മാരോടും പോലും. അവളുടെ ഏട്ടന്മാർ അറിഞ്ഞാൽ അവർ വെറുതെ നിൽക്കും എന്ന് തോന്നുന്നുണ്ടോ."

"പിന്നെ നിങ്ങൾ എങ്ങനെ അറിഞ്ഞു "

"അതൊക്കെ അറിഞ്ഞു നീ ആ ബാഗ് ഒക്കെ അവിടെ വച്ച് ആദ്യം ഈ ചായ കുടിക്ക്. ബാക്കി ഒക്കെ പിന്നെ സംസാരിക്കാം...."

"ഞാൻ.... ഞാൻ ഇല്ല ചേച്ചി. ഞാൻ ഇവിടെ നിന്നാൽ ശരി ആവില്ല. എന്റെ ചേച്ചി പോലും എന്നെ ആദ്യമായി തല്ലി. അവർ ഒക്കെ വെറുക്കുന്നുണ്ടാവും എന്നെ "

വൈശു:"നീ അങ്ങനെ ഒന്നും ചിന്തിക്കാതെ നിനക്ക് ചേച്ചിമാർ ആയിട്ട് ഞങ്ങളും ഇല്ലേ പോരാത്തതിന് ഒരു അനിയത്തിയും 😊"

ചേച്ചി പറഞ്ഞത് ശെരിക്കും എന്റെ മനസ്സിൽ കൊണ്ടു. ഇവരെ കുറിച്ചാണോ ഞാൻ വേണ്ടാത്തതൊക്കെ ചിന്തിച്ചേ

www.kkstories.com

"അല്ല നിങ്ങൾക്ക് എന്നോട് ഒന്നും ദേഷ്യം തോന്നുന്നില്ലേ....."

"അതാ പറഞ്ഞെ അതൊക്കെ പിന്നെ സംസാരിക്കാം.... ഇപ്പോ മോൻ വാ.... നമ്മുക്ക് അടിയിലോട്ട് പോവാം..."

ഇഷ വന്നെന്റെ ബാഗ് പാക്ക് ചെയ്യൽ ഒക്കെ നിർത്തിച്ചു ബാഗ് സൈഡിലോട്ട് വച്ചു

ശേഷം അവരുടെ കൂടെ താഴേക്ക് ചെന്നു

അച്ഛന്മ്മാരെ ഒന്നും കാണുന്നില്ല അമ്മമാർ അടുക്കളയിലാണ് മുത്തശ്ശി റൂമിലും ബാക്കി ഉള്ളവർ ഹാളിൽ ഉണ്ട്

ഞാൻ ആദ്യം തിരഞ്ഞത് കല്ല്യാണിയേ ആണ്. അവൾ ഒരു സോഫയിൽ ഇരിക്കുന്നുണ്ട് കൂടെ കാർത്തു ചേച്ചി ഉണ്ട് അവർ കാര്യമായി എന്തോ സംസാരിക്കുകയാണ്.

ബാക്കി ഉള്ളവരും കൂട്ടം കൂടി സംസാരിക്കുന്നുണ്ട് അതിൽ എന്റേ ചേച്ചിമാരും അവളുടെ ചേട്ടന്മാരും ഉണ്ട്.

ഞാനും ഇഷയും വൈശുവും ഒന്ന് മാറി ഇരുന്നു. താര അവരുടെ ഒപ്പം ആണ്. ആരും എന്നെ മൈൻഡ് ചെയ്യുന്നില്ല എന്ന് മനസ്സിലായി. നന്ദു ചേച്ചി ഇടക്ക് ഇടക്ക് നോക്കും. പാവം.

ബാക്കി ഉള്ളവർക്ക് ഒരു മൈൻഡും ഇല്ല ഞാൻ അത് പ്രതീക്ഷിച്ചത് തന്നെ ആണ്. ഒരുകണക്കിന് അതും നല്ലതാണ്.അവളുടെ ചേട്ടന്മാർ ജസ്റ്റ് ഒന്ന് നോക്കി എന്നല്ലാതെ അവിടെയും കാര്യമായ മുഖവ്യത്യാസം ഇല്ല അവർ അറിഞ്ഞിട്ടില്ല എന്ന് മനസ്സിലായി

www.kkstories.com

"അല്ല ഇവളുടെ ചേട്ടന്മാർ എങ്ങനെ ആണ്"

ഞാൻ വൈശു ചേച്ചിയോടായി ചോദിച്ചു

"ആ കാണുന്നതാണ് അരുൺ " നമ്മടെ മറ്റേ പ്രഭാസ് ഇല്ലേ അവനെ നോക്കി പറഞ്ഞു

"അവനാണ് മൂത്തത് എന്റെയും നിന്റെ ദേവുചേച്ചിയെക്കാളും ഒരു വയസിന് മൂത്തതാണ്. ആളൊരു പോലീസ് ആണ്...."

സിവനേ.....😐സുരാജിന്റെ അവസ്ഥ ആയിരുന്നു എനിക്ക്...അല്ല ഞാൻ എന്തിന് പേടിക്കണം. പീഡിപ്പിച്ചിട്ടൊന്നും ഇല്ലല്ലോ ചെറുതായി ഒന്ന് തല്ലി എന്നല്ലേ ഉള്ളു....

അത് അല്ല ഇവൾടെ കഴുത്തിലെ പാട് ഒക്കെ എവിടെ.... ഇത്രം വേഗം അതൊക്കെ പോയോ...

ആഹ്ഹ് വെറുതെ അല്ല സംഭവം അപ്പൊ ഞാൻ പതുക്കെയേ പിടിച്ചിട്ടുള്ളു. അവളുടെ ശരീര പ്രകൃതി കാരണം ചുവന്നതാവും.

ആശ്വസിക്കാൻ ഓരോരോ കാരണങ്ങളെ.....

"അത് അർജുൻ ആൻഡ് നീരജ് ട്വിൻസ് ആണ് അവർ രണ്ടുപേരും ഒരു സ്റ്റാർട്ടപ്പ് തുടങ്ങിട്ടുണ്ട് അത്യാവശ്യം ഫേമസ് ആണ്. പിന്നെ ഉള്ളതാണ് നവീൻ അവനെ നീ ചെലപ്പോ കണ്ടിട്ടുണ്ടാവും സിനിമയിൽ ഒക്കെ ഉണ്ട് ഫേമസ് ആണ്"

www.kkstories.com

ഓഹ് ഞാൻ ഒന്നും കണ്ടിട്ടില്ല. എന്നാലും ഞാൻ അതല്ല വിചാരിക്കുന്നെ. ഞങ്ങടെ ഫാമിലി പോലെ ആണ് അവരുടെ ഫാമിലിയും. പറഞ്ഞ് പ്ലാൻ ചെയ്ത് പ്രസവിച്ച പോലെ.... എന്താണോ എന്തോ....

മുറ്റത് ഒരു കാറിന്റെ ശബ്ദം കേൾക്കാം...അച്ചന്മാർ ആണ് കൂടെ ഒരു വയസ്സായ ആളും പിന്നെ രാജീവനും. അപ്പൊ ഇതാണ് മെയിൻ തിരുമേനി ദി ഗ്രേറ്റ് ഇരവിൽ മാണിക്യൻ... കണ്ടാൽ തന്നെ പേടി തോന്നും കള്ള താടിയേ.

വണ്ടിയുടെ ശബ്ദം കേട്ടിട്ടാവണം അടുക്കളയിൽ നിന്നും സ്ത്രീ ജനങ്ങളും എത്തിച്ചേർന്നു...

"ദീപ്തി അമ്മയെ കൂട്ടി വരു"ചന്ദ്രമാമൻ ചിറ്റയോടായി പറഞ്ഞു

അങ്ങനെ എല്ലാരും എത്തിച്ചേർന്നു. മാണിക്യനെ കണ്ടതും വയസ്സായ എല്ലാവരുടേം മുഖത്ത് ഒരു സന്തോഷവും ആദരവും ഞാൻ കണ്ടുഇയാൾ അത്ര വലിയ സംഭവം ആണോ. ഞാൻ എന്നോട് തന്നെ ചോദിച്ചു.

"അഹ്.. മാണിക്യ സുഖം തന്നെ അല്ലെ..."മുത്തശ്ശി ആയിരുന്നു ചോദിച്ചത്...

"സുഖം" അയാൾ മറുപടി പറഞ്ഞു മുത്തശ്ശിയുടെ കാലിൽ തൊട്ട് അനുഗ്രഹം വാങ്ങി

ശേഷം ആ വിശാലമായ ഹാളിന്റെ നടുക്കായി സ്ഥാനം ഉറപ്പിച്ചു.....

www.kkstories.com

"കാര്യങ്ങൾ ഒക്കെ ഇവർ പറഞ്ഞിരുന്നു അപ്പോൾ ഇവിടെ രണ്ടുപേർക്കാണ് പ്രശ്നം ലെ....." അയാൾ കവടി നിരത്തി ആരോടെന്നില്ലാതെ ചോദിച്ചു....

"അതെ " അമ്മയുടെ വക ആയിരുന്നു മറുപടി....

"എന്തായാലും ഞാൻ ഇവരുടെ ജാതകങ്ങൾ ഒന്ന് നോക്കട്ടെ "

പിന്നെ പറയണ്ടല്ലോ കണ്ണടച്ചു തിരിക്കലായി മറിക്കലായി അവസാനം ആ കണ്ണ് ഒന്ന് തുറന്നു....

"ഈ കുട്ടിയുടെ ജാതകത്തിൽ 24 വയസ്സ് കഴിഞ്ഞാൽ ആയുസ് കാണുന്നില്ല..... " കല്ല്യാണിയേ നോക്കി അയാൾ പറഞ്ഞു...

ട്വിസ്റ്റ്.... ട്വിസ്റ്റ്.....

ഇവൾ അങ്ങനെ ഒന്നും ചാവില്ല ആരെങ്കിലും തല്ലിക്കൊന്നാൽ മാത്രെ ഉള്ളു😤

"ഇനി ഈ പയ്യന്റെ കാര്യം ആണെങ്കിൽ. രാജീവൻ പറഞ്ഞായിരുന്നു നിങ്ങളുടെ വീട്ടിൽ വന്നതിനെ പറ്റി. ഇയാളുടെ ജാതകവും ഒരു അപൂർവ ജാതകമാണ് കൂടുതൽ ഒന്നും എനിക്ക് ഇപ്പോൾ പറയാൻ സാധിക്കുന്നില്ല

ഒരു മൂന്ന് മാസം കൂടെ കഴിഞ്ഞാൽ ഇവിടുത്തെ കാവിലെ ഉത്സവമാണ് അത് വരെ നിങ്ങൾ ഇവിടെ ഉണ്ടാവണം

www.kkstories.com

ഈ മൂന്നുമാസം കൊണ്ട് ഒരുപാട് സംഭവ വികാസങ്ങൾ അരങ്ങേറും. നിങ്ങൾ ഇവിടെ ഉണ്ടായാൽ മാത്രമേ എനിക്ക് നിങ്ങളെ സംരക്ഷിക്കാൻ കഴിയു...."

എല്ലാവരുടെ മുഖത്ത് ഒരു ഭയം കാണാം. എനിക്ക് ഇതെല്ലാം കണ്ടിട്ട് ചിരി ആണ് വന്നത്. ഇതെന്താ വല്ല നാടകവും മറ്റോ ആണോ. അയാളുടെ ഒരു അപൂർവ ജാതകം

"തിരുമേനി ഇതിനെന്താ ഒരു പ്രതിവിധി"

"എനിക്ക് അനന്ത ലക്ഷ്മി അമ്മ ആയിട്ടൊന്നു ഒറ്റക്ക് സംസാരിക്കണം"

ശേഷം എന്നെ അയാൾ ഒന്ന് നോക്കി ആ നോട്ടത്തിൽ പല അർത്ഥങ്ങളും ഞാൻ കണ്ടു.

അവർ ഒരു റൂമിൽ കയറി സംസാരിക്കാൻ തുടങ്ങി ഒരു പത്തു പതിനൊന്നു മിനിറ്റ് ഒക്കെ എടുത്തു കാണും.

ഇവിടെ ആണെങ്കിൽ അവരുടെ വരവ് പ്രതീക്ഷിച്ചു തെക്ക് വടക്ക് നടക്കുകയാണ് എല്ലാരും...

അവർ ആ ഡോർ തുറന്ന് പുറത്തേക്ക് ഇറങ്ങി

www.kkstories.com

"പ്രതിവിധി എന്തെന്ന് വശ്ച്ചാൽ ഈ രണ്ട് ജാതകക്കാരും തമ്മിൽ വിവാഹം കഴിക്കണം.....

ഈ രണ്ട് ജാതകവും തമ്മിൽ നല്ല ചേർച്ച ആണ്....."

"അഹ് പിന്നെ അതങ്ങ് പള്ളിയിൽ പോയി പറഞ്ഞാൽ മതി ഇവളെ ഒന്നും കെട്ടാൻ എനിക്ക് പറ്റില്ല " ഞാൻ വെട്ടി തുറന്നു പറഞ്ഞു പിന്നെ ഇങ്ങനെ ഒക്കെ കേട്ടാൽ ആർക്കായാലും ദേഷ്യം വരൂലേ....

ആരും ഒന്നും പറയുന്നില്ല. എന്തിന് ഏറെ അവൾ പോലും മൗനം മാത്രമാണ്....

എനിക്ക് അത് കണ്ടതും പൊളിഞ്ഞു കേറി....

"എന്റെ പൊന്നു മോളെ നീ ഈ കല്ല്യാണം ഒക്കെ നടക്കും എന്ന് വിചാരിച്ചാൽ അത് നിന്റെ വെറും വ്യാമോഹം മാത്രമാണ്...നിന്നെ പോലെ ഒരു മുതുക്കിയേ കെട്ടാൻ ഒന്നും എന്നെ കിട്ടില്ല..."

ഞാൻ നിന്ന് വിറച്ചു....

"ഡാ.... "അൽപ്പം ശബ്ദത്തിൽ ആയിരുന്നു വിളി. അവളുടെ ഏട്ടൻ ആണ് മറ്റേ ഫിലിം സ്റ്റാർ ഇല്ലേ അവന്

"നീ ഒന്ന് പോയെടാ...."

www.kkstories.com

ഞാൻ ആ ഒരു മറുപടിയിൽ ഒതുക്കി...

ഇനിയും മിണ്ടാതെ ഇരുന്നാൽ അടി നടക്കും എന്ന് കരുതി ആവും തന്തമാർ എല്ലാം ഇടപ്പെട്ടു

"നിങ്ങൾ എല്ലാരും ഒന്ന് പോയെ എന്താവേണ്ടെന്ന് വച്ചാൽ ഞങ്ങൾ ചെയ്തോളാം "അച്ഛന്റെ വക ആയിരുന്നു ആ ഡയലോഗ്

"നിങ്ങൾ ഒക്കെ എന്ത് ചെയ്താലും വേണ്ടില്ല ഇതിനൊന്നും ഈ സിദ്ധാർത്തിനെ കിട്ടൂല 😫"

അതും പറഞ്ഞു ഞാൻ റൂമിലോട്ട് വിട്ടു. ഇനിയും അവിടെ നിന്നാൽ ഞാൻ കൈ വിട്ടുപോകും

ആ രാത്രിയും കുഴപ്പമില്ലാതെ കടന്നു പോയി....

പിറ്റേ ദിവസം താര വിളിച്ചിട്ടാണ് എഴുന്നേൽക്കുന്നെ

"ചേട്ടാ.... ചേട്ടാ... എണീക്ക് എന്ത് ഉറക്കമാണിത്.... ദേ കോഫി കൊണ്ടുവന്നിട്ടുണ്ട്..."

www.kkstories.com

താഴേക്ക് ഇറങ്ങി ഇന്നലത്തെ പോലെ തന്നെ ആണ് ആർക്കും ഒരു മൈൻഡ് ഉം ഇല്ല. എനിക്ക് അത് വലിയ കാര്യമായി തോന്നിയില്ല. കാരണം ഞാൻ പറയണ്ടല്ലോ...

ദിവസങ്ങൾ കടന്നു പോയി..... ചേച്ചിമാർ ഇപ്പോഴും മിണ്ടുന്നില്ല. പക്ഷെ വൈശുവിനോടും ഇഷയോടും താരയോടും ഞാൻ കൂടുതൽ അടുത്ത്. അത് ചേച്ചിമാരിൽ ഒരു അസൂയ പരത്തിയെങ്കിലിം ഞാൻ ഒന്ന് മൂപ്പിക്കാൻ തന്നെ തീരുമാനിച്ചു. കാരണം കല്ല്യാണി യോടുള്ള സ്നേഹപ്രകടനം ആയിരുന്നു. അവളുടെ ഒപ്പമേ കഴിക്കു അവളുടെ ഒപ്പമേ ഇരിക്കു അവളുടെ ഒപ്പമേ കിടക്കു

ഉഫ് കാണുമ്പോ തന്നെ..... കലിപ്പ് കേറും

അത് കൊണ്ട് ഞാനും അവരെ മൈൻഡ് ആക്കാൻ പോയില്ല. മാറ്റവരോട് കൂടുതൽ കമ്പനി ആവുകയും ചെയ്തു.

പിന്നെ ഏറ്റവും വലിയ കാര്യം എന്തെന്ന് വച്ചാൽ വൈശുവിൽ നിന്നും കിട്ടുന്ന ദർശന സുഖം ആണ്. ചെലപ്പോ തോന്നും അവൾ എന്നെ അറിഞ്ഞു കൊണ്ട് മൂപ്പിക്കുകയാണോ എന്ന്. അങ്ങനെ ആണെങ്കിൽ അവൾ അതിൽ വിജയിച്ചു എന്ന് വേണം പറയാൻ ഞാൻ ശരിക്കും മൂക്കുന്നുണ്ട്. താരയിൽ നിന്നും കിട്ടുന്നുണ്ടെങ്കിലും ഞാൻ അതികം നോക്കാൻ പോവാറില്ല ഒരു അനിയത്തി എന്നുള്ള സ്ഥാനം ഞാൻ കൊടുത്തത് കൊണ്ടാവാം. ഇഷ ആണേൽ എന്നോട് കൂടുതൽ കമ്പനി ആയി.ആൾ കമ്പനി ആയാൽ വൻ പൊളി ആണ്. ഞാൻ പറയുന്ന ചലിക്കൊക്കെ ചിരിച്ചു എന്നെ മോട്ടിവേറ്റ് ആക്കും. പക്ഷെ മറ്റേ തരത്തിൽ ഇഷയെ ഞാൻ കണ്ടിട്ടില്ല.

ചേച്ചിമാരുടെ സ്നേഹം മിസ്സ് ചെയ്യുന്നുണ്ടെങ്കിലും. ഇവർ അത് നികത്താൻ പരമാവതി ശ്രമിക്കും.....

www.kkstories.com

പിന്നെ മറ്റവൻ മാരുടെ കാര്യം ആണേൽ. നിങ്ങൾ പറഞ്ഞാൽ വിശ്വസിക്കില്ല പക്ഷെ ഞങ്ങൾ കമ്പനി ആയി.....

അതെ ആ മഹാസങ്കമം നടക്കുന്നത് ഒരു ഞായർ വൈകുന്നേരം ആണ്....

വീട്ടിൽ തന്നെ ചടഞ്ഞ് കൂടി ഇരുന്നിട്ട് ബോർ അടിക്കാൻ തുടങ്ങിയിരുന്നു. ഒന്ന് പുറത്തിക്കൊക്കെ പോവാൻ തീരുമാനിച്ചു വീടിന്റെ പുറകിൽ എത്തിയതും. ആരൊക്കെയോ കളിക്കുന്ന ശബ്ദം കേട്ടു പിന്നെ ഒന്നും നോക്കിയില്ല നേരെ വച്ച് പിടിച്ചു അങ്ങോട്ട് ഒരു പച്ചപ്പ് നിറഞ്ഞ പുൽമൈതാനത്ത് കുറച്ചുപേർ ക്രിക്കറ്റ് കളിക്കുകയാണ് സമപ്രായക്കാരും കുട്ടികളും ഉണ്ട് അതിൽ. കുട്ടികളെ ബോൾ ബോയ്സ് ആണ്.കാണാൻ മെയിൻ എന്ന് തോന്നിക്കുന്നവനോട് ഞാൻ ചോദിച്ചു

"ബ്രോ കളിക്കാൻ കൂട്ടോ..... 😊"

എന്റെ ഈ ചിരിയിൽ മയങ്ങാത്തവർ ആയി ആരും ഇല്ല ഈ ലോകത്ത്. ആ കല്ല്യാണി ഒഴിച്ച് 😐

അവന് :"നിങ്ങൾ എല്ലാരും കളിക്കാൻ വന്നതാണോ?"

ഞങ്ങളോ? ഞാൻ തിരിഞ്ഞ് നോക്കി

എല്ലാം മൈരന്മാരും നിര നിര ആയി നിൽക്കുന്നുണ്ട്....

www.kkstories.com

"ഏയ് ഇവർ എന്റെ കൂടെ ഉള്ളതൊന്നും അല്ല"

അവന് അവന്മാരെ ഒന്ന് നോക്കി

"അതെ ബ്രോ ഞങ്ങൾ ഇവന്റെ കൂടെ ഉള്ളതാ.... ഞങ്ങൾ ഈ അടുത്ത് ഇങ്ങോട്ട് താമസിക്കാൻ വന്നതാ. ദാ അവിടെ..." നവീൻ ആയിരുന്നു അത് പറഞ്ഞത് ഒപ്പം തറവാട് ചൂണ്ടി കാണിക്കുന്നുമുണ്ട്

"ഓ നിങ്ങൾ അവിടെ ആണോ താമസിക്കുന്നെ.... വാ കളിക്കാം എന്നാൽ ഈ സ്ഥലം ഒക്കെ അവിടുത്തു ക്കാരുടെ ആണ് "

ഓ അങ്ങനെ പണ.... അതാണ് പെട്ടന്നൊരു ചാഞ്ചാട്ടം...

അല്ല... ഞാൻ അതല്ല ആലോചിക്കുന്നേ ഈ നവീൻ എന്ന് പറയുന്നവൻ അല്ലെ സിനിമ നടൻ. ഇവനെ ഒരു പട്ടിക്കുഞ്ഞ് പോലും തിരിച്ചറിയുന്നില്ലല്ലോ. ഇനി വൈശു വല്ല സൈറ്റും മാറി കണ്ടതാണോ ഇവനെ... 🤔

അരുൺ:"ബ്രോടെ പേരെന്താ...." അവന് മാറ്റവനോട് ചോദിച്ചു

"ഞാനോ ഞാൻ.... കിച്ചു.. "

അരുൺ:"കിച്ചു ബ്രോ എന്ന കളിച്ചാലോ ഞങ്ങൾ ഇങ്ങനെ ഒരു ടീം ആവാം "

www.kkstories.com

ഇവന്മാരുടെ ഒക്കെ ഒപ്പം ടീം ആവാനോ ഞാനോ.... നോ.... വേ... 😤

കിച്ചു:"ഓഹ് അതിനെന്താ എന്ന നിങ്ങൾ അവന്മാരെയും എടുത്തോ " കുറച്ച് മാറി ഇരുന്നവൻ മാരെ കാണിച്ചുകൊണ്ടവൻ പറഞ്ഞു...

ഞാൻ :"അതൊന്നും വേണ്ട പുതിയ ടീം ഇടാം..."

കിച്ചു:"ബ്രോ ഇപ്പൊ തന്നെ ടൈം ഒരുപ്പാട് ആയി ഇനിയും വൈകിയാൽ പിന്നെ കളി നടക്കില്ല"

വേറെ വഴി ഇല്ലാതെ ഞങ്ങൾ ടീം ആയി ഫസ്റ്റ് ബൌളിംഗ് ആയിരുന്നു ഞങ്ങൾക്ക് ടീമിന്റെ അസാമാന്യ ബൗളിങ്ങിൽ ഞങ്ങൾ അവരെ 6 ഓവറിൽ 150ന് എറിഞ്ഞിട്ടു. തമ്മിൽ ഭേദം ഞാൻ ആയിരുന്നു 1 ഓവർ 28 റൺസ് 😌.

ബാറ്റിംഗിൽ പിടിക്കാം എന്നുള്ള മൈൻഡ് ആയിരുന്നു ഞങ്ങൾക്ക് ഓപ്പണർ ആയി ഞാനും അരുണും ഇറങ്ങി

അല്ലെങ്കിലും ഞാൻ മറ്റുള്ളവരുടെ പോലെ ആയിരുന്നില്ല.

വെറുതെ നിന്നു സമയം കളയാനോ ഓവർ കഴിക്കാനോ ഞാൻ ഒരുക്കമല്ലായിരുന്നു....

അത് കൊണ്ട് ആദ്യത്തെ ബൗളിൽ തന്നെ ഞാൻ ഔട്ട് ആയി ഇങ്ങ് പോന്നു.....

പിള്ളേർ കളിക്കട്ടെ എന്ന്..... 😪

www.kkstories.com

അവളുടെ ഏട്ടന്മാർ അങ്ങനെ അല്ലായിരുന്നു. അവന്മാർ എല്ലാരും അറിഞ്ചംപുറിഞ്ചം അടിച്ചു. സ്പോർട്സ്മാൻ സ്പിരിറ്റ് ഉള്ള ആളായത് കൊണ്ട് തന്നെ അവർക്ക് വേണ്ടി ആർപ്പവിളിക്കാൻ ഒന്നും ഞാൻ മറന്നില്ല....

പക്ഷെ കളി ഞങ്ങൾ തോറ്റു.....

പിന്നിടുള്ള മൂന്ന് ദിവസവും ഞങ്ങൾ സെയിം ടീം വച്ച് തോറ്റുകൊണ്ടിരുന്നു. ഒരു ജയം എത്രമാത്രം ഞങ്ങൾ ആഗ്രഹിച്ചിരുന്നു എന്ന് ഞങ്ങളുടെ കളികളിൽ നിന്ന് തന്നെ ഞാൻ മനസ്സിലാക്കി. ഓരോ കളി കഴിയുമ്പോഴും ജയത്തിന്റ വക്ക് വരെ ഞങ്ങൾ അടുത്കൊണ്ടിരിക്കുമായിരുന്നു... ഇതിനിടയിൽ സംസാരവും തെറിവിളിയും ഒക്കെ ഞങ്ങളെ കൂടുതൽ അടുപ്പിച്ചു.

അങ്ങനെ നാലാമത്തെ ദിവസം ഞങ്ങൾ ജയ്ച്ചു. എന്റെ 14 റൺസ് വളരെ നിർണായമായ കളി ആയിരുന്നു അത്... എന്റെ ആദ്യത്തെ ഡബിൾ ഡിജിറ്റും സിക്സും ആ കളിയിൽ ആണ് പിറന്നത്...

പിന്നെ കെട്ടിപിടി ആയി ചാടി കളിക്കൽ ആയി.... ഹോ....

ഇതിനിടയിൽ അരുൺ സസ്പെൻഷനിൽ ആണ് എന്ന് മനസ്സിലാക്കി. കാരണം ചോദിച്ചപ്പോ പറയാ... അവന്റെ പെങ്ങളോ ഏതോ ഒരു ഞരമ്പ് രോഗി ശല്യപെടുത്തി എന്ന്.സംസാരിക്കാൻ പോയ ഇവന് അവനെ പട്ടി തല്ല് തല്ലിയത്രെ.....

പിന്നെ ആ ചെക്കൻ ഹോസ്പിറ്റലിൽ ആയി ഇത് കേസ് ആയി അങ്ങനെ ഇവന് സസ്പെൻഷനും കിട്ടി....

www.kkstories.com

എന്നാലും ഇതൊക്കെ ഒരു റീസൺ ആണോ.. പറയാൻ പറ്റില്ല ഞാൻ ആണേലും ചെലപ്പോ ഇതൊക്കെ ചെയ്യുമായിരുന്നു. ഞാനും ഇതുപോലുള്ള അടി ഒക്കെ ഉണ്ടാക്കിയിട്ടുണ്ട് പക്ഷെ അത് പാറുവിനെ കേറി പിടിക്കാൻ ഒരുത്തൻ തുണിഞ്ഞപ്പോൾ ആണ്. ഞാനും ഫ്രെണ്ട്സും കൂടെ അവനെ പൊതിരെ തല്ലി.... ചോര വരുന്നവരെ തല്ലി...

അതായിരുന്നു എന്റെ ആദ്യത്തെ പോലീസ് കേസ്. പിന്നെ അങ്ങോട്ട് വച്ചടി വച്ചടി കയറ്റമായിരുന്നു.... പോലീസ്ക്കാരും ഞാനും തമ്മിൽ നല്ലൊരു ഫ്രണ്ട്ഷിപ് കീപ് ചെയ്യാൻ പറ്റി.... 😌

ഇനി നമ്മക്ക് വർത്തമാനകാലത്തേക്ക് വരാം. ഞാൻ ഇപ്പൊ ഇവിടെ വന്നിട്ട് ഏകദേശം 2 ആഴ്ച്ച ആവുന്നു.ഇന്ന് ആണ് കൊടിയേറ്റം... ഇനി അങ്ങോട്ട് ഒരു 2അര മാസം ഇങ്ങനെ ഇത് ഒക്കെ തന്നെ ആണ്.

രണ്ടര മാസം കഴിഞ്ഞാൽ കൊടിയിറക്കവും. അത് വരെ ഞങ്ങൾ ഇവിടെ നിക്കാൻ ആണ് ഓർഡർ.....

എന്ത് പറയാനാ ഓരോ അന്ധവിശ്വാസങ്ങൾ

സമയം വൈകുന്നേരമായി എല്ലാവരും ക്ഷേത്രത്തിൽ പോവാൻ നിൽക്കുകയാണ്.. ഞാൻ ഒരു ഡാർക്ക് വയലറ്റ് കളർ ഷർട്ടും ഒരു സെറ്റ്മുണ്ടും ഉടുത്ത് റൂമിൽ ഫോണും നോക്കി കിടക്കുകയാണ്. എല്ലാവരും ഒന്നിച്ച് വേണം പോവാൻ താര പോവാൻ നേരം വിളിക്കാം എന്ന് പറഞ്ഞിരുന്നു..

"ചേട്ടാ....അടിയിലോട്ട് വാ എല്ലാവരും റെഡി ആയി നിൽപ്പുണ്ട് ചേട്ടൻ മാത്രമേ വരാൻ ഉള്ളു"

www.kkstories.com

അവൾ ഡോറിൽ ഒന്ന് മുട്ടികൊണ്ട് പറഞ്ഞു.

"അഹ് ഞാൻ വന്നോളാം നീ പൊക്കോ....."

ഞാൻ അടിയിലോട്ട് ചെന്നു എല്ലാവരും റെഡി ആയി നിൽപ്പുണ്ട്. ആദ്യം ചേച്ചിമാരെ നോക്കി. എന്താ പറയാ... ദേവുചേച്ചി വെള്ളയിൽ പച്ച കര ഉള്ള ഒരു സെറ്റ് സാരി ആണ് വേഷം. നല്ല ഒതുക്കി കെട്ടിയ മുടിയും. നെറ്റിയിൽ ഒരു ചെറിയ പൊട്ടും.

ആഹാ അഴക്..... 😍

നന്ദു ചേച്ചിയും കാർത്തു ചേച്ചിയും ഒരു ദാവണി ആണ് വേഷം.....പച്ചയും വെള്ളയും ആയിരുന്നു വേഷം രണ്ടുപേരുടെയും..... നന്ദു ചേച്ചി ഐശ്വര്യത്തിന്റെ നിലവിളക്കാണെങ്കിൽ കാർത്തു ചേച്ചി അതിൽ തെളിയുന്ന സ്വർണ ദീപം ആയിരുന്നു.... രണ്ടുപേരെയും അങ്ങനെ കണ്ടപ്പോ ഭയങ്കരമായ സന്തോഷം...🥰

പാറു ആണെങ്കിൽ ചുവപ്പ് ടോപ്പും വെള്ള പട്ടുപാവാടയും. പാവാടയിൽ കുറെ കലാരൂപങ്ങൾ ഒക്കെ ഉണ്ട്

ഇവൾ ഇതൊക്കെ ഇടുമോ..... എന്തായാലും കൊള്ളാം ഒരു ഐശ്വര്യം ഒക്കെ തോന്നി തുടങ്ങി.... ✨

പിന്നെ ഇഷയും താരയും ധാവണി തന്നെ ആണ്..... വൈശു ഒരു റെഡ് കളർ സാരിയും

എല്ലാരും വൻ പൊളി ലുക്കിൽ തന്നെ

ആ പൂതനയെ തിരയാൻ കണ്ണോന്നു ശ്രമിച്ചു. അവളെ നാടൻ വേഷത്തിൽ കാണാൻ എങ്ങനെ ഉണ്ടാവും എന്നൊരു ആശ.... പക്ഷെ എങ്ങും കണ്ടില്ല

ഞാൻ നേരെ വൈശുവിന്റെയും ഇഷയുടെയും ഒക്കെ അടുത്തേക്ക് പോയി.... കാരണം സ്വന്തം ചേച്ചിമാർക്ക് ഞാൻ അന്യൻ ആണല്ലോ. ഇത്ര ദിവസം മിണ്ടാണ്ടെ ഇരിക്കും എന്നൊന്നും ഞാൻ വിചാരിച്ചില്ല. പിന്നെ എനിക്കും അത് ഒരു വാശി ആയി.... ഇനി ഇങ്ങോട്ട് വന്ന് മിണ്ടട്ടെ

"അമ്പോ കാണാൻ ചെത്തായിട്ടുണ്ടല്ലോ " വൈശു എന്നെ കണ്ടതും പറഞ്ഞു

"നിങ്ങളും മോശം അല്ലല്ലോ...." എന്ന് ഞാനും

വൈശു:"എന്നാലും നിന്റെ ദേവുചേച്ചിടെ അത്ര പോരാ"

www.kkstories.com

ഞാൻ:"ദേവു ചേച്ചി ഒക്കെ ജനിച്ചപ്പോൾ മുതലേ അന്യായ ലുക്ക് ആണ് അതൊന്നും കാര്യം ആക്കണ്ട..."

"പിന്നെ.....സാരിയിൽ കാണാൻ കൊള്ളാം" വൈശു മാത്രം കേൾക്കാൻ ഞാൻ അവളോട് പറഞ്ഞു...

"എന്ത് "വല്ലാത്തൊരു മനം മയക്കുന്ന ഈണത്തോടെ അവൾ പറഞ്ഞു

"മൊത്തത്തിൽ"

"ഒന്ന് പോടാ " എന്നും പറഞ്ഞുകൊണ്ടവൾ ഒരു നുള്ളിൽ ഒതുക്കി

www.kkstories.com

ഇതൊക്കെ ചേച്ചിമാർ ശ്രദ്ധിക്കുന്ന കാര്യം ഞാൻ ആദ്യമേ അറിഞ്ഞിരുന്നു അവരെ ഒന്ന് മൂപ്പിക്കാൻ കൂടെ ആണ് ഈ കൊഞ്ചിക്കുഴയൽ. അത് കണ്ടിട്ടാവണം

"ആന്റി കല്ലു മോൾ എവിടെ"

ദേവുചേച്ചി ലക്ഷ്മി ആന്റിയോടായി ചോദിച്ചു

കല്ലല്ല... പാറ.... എന്താ ഒരു ഒലിപ്പിക്കൽ.. 😬

"ഓ അവൾടെ ഒരുക്കം കഴിഞ്ഞിട്ടില്ല മോളെ. ആദ്യം ധാവാണി ഉണ്ടുത്തു അത് കാണാൻ ഭംഗി ഇല്ല എന്ന് പറഞ്ഞ് ഇപ്പൊ സാരി ഉടുക്കാൻ പോയിരിക്ക."

"എന്റെ ആന്റി അവളെ ഒന്ന് പെട്ടന്ന് വിളിക്കോ എത്ര നേരം ആയി ഒരാൾക്ക് വേണ്ടി.കാത്തുനിൽക്കുന്നു " ഞാൻ ആന്റിയോടായി പറഞ്ഞു ദേഷ്യം ഒന്നും എന്റെ സ്വരത്തിൽ ഉണ്ടായിരുന്നില്ല...

"കല്ലു..... എടി ഒന്ന് പെട്ടെന്ന് വാടി..എത്ര നേരം ആയി ഇത്"

"ദാ വരണു അമ്മേ..... "

അവൾ ഇറങ്ങി വരുന്നത് കണ്ടിട്ട് എല്ലാവരും ഒന്ന് അമ്പരന്ന് നിന്നു. ഞാൻ അടക്കം.....

www.kkstories.com

വെള്ളയിൽ വയലറ്റ് കളർ കര ഉള്ള സെറ്റ് സാരിയും അതെ കളറിൽ ഉള്ള ബ്ലൗസും...

സർവ്വ ലോകങ്ങളെയും അടക്കി ഭരിക്കാൻ കഴിയുന്ന സൗന്ദര്യം..... ആ എഴുതിയ നീല കണ്ണും ചുവന്ന് തുടുത്ത ചെഞ്ചുണ്ടും. കഴുത്തിലെ മാലയും ആരെ വേണമെങ്കിലും മയക്കാൻ കഴിയുന്ന മേനിയും.....

അതൊരു കാഴ്ച തന്നെ ആയിരുന്നു

സാരി കുറച്ച് താഴ്ത്തി ആണ് ഉടുത്തതെങ്കിലും പൊക്കിൾ കാണാനും മാത്രം ഉണ്ടായിരുന്നില്ല.പക്ഷെ ആ ആലില വയർ കാണാമായിരുന്നു..

എന്റെ കണ്ണെത്താത്ത ഒരു ശരീര ഭാഗങ്ങളും അവൾക്ക് ഇനി ഇല്ല

ആ ചെറ്റ സ്വഭാവം ഇല്ലെങ്കിൽ ഇവൾ തനി വജ്രം ആണ്.... അല്ലെങ്കിൽ അതിന് മുകളിൽ എന്താണോ ഉള്ളത് അത്.

പെട്ടെന്ന് പുറത്ത് ഒരു നുള്ള് കിട്ടി ഇഷ ആണ്

"ഒന്ന് പതുക്കെ നോക്കടാ. എന്തൊരു നോട്ടം ആണ് ഇത്... ആരും കാണണ്ട"

ആ മറുപടിക്ക് ഉത്തരം നൽകാൻ എന്റെ പക്കൽ വേറെ ഒരു ഉത്തരം ഉണ്ടായിരുന്നില്ല എന്നതാണ് മറ്റൊരു സത്യം....

www.kkstories.com

ഇമ്മാതിരി ലുക്കിൽ ഒക്കെ വന്നാൽ ആരായാലും നോക്കി പോവില്ലേ..... എന്റെ കുറ്റം അല്ലല്ലോ.....

കുറച്ചു നേരം അവളുടെ സൗന്ദര്യം പുകഴ്ത്തൽ ആയിരുന്നു പിന്നെ അങ്ങോട്ട്. എനിക്ക് പിന്നെ കുശുമ്പ് ഇല്ലാത്തോണ്ട് ഞാൻ അവിടെ നിന്നില്ല മുറ്റത്തേക്ക് ഇറങ്ങി.

മണിച്ചിത്രതാഴിൽ മോഹൻ ലാൽ നടന്ന പോലെ ഞാനും നടന്നു കുറച്ച് നേരം. അകത്തെ പ്രശംസകൾ ഒക്കെ കഴിയട്ടെ

അമ്മ ആണ് ആദ്യം ഇറങ്ങിയത്. എന്നെ കാണാനില്ലാത്തോണ്ട് ഇറങ്ങിയതാണോ ഇനി

അമ്മ :"ആ നീ ഇവിടെ ഉണ്ടായിരുന്നോ...."

ഞാൻ :"ഓഹ് കഴിഞ്ഞോ..... ഞാൻ നിങ്ങടെ മോൻ തന്നെ അല്ലേ തള്ളേ..... അവളെ പുകഴ്ത്തിയതിന്റെ പകുതി നിങ്ങൾ എന്നോട് പറഞ്ഞോ "

അമ്മ:"അച്ചോടാ എന്റെ ചക്കരക്ക് വിഷമം ആയോ. എന്റെ മോൻ പിന്നെ പണ്ടേ സുന്ദരൻ തന്നെ അല്ലേ....."

ചെറിയ കുട്ടികളോടെന്നപ്പോൽ അമ്മ പറഞ്ഞു....

ഞാൻ:"ഓഹ് പിന്നെ ചുന്ദരൻ.... കണ്ടു ഞാൻ ഒലിപ്പിക്കൽ. ആ ഡ്രസ്സ് ഒക്കെ ഒന്ന് തുടക്ക് വായിൽ നിന്ന് ഒലിച്ച് ആകെ നനഞ്ഞിട്ടുണ്ട്...."

അമ്മ:"ഒന്ന് പോടാ.....എന്ത് ചന്ദം ആണ് ആ കുട്ടിയെ കാണാൻ ശരിക്കും ഒരു ദേവിയെ പോലെ..... ആ കുട്ടിയെ ഒക്കെ കല്യാണം കഴിക്കുന്നവൻ ഭാഗ്യം ചെയ്തവനാണ്. തങ്കം പോലൊരു കൊച്ച്"

www.kkstories.com

അമ്മ ഒരു ഇടംകണ്ണ് ഇട്ട് എന്നെ നോക്കി...

ഞാൻ:"ദേ... ദേ... ഇങ്ങോട്ട് നോക്ക് നിങ്ങടെ ചാട്ടം ഒക്കെ എനിക്ക് മനസിലാവുന്നുണ്ട്. അതിന് വാർത്ത വെള്ളം അങ്ങ് വാങ്ങി വെച്ചാൽ മതി....എന്നെ കിട്ടൂല അതിനൊന്നും."

അമ്മ:"അല്ലെങ്കിലും നിനക്കൊന്നും അത്രയും നല്ലതിനെ ഒന്നും കിട്ടില്ലടാ 😡"

ഞാൻ:"അത് ഞാൻ അങ്ങ് സഹിച്ചു...."

"എന്താണ് അമ്മയും മോനും കൂടെ ഒരു സ്വകാര്യം പറച്ചിൽ " ചിറ്റ ആണ്..പുറകിൽ ഓരോരുത്തരും വരി വരി ആയി വരുന്നുണ്ട്...

"ഏയ്.... ഞങ്ങൾ വെറുതെ... 😊"ഞാൻ മറുപടി കൊടുത്തു

ഞാൻ:"കാർ ഞാൻ എടുക്കാം..."

അച്ഛൻ:"കാറോ. കാറിൽ ഒന്നും അല്ല പോവുന്നെ... നടക്കണം"

ഞാൻ:"നടക്കാനോ ഞാൻ ഒന്നും ഇല്ല നിങ്ങൾ പോയിട്ട് വാ...."

www.kkstories.com

ചിറ്റ:"സിദ്ധു മോനെ കുറച്ച് ദൂരമേ ഉള്ളു ഡാ.... എന്റെ പൊന്ന് മോൻ അല്ലേ വാ..."

"എന്റെ ചിറ്റേ ഈ വരാതെ ഇരിക്കുന്നവരെ ഒക്കെ എന്തിനാ വെറുതെ നിർബന്ധിക്കാൻ പോകുന്നെ. വാ നമ്മക്ക് പോവാം ഇപ്പൊ തന്നെ വൈകി."

ആരുടെ ആണ് ഈ അവലക്ഷണം കെട്ട ശബ്ദം?.

ഓഹ് ഇവളാണോ.....

ഞാൻ അവളോട് മുറുപടി പറയാൻ പോയില്ല. താൽപ്പര്യം ഇല്ല.

ഞാൻ ഒന്നും പറയാത്തത് കണ്ടിട്ടാവും അവളും ചുണ്ട് കൊട്ടി മിണ്ടാതെ ഇരുന്നു...

എല്ലാവരുടെയും സ്നേഹപ്രകടത്തിന് മുമ്പിൽ ഞാൻ വീണു. നടക്കാൻ തന്നെ തീരുമാനിച്ചു.

"അല്ല മുത്തശ്ശി എവിടെ"ഞാൻ എല്ലാവരോടും കൂടെ ആയിട്ട് ചോദിച്ചു.

ഇനി അവളെ സ്നേഹം കൊണ്ട് മൂടിയ നിമിഷം കൊണ്ട് എല്ലാവരും മുത്തശ്ശി തള്ളയെ മറന്നോ എന്നൊരു സംശയം.

അച്ചൻ:"അമ്മക്ക് വയ്യല്ലോ. അതോണ്ട് കാറിൽ വന്നാൽ മതി എന്ന് പറഞ്ഞു....ചന്ദ്രനും ഉണ്ട് കൂടെ"

www.kkstories.com

മര്യാദക്ക് ഡ്രൈവർ ആയെങ്കിലും അതിൽ കേറി പോയാൽ മതിയാർന്നു

ഞങ്ങൾ ഇപ്പൊ നടന്നുകൊണ്ടിരിക്കുന്നത് ഒരു കാട്ടിലൂടെ ആണ്. ക്ഷേത്രത്തിൽ വേഗം എത്താൻ ഉപയോഗിക്കുന്ന വഴി ആണ് ഇത്. അതികം ആർക്കും അറിയില്ലെങ്കിലും ആളുകൾ സ്ഥിരമായി പോവുന്ന വഴി ആണ് എന്ന് ആ നടപാത കണ്ടപ്പോ മനസ്സിലായി. പക്ഷെ ചുറ്റും കാടാണ്. പോരാത്തതിന് വെളിച്ചവും കുറഞ്ഞു വന്നിരുന്നു.

കൊല്ലാൻ കൊണ്ടുവകയാണോ ഇനി....

ഞാൻ ഏറ്റവും ബാക്കിൽ ആണ് അതും ഒറ്റയ്ക്ക്. കല്ല്യാണി ദേവു ചേച്ചിന്റെ കൈ പിടിച്ച് കളിച്ചും ചിരിച്ചും ആണ് പോകുന്നെ. കാണുമ്പോൾ ചെറിയ വിഷമം 😕

അവൾ ഇതൊക്കെ മനപ്പൂർവം ചെയ്യുന്നതാണ് ശവം

ഞാൻ ഒറ്റക്ക് നടക്കുന്നത് കണ്ടിട്ടാവണം വൈശു എന്റെ അടുത്തേക്ക് വന്നു.

വൈശു:"എന്ത് പറ്റി ഒരു മൂഡോഫ്..."

ഞാൻ:"ഏയ് ഒന്നൂല്ല...."

വൈശു:"അതെന്താ ഒന്നും ഇല്ലാത്തെ... വാ ഒരുമിച്ച് നടക്കാം....ഒറ്റക്ക് നടക്കേണ്ട" അതും പറഞ്ഞവൾ എന്റെ കയ്യിനോട് കയ്യും കോർത്തു നടന്നു

www.kkstories.com

അവളുടെ മാമ്പഴം പോലുള്ള മാറ് എന്റെ കയ്യിൽ തട്ടിയിട്ടാണ് നിൽക്കുന്നെ അത് കൊണ്ട് എന്റെ സഹകരണവും കൂടി. പക്ഷെ ഇതൊന്നും അവൾ ശ്രദ്ധിക്കുന്നില്ല. എനിക്കാണെങ്കിൽ ശ്രദ്ധിക്കാതിരിക്കാനും പറ്റുന്നില്ല. ഇങ്ങനെ അതികം നടന്നാൽ പണി ആവും. മുണ്ടാണ് വേഷം ബാക്കി നിങ്ങൾക്ക് ഊഹിക്കാലോ.

ഞാൻ പതിയെ കൈ ഒന്ന് വിടുവിക്കാൻ ശ്രമിച്ചു പക്ഷെ അവൾ പിന്നെയും കൈ മുറുക്കെ പിടിച്ചു. പക്ഷെ ഈ പ്രാവശ്യം കൈ പിടിച്ചപ്പോ അത് മാറിൽ നിന്നും കുറച്ച് മാറി നിന്നു.

അവൾ ഇതൊന്നും ശ്രദ്ധിക്കുന്നില്ല.അപ്പോൾ വേണം വെച്ചിട്ടല്ല. ഇനി ചെലപ്പോ അങ്ങനെ ആകുമോ

ഏയ് ചാൻസ് കുറവാണ്..

എന്തായാലും കൈ ഒരു പ്രത്യേക പൊസിഷനിൽ ആയത്കൊണ്ട് തന്നെ. നടക്കാൻ ഒരു പ്രയാസം. കൈ വിടുവിക്കൽ ഒരു തവണ പരാജയപ്പെട്ടത്കൊണ്ട് ഞാൻ ഒരു അറ്റകൈ പ്രയോഗം എടുത്തു.

അവളുടെ ഇടുപ്പിന് ഒരു നുള്ളു കൊടുക്കാൻ തീരുമാനിച്ചു.പക്ഷെ കൈ ഒരു അൽപ്പം മാറി ആ വെളുത്തു തുടുത്ത വയറിൽ ആണ് എത്തിയത് എന്റെ ദൈവമേ ആ പഞ്ഞിക്കെട്ടുപോലുള്ള വയറിൽ കൈ തട്ടിയപ്പോൾ എന്താ സുഖം. കൈ ഓക്കേ ആഴ്ന്നു പോവുന്നു അത്രക്കും സുഖം.

"ഹാവു...." എന്ന് പറഞ്ഞു അവൾ ഒരു ഞെരങ്ങി

"എന്താടാ?. എനിക്ക് നല്ലോം വേദനിച്ചു...."

www.kkstories.com

"അത് ഇങ്ങനെ പിടിച്ച് നടന്നാൽ എങ്ങനെ നടക്കാനാ. കൈ കുറച്ച് ലൂസ് ആക്ക്. എന്നാലല്ലേ എനിക്കും നടക്കാൻ പറ്റു ദേ.. നോക്കേ്യ..."

ഞാൻ അവൾ പിടിച്ചത് കാണിച്ച് കൊടുത്തു

"അതങ്ങ് പറഞ്ഞാൽ പോരായിരുന്നോ. ദേ ഇപ്പൊ ഇവിടെ ആകെ ചുവന്നില്ലേ...."വൈശു ഒരു മനോഹര മായ ഈണത്തിൽ പറഞ്ഞു...

ഒന്ന് മനസ് വച്ചാൽ ഇവിടെ ഇന്ന് എന്തെങ്കിലും ഒക്കെ നടക്കും. എന്ന് എന്റെ മനസ് മന്ത്രിച്ചു. ഞാൻ ഒന്ന് എറിഞ്ഞു നോക്കാൻ തന്നെ തീരുമാനിച്ചു...

"എവടെ നോക്കട്ടെ...." ഞാൻ വീണ്ടും ആ പഞ്ഞിപോലുള്ള വയറിൽ കൈ വച്ചു.

സുഖം കൊണ്ട് ഞാൻ ആകെ ചൂട് പിടിച്ചു. മുഖം ഒക്കെ ചുവന്ന് വരുന്നത് പോലെ....

"ഇവിടെ ഒന്നും ഇല്ലല്ലോ " ഞാൻ നിഷ്ക്കു ഭാവം വിടാതെ പറഞ്ഞു...

"അവിടെ ഉണ്ട്. എന്തായാലും നീ കൈ എടുത്തേ കിട്ടിയ ചാൻസ് മുതലാക്കാണ് ലേ കള്ളാ.... ആരെങ്കിലും കണ്ടാൽ അത് മതി..."

ഞാൻ കൈ എടുത്തു.

അപ്പൊ ഞാൻ പിടിക്കുന്നതിൽ പ്രശ്നം ഇല്ല. ആരെങ്കിലും കാണുമോ എന്നുള്ള ഭയം ആണ്.

www.kkstories.com

ഇരുട്ട് നല്ലവണ്ണം കയറിയിരുന്നു പക്ഷെ നിലാവിന്റെ വെട്ടത്തിൽ പോകാനുള്ള വഴി കാണാം. ഞങ്ങൾ ഏറ്റവും ബാക്കിൽ ആണ് അത് കൊണ്ട് അവർ തിരിഞ്ഞു നോക്കിയാലും കൂടുതൽ ഒന്നും കാണാൻ സാധിക്കില്ല എന്നുള്ള വിശ്വാസം ഉണ്ട് എനിക്ക്.

ഞാൻ ആണെങ്കിൽ മത്തുപിടിച്ചു നിൽക്കുകയാണ് എങ്ങനെ എങ്കിലും ഒന്നൂടെ തൊടണം. അവളുടെ പെരുമാറ്റത്തിൽ വലിയ കുഴപ്പം തോന്നുന്നില്ല. ഞാൻ രണ്ടും കൽപ്പിച്ചു തുനിയാൻ റെഡി ആയി. കിട്ടിയാൽ ഊട്ടി ഇല്ലേൽ ചട്ടി. കാമം തലക്ക് പിടിച്ചിരുന്നു എനിക്ക്

ഞാൻ :"ചേച്ചി....."

വൈശു:" മ്മ്....."

ഞാൻ:"ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ... ചീത്ത പറയരുത്....."

വൈശു:"ചീത്ത പറയാൻ ഉള്ളതാണെങ്കിൽ ചീത്ത പറയും" ഒരു ചിരിയോടെ അവൾ പറഞ്ഞു...

മൂഡ് പോയി.... മൂഡ് പോയി..... 😐പിന്നെ ഒന്നും പറയാൻ നിന്നില്ല

ഞാൻ ഒന്നും പറയുന്നില്ല എന്ന് കണ്ടിട്ടാവണം.....

"പറ ഡാ കുട്ടാ.... ഞാൻ ചീത്ത ഒന്നും പറയില്ലാ... പോരെ...."

www.kkstories.com

പറയണോ..... പറയാം... ലെ...

"ഞാൻ.... ഞാൻ.. ഒന്നൂടെ ഒന്ന് തൊട്ടോട്ടെ....."

"എന്ത്? 🤔 "

"ദാ... ഇവിടെ.."എന്നും പറഞ്ഞു ഞാൻ ആ വയറിൽ ഒന്നൂടെ തൊട്ടു..

ഉഫ് സ്വർഗം ഒരു വയറിൽ തൊട്ടാൽ ഇത്ര സുഖം അപ്പൊ ബാക്കി കൂടെ തൊട്ടാൽ.... ആലോചിക്കാൻ പോലും വയ്യാ....

വൈശു ഒന്ന് സ്റ്റക്ക് ആയി നിന്നു

മൈര് ഊമ്പിയോ..... വേണ്ടാർന്നു....

അവൾ പിന്നെയും നടക്കാൻ തുടങ്ങി എന്റെ കയ്യിൽ ഇപ്പോഴും അവളുടെ കൈ കോർത്തുപിടിച്ചിട്ടുണ്ടെങ്കിലും രണ്ട് പേരും മൗനം ആണ്....

"ചേച്ചി സോറി....."ഞാൻ മുഖത്ത് നോക്കാതെ പറഞ്ഞു.....

www.kkstories.com

"കൊള്ളാലോ ചെക്കന്റെ പൂതി....."അവളുടെ മുഖത്ത് ഒരു ചിരി ഉണ്ട്... അത് കണ്ടപ്പോ എനിക്കും സമാധാനമായി...

വൈശു:"ദർശന സുഖം മാറി ഇനി സ്പർശന സുഖം കൂടെ വേണോ...."

ദൈവമേ... ഞാൻ നോക്കി വെള്ളമിറക്കുന്നത് ഇവൾ കണ്ടോ..... 😳

"അയ്യോ ചേച്ചി എനിക്കൊന്നും മനസ്സിലായില്ല....." ഞാൻ എനിക്കൊന്നും അറിയില്ല കുഞ്ഞിരാമാ എന്നുള്ള ഒരു എക്സ്പ്രഷൻ ഇട്ടു...

വൈശു:"അയ്യോ... എന്റെ മോൻ കൂടുതൽ അങ്ങട്ട് അഭിനയിക്കല്ലേ.... ഞാൻ കണ്ടായിരുന്നു നീ എന്നെ നോക്കി വെള്ളമിറക്കുന്നത് 😌.കുഞ്ഞല്ലേ പ്രായത്തിന്റെ അല്ലേ എന്നൊക്കെ വിചാരിച്ചപ്പോ ഇപ്പോ പിടിക്കാനും വേണോ? കൊള്ളാല്ലോ ചെക്കാ നീ... "

ഞാൻ ആകെ ചമ്മി നാറി.... മൈര്... നാണം കെട്ടു.....

കൂടുതൽ നാണം കെടേണ്ട മിണ്ടാതെ നടക്കാം.... ഈ കാടൊന്നു എപ്പഴാ കഴിയാ ആവോ... നാശം..

"അപ്പോഴേക്കും പിണങ്ങിയോ....."

"ഏയ് അങ്ങനെ ഒന്നും ഇല്ല..."

www.kkstories.com

"പിന്നെ...."

ഞാൻ മറുപടി ഒന്നും പറഞ്ഞില്ല. എന്ത് പറയാൻ ആണ്..

"എടാ.... ആരെങ്കിലും കാണും ചെക്കാ...."

മോനെ...മനസ്സിൽ ലഡ്ഡു പൊട്ടി.... 💥

എന്റെ മുഖത്ത് ഒരു ആയിരം വാൾട്ടിന്റെ ബൾബ് കത്തി

"ചേച്ചി... ചേച്ചി... ആരും കാണില്ല അവർ ഒക്കെ കൊറച്ച് ദൂരെ അല്ലേ തിരിഞ്ഞ് നോക്കിയാൽ പോലും കാണില്ല ഞാൻ കൈ വേഗം മാറ്റം. അവിടെ തൊട്ടപ്പോ..... തൊട്ടപ്പോ നല്ല സുഖം അതാ പ്ലീസ്... പ്ലിസ്..... പ്ലീ..... സ്സ്.

ഞാൻ ഒറ്റ ശ്വാസത്തിൽ പറഞ്ഞൊപ്പിച്ചു.... 🥵

നാണം കെട്ടവൻ എനിക്ക് എന്നോട് തന്നെ ലജ്ജ തോന്നി.... 🤦

"എടാ ചെക്കാ നീ ഒന്ന് അടങ്ങട ഞാൻ.. ഞാൻ ഒന്ന് ആലോചിക്കട്ടെ...."

"ആലോചിക്കാൻ ഒന്നും ഇല്ല ചേച്ചി. ഈ കാട് ഇപ്പൊ കഴിയും " എനിക്ക് വല്ലാത്ത ആക്രാന്തം ആയിരുന്നു അപ്പോൾ

www.kkstories.com

"തൊട്ടോട്ടെ? " ഞാൻ വീണ്ടും ചോദിച്ചു

മറുപടി ഒന്നും ഉണ്ടായിരുന്നില്ല... മൗനം സമ്മതം എന്നാണല്ലോ. ഞാൻ കൈ പതിയെ ചലിപ്പിച്ചു....

"വേഗം കൈ എടുത്തോണം കേട്ടല്ലോ...."

"മ്മ് " ഞാൻ ഒരു മൂളലിൽ ഒതുക്കി കഥാ പ്രസംഗം നടത്താൻ ഉള്ള മൂഡിൽ ഒന്നും അല്ലായിരുന്നു ഞാൻ.....

എന്റെ കൈ ആ വെളുത്ത പഞ്ഞിക്കെട്ട് പോലുള്ള വയറിൽ പതിഞ്ഞു. എന്റെ കൈ അതിൽ മുങ്ങിപോവുന്നപോലെ. എന്തൊരു സോഫ്റ്റ് ആണ് ഇത്. കുറച്ച്നേരം തൊട്ടും തലോടിയും നിന്നു. പതിയെ പതിയെ കൈ കൂടുതൽ ഉള്ളിലേക്ക് കടന്നു ഇപ്പോ ആ പൊക്കിൾ ചുഴിയും എനിക്ക് തൊടാം. ഞാൻ പതുക്കെ അമർത്താനും ഞെരിക്കാനും ഒക്കെ തുടങ്ങി. വൈശുവിൽനിന്നും ശബ്ദങ്ങൾ കേൾക്കാം.അവൾ ബാക്കി ഉള്ളവരെ ശ്രദ്ധിക്കുന്നും ഉണ്ട്.

ഇങ്ങനെ നടന്നുകൊണ്ട് ചെയ്യുന്നത് ബുദ്ധിമുട്ടാണെലും ആവശ്യം എന്റെ ആയി പോയില്ലേ...

എന്തായാലും പറഞ്ഞറിയിക്കാൻ പറ്റാത്ത സുഖം.ആ സുഖത്തിൽ അങ്ങനെ ലയിച്ചു നിൽക്കുമ്പോൾ ആണ്

വൈശു പെട്ടന്ന് കുതറി മാറി. കാട് കഴിഞ്ഞിരിക്കുന്നു ഇനി ഒരു പാടം കഴിഞ്ഞാൽ ക്ഷേത്രം ആണ്.ഇവിടെ നിന്നും നോക്കിയാൽ തന്നെ കുറച്ച് മാറി പല നിറത്തിലുള്ള വെളിച്ചം കാണാം ക്ഷേത്രം ആയിരുന്നിരിക്കണം..ആളുകൾ വരമ്പിലൂടെ പോവുന്നതും കാണാം. അങ്ങനെ ആ സ്വപ്ന നിമിഷം അവിടെ അസ്തമിച്ചു...

www.kkstories.com

വൈശു സാരി ഒക്കെ ഒന്ന് ശെരി ആക്കി. വരമ്പിലൂടെ നടക്കുകയാണ് ഞങ്ങൾ

"ഒന്ന് തൊടാനാണ് എന്ന് പറഞ്ഞിട്ട് എന്തൊക്കെ ആട ചെയ്തേ....😡"

"അത് ചേച്ചി നല്ല സുഖം സത്യം പറഞ്ഞാൽ പഞ്ഞിക്കെട്ടിൽ പിടിക്കുന്ന പോലുണ്ട്..😁"

ഞാൻ പറയുന്ന കെട്ടിട്ടാവണം അഭിമാനം കൊണ്ടൊന്നു അവൾ പൊങ്ങി.....

"അവന്റെ ഒരു പഞ്ഞിക്കെട്ട് വാ ഇങ്ങോട്ട്" അതും പറഞ്ഞു അവൾ എന്റെ കയ്യും പിടിച്ച് നടക്കാൻ തുടങ്ങി.....

ക്ഷേത്രം എത്തി അവർ ഞങ്ങളെ കാത്തു നിൽക്കുകയാണ്..... ചേച്ചിമാർ ഞങ്ങളെ തന്നെ നോക്കി നിൽക്കുന്നുണ്ട് കാരണം വൈശു എന്റെ കയ്യിൽ തന്നെ പിടിച്ച് നിൽക്കുകയാണ് അത് അവർക്ക് അത്ര സുഖിച്ചിട്ടില്ല..... ഞാൻ കൈ കുറച്ചൂടെ മുറുക്കെ പിടിച്ചു അവരെ കാണിക്കാൻ തന്നെ.... 😉

അതിനു ശേഷം എല്ലാവരും തൊഴാൻ പോയി.... മനുഷ്യനാണ് ദൈവം എന്ന് വിശ്വസിക്കുന്ന എനിക്ക് ബാക്കി ഉള്ള ദൈവങ്ങളിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ദേവു ചേച്ചിക്കും അങ്ങനെ ആണ്. എല്ലാവരും തൊഴാൻ പോയപ്പോൾ ഞാനും ചേച്ചിയും മാത്രമായി അവിടെ.അമ്മയ്ക്കും അച്ഛനും ഞങ്ങടെ സ്വഭാവം അറിയുന്നത് കൊണ്ട് തന്നെ ഞങ്ങളെ കൂടുതൽ നിർബന്ധിച്ചില്ല... നിർബന്ധിച്ചിട്ട് കാര്യം ഇല്ല എന്ന് കരുതിയിട്ടാവണം....

www.kkstories.com

ഞങ്ങൾക്കിടയിൽ മൗനം തന്നെ ആണ്...

ഞാൻ കുറച്ച് മാറി കാണുന്ന ആൽമരത്തിന്റെ ചുറ്റുമുള്ള ഇരുപ്പിടത്തിൽ ചെന്നിരുന്നു. ചേച്ചിയും എന്റെ പിന്നാലെ വരുന്നു എന്നുള്ളത് എനിക്ക് നോക്കാതെ തന്നെ അറിയാൻ കഴിഞ്ഞിരുന്നു.... എനിക്ക് കുറച്ചൊക്കെ ഒരു സന്തോഷം തോന്നി....

ഞാൻ അവിടെ പോയി ഇരുന്നു അത്യാവശ്യം വലിപ്പമുള്ള ആൽ ആയത്കൊണ്ട് തന്നെ ഇരിക്കാനും വലിയ സ്ഥലമുണ്ടാക്കിയിരുന്നു അതിന് ചുറ്റും.....

ഞാൻ ഇരുന്നതിന്റെ തൊട്ടടുത്തായി ചേച്ചിയും ഇരുന്നു. ചേച്ചിയുടെ മുഖത്ത് ഒരു തരം കള്ള ചിരി കാണാം....

ചേച്ചി ഇരുന്നതും ഞാൻ കുറച്ചു നീങ്ങി ഇരുന്നു. അത് കണ്ടിട്ടാവണം ആ ചിരി പോയി മുഖത്ത് ചെറിയ ഒരു ദേഷ്യം വന്നു. എന്നിട്ട് ചേച്ചിയും എന്റെ അടുത്തേക്ക് നീങ്ങി വന്നു..... ഞാൻ വീണ്ടും നീങ്ങി ഇരിക്കാൻ തുനിഞ്ഞതും. ചേച്ചിയുടെ കൈപിടി എന്റെ കയ്യിൽ വീണിരുന്നു....

"എന്താടാ നിനക്ക് എന്റെ അടുത്ത് ഇരുന്നാൽ. അതോ നിനക്ക് നിന്റെ വൈശു ചേച്ചിയെ മാത്രമേ പറ്റുള്ളോ....😡"

കക്ഷി കുറച്ചു കലിപ്പിൽ തന്നെ ആണ് അത് പറഞ്ഞത്. ഞാൻ മറുപടി പറയാൻ പോയില്ല.... ചേച്ചി എന്റെ മറുപടി കാത്ത് എന്നെ തന്നെ നോക്കി ഇരിപ്പാണ്....

ഞാൻ ഒന്നും പറയില്ല എന്ന് കണ്ടിട്ടാവണം പുള്ളിക്കാരി തന്നെ മുൻകൈ എടുത്തു സംസാരിക്കാൻ

www.kkstories.com

ചേച്ചി എന്റെ കയ്യിലൂടെ കൈ ഇട്ടു ചേർത്ത് പിടിച്ചു. സത്യം പറഞ്ഞാൽ എന്റെ കണ്ണൊന്നു നിറഞ്ഞിരുന്നു. ഞാൻ ഒരുപാട് മിസ്സ് ചെയ്തിരുന്ന കാര്യങ്ങൾ ആണ് ഇതൊക്കെ.....

"സിദ്ധൂട്ടാ ചേച്ചിയോട് പിണക്കമാണോ....."

ചേച്ചി എന്റെ തോളിലേക്ക് തല ചായ്ച്ചാണ് പറഞ്ഞത് ചേച്ചിയുടെ സ്വരത്തിലേ പതർച്ച ഞാൻ അറിയുന്നുണ്ടായിരുന്നു. എനിക്ക് അത് സഹിക്കാൻ കഴിയാവുന്നതിലും അപ്പുറമായിരുന്നു. എന്നെ പ്രസവിച്ചത് അമ്മ ആണെങ്കിലും എന്നെ നോക്കി വലുതാക്കിയത് എന്റെ ചേച്ചിമാർ ആണ്. അവർ ഞാൻ കാരണം വിഷമിക്കുന്നത് എനിക്ക് സഹിക്കാൻ കഴിയാവുന്നതിനും അപ്പുറമാണ്. ആ ഒരു നിമിഷം എനിക്ക് ഉണ്ടായിരുന്ന എല്ലാം പ്രശ്നങ്ങളും പരിഭവങ്ങളും ഒരു കാറ്റിൽ അലിഞ്ഞു പോയി....

ഞാൻ ചേച്ചിയുടെ കൈ എന്റെ ഉള്ളം കയ്യിൽ പിടിച്ചു പതിയെ തലോടി.... എന്നിട്ട് എന്റെ തല പതുക്കെ ചേച്ചിയുടെ തലയിലേക്ക് തല ചായ്ച്ചു

"ഇല്ല "

ചേച്ചിയോട് പിണക്കമാണോ എന്നുള്ള ആ ചോദ്യത്തിന് മറുപടി നൽകാൻ എനിക്ക് അത്രയും നേരം വേണ്ടി വന്നിരുന്നു.....

"ഞാൻ അപ്പോഴത്തെ ദേഷ്യത്തിന് എന്റെ കുട്ടിയെ അടിച്ചു പോയതാ..... ചേച്ചിയോട് ക്ഷമിക്കട..... നീ ഇനിയും ഞങ്ങളോട് മിണ്ടാതെ ഇരിക്കല്ലേടാ... നിനക്ക് എന്നോട് ഇനിയും ദേഷ്യമുണ്ടെങ്കിൽ അവരോടെങ്കിലും മിണ്ടടാ മോനെ.... അവർക്ക് ഒക്കെ സഹിക്കാൻ കഴിയുന്നതിലും അപ്പുറമാണ് ഇത്. അവർ പുറത്ത് കാണിക്കുന്നില്ല എന്നെ ഉള്ളു"

www.kkstories.com

ചേച്ചി പറഞ്ഞതും ഒരു തുള്ളി കണ്ണുനീർ എന്റെ കയ്യിൽ പതിച്ചിരുന്നു.അതെ എന്റെ ദേവൂസ് കരയുകയാണ്. നെഞ്ചോക്കെ നീറുന്ന പോലെ ഒരു പക്ഷെ അന്ന് ചേച്ചി എന്നെ അടിച്ചതിലും വേദന ആയിരുന്നു.... എനിക്ക് ഈ ഒരു നിമിഷം സമ്മാനിച്ചത്

"അയ്യേ.... എന്റെ ദേവൂസ് കരയാണോ....."

ഞാൻ ആ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു

"അതേയ് ഈ പെൺ സിംഹങ്ങൾ കരയാറില്ല ട്ടോ"ചേച്ചിയുടെ മൂഡ് ഒന്ന് മാറ്റാൻ വേണ്ടി ആ കവിളിൽ പിച്ചി കൊണ്ട് ഞാൻ പറഞ്ഞു...

"പോടാ... 😡. എന്നെ കരയിപ്പിച്ചതും പോരാ...ഇനി നീ ഞങ്ങളോട് മിണ്ടാതെ നടക്ക് കാണിച്ച് തരാം ഞാൻ....."എന്റെ വയറ്റിക്ക് ഒരു കുത്തും തന്ന് ചേച്ചി പറഞ്ഞു. എന്റെ പഴയ ദേവൂസിനേ പോലെ.....

"അതിന് ഞാൻ അല്ലാലോ മിണ്ടാതെ നടന്നെ നിങ്ങൾ അല്ലേ.... അതോണ്ടല്ലേ ഞാനും....."

ചേച്ചി:"നിനക്ക് ഒരു കാര്യം അറിയോ. നിന്നെ തല്ലിയില്ലേ അന്ന് ഞാൻ ഉറങ്ങിയിട്ടില്ല. ഒരുപാട് കരഞ്ഞു എന്റെ കരച്ചിൽ കണ്ട് കാര്യം ചോദിച്ചത് കൊണ്ട് കർത്തുനോടും പാറുനോടും കാര്യങ്ങൾ ഒക്കെ പറയേണ്ടി വന്നു. ശേഷം ഞങ്ങൾ എല്ലാവരും കൂടെ കല്ലു മോളെ കാണാൻ അവൾടെ റൂമിൽ പോയി.... നന്ദുന്റെ തോളിൽ ചാരി പൊട്ടി കരയാർന്നു പാവം.....എന്നിട്ട് ഞങ്ങളാ ആരോടും പറയണ്ട എന്ന് പറഞ്ഞത്. ആ കുട്ടി അപ്പോൾ തന്നെ അത് സമ്മതിക്കുകയും ചെയ്തു. ഇതൊക്കെ ചെയ്തിട്ടും എന്റെ മനസ് മുഴുവൻ നിന്നെ തല്ലിയതിനുള്ള വേദന ആയിരുന്നു. രാവിലെ തന്നെ സോറി കണ്ട് പറയാം എന്ന് വിചാരിച്ചു ഇരുന്നതാ. നീ അവരുടെ കൂടെ വരുന്നതും ഞങ്ങളെ മൈൻഡ് ചെയാത്തതും കൂടെ കണ്ടപ്പോ..... സഹിക്കാൻ പറ്റിയില്ലെടാ...."

www.kkstories.com

ചേച്ചി അന്ന് സംഭവിച്ച കാര്യങ്ങൾ ഒക്കെ എടുത്തു പറഞ്ഞു കൊണ്ടിരുന്നു.

"ആരാ പറഞ്ഞെ ഞാൻ മൈൻഡ് ചെയ്തില്ല എന്ന്. നിങ്ങടെ മുഖത്തിലേക്ക് നോക്കാൻ ഉള്ള ധൈര്യം ഇല്ലാത്തോണ്ടായിരുന്നില്ലേ... അല്ലാതെ എന്റെ ചേച്ചിമാരെ ഞാൻ മൈൻഡ് ചെയ്യാതെ ഇരിക്കുമോ. നിങ്ങളല്ലേ എന്റെ പാതി"

ഞാൻ ചേച്ചിയെ ചേർത്പിടിച്ചു കൊണ്ട് പറഞ്ഞു....

"നിനക്ക് ഞങ്ങൾ മതി ചേച്ചിമാർ ആയിട്ട് വേറെ ആരും വേണ്ട. എനിക്ക് അത് ഇഷ്ട്ടല്ല...." ഒരു കൊച്ചു കുട്ടിയായി മാറിയിരുന്നു ചേച്ചി. ഇതാണ് ചേച്ചിയുടെ മറ്റൊരു മുഖം എനിക്കും ചേച്ചിക്കും മാത്രം അറിയുന്ന മുഖം....

ഞാൻ:"അയ്യേ... കുശുമ്പി..... ശേ... മോശം.. മോശം.... 🤭"

"പോടാ " പിന്നെയും കിട്ടി ഒരു കുത്ത്.

കുറച്ച് ദിവസത്തെ എല്ലാം കാര്യങ്ങളും ഞങ്ങൾ സംസാരിച്ചു തീർത്തു.....

ചേച്ചി:"എന്നാലും എന്തിനാ മോനെ... നീ ആ കുട്ടിയെ അന്ന് തല്ലിയത്. അതൊരു പാവം ആട. ആ കാണുന്ന പോലെ... അല്ല..."

"ചേച്ചി അന്ന് സംഭവിച്ചത് എന്താണ് എന്ന് പോലും എനിക്ക് ഓർമ ഇല്ല. എന്റെ ശരീരം മറ്റൊരാൾ കണ്ട്രോൾ ചെയ്യുന്ന പോലെ ആയിരുന്നു അന്ന്.അല്ലാതെ ഞാൻ അങ്ങനെ ഒക്കെ ചെയ്യും എന്ന് തോന്നുന്നുണ്ടോ ചേച്ചിക്ക് അതും ഒരു പെണ്ണിനോട്..."

"നിന്റെ ശരീരം വേറെ ഒരാൾ കണ്ട്രോൾ ചെയ്യുന്ന പോലെയോ. അതെങ്ങനെ🤔"

"ആ എനിക്കും അറിയില്ല. അതിന്റെ കാര്യം ഒക്കെ വിട്. അതിനെ കുറിച്ച് കൂടുതൽ സംസാരിക്കാൻ ഒന്നും എനിക്ക് താൽപ്പര്യം ഇല്ല."

പിന്നെ കൊറച്ചു നേരം മൗനമായിരുന്നു... പക്ഷെ ഞങ്ങൾ അതെ ഇരിപ്പ് തന്നെ ആണ്. ചേച്ചി കൈ മുറുകെ പിടിച്ചിട്ടുണ്ട് പാവം. ഒരു പാട് വിഷമിച്ചു കാണും....അതാ എന്നെ ഇങ്ങനെ ചേർത്തു പിടിക്കുന്നെ.....

www.kkstories.com

അപ്പോഴേക്കും ഭക്തജനങ്ങൽ ഒക്കെ വന്നിരുന്നു. അമ്മമാരും അച്ഛന്മാരും ഒന്നും ഇല്ലാട്ടോ. വരുന്ന വഴി പൂജയോ മറ്റോ ഉണ്ട് എന്ന് പറഞ്ഞിരുന്നു.....

"ആഹാ രണ്ടുപേരും ഇപ്പോ സെറ്റ് ആയോ..."

കാർത്തു ചേച്ചി ആയിരുന്നു അത്

"എന്നാലും എന്റെ സിദ്ധു നീ കാരണം ദേവുചേച്ചി കരയുന്നത് ഒന്ന് കാണാൻ പറ്റി 😁"

പാറു ദേവൂചേച്ചിയെ നോക്കി കൊണ്ട് പറഞ്ഞു...ചേച്ചി കൈ ഓങ്ങിയത് കൊണ്ട് അവളും ഒന്ന് അയഞ്ഞു. പിന്നെ കൊറച്ച് നേരം ഞങ്ങൾ സഹോദരങ്ങൾ തമ്മിൽ ഉള്ള സ്നേഹപ്രകടനം ആയിരുന്നു. പാറു ഇടക്ക് ഇടക്ക് ഓരോന്ന് പറഞ്ഞ് തല്ലുന്നുണ്ട് അതിന് ബാക്കി ഉള്ളവരും സപ്പോർട്ട്...

www.kkstories.com

ഞാൻ വൈശുവിനെ ഒന്ന് നോക്കി പെണ്ണും ഹാപ്പി ആണ്. ചെല സമയത്ത് വൈശു ദേവൂച്ചേച്ചിനെക്കാൾ പക്വത ഉള്ള ആളായിട്ട് തോന്നാറുണ്ട്.

ഇവിടെ ഇപ്പൊ സന്തോഷം ഇല്ലാത്ത രണ്ട് കണ്ണുകൾ മാത്രമേ ഉള്ളു. അത് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് ഊഹിക്കാലോ.

ദേഷ്യത്തോടെ എന്നെ തന്നെ നോക്കി നിൽക്കാണ് കല്ല്യാണി. എന്നോടുള്ള സ്നേഹപ്രകടനം ഒന്നും അവൾക്ക് അങ്ങോട്ട് പിടിക്കുന്നില്ല....

നീ എന്ത് വിചാരിച്ചടി കോപ്പേ..... എന്നെ ഇവരിൽ നിന്നും അകറ്റാൻ പറ്റുമെന്നോ...

ഞാൻ മനസ്സിൽ പറഞ്ഞു....

കുറച്ച് നേരം കഴിഞ്ഞപ്പോൾ പൂജ ചെയ്യാൻ പോയവരും വന്ന് കഴിഞ്ഞിരുന്നു. പിന്നെ കുറച്ച് നേരം ഉത്സവവും കണ്ട് തിരിച്ചു പോവാൻ തീരുമാനിച്ചു. ഇനി കുറച്ചു നാൾ ഇതൊക്കെ തന്നെ ആണ് പരിപാടി...

തിരിച്ചു പോവുമ്പോൾ ഞാൻ ചേച്ചിമാരുടെ ഒപ്പം തന്നെ ആയിരുന്നു അത് കൊണ്ട് വന്നപ്പോൾ കിട്ടിയ സുഖം ഇപ്പൊ ഇല്ല. ഞാൻ വൈശൂനെ ഒരു ഇടം കണ്ണിട്ടു നോക്കി കറക്റ്റ് ടൈംമിൽ അവളും നോക്കി

എന്താണ് മോനെ. എന്ന ഭാവമുള്ള ഒരു ചിരി ആയിരുന്നു സമ്മാനം... ഞാൻ ഒന്നും ഇല്ല എന്ന് തലയാട്ടി. എന്തൊക്കെ പ്ലാൻ ചെയ്തതാ തിരിച്ചു പോവുമ്പോൾ. അതൊക്കെ പാഴായി. പക്ഷെ ഞാൻ നല്ല ഹാപ്പി ആണ് ട്ടോ. പ്രശ്നങ്ങൾ ഒക്കെ കഴിഞ്ഞല്ലോ...

www.kkstories.com

കാട്ടിലൂടെ ആണ് ഞങ്ങൾ ഇപ്പൊ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്... തറവാട് എത്താൻ ആയി....

ഇതിനിടക്ക് പത്തു ദിവസം കൂടെ കഴിഞ്ഞാൽ കല്യാണിയുടെ പിറന്നാൾ ആണ് എന്ന് ലക്ഷ്മി ആന്റി പറയുന്നത് കേട്ടു. ആന്റി കരയുന്നുണ്ടായിരുന്നോ എന്ന് സംശയമില്ലാതില്ല... കാരണം ആ ദിവസം കഴിഞ്ഞാൽ ആണ് ജാതകപ്രകാരം അവൾ മരിക്കും എന്ന് പറഞ്ഞത്.

ഒന്നല്ലെങ്കിൽ ഞാൻ അവളെ കെട്ടണം അല്ലെങ്കിൽ ജാതക പൊരുത്തമുള്ള വേറെ ആളെ കെട്ടണം. എന്റെ കാര്യത്തിൽ അവൾക്ക് ഒട്ടും പ്രതീക്ഷ വേണ്ട കാരണം അത് നടക്കാൻ ഈ സിദ്ധു സമ്മതിക്കൂല്ല 😉.

നിങ്ങൾ ഇപ്പൊ വിചാരിക്കുന്നുണ്ടാവും എന്ത് കണ്ണിൽച്ചോര ഇല്ലാത്തവനാ ഈ സിദ്ധു എന്നൊക്കെ. പക്ഷെ എനിക്ക് അറിയാം ഇതൊന്നും നടക്കാൻ പോകുന്നില്ല എന്ന് ഓരോരോ അന്ധവിശ്വാസങ്ങൾ അല്ലാതെ എന്താ പറയാ... പത്തല്ല ഇരുപതു ദിവസം കഴിഞ്ഞാലും ഇവളൊന്നും ചാവാൻ പോവുന്നില്ല... അങ്ങനെ ചാവുന്ന ജന്മം ഒന്നും അല്ല ഇവൾ... 😉

അമ്മ:"നീ.... ഒന്ന് മിണ്ടാണ്ടിരി എന്റെ ലക്ഷ്മി.വെറുതെ പറഞ്ഞ് കൊച്ചിനേം കൂടെ പേടിപ്പിക്കല്ലേ. ഇനി ആരേം കിട്ടിയില്ലേൽ കല്ലു മോളുടെ കഴുത്തിൽ സിദ്ധു മിന്ന് കെട്ടും...ആ കാര്യത്തിൽ പേടിയേ വേ....."

"നോക്കി ഇരിക്കത്തെ ഉള്ളു...."ഞാൻ അമ്മ പറഞ്ഞു തീരും മുൻബ് പറഞ്ഞു...

www.kkstories.com

"നിങ്ങൾ എല്ലാർക്കും എന്താ വയ്യേ ഏതോ ഒരു മന്ത്രവാദി പറയുന്ന കേട്ടിട്ട് പേടിക്കാൻ. ഇവളെ കണ്ടാൽ പറയോ പത്ത് ദിവസം കഴിഞ്ഞാൽ മറിക്കും എന്ന് "

ഞാൻ എല്ലാവരോടും ആയി കല്ല്യാണിയേ ചൂണ്ടി കാണിച്ച് പറഞ്ഞു...

പറഞ്ഞതേ ഓർമ ഉള്ളു പെണ്ണ് വെട്ടി ഇട്ട വാഴതണ്ട് പോലെ ഒറ്റ വീഴ്ച്ച..... 😳

എല്ലാരും ഓടി വന്നു ഫോണിലെ ഫ്ലാഷ് ലൈറ്റ് അടിച്ചു. അവാളേ കണ്ട് എല്ലാരും ഒന്ന് പകച്ചു നിന്നു. പെണ്ണിന് ബോധം ഇല്ല മൂക്കിൽ നിന്നും രക്തവും ഒഴുകുന്നുണ്ട്...

അവളെ കണ്ടതും ലക്ഷ്മി ആന്റിയുടെയും ബോധം പോയി..... ആകെ ഒരു വല്ലാത്ത അവസ്ഥ...

അരുൺ:"കല്ലു... മോളെ കണ്ണ് തുറക്ക്..." അരുൺ അവളെ തട്ടി വിളിക്കുണ്ട്. പക്ഷെ പ്രയോചനം ഒന്നും ഉണ്ടായില്ല

"എടി കാർത്തു ഒന്ന് വന്നു പെട്ടന്ന് നോക്കെടി...." ദേവുചേച്ചി കാർത്തു ചേച്ചിയോടായി പറഞ്ഞു

കാർത്തു ചേച്ചി കല്ല്യാണിയേ പരിശോധിക്കുകയാണ്. എല്ലാവരും നല്ല ടെൻഷനിൽ ആണ് എന്തൊക്കെയോ ആലോചിക്കുന്നു ആരൊക്കെയോ വിളിക്കുന്നു. ഞാൻ ആണെങ്കിൽ സ്തംഭിച്ചു നിൽക്കുകയാണ്.... ഒരു വേള ഇതൊക്കെ സത്യമാവുമോ എന്നുള്ള പേടി....

കാർത്തു ചേച്ചി:"പൾസ് ഒക്കെ നോർമൽ ആണ്. അവൾക്ക് ബോധം പോയെന്നെ ഉള്ളു. ഉണരാൻ കുറച്ച് ടൈം എടുക്കും ബട്ട് ഷി ഈസ് ഓൾറൈറ്. ബ്ലഡ് വന്നത് കണ്ട് ആരും ടെൻഷൻ അടിക്കേണ്ട.... ഇപ്പൊ അത്യാവശ്യം ആയി വേണ്ടത് റസ്റ്റ് ആണ്. ആരെങ്കിലും ഇവളെ ഒന്ന് പിടിക്കുമോ.."

www.kkstories.com

അരുൺ അവളെ തോളിൽ കയറ്റി തറവാട്ടിലേക്ക് നടന്നു.

അവളെ അവളെ റൂമിൽ കിടത്തി കൂട്ടിനു വൈശുവും കാർത്തു ചേച്ചിയും ഇരുന്നു. ലക്ഷ്മി ആന്റിക്കും കുഴപ്പം ഒന്നും ഇല്ല പക്ഷെ എല്ലാർക്കും ഇത് മതിയായിരുന്നു അവരുടെ വിശ്വാസങ്ങളെ മുറുകെ പിടിക്കാൻ.

ഞാൻ അവിടെ നിന്നിട്ട് പ്രയോചനമില്ല എന്നത്കൊണ്ടുതന്നെ ഞാൻ എന്റെ റൂമിലോട്ട് പോന്നു...

മനസ്സ് മുഴുവൻ ഇപ്പൊ സംഭവിച്ച കാര്യങ്ങൾ ആണ്..... എന്തിനോ വേണ്ടി ഒരു ടെൻഷൻ...

പതുക്കെ ഞാൻ ഉറക്കത്തിലേക്ക് വീണു.

എന്റെ മുമ്പിൽ ഒരു ഓല മേഞ്ഞ വീടുകാണാം. സ്ഥലം കണ്ടപോലെ തോന്നുന്നു പക്ഷെ ഓർമ കിട്ടുന്നില്ല ഞാൻ. ആ വീടിനെ ലക്ഷ്യം വച്ച് നടക്കുകയാണ്. ഇത് സ്വപ്നം തന്നെ ആണോ കാരണം ഞാൻ ശരിക്കും നടക്കുകയാണ്.... ഞാൻ വീടിന്റെ ഡോർ ആണ് എന്ന് തോന്നിപ്പിക്കുന്ന ഓല മേഞ്ഞ വാതിലിൽ ശബ്ദം ഉണ്ടാക്കാൻ ശ്രമിച്ചു പക്ഷെ എനിക്ക് അതിൽ സ്പർശിക്കാൻ സാധിക്കുന്നില്ല കൈ ഉള്ളിലോട്ടു പോവുന്ന പോലെ... അപ്പോൾ ഇതെന്റെ ആത്മാവാണോ... എന്താണ് ഞാൻ?..... എന്നെ അപ്പോൾ അലട്ടിക്കൊണ്ടിരുന്ന ചോദ്യമായിരുന്നു അത്.... ഞാൻ റൂമിൽ കിടക്കാൻ വന്നത് വരെ ഉള്ള ഓർമ എന്റെ മനസ്സിൽ തന്നെ ഉണ്ട്. അപ്പോൾ ഇത് സ്വപ്നം തന്നെ ആണോ... ആണെങ്കിൽ ഇത്രയും യാഥാർഥ്യമായി തോന്നുമോ എനിക്ക് ഒന്നും മനസ്സിലാവുന്നില്ല....ഒന്നെനിക്ക് അറിയാം ഇപ്പോൾ എനിക്ക് ഒന്നും തടസമായി നിൽക്കുന്നില്ല. ഞാൻ ആ ഓല മേഞ്ഞ വീട്ടിൽ പ്രവേശിക്കാൻ തുനിഞ്ഞു വിചാരിച്ചപോലെ തന്നെ എനിക്ക് അതിനുള്ളിൽ കൂടെ പോവാൻ പറ്റുന്നുണ്ട്. ഞാൻ ആ കുടിലിനുള്ളിൽ കയറിയ കാഴ്ച കണ്ട് അത്ഭുത പെട്ടു പോയി. അന്ന് ആ സ്വപ്നത്തിൽ കൈ കുഞ്ഞിനേയും എടുത്തുകൊണ്ടു കരയുന്ന സുന്ദരി..... അവളുടെ സൗന്ദര്യം അവിടെ കത്തിച്ചു വച്ച വിളക്കിന് പോലും പരാജയ പെടുത്താൻ സാധിക്കുന്നില്ല....അത്രക്കും തേജസ്സ്

www.kkstories.com

അവൾ തനിച്ചല്ല കൂടെ ഒരു ആൺ തുണയും ഉണ്ട് അവർ എന്തോ സംസാരിക്കുകയാണ്.... മുൻപ് കണ്ട സ്വപ്നങ്ങൾ പോലെ അല്ല ഇത് എനിക്ക് വ്യക്തമായി കേൾക്കാം.....പക്ഷെ അവളുടെ കൂടെ ആരാണ്... മുഖം വ്യക്തമാവുന്നില്ല. വിളക്കിന്റെ മറ്റൊരു തലം അയാളുടെ മുഖം മറക്കുന്ന പോലെ തോന്നി എനിക്ക്

"അച്ഛൻ നമ്മുടെ കാര്യം അറിഞ്ഞിരിക്കുന്നു "

അയാൾ അവളെ ചേർത്തു നിർത്തികൊണ്ട് പറഞ്ഞു...

"എനിക്ക് ഭയംകൊണ്ടാകെ വിറയുന്നു. വലിയവൻ ഇത് അറിഞ്ഞാൽ..."എന്നും പറഞ്ഞു അവൾ അവളുടെ നിറവയറിൽ തൊട്ടു അപ്പോഴാണ് ഞാനും അത് ശ്രദ്ധിച്ചത്.അവൾ പൂർണ ഗർഭിണിയാണ്

"നീ എന്റെ പെണ്ണ്. എന്നെ തോൽപ്പിക്കാതെ നിന്നെ ആരും തൊടില്ല....."അവന് അവളുടെ വയറിൽ തൊട്ട് കൊണ്ട് പറഞ്ഞു....

സിദ്ധു.....സിദ്ധു..... എണീക്ക്.....

ഞാൻ കണ്ണ് തുറന്നു. ഇഷ ആണ്. ഞാൻ ആദ്യം നോക്കിയത് സമയമാണ് രാവിലെ ആറു മണി കഴിഞ്ഞിരിക്കുന്നു. തലക്ക് വല്ലാത്ത പെരുക്കം. കുറച്ചു നേരത്തേക്ക് ഒന്നും മനസ്സിലായില്ല. കണ്ടത് സ്വപ്നം തന്നെ

ഞാൻ ഇഷയെ ഒന്ന് നോക്കി. പെട്ടന്നാണ് കല്ല്യാണിയുടെ ഓർമ വന്നത്.അവളെ ഓർമ വന്നതും അവളെ കുറിച്ച് ചോദിക്കാതിരിക്കാനായില്ല

www.kkstories.com

'കല്ല്യാണി?"

അവൾക്ക് കുഴപ്പം ഒന്നും ഇല്ല നീ അടിയിലോട്ട് വാ എല്ലാവരും നിന്നെ അന്വേഷിക്കുന്നു

എന്തോ ഒരു വഷപിശക്.....

ഞാൻ കുളിക്കാൻ ഒന്നും നിന്നില്ല പല്ല് തേച്ച് നേരെ അടിയിലോട്ട് ചെന്നു...

എല്ലാവരും ഉണ്ട്.... ഞാൻ വന്നതും എല്ലാവരുടെയും മുഖത്ത് പല പല വികാരങ്ങൾ ഞാൻ കണ്ടു.

അച്ഛൻ :"സിദ്ധു വാ വന്നിരിക്ക്...."'

കാര്യങ്ങളുടെ ഏകദേശം കിടപ്പ് എനിക്ക് മനസിലായി തുടങ്ങുന്നുണ്ട്....

ഞാൻ ചേച്ചിയുടെ അടുത്തായി ഇരുന്നു. കല്ല്യാണി എന്റെ അമ്മയുടെ മടിയിൽ തല ചായ്ച്ചു കിടക്കുകയാണ്.

അച്ഛൻ :"ഞാൻ വളച്ചു കെട്ടില്ലാതെ കാര്യം പറയാം. ഞങ്ങൾ നിന്റെയും കല്ലു മോളുടെയും കല്ല്യാണം ഉറപ്പിച്ചു."

തന്തപ്പടി മുഖത്ത് നോക്കി പറഞ്ഞു. സാധാരണ എനിക്ക് ദേഷ്യം ആണ് വരേണ്ടിയിരുന്നത് പക്ഷെ വന്നില്ല. കാരണം കല്ല്യാണിയുടെ അവസ്ഥ നോക്കിയപ്പോ ദേഷ്യപ്പെടാൻ തോന്നിയില്ല. ഗോളി ഇല്ലാത്ത പോസ്റ്റിൽ ഗോൾ അടിച്ചിട്ട് കാര്യം ഇല്ലല്ലോ. പിന്നെ ഇത് ഇങ്ങനെ ഒക്കെ വരൂ എന്ന് ഇന്നലെ അവൾ വീണപ്പോൾ തന്നെ മനസിലായിരുന്നു.

www.kkstories.com

ദേഷ്യം ഇല്ലാ എന്നെ പറഞ്ഞിട്ടുള്ളു. സമ്മതം ആണ് എന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് അങ്ങനെ അങ്ങട്ട് സമ്മതിക്കാനും പറ്റില്ല

ഞാൻ :"നിങ്ങൾ ആരോട് ചോദിച്ചിട്ടാണ് എന്റെ സമ്മതം ഇല്ലാതെ എന്റെ കല്ല്യാണം ഉറപ്പിച്ചത്. ഈ കല്ല്യാണം നടക്കില്ല അത് നിങ്ങൾ ആര് എന്തൊക്കെ പറഞ്ഞാലും. ഇതിൽ കൂടുതൽ എനിക്ക് പറയാൻ താൽപ്പര്യം ഇല്ലാ... ചോദിക്കാനും ആരും വരണ്ട...."

അമ്മ :"സിദ്ധു നിന്റെ ഇഷ്ടത്തിന് ഞങ്ങൾ ഇതുവരെ ആരും ഒന്നും പറഞ്ഞിട്ടില്ല പക്ഷെ മോനെ ഇത് അമ്മടെ കുട്ടി സമ്മതിക്കണം. അല്ലെങ്കി പിന്നെ നീ ഇനി എന്നെ കാണില്ല"

തള്ള സ്ഥിരം അടവ് ഇറക്കാൻ തുടങ്ങി. ഇതും കൂടെ ചേർത്ത് ഒരു ആയിരം പ്രാവശ്യം എങ്കിലും സെയിം ഡയലോഗ് എന്നോട് പറഞ്ഞിട്ടുണ്ടാവും. ഇതും എനിക്ക് അങ്ങനെ തോന്നിയുള്ളു. അത് കൊണ്ട് എനിക്ക് അതൊന്നും കാര്യം ആയി തോന്നിയില്ല

ഞാൻ :"വേണ്ട.... ഞാൻ പൊക്കോളാം ഞാൻ ഇവിടെ നിൽക്കുമ്പോൾ അല്ലേ.. നിങ്ങൾക്ക് ഇങ്ങനെ ഒക്കെ ചിന്തിക്കാനും ചെയ്യാനും കഴിയുള്ളു. ഞാൻ ഇവിടെ നിന്നും പോയേക്കാം അപ്പോൾ പ്രശ്നം ഇല്ലല്ലോ"

ഞാൻ ഇവിടെ നിന്നും പോവാൻ തന്നെ തീരുമാനിച്ചാണ് ഇങ്ങോട്ട് വന്നത്. പക്ഷെ അത് എങ്ങനെ പറയും എന്നൊരു ഡൌട്ട് ഉണ്ടായിരുന്നു. എന്നാൽ ഇതിനേക്കാൾ നല്ല അവസരം ഇനി കിട്ടാത്തോണ്ട് ഞാൻ അത് ഇപ്പോൾ തന്നെ അവതരിപ്പിച്ചു

"മോനെ....."

www.kkstories.com

ഞാൻ റൂമിലോട്ട് പോവാൻ തുനിഞ്ഞതും പുറകിൽ നിന്നൊരു വിളി

ഞാൻ തിരിഞ്ഞു നോക്കി

ലക്ഷ്മി ആന്റി ആണ്.....

"മോനെ...ഞങ്ങടെ ജീവൻ ആണ് കല്ലു അവൾ ഇല്ലാത്ത ഒരു ലോകത്തെ പറ്റി പോലും ഞങ്ങൾക്ക് ചിന്തിക്കാൻ കഴിയില്ല. എനിക്ക് അറിയാം ഞാൻ മോനോട് ഒരു വലിയ കാര്യം ആണ് ചോദിക്കുന്നത് എന്ന്. പക്ഷെ മോൻ ഈ അമ്മക്ക് വേണ്ടി ഒന്ന് സമ്മതിക്കണം."

ഇത്രയും പറഞ്ഞപ്പോഴേക്കും ആന്റി കരയാൻ തുടങ്ങിയിരുന്നു.

കണ്ടു നിൽക്കുന്ന ആർക്കും സഹിക്കാൻ പറ്റാത്ത ഒരു രംഗം ആയിരുന്നു അത്. തന്റെ മകൾക്ക് വേണ്ടിയുള്ള ഒരു അമ്മയുടെ കണ്ണുനീർ. അവരുടെ മുഖത്തേക്ക് നോക്കാൻ പോലും എനിക്ക് പറ്റുന്നുണ്ടായിരുന്നില്ല. എങ്ങനെയൊക്കെയോ ഞാനും ഒരു തെറ്റുകാരൻ ആണ് എന്നുള്ള തോന്നൽ

"വേണേൽ ഞാൻ മോന്റെ കാലു പിടിക്കാം..." എന്നും പറഞ്ഞു ആന്റി എന്റെ കാലിലേക്ക് തളർന്നു വീണു ഞാൻ പെട്ടന്ന് തന്നെ അവരെ പിടിച്ച് ഇരുത്തി. അപ്പോഴേക്കും ദേവുചേച്ചിയും ആശ്വസിപ്പിക്കാൻ എത്തിയിരുന്നു..

ചേച്ചി എന്റെ മുഖത്തേക്ക് ദയനീയ മായി നോക്കി.

www.kkstories.com

ഞാനും ഒരു വല്ലാത്ത അവസ്ഥയിൽ ആയിരുന്നു.....

ആന്റി ആ തളർന്ന രീതിയിലും എന്റെ മുഖത്തേക്ക് നോക്കി ഇരിക്കുകയാണ്.

"മോനെ... മോൻ സമ്മതിക്കുമോ "ആന്റി അവശയായി ഒന്നൂടെ ചോദിച്ചു..

"മ്മ് "എന്റെ മറുപടി ഒരു മൂളലിൽ ഒതുങ്ങി.... ഞാൻ കാരണം ആ സ്ത്രീ ഇനിയും കരഞ്ഞാൽ.... അത് എനിക്ക് കണ്ടുനിൽക്കാൻ കഴിയുമായിരുന്നില്ല. കാരണം തന്റെ മകളെ ജീവനുതുല്യം സ്നേഹിക്കുന്ന ആ സ്ത്രീയിൽ എപ്പഴോ ഞാൻ എന്റെ അമ്മയുടെ സ്നേഹം കണ്ടു പോയി കല്ല്യാണിയുടെ സ്ഥാനത്ത് എന്റെ ചേച്ചിമാരെയും

എന്റെയും കല്യാണിയുടെയും മുഖം ഒഴിച്ച് ബാക്കി എല്ലാരുടെയും മുഖത്ത് ഒരു വെളിച്ചം കാണാം.

ഞാൻ അവളെ ഒന്ന് നോക്കി... അവൾ എന്നെ തന്നെ നോക്കി നിൽക്കുകയാണ്. കണ്ണിൽ നിന്നും കണ്ണുനീർ പൊഴിയുന്നു എന്നല്ലാതെ. മുഖത്ത് ഒരു നേരിയ മാറ്റം പോലും കാണാൻ സാധിക്കുന്നില്ല...

ഇവൾക്ക് ഇഷ്ട്ടം അല്ലെങ്കി അതൊന്നു പറഞ്ഞൂടെ. ഞാൻ വെറുതെ ഒന്ന് ആശിച്ചു

"എന്നാൽ നാളെ തന്നെ നടത്താം ലേ....."അച്ഛന്റെ ശബ്ദം ആയിരുന്നു അത്...

തന്തക്ക് ചില്ലറ കഴപ്പ് ഒന്നും അല്ല. ഒരു ദിവസം കൊണ്ട് തീരുമാനിക്കലും അടുത്ത ദിവസം കല്യാണവും ഇതൊക്കെ എവിടെങ്കിലും പോയി പറയാൻ പറ്റോ....

www.kkstories.com

എന്നാൽ അച്ഛന്റെ തീരുമാനം ബാക്കി ഉള്ളവരും ശരിവച്ചു....

അങ്ങനെ കല്യാണ കാര്യത്തിൽ ഒരു തീരുമാനം ആയി.....

ഇനി 'ജാതകം ചേരുമ്പോൾ' എന്ത് സംഭവിക്കുമോ ആവോ.....

നാളെ ആണ് കല്ല്യാണം എന്റെ തീരുമാനം ശരിയായിരുന്നോ. ആർക്കോ വേണ്ടി സ്വന്തം ജീവിതം കളയണോ....ചിന്തിച്ചിട്ട് ഒരു എത്തുംപിടിയും കിട്ടുന്നില്ല...

ഞാൻ ഫ്രണ്ട്സിനെ ഒരു ഗ്രൂപ്പ് കാൾ ചെയ്യാൻ തീരുമാനിച്ചു.... അവർക്ക് പറയാൻ ഉള്ളതും കൂടെ കേൾക്കാം.... ഇനി അതായിട്ട് കുറക്കണ്ട

അതും മനസ്സിൽ കണ്ട് ഞാൻ അവർക്ക് കാൾ വിളിച്ചു

ഞാൻ:"ഹലോ... "

അവിനാഷ് :"എന്താണ് മോനെ പതിവില്ലാതെ ഒരു ഫോൺ വിളി ഒക്കെ..."

www.kkstories.com

വിവേക് :"എടാ എത്ര ദിവസം ആയടാ നീ ഇവിടെ നിന്നും പോയിട്ട്. എന്നിട്ട് ഇപ്പഴാണോ വിളിക്കാൻ തോന്നിയെ..."

ഞാൻ :"ഡാ കുറച്ച് നേരത്തിന് ഇങ്ങോട്ടൊന്നും പറയണ്ട എനിക്ക് പറയാൻ ഉള്ളത് കേട്ടാൽ മതി....

നാളെ എന്റെ കല്ല്യാണം ആണ്.....പക്ഷെ എനിക്ക് അറിയില്ല ഞാൻ എടുത്തത് നല്ല തീരുമാനം ആണോ എന്ന്.....അതുകൊണ്ടാണ് നിന്നെ ഒക്കെ വിളിച്ചത്.."

അവിനാഷ്:"ഏഹ് കല്ല്യാണമോ..... നീ കാര്യം പറയുക തന്നെ ആണോ..."

വിവേക്:"ഡേയ്... നിനക്ക് ഒക്കെ ആര് പെണ്ണ് തന്ന്.... നീ ഫുൾ ഡീറ്റെയിൽസ് പറ...."

ഞാൻ :"അതെന്താ മൈരേ എനിക്ക് പെണ്ണ് കിട്ടിയാൽ...😤"

വിവേക്:"നീ അത് വിട് എന്നിട്ട് ഇത് പറ എങ്ങനെ ആയിരുന്നു സംഭവം...."

പിന്നീട് അങ്ങോട്ട് അര മുക്കാൽ മണിക്കൂർ ഇങ്ങോട്ട് വന്നത് മുതൽ ഉള്ള സംഭവ വികസങ്ങളെ കുറിച്ചുള്ള സംസാരമായിരുന്നു.....

എല്ലാം കേട്ടു കഴിഞ്ഞപ്പോൾ

www.kkstories.com

അവിനാഷ്:"എടാ നീ പറഞ്ഞതനുസരിച് കാണാനും കുഴപ്പം ഇല്ല.നല്ല ഫാമിലി ബാക്ക്ഗ്രൗണ്ടും.... പിന്നെ എന്താടാ ഇനി അഥവാ അയാൾ പറഞ്ഞത് പോലെ ഒക്കെ സംഭവിച്ചാൽ നീയും ഒരു കാരണക്കാരൻ ആവില്ലേ.... നിനക്ക് അവളെ രക്ഷിക്കാൻ പറ്റുമായിരുന്നിട്ടും.... അവളെ കൊലക്ക് കൊടുത്തു എന്നല്ലേ ബാക്കി ഉള്ളവർ പറഞ്ഞു നടക്കുക. അത് കൊണ്ട് എന്റെ അഭിപ്രായത്തിൽ അവളെ കെട്ടുക തന്നെ ആണ് നല്ലത്..."

വിവേകും അവന്റെ മറുപടിക്ക് ശരി വച്ചു... അവന് പറഞ്ഞത് ഒരു തരത്തിൽ ശരി ആണെങ്കിലും.... അതിന് ഒരു മറുപടി കൊടുക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല...

ഞാൻ കാൾ വച്ചു....

എനിക്ക് മുമ്പിൽ ഒരു വഴിയേ ഉള്ളു.... കല്ല്യാണിയേ വിവാഹം കഴിക്കുക....

അന്നത്തെ ദിവസം പോയതറിഞ്ഞില്ല.... വലിയ ഒരുക്കങ്ങൾ ഒന്നും ഇല്ലെങ്കിലും എല്ലാവരും തിടുക്കത്തിൽ ആണ്..... ഏറ്റവും സന്തോഷിക്കുന്നത് ലക്ഷ്മി ആന്റി ആണ് എന്ന് എനിക്ക് മനസ്സിലായി

ആ രാത്രി എനിക്ക് ഉറങ്ങാനേ പറ്റിയില്ല.അത് കൊണ്ട് ഞാൻ ദേവു ചേച്ചിടെ റൂമിൽ പോയി ചേച്ചിക്ക് ഒപ്പം കിടന്നു...

വന്ന് കഴിഞ്ഞപ്പോൾ ആണ് വേണ്ടിയിരുന്നില്ല എന്ന് തോന്നിയത്...ഫുൾ ഉപദേശം ആണ്... അവളെ അങ്ങനെ നോക്കണം ഇങ്ങനെ നോക്കണം ഉപദ്രവിക്കരുത്.... അങ്ങനെ അങ്ങനെ...

എനിക്ക് ആണേൽ ഒന്നിനും മറുപടി കൊടുക്കാൻ പോലും വയ്യാർന്നു... ശരീരം മൊത്തം ഒരു ക്ഷീണം.... അത് കണ്ടിട്ടാവണം ചേച്ചി പിന്നെ ഒന്നും മിണ്ടിയില്ല. എന്റെ തലയിൽ തലോടി മെല്ലെ കിടന്നു.... പതിയെ ഞാനും ഉറക്കത്തിലേക്ക് വീണു...

"ഡാ... എണീക്ക്.... ഡാ...."ദേവു ചേച്ചി ആണ്...

"വേഗം പോയി കുളിച്ചേ....ഞാൻ ഇടാനുള്ള ഡ്രെസ്സും കൊണ്ട് വരാം...."

"എന്തിന് "

"എന്താ 😳? ദേ ചെക്കാ മര്യാദക്ക് പോയി റെഡി ആയിക്കോ. എന്റെ കല്ല്യാണം ആണോ ഇന്ന്."

www.kkstories.com

പെട്ടന്ന് ഞാൻ ചാടി എഴുന്നേറ്റ്..... കല്ല്യാണം... ഇതും ഒരു സ്വപ്നമായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു.... അല്ലെങ്കിൽ ആവശ്യം ഇല്ലാത്ത നേരത്ത് ഇത് പോലുള്ള മൈരൊന്നും കാണില്ല.... 😤

വേറെ വഴി ഇല്ലാതെ ഞാൻ റെഡി ആവാൻ തുടങ്ങി. എന്തായാലും നനഞ്ഞു ഇനി കുളിച്ചു കേറാം

ഡ്രസ്സ് ഒക്കെ റെഡി ആണ്. അപ്പോൾ ഇതൊക്കെ ഇവർ പ്ലാൻ ചെയ്ത് തന്നെ ആണ് ഇരുന്നത് ഞാൻ സമ്മതിക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളു....

ഞാൻ താഴേക്ക് ചെന്നു കുറച്ച് മുഖങ്ങൾ ഒക്കെ കണ്ടു. പക്ഷെ അവളെ മാത്രം കണ്ടില്ല....

www.kkstories.com

ഇനി എന്നെ കെട്ടാൻ വയ്യാണ്ട് നാട് വിട്ട് പോയോ.....

അമ്മ:"ആ വന്നോ പോയി കാറിൽ കേറിക്കോ ഞങ്ങൾ ഇപ്പൊ വരാം. പിന്നെ കല്ലു മോളും അവരൊക്കെ ആദ്യമേ പോയി. ഇനി നമ്മളെ ഉള്ളു...."

ജീവിതത്തിൽ ആദ്യമായി.... എല്ലാത്തിനും ഒരു പാവ കണക്കെ നിന്ന് കൊടുക്കുന്ന പോലെ....

ക്ഷേത്രത്തിൽ വച്ച് തന്നെ ആണ് കല്ല്യാണം എല്ലാവരും റെഡി ആയി. ഞങ്ങൾ ക്ഷേത്രത്തിലേക്ക് പോവുകയാണ്....

മനസ്സിൽ ഒരായിരം ചോദ്യങ്ങൾ....

ഞാൻ കണ്ട എന്റെ സ്വപ്നം എന്റെ ജീവിതം...

അങ്ങനെ ഒന്നും ഇല്ലെങ്കിലും എന്തെങ്കിലും ഒക്കെ ആലോചിക്കണ്ടേ?....

ആലോചിക്കുന്നതിന് ഒടുവിൽ ക്ഷേത്രം എത്തി. അതികം ആളുകൾ ഒന്നും ഇല്ലെങ്കിലും. കുടുംബം ആയി തന്നെ അത്യാവശ്യം ആളുകൾ ഉണ്ടായിരുന്നു...

ക്ഷേത്രത്തിൽ എത്തിയപ്പോഴും ഞാൻ അവളെ തന്നെ തിരയുകയായിരുന്നു....

www.kkstories.com

എല്ലാരും കൂടെ ഒരുമിച്ച് അമ്പല നടയിലേക്ക് നടന്നു അവർ അവിടെ ഉണ്ടായിരുന്നു.

കല്ല്യാണി തൊഴുകയാണ്..... തിരിഞ്ഞ് നിൽക്കുന്നതിനാൽ തന്നെ അവളുടെ മുഖം കാണാൻ സാധിക്കുന്നില്ല.....

ലക്ഷ്മി ആന്റി:"നിങ്ങൾ എത്തിയോ.... വേഗം വാ... മുഹൂർത്തം ആവാൻ ആയി"

ഈ തള്ളക്ക് എന്ത് തിടുക്കം ആണ് ഇവരുടെ പരാക്രമം കണ്ടാൽ തോന്നും. ഞാൻ ഒളിച്ചോടി പോവാൻ നിൽക്കാണ് എന്ന്....

ആന്റിയുടെ ശബ്ദം കേട്ടിട്ടാവണം കല്ല്യാണി താൻ ചെയ്ത് കൊണ്ടിരിക്കുന്ന കാര്യം വിട്ടിട്ട് തിരിഞ്ഞ് നോക്കി.....

'😳'

ഓരോ ദിവസവും അവളുടെ പുതിയ... രൂപങ്ങൾ ആണ് ഞാൻ കാണുന്നത്. അതും ഭംഗി കൂടുക എന്നല്ലാതെ കുറയുന്നില്ല.... പറയത്തക്ക വിധ അലങ്കാരമോ ആഭരണങ്ങളോ ഇല്ല എന്നിട്ടും എന്ത് ഭംഗി ആണ് കാണാൻ. വെള്ളയിൽ ഗോൾഡ് കലർന്ന പട്ടു സാരിയാണ് വേഷം അതിനു മാച്ചിങ് ആയിട്ടുള്ള ബ്ലൗസും..... അവളുടെ സൗന്ദര്യത്തിൽ പ്രതിഷ്ട്ട വെച്ച ദേവി പോലും മുങ്ങി പോവുന്ന പോലെ..... അത്രക്കും മനോഹരം....

ഞാൻ അവളുടെ അടുത്തായി നിന്നു. എല്ലാരും ചുറ്റിനും ഉണ്ട്.....

www.kkstories.com

പൂജാരി:"ആദ്യം വധുവരൻമാർ മനസ്സ് തുറന്നൊന്നു പ്രാർത്ഥിക്കു..... "

ഞാൻ വെറുതെ കണ്ണടച്ചു നിന്നു.... അല്ലാതെ എന്ത് ചെയ്യാൻ...

പൂജാരി :"ഇനി വരൻ വധുവിന്റെ കൈ പിടിക്കൂ...."

ഞങ്ങൾ രണ്ടുപേരുടെയും ഇടയിൽ മൗനം മാത്രമാണ്.... അവൾ താഴോട്ട് നോക്കി നിൽക്കുകയാണ്.....

ഞാൻ കൈ പിടിക്കുന്നില്ല എന്ന് കണ്ടിട്ടാവണം അമ്മ അവളുടെ കൈ എന്റെ കയ്യിൽ വച്ചു തന്നു... ഒരു നിമിഷം ഉള്ളിലൂടെ ഒരു തരിപ്പ് കയറിയത് പോലെ. അവളുടെ കൈക്ക് നല്ല തണുപ്പ് അനുഭവപ്പെടുന്നുണ്ട് പേടിച്ചിട്ടാവുമോ.

ഇവളെ കെട്ടുന്നതിൽ ഞാൻ അല്ലേ പേടിക്കണ്ടേ?...

പൂജാരി നടയിൽ നിന്നും പൂജിച്ച താലി മാല എനിക്ക് കൈമാറി. ഞാൻ അതിലേക്ക് ഒന്ന് നോക്കി. ഒരു നേർത്ത ചെയിനിൽ ചെറിയ ഒരു ആലിലയിൽ ഒരു ചുവപ്പ് വജ്രം പതിപ്പിച്ച അതിമനോഹരമായ താലി..

ചുറ്റും നിശ്ചലമാണ്.....

www.kkstories.com

"ഈ ദിവ്യ നിമിഷത്തിൽ, ഈ താലിഇവളുടെ കഴുത്തിൽ കെട്ടുമ്പോൾ,നിങ്ങളുടെ ജീവിതം ബ്രഹ്മാനന്ദമായി മാറട്ടെ."

പൂജാരിയിൽ നിന്നുമുള്ള ആ മറുപടി കല്ല്യാണിയുടെ കഴുത്തിൽ താലിമാല കെട്ടാനുള്ള സൂചന ആയിരുന്നു...

എന്റെ കൈ വിറക്കുന്നുണ്ടോ. ഒരു താലി കെട്ടുന്നത് ഒക്കെ ഇത്രക്കും ടെൻഷൻ അടിപ്പിക്കുന്ന കാര്യമാണോ.....

ഞാൻ ചേച്ചിമാരെ ഒന്ന് നോക്കി

എന്ത് നോക്കി നിക്കാടാ വേഗം അങ്ങോട്ട് കെട്ട് എന്നുള്ള ഭാവമായിരുന്നു അവിടെ.....

ഞാൻ കല്ല്യാണിയേ നോക്കി. അവൾ തല കുനിച്ചു തൊഴു കൈയോടെ നിൽക്കുകയാണ്.

ഇനി താലി കെട്ടരുതേ എന്ന് പറയാതെ പറയുകയാണോ..... 🤔

ഞാൻ താലി അവളുടെ കഴുത്തിലേക്ക് നീട്ടി... ഇനി ഇത് എങ്ങനെ കെട്ടും?... എന്റെ പരുങ്ങൽ കണ്ടിട്ടാവണം ചിറ്റയും വൈശുവും കൂടെ അവളുടെ മുടി ചെറുതായി പൊന്തിച്ചു

ഞാൻ യാന്ത്രികമെന്നോണം അവളിൽ താലി കോർത്തു.... അവളെ കൂടുതൽ സുന്ദരി ആക്കിയത് പോലെ...

www.kkstories.com

ശേഷം കുറച്ച് സിന്ദൂരവും അവളുടെ നെറുകിൽ ചാർത്തി...

അതെ.

ഞാനും കല്ല്യാണിയും തമ്മിലുള്ള വിവാഹം കഴിഞ്ഞിരിക്കുന്നു....

പൂജാരി:"ശുഭം..! ഇനി മൂന്ന് പ്രദക്ഷിണം... നടുവിലൂടെ ഓടേണ്ട... ഭഗവാൻക്ക് മുമ്പിൽ ഒന്നിച്ചു നടക്കണം."

ശേഷം മൂന്ന് പ്രദക്ഷിണം ആയിരുന്നു..

പൂജാരി:"ഈ രണ്ടു പേരും നല്ലപോലെ ജീവിതം നയിക്കും എനിക്കറിയാം. ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ..."

അമ്മയുടെ മുഖത്ത് നല്ല തെളിച്ചവും സന്തോഷവും കാണാം. ഇത്രയും സുന്ദരി ആയ കുട്ടിയെ മരുമകൾ ആയി കിട്ടി എന്നുള്ളത് കൊണ്ടാവുമോ? 🤔

പോയി പോയി തള്ളക്ക് എന്നെ കുറിച്ച് ഒരു വിചാരവും ഇല്ല. എന്റെ അച്ഛനും അവളുടെ അച്ഛനും എന്തൊക്കെയോ പറയുന്നുണ്ട്... ലക്ഷ്മി ആന്റി ആണെങ്കിൽ ഇപ്പൊ കരയും എന്നുള്ള മട്ടാണ്....

ഞാൻ വൈശു വിനെ ഒന്ന് നോക്കി അവൾ എന്നോട് ഞങ്ങൾ രണ്ടു പേരെയും ചൂണ്ടി സൂപ്പർ 👌 എന്നുള്ള ആംഗ്യം കാട്ടി.

ഈ പൂതനക്ക് ഒന്നും പറയാൻ ഇല്ലേ.ഞാൻ കല്ല്യാണിയേ നോക്കി. അതോ ആദ്യം മുതലേ ഇതെല്ലാം ഇവളുടെ പ്ലാൻ ആയിരുന്നോ.....

www.kkstories.com

ഞാൻ എന്തൊക്കെയോ ചിന്തിച്ച് കൂട്ടുകയാണ്.....

"നിങ്ങൾ രണ്ടാളും ഒന്ന് ഇങ്ങോട്ട് വന്നു നിന്നെ ഒരു ഫോട്ടോ എടുക്കട്ടെ" പാറുവാണ്

മനുഷ്യന് ഇവിടെ മൂട്ടിൽ തീ പിടിച്ചു ഇരിക്കാൻ കഴിയാതെ നിൽക്കുമ്പോൾ ആണ് അവളുടെ വീണ വായന 😡

അപ്പോഴേക്കും ഫോട്ടോ എടുക്കലൊക്കെ കഴിഞ്ഞിരുന്നു.....

തിരിച്ചു തറവാട്ടിലേക്ക് തന്നെ ആണ് പോവുന്നെ... പക്ഷെ ഇപ്പോൾ എനിക്ക് ഒരു ഭാര്യ ഉണ്ട് എന്നുള്ളത് മാത്രമാണ് വ്യത്യാസം

ഞങ്ങൾക്ക് മുന്നേ അമ്മയും അച്ഛനും ചിറ്റയും ആന്റിയും ഒക്കെ എത്തിയിരുന്നു.. ഞങ്ങൾ തറവാടിന് മുമ്പിൽ എത്തിയതും നിലവിളക്കും ആയി അമ്മ എത്തി.

സ്വന്തം വീടല്ലെങ്കിലും ആചാരങ്ങൾക്ക് ഒന്നും ഒരു കുറവും ആരും വരുത്തിയില്ല. എനിക്കാണേൽ ഇതെല്ലാം കണ്ട് ചൊറിഞ്ഞു വരുന്നുണ്ട്.

നിലവിളക്കുമായി അവൾ ഉള്ളിലേക്ക് കയറി പുറകെ ഞാനും.

www.kkstories.com

എനിക്ക് എങ്ങനെ എങ്കിലും റൂം എത്തിയാൽ മതിയായിരുന്നു...

ഞങ്ങൾ നേരെ ചെന്ന് പെട്ടത് മുത്തശ്ശിയുടെ മുന്നിലേക്ക് ആണ്.....

മുത്തശ്ശിയെ കണ്ടതും അവൾ കാലിൽ വീണു അനുഗ്രഹം വാങ്ങി. മുത്തശ്ശിയുടെ നോട്ടം എന്നിലേക്കായി....

ഇനി ഞാനും കാലിലേക്ക് വീഴണോ....

ഞാനും അനുഗ്രഹം വാങ്ങാൻ എന്നോണം കുനിഞ്ഞു കാലിൽ തൊട്ടു...

"നന്നായി വരും മക്കളെ" മുത്തശ്ശി അതും പറഞ്ഞ് കൊണ്ട് ഒരു ചെറിയ കടലാസിൽ നിന്നും രണ്ട് ചരടുകൾ എടുത്തു

"ഇത് മാണിക്യൻ പൂജിച്ചു തന്നതാ...രണ്ട് പേരുടെയും കൈകൾ കാണിക്കു. ഇത് കെട്ടിയാൽ പിന്നെ എന്റെ മക്കൾക്ക് ഒരു ദോഷവും വരില്ല"

മുത്തശ്ശി അതും പറഞ്ഞു ഞങ്ങളുടെ കയ്യിൽ ആ പൂജിച്ച ചരടുകൾ കെട്ടി തന്നു...

ഞാൻ പിന്നെ അവിടെ നിന്നില്ല വേഗം റൂമിലോട്ട് വിട്ടു.ഇനിയും അവിടെ നിന്നാൽ ഞാൻ ആ തള്ളയെ കാല് വാരി നിലത്തടിക്കും...

www.kkstories.com

റൂമിൽ എത്തിയ ഞാൻ ഒറ്റ കിടപ്പായിരുന്നു. ഇന്നലെ ഒന്നും ഒരുപോലെ കണ്ണടച്ചിട്ടില്ല... എത്ര നേരം ഉറങ്ങി എന്നതിന് കണക്കില്ല....

എണീക്കുമ്പോഴേക്കും സമയം രാത്രി ഏഴ് കഴിഞ്ഞിരുന്നു.

ഇത്ര നേരം ഒക്കെ ഉറങ്ങിയോ.... ഞാൻ ഷർട്ടും മുണ്ടും ഒക്കെ മാറ്റി. അത് കണ്ടപ്പോൾ പിന്നെയും എന്റെ കല്ല്യാണം കഴിഞ്ഞിരിക്കുന്നു എന്നുള്ള ഓർമ വന്നു

ബെഡിൽ നോക്കിയപ്പോൾ കല്ല്യാണി ഉടുത്തിരുന്ന സാരി അഴിച്ചു മാറ്റിയത് കാണാം.. മനസ്സിൽ പെട്ടെന്നൊരു കൊള്ളിയാൻ മിന്നി.

ഞാൻ ഉള്ളപ്പോൾ ആണോ ഇവൾ ഡ്രസ്സ് മാറിയേ.....

ശോ മിസ്സ് ആയി..... കാര്യം കല്ല്യാണിയേ എനിക്ക് ഇഷ്ട്ടമല്ലെങ്കിലും അവളുടെ സൗന്ദര്യത്തിനോടും ശരീരത്തിനോടും ആരാധന ആയിരുന്നു....😌

ഞാൻ അടിയിലോട്ട് പോയി ഉദ്ദേശിച്ച പോലെ എല്ലാവരും അവിടെ ഉണ്ട്. ചേച്ചിമാർ ഒക്കെ എന്നെ കണ്ടതും ഒരു ആക്കി ചിരി ചിരിച്ചു

മൈര്.....

പിന്നെ ദേവുചേച്ചിടെ അടുത്ത് പോയി ഇരുന്നു.

www.kkstories.com

കല്ല്യാണി അവളുടെ റൂമിൽ ആണെന്ന് അറിഞ്ഞു. ക്ഷീണം കാരണം ഉറങ്ങാൻ പോയതാണത്രേ.....

ഒന്നും കഴിക്കാത്തത് കൊണ്ട് തന്നെ നല്ല വിശപ്പ് ഉണ്ടായിരുന്നു. കഴിച്ച് കഴിഞ്ഞതും റൂമിലോട്ട് വിട്ടു

ഇനി അവിടെ ഇരുന്നിട്ടും വലിയ പ്രയോജനം ഇല്ല. കാരണം നല്ല രാത്രി ആയി തുടങ്ങിയിരുന്നു

ഫോൺ ഒക്കെ അപ്പോഴാണ് തുറന്നു നോക്കിയത് തന്നെ.....

നോക്കിയതും വിവേകിന്റെയും അവിനാഷിന്റെയും പത്തിരുപതു മെസ്സേജ് കാണാം...പിന്നെ പാറുവിന്റെയും.

ഞാൻ ആദ്യം തുറന്നത് പാറുവിന്റെ മെസ്സേജ് ആണ്. കുറച്ച് ഫോട്ടോസ് ആണ്. ലോഡ് ആവുന്നേ ഉള്ളു..

എന്റെയും കല്യാണിയുടെയും കല്ല്യാണ ഫോട്ടോസ് ആണ് അതെല്ലാം

കുറ്റം പറയരുതല്ലോ നല്ല ഫോട്ടോസ് ആയിരുന്നു. കല്ല്യാണിയുടെ സൗന്ദര്യം എടുത്ത് കാണിക്കുന്നുണ്ട്. ഇതൊക്കെ കണ്ടാൽ എന്നെ ഒക്കെ ആരെങ്കിലും ശ്രദ്ധിക്കുമോ...

www.kkstories.com

കുശുമ്പ് ഒന്നും ഇല്ല ട്ടോ.....

ഞാൻ കുറച്ച് നേരം ആ ഫോട്ടോസിൽ നോക്കി ഇരുന്നു....

ശേഷം വിവേകിന്റെയും അവിനാഷിന്റെയും ഇൻബോക്സ് തുറന്നു....

ചറ പറ മെസ്സേജസ് ആയിരുന്നു എല്ലാത്തിനും മറുപടി കൊടുക്കാൻ മടി ആയത് കാരണം ഞാനും അവരും ഉള്ള ഒരു ഗ്രൂപ്പ് ക്രീയേറ്റ് ചെയ്യാൻ തീരുമാനിച്ചു....

വിളിക്കാൻ ഒന്നും ഉള്ള ഒരു മാനസികാവസ്ഥയിൽ ആയിരുന്നില്ല ഞാൻ

ചാറ്റ് തന്നെ ആണ് നല്ലത്

ഗ്രൂപ്പ് ക്രീയേറ്റ് ചെയ്തതിന് ശേഷം ഒരു ഹായ് അയച്ചു

അയച്ചതെ ഓർമ ഉള്ളു പിന്നെ അവരുടെ വക ചറ പറ മെസ്സേജ് ആണ്

ഉഫ് എന്തൊരു കരുതൽ ആണ് ഇവർക്ക്...

ഡാ കല്യാണം കഴിഞ്ഞോ, അവൾ എവിടെ, അവൾ എന്താ പറഞ്ഞത്.... ഫസ്റ്റ് നൈറ്റ് എങ്ങനെ ആഘോഷിക്കാൻ ആണ് പ്ലാൻ... അങ്ങനെ.... അങ്ങനെ.....

www.kkstories.com

മൈരന്മാർക്ക് എന്തൊക്കെ അറിയണം....

ഞാൻ പാറു അയച്ച ഫോട്ടോസ് അതെ പോലെ അവർക്ക് ഷെയർ ചെയ്തു

രണ്ടുപേരും സീൻ ആക്കി.....

അവിനാഷ് എന്തോ ടൈപ്പിങ്ങിൽ ആണ്.....

വിവേകിന്റെ വക '😳' ഈ ഒരു ഇമോജി ആയിരുന്നു മറുപടി...

ശേഷം ഇരുവരും ടൈപ്പിംഗ് ആയി

കാര്യമായി എന്തോ ടൈപ്പ് ചെയ്യിണ്ട്...

അങ്ങനെ കൊറച്ച് നേരത്തിനോടുവിൽ അവരുടെ റിപ്ലൈ വന്നു

അവിനാഷ്:"എടാ... ഇതാണോ നീ പറഞ്ഞ കല്ല്യാണി.... എന്റെ മോനെ എന്താടാ ഇത്. ഒരാൾക്ക് ദൈവം ഇത്ര ഒക്കെ സൗന്ദര്യം കൊടുക്കുമോ.... She is the last word of beauty man"

www.kkstories.com

വിവേക്:"ഇവളെ കെട്ടാൻ ആണോടാ നായേ.. നിനക്ക് പറ്റില്ല എന്ന് പറഞ്ഞത്. നിന്നെ ഒക്കെ മടല് വെട്ടി അടിക്കണം... എന്നാലും നീ ആ കുട്ടിനെ പറ്റി എന്തൊക്കെ അവരാതം ആട പറഞ്ഞെ സൗന്ദര്യം ഉള്ളവരെ ബഹുമാനിക്കാൻ പടിക്കട ആദ്യം"

പുല്ല് വേണ്ടായിരുന്നു... ഞാൻ പറഞ്ഞില്ലേ... ഇത് ഇങ്ങനെ ഒക്കെ വരൂ എന്ന്.... 😐

ഞാൻ:"ഡേയ്.... ഒരുമാതിരി മറ്റേടത്തെ വർത്താനം പറയല്ലേ.....വെച്ച് പോടാ മൈരൻമാരെ....."

എനിക്ക് ഇത് തന്നെ വേണം എല്ലാം എന്റെ തെറ്റാണ്.ഇവന്മാരോട് ആശ്വാസത്തിന് വേണ്ടി മെസ്സേജ് അയക്കാൻ പോയ എന്നെ മതിലോ പറയാൻ..... ഞാൻ ഫോൺ ഓഫ് ആക്കി വച്ചു കിടന്നു.....

കിടന്നെങ്കിലും ഉറക്കം വരുന്നില്ല...

കുറച്ച് നേരം കഴിഞ്ഞതും ഫോണിൽ നിന്നും തുരു തുരാ....നോട്ടിഫിക്കേഷൻ സൗണ്ട് ഞാൻ ഫോൺ ഓപ്പൺ ആക്കി.

ക്ലാസ്സ് ഗ്രൂപ്പിൽ നിന്നാണ്... പഠിച്ചു കഴിഞ്ഞ് ഇറങ്ങിയതും ഉറങ്ങിയ ഗ്രൂപ്പ് ആണ് അതിൽ നിന്നും എന്താ ഇത്ര മെസ്സേജസ്സ്.... ഞാൻ ഓപ്പൺ ചെയ്തു....

www.kkstories.com

ശുഭം

കല്ല്യാണ ഫോട്ടോ വിവേക് ഗ്രൂപ്പിൽ ഇട്ടിരിക്കുന്നു. അടിയിൽ ഒരു ക്യാപ്ഷനും

'നമ്മുടെ ക്ലാസ്സിന്റെ കണ്ണിലുണ്ണിയായ സിദ്ധാർത്തിന്റെ കല്ല്യാണമായിരുന്നു ഇന്ന് എല്ലാവരും അവനെ അനുഗ്രഹിക്കു...'

ഇതൊക്കെ എന്ത് തരം കഴപ്പാണ് എന്ന് എത്ര ആലോചിച്ചിട്ട് മനസ്സിലാവുന്നില്ല....

ഇവർ ആദ്യം മുതലേ ഇത്ര വലിയ ചെറ്റകൾ ആയിരുന്നോ....

എന്തായാലും അതിന്റെ ബഹളം ആണ് ഗ്രൂപ്പിൽ നടക്കുന്നെ... എല്ലാവരും അവളെ കുറിച്ചാണ് പറയുന്നത്. കുറച്ചുപേർ എഡിറ്റഡ് ആണ് എന്നും മറ്റു ചിലർ Ai ആണ് എന്നും ഒക്കെ പറയുന്നു

പിന്നെ കുശുമ്പ് ഇല്ലാത്ത പെണ്ണുങ്ങൾ അവൾ അത്രവലിയ ലുക്ക് ഇല്ല എന്നും. സിദ്ധു കാണാൻ സൂപ്പർ ആയിട്ടുണ്ട് എന്നും പറയുന്നുണ്ട്....

ആ ലാസ്റ്റ് പറഞ്ഞത് എനിക്ക് ഇഷ്ട്ടായി...

കുറേപേർക്ക് കല്ല്യാണം വിളിക്കാത്തത്തിലുള്ള ദേഷ്യവും കാണാം..

അവർക്ക് അറിയില്ലല്ലോ എന്റെ അവസ്ഥ

അങ്ങനെ അവരുടെ മെസ്സേജും വായിച്ചു കിടക്കുമ്പോൾ ആണ് ഡോറിൽ ഒരു മുട്ട് കേൾക്കുന്നത്.....

www.kkstories.com

ഞാൻ വാതിൽ അടച്ചിട്ടില്ല പോന്നോളാൻ പറഞ്ഞു

വാതിൽ തുറന്നു വരുന്ന ആളെ കണ്ട് എന്റെ മനസ്സ് ഒന്ന് പകച്ചു.....

കല്ല്യാണിയാണ് ഒരു സ്കൈ ബ്ലു കളർ ടി ഷർട്ടും.... ഗ്രെ കളർ പാവാടയുമാണ് വേഷം.... അവളുടെ കയ്യിൽ ഒരു ഗ്ലാസ്സ് പാല് കാണാം.....

അയ്യേ.... ഇവൾ ഇതെന്ത് ഭാവിച്ചാണ്. ഇവൾക്ക് ആ പാലും കൊണ്ട് അവളുടെ റൂമിൽ പൊക്കൂടെ...

അവൾ അകത്ത് കയറിയതും വാതിൽ അടച്ച് കുറ്റി ഇട്ടു.....

ഇപ്പോൾ ആ റൂമിൽ ഞാനും അവളും മാത്രമാണ്....

ഞാൻ പെട്ടെന്ന് ചാടി എണീറ്റു....

"അതേയ്.... എന്ത് ഭാവിച്ച് ആണ്...."ഞാൻ അവളോടായി ചോദിച്ചു....

"പാല്..."അവൾ തല കുനിച്ച് മറുപടി പറഞ്ഞു.

ചെറിയ ഒരു നാണമുണ്ടായിരുന്നോ അവളുടെ ആ മറുപടിയിൽ....

www.kkstories.com

ഏയ് എനിക്ക് തോന്നിയതാവും ഇവൾക്ക് അതൊന്നും ഉണ്ടാവാൻ ചാൻസ് ഇല്ല. അല്ല അതല്ലല്ലോ ഇപ്പോൾ ഇവിടുത്തെ വിഷയം..

"പാല് നീ കൊണ്ടുപോയി നിന്റെ അച്ഛന് കൊടുക്ക്...."

"ദേ സിദ്ധു ഞാൻ നിന്നോട് ഒരു തവണ പറഞ്ഞതാണ് എന്റെ വീട്ടുകാരെ പറ്റി ഒന്നും പറയരുത് എന്ന്...."

"പറഞ്ഞാൽ നീ എന്ത് ചെയ്യുമെടി കോപ്പേ... ഒരു പാവം ചെറുപ്പക്കാരന്റെ ജീവിതം നശിപ്പിച്ചിട്ട്... നിന്ന് ചെലക്കുന്നോ.... നിന്റെ വീട്ടുകാരെ പറ്റി പറയരുത് എന്ന് പോലും...

എടി എടി..... നിന്നെ എന്റെ തലയിൽ കെട്ടിവച്ചവർ അല്ലേടി നിന്റെ ഈ വീട്ടുക്കാർ..."

ഞാൻ എടുത്തടിച്ചത് പോലെ പറഞ്ഞു....

അതോടു കൂടി അവൾ നിശബ്ദമായി...

അവളുടെ മുഖം മങ്ങിയ പോലെ....

"ഞാൻ പാല് ഇവിടെ വെക്കുന്നുണ്ട് നിനക്ക് വേണമെങ്കിൽ കുടി..."അതും പറഞ്ഞവൾ കട്ടിലിൽ കയറി കിടന്നു....

www.kkstories.com

ഇവൾക്ക് അപ്പോ പോവാൻ ഒന്നും ഉദ്ദേശം ഇല്ലേ.... 😳

"അല്ല എന്താണ് മോളുടെ ഉദ്ദേശം..."

"എന്ത് ഉദ്ദേശം...."

"നീ എന്ത് കണ്ടിട്ടാണ് എന്റെ കട്ടിലിൽ കയറി കിടക്കുന്നെ എന്ന്..."

"പിന്നെ ഞാൻ എവിടെ കിടക്കണം എന്നാണ് നീ പറയുന്നേ...."

"ദേ കല്ല്യാണി മനുഷ്യനെ വെറുതെ പ്രാന്ത് പിടിപ്പിക്കരുത് നിനക്ക് നിന്റെ റൂമിൽ കയറി കിടന്നാൽ എന്താ... അതോ നീ ഒരു ഭാര്യയുടെ അധികാരം കാണിക്കുകയാണോ.... അങ്ങനെ വല്ലതും ഒക്കെ ആണ് ഉദ്ദേശമെങ്കിൽ നടക്കൂല മോളെ.... കാല് വാരി നിലത്ത് അടിക്കും ഞാൻ. പറഞ്ഞില്ല എന്ന് വേണ്ട...."

അവൾ മൗനമാണ്. ഞാൻ പറഞ്ഞത് കേൾക്കാഞ്ഞിട്ടാണോ അതോ കേട്ട ഭാവം നടിക്കാത്തതാണോ.... എന്തായാലും ആദ്യത്തെ ആവില്ല....

അവൾ എനിക്ക് എതിർവശം ചെരിഞ്ഞു കിടക്കുകയാണ്...പെണ്ണിന്റെ ആകാര വടിവ് എടുത്തു കാണിക്കുണ്ട്... ചെരിഞ്ഞു കിടക്കുന്നത് കൊണ്ട് തന്നെ അവളുടെ പാവാട അവളുടെ പാദത്തിൽ നിന്നും കുറച്ച് മാറിയാണ് കിടക്കുന്നത് ആ സുന്ദരമായ പാദങ്ങൾ എനിക്ക് കാണാം എന്തൊരു നിറമാണ് ഒരു തരി രോമം പോലുമില്ല. ആ നേർത്ത സ്വർണ പാദസരം അവളുടെ കാലിന്റെ ഭംഗി കൂടുതൽ വർധിപ്പിച്ചത്പോലെ....

www.kkstories.com

ദൈവമേ കണ്ട്രോൾ തരണേ.....

പുറത്ത് നല്ല മഴ ഉണ്ട് ജനൽപാളികൾ അടച്ചിട്ടില്ലാത്തത് കൊണ്ടുതന്നെ നല്ല തണുത്ത കാറ്റു റൂമിൽ വീശുന്നുണ്ട്. അതിന്റെ കൂടെ ഫാനിന്റെ കാറ്റും കൂടെ ആയപ്പോ പുതച്ച് മൂടി കിടന്നുറങ്ങാൻ വേണ്ടി മനസ്സ് വെമ്പി...

പക്ഷെ ഈ പൂതന ഇവിടെ കിടക്കുമ്പോൾ എങ്ങനെ ആണ്... 🥲

ഇവൾ രണ്ടും കല്പിച്ചാണ് ഇനിയും പറഞ്ഞ് കൊണ്ട് നിന്നിട്ട് കാര്യം ഇല്ല. അവളെ ഇനി തൊട്ടാൽ ചേച്ചിമാർ തെറ്റും അതും ഉറപ്പാണ്..

ആ സോഫയിൽ പോയി കിടക്കാം... ഓരോരോ ഗതികേട് അല്ലാതെ എന്ത് പറയാം.....

ഞാൻ തലയിണയും പുതപ്പും എടുക്കാൻ തുനിഞ്ഞതും. കല്ല്യാണി കിടന്ന കിടപ്പിൽ തിരിഞ്ഞ് നോക്കി. ഞാൻ എന്ത് ചെയ്യാൻ പോവുകയാണ് എന്നുള്ള ഭാവമായിരുന്നു അത്.

'നീ എന്ത് ചെയ്യാൻ പോവാണ്... "അവൾ ചോദിച്ചു

ഞാൻ:"തമ്പുരാട്ടി ഇങ്ങനെ പരന്ന് കിടക്കുകയല്ലേ അടിയൻ ആ സോഫയിൽ കിടന്നോളാം....."

കല്ല്യാണി:"അതൊന്നും വേണ്ട എന്റെ അടുത്ത് കിടക്ക്...."

www.kkstories.com

ഏഹ്ഹ്..... 😳

ഞാൻ കേട്ടത് മാറിപോയതാണോ....

"എന്ത് ഞാൻ കേട്ടില്ല....."വിശ്വാസം വരാത്ത രീതിയിൽ ഞാൻ ഒന്നൂടെ ചോദിച്ചു....

"എന്റെ അടുത്ത് കിടന്നാൽ മതി എന്ന് ഞാൻ വേണേൽ കുറച്ചും കൂടെ നീങ്ങി കിടക്കാം..."

ഇവളുടെ കിളി പോയോ ഇനി.....

"ഓഹ് പിന്നെ എന്റെ പട്ടി കിടക്കും നിന്റെ കൂടെ ഒന്ന് പോയേടി..... 😤"

"സിദ്ധു പ്ലീസ് ഡാ.... എനിക്ക്..... എനിക്ക് ഒറ്റക്ക് കിടക്കാൻ പേടി ആയിട്ടാണ്.... നീ അങ്ങോട്ട് പോയാൽ സത്യായിട്ടും ഞാനും വരും.... പ്ലീസ് ഡാ ഇവിടെ കിടക്ക്..."

ഇപ്പോഴാണ് ഞാനും അത് ഓർത്തത് ഇവൾ ഇവളുടെ റൂമിലും ഒറ്റക്ക്കായിരുന്നില്ല കൂടെ താര കൂടെ ഉണ്ടായിരുന്നു....

ഇവളെ കൊണ്ട് വലിയ തൊന്തരവ് ആയല്ലോ ഇത്....

കല്ല്യാണി:"ഒരു ഏഴ് ദിവസം മതി.... പിന്നെ ഞാൻ എന്റൊപ്പം കിടക്കാൻ വേണ്ടി വാശിപിടിക്കില്ല...."

www.kkstories.com

അതെന്താ ഒരു ഏഴ് ദിവസത്തിന്റെ കണക്ക്...

ഓ അങ്ങനെ പറ....മണിക്ക്യൻ പറഞ്ഞത് അനുസരിച്ച് അവൾക്ക് പത്ത് ദിവസമായിരുന്നു ആയുസ്സ് അതിന്റെ പേടി ആണ് പെണ്ണിന്.....

ഇപ്പൊ ഞാൻ കെട്ടിയില്ലേ ഇനി അതൊക്കെ നടക്കുമോ.... ഞാൻ വെറുതെ ഒന്ന് ആലോചിച്ചു...

കല്ല്യാണി:"പ്ലീസ്....."

അവൾ കെഞ്ചുകയാണ്... അവൾ ഇങ്ങനെ കെഞ്ചുന്നത് കാണാൻ നല്ല സുഖം....🥰

ഞാൻ അവിടെത്തന്നെ കിടക്കാൻ തീരുമാനിച്ചു

രാത്രി.... അതും കല്ല്യാണിയുടെ ഒപ്പം ഒറ്റക്ക്.... ഓർക്കുമ്പോ തന്നെ കുളിര് കേറുന്നു...

ഞാൻ ലൈറ്റ് ഓഫ് ആക്കി.....

"അയ്യോ....."എന്നുള്ള ഒരു അലർച്ച ആയിരുന്നു അത്.... പെട്ടന്ന് ഉള്ളതായത് കൊണ്ട് തന്നെ ഞാൻ അത്യാവശ്യം നല്ല രീതിക്ക് പേടിച്ചു.....

www.kkstories.com

"നിനക്കെന്താടി വയ്യേ..... 😡😤"

"ലൈറ്റ് ഓഫ് ആക്കല്ലേ എനിക്ക് പേടിയാ...."

ആ ഇപ്പൊ എങ്ങനെ ഇരിക്കണു.....

"ദേ പുല്ലേ ഒന്നല്ലെങ്കിൽ ഞാൻ വേറെ എവിടെങ്കിലും പോയി കിടക്കും അല്ലെങ്കി ലൈറ്റ് ഓഫ് ചെയ്യും എന്തെങ്കിലും ഒന്ന് നീ തീരുമാനിച്ചോ...."

"ലൈറ്റ് ഓഫ് ചെയ്യല്ലേടാ...."

ഞാൻ പിന്നെയും തലയിണയും... പുതപ്പും എടുക്കാൻ തുനിഞ്ഞതും....

"വേണ്ട... വേണ്ട.... ലൈറ്റ് ഓഫ് ചെയ്തോ"

അങ്ങനെ വഴിക്ക് വാടി.... 😏

ഞാൻ ലൈറ്റ് ഓഫ് ചെയ്തു.... എന്നിട്ട് കട്ടിലിന്റെ മറുവശത്തായി കിടന്നു...

www.kkstories.com

നെഞ്ചോക്കെ പട പട മിടിക്കുന്നു....

റൂമിൽ ഫുൾ ഇരുട്ടാണ്. എന്നാലും ചെറിയ വെട്ടം ഉണ്ട്....

ഞാൻ അവളെ ഒന്ന് നോക്കി അവൾ എനിക്ക് എതിർവശം തിരിഞ്ഞ് കിടക്കുകയാണ്.....

ഞാൻ ആണെങ്കിൽ മുകളിലോട്ട് നോക്കിയും...

"അതേയ്.... എന്റെ കൂടെ കിടക്കുന്നത് ഒക്കെ കൊള്ളാം പക്ഷെ..... കുറച്ച് കഴിഞ്ഞാൽ കുറ്റം പറഞ്ഞ് വരരുത്.... 😌"

ഞാൻ ഒന്ന് എറിഞ്ഞു നോക്കി

എറിഞ്ഞത് കൊണ്ടു എന്ന് തന്നെ പറയാം

"നീ എന്താ ഉദ്ദേശിച്ചത് "

കല്ല്യാണി തിരിഞ്ഞ് കിടന്നു ചോദിച്ചു....

"അല്ല രാത്രി യിൽ എന്റൊപ്പം കിടക്കുന്നവരെ ഒക്കെ കേറി പിടിക്കുന്ന സ്വഭാവം എനിക്ക് ഉണ്ട്... പിന്നെ അതും പറഞ്ഞ് എന്റെ മെക്കട്ട് കേറരുത്...."

അതും പറഞ്ഞ് ഞാൻ ഒരു വഷളൻ ചിരി ചിരിച്ചു.....

www.kkstories.com

ഇതൊക്കെ ചെയ്യുമ്പോ മനസിന് ഒരു സുഖം

"മോന്റെ മനസ്സിലിരിപ്പ് എനിക്ക് മനസ്സിലായി... അങ്ങനെ വല്ലോം സംഭവിച്ചാൽ നിന്റെ കൈ ഞാൻ വെട്ടും....."

പെട്ടെന്നാണ് ഒരു വലിയ മുഴക്കത്തോടെ.... ഒരു ഇടി വെട്ടിയത്.. സ്വിച്ചിട്ടപോലെ കല്ല്യാണിയും നിശബ്ദയായി

പക്ഷെ ഞാനാണ് വീർപ്പ് മുട്ടുന്നത്...

ആ ഇടി വെട്ടിയപ്പോൾ കല്ല്യാണി പെട്ടന്ന് ഉരുണ്ട് കേറി എന്റെ അടുത്ത് വന്നു കിടന്നിരിക്കുന്നു. അവൾ ഒരു കൈ എന്റെ കയ്യിൽ മുറുക്കെ പിടിച്ചിട്ടുമുണ്ട്.... പേടികൊണ്ട് ചെയ്തതാണെന്ന് അവളുടെ ശ്വാസ ഗതിയിൽ നിന്നും ഞാൻ മനസ്സിലാക്കി....

അവളുടെ സുഗന്ധം എന്റെ മൂക്കിൽ നുഴഞ്ഞു കേറി.... ഞാൻ വല്ലാതെ വിയർക്കുന്നുണ്ട്

എന്തിനാണ് എന്ന് ചോദിച്ചാൽ എനിക്കും ഉത്തരമുണ്ടായിരുന്നില്ല...

പെണ്ണിനെ കേറി പീഡിപ്പിച്ചാലോ....

അരുത് അബു അരുത്....

www.kkstories.com

മനസ്സ് മന്ത്രിച്ചു.....

"ക... കല്ല്യാണി... കു... കുറച്ച് നീങ്ങി കിടക്ക്"

ഞാൻ അവളോട് വിക്കി വിക്കി പറഞ്ഞു...

"മ്മഹ്" അവൾ ഇല്ല എന്ന് മൂളി

അവളുടെ മൂളലിന് പോലും ഒരാളെ വശീകരിക്കാൻ തക്കമുള്ള ശക്തിയുണ്ടായിരുന്നു.....

ഞാൻ അങ്ങനെ കിടക്കുകയാണ്..... അവൾ ചെറുതായി വിറക്കുന്നുമുണ്ട്....

ഞാൻ അവളെ കുറച്ച് ബലം ഉപയോഗിച്ച് അടർത്തി മാറ്റാൻ നോക്കി പക്ഷെ അവൾ കൂടുതൽ അടുത്തേക്ക് വന്നു കിടന്നു... അവളുടെ ശരീരം എന്റെ ശരീരത്തോട് ഒട്ടിനിൽക്കുകയാണ്....

എന്റെ ശരീരം ഒക്കെ ചൂടുപിടിക്കുന്നു... ഇനിയും ഇങ്ങനെ കിടന്നാൽ ഞാൻ ശരിക്കും കേറി പിടിക്കും ഇവളെ....

ഞാൻ രണ്ടും കൽപ്പിച്ചു അവളുടെ ചന്തിക്ക് കേറി പിടിച്ചു ഞെരിച്ചു.....പാവാടയുടെ പുറത്ത് കൂടെ ആണ് പിടിച്ചതെങ്കിലും ഇതുവരെ കിട്ടാത്ത സുഖം എന്റെ കയ്യും എന്റെ കുട്ടനും അറിഞ്ഞിരുന്നു...

പറയാൻ വാക്കുകളില്ലായിരുന്നു അത്രക്കും സോഫ്റ്റ് ആയിരുന്നു അവിടം. അതിൽ കേറി തലവച്ച് കിടക്കാൻ പോലും എനിക്ക് തോന്നി....

www.kkstories.com

ചുരുക്കി പറഞ്ഞാൽ കിട്ടിയചാൻസ് നല്ലവണ്ണം മുതലാക്കാൻ പറ്റി 😁...

അവൾ പെട്ടന്ന് അടർന്ന് മാറി...

"പട്ടി.. തെണ്ടി... ചെറ്റ.... നായ..."അങ്ങനെ അവളുടെ ഡിക്ഷണറിയിലുള്ള ഏതോ വലിയ കുറച്ച് തെറികൾ എന്തൊക്കെയോ അവൾ എന്നെ വിളിച്ചു...

എന്റെ മനസ്സ് ഏതോ മാന്ത്രിക ലോകത്തായിരുന്നു....

പിന്നീട് എപ്പോഴോ ഞാൻ ഉറക്കത്തിലേക്ക് വീണു പോയി.....

അവളും കുറച്ച് മാറി കിടന്നു.... പേടി കാരണം കുറച്ച് മാറി കിടക്കാനേ അവളുടെ മനസ്സും അവളെ അനുവദിച്ചുള്ളൂ

രാവിലേ എണീക്കുന്നത് സൂര്യ കിരണം മുഖത്ത് തട്ടിയത് കൊണ്ടാണ്. സാധാരണ ആരെങ്കിലും വിളിക്കാൻ വരാറാണ് പതിവ്. പക്ഷെ ഞാൻ ഇപ്പോൾ ഒറ്റക്കല്ലല്ലോ കൂടെ ഒരു ഭാര്യക്കൂടെ ഇല്ലേ....

ഞാൻ പതിയെ കണ്ണു തുറന്നു. കല്ല്യാണി ഇപ്പോഴും സുഖനിദ്രയിൽ ആണ്. കുറച്ച് നേരം അവളെ തന്നെ നോക്കി കിടന്നു ഞാൻ. സൂര്യരശ്മികൾ ആവുളുടെ മുഖത്ത് തട്ടുമ്പോൾ. അവളുടെ മുഖം പൊന്നിൽ കുളിച്ച് നിൽക്കും പോലെ... അവളുടെ കഴുത്തിൽ ഞാൻ കെട്ടിയ താലിയും കാണാം അത് അവളുടെ കഴുത്തിൽ കിടക്കുന്നത് കാണാൻ ഒരു പ്രത്യേക ഭംഗി...

www.kkstories.com

ഇത്രയും സൗന്ദര്യം കൊടുത്തപ്പോൾ അവൾക്ക് കുറച്ച് നല്ല സ്വഭാവവും കൊടക്കായിരുന്നില്ലേ....

ഒരു നിമിഷം ഞാൻ എന്റെ ചിന്തകൾ കൊണ്ട് കാടുകേറി

അല്ല....ഞാൻ എന്തൊക്കെ ആണ് ഈ ആലോചിച്ച് കൂട്ടുന്നത്.....

ഇനിയും ഇങ്ങനെ തന്നെ ഇവളെയും നോക്കി കിടന്നാൽ ചെലപ്പോ ഞാൻ പോലും അറിയാതെ ഇവളുമായി പ്രണയത്തിലാവും.

ആവശ്യമില്ലാത്തതൊന്നും വേണ്ട.ഞാൻ എന്റെ മനസ്സിനോട് തന്നെ പറഞ്ഞു...

ഞാൻ ബെഡിൽ നിന്നും എണീറ്റ് ഫ്രഷ് ആവാൻ കേറി. എപ്പഴെങ്കിലും ഒക്കെ കുളിക്കുന്നത് നന്നാവും എന്ന് വിചാരിച്ചു..

കുളിച്ച് വന്നതും ബെഡിൽ ചമ്രംപടിഞ്ഞ് ഇരിക്കുന്ന കല്ല്യാണിയേ ആണ് കണ്ടത് അവൾ എന്നെ തന്നെ നോക്കി ഇരിക്കുകയാണ്....

എപ്പഴും എപ്പഴും എന്നെ ഇങ്ങനെ നോക്കി ഇരിക്കാൻ ഞാൻ വല്ല പ്രതിമയും മറ്റോ ആണോ... 😤

അവളുടെ മുഖത്ത് ദേഷ്യമുണ്ടോ ഇനി ഞാൻ ഇന്നലെ ചന്തിക്ക് പിടിച്ചതിന്റെ ആവുമോ....

www.kkstories.com

എന്റെ കുറ്റം അല്ലല്ലോ ഞാൻ അവൾക്ക് മുന്നറിയിപ്പ് കൊടുത്തതല്ലേ.... 😌

"എന്താടി നോക്കി പേടിപ്പിക്കുന്നെ.... 😡"

അവൾ ഒന്നും മിണ്ടാതെ ഒരു ഡ്രെസ്സും ടവലും എടുത്ത് ബാത്റൂമിൽ കയറി...

ഞാനും പിന്നെ അവിടെ നിന്നില്ല താഴോട്ട് പോയി...

അമ്മമാർ എല്ലാം അടുക്കളയിൽ ആണ് തന്തമാർ എല്ലാം ഓരോന്ന് കത്തിവച്ചിരിക്കുകയാണ്

എന്താ എല്ലാവരുടെയും സന്തോഷം.... 😤

പെട്ടന്ന് പുറത്തൊരു അടി. പാറുവാണ്....

അവളുടെ മുഖത്ത് ഒരു വഷളൻ ചിരി കാണാം... അതിന്റെ അർത്ഥം മനസിലാക്കാൻ കൂടുതൽ ആലോചിക്കേണ്ടി വന്നില്ല.....

ഞാൻ മൈൻഡ് ചെയ്യാൻ നിന്നില്ല...

പിന്നീട് അങ്ങോട്ട് ലക്ഷ്മി ആന്റിയുടെ സ്നേഹപ്രകടനം ആയിരുന്നു.....

www.kkstories.com

ഞാൻ എല്ലാത്തിനും ചിരിച്ചു കൊടുത്തു..

പുതിയ പുതിയ കാര്യങ്ങൾ ഒക്കെ ആണ് ഇന്ന് ഇവിടെ നടക്കുന്നെ. ആരും ഭക്ഷണം ഒന്നും കഴിച്ചില്ലത്രേ ഞങ്ങളെ കാത്തിരിക്കുകയായിരുന്നു എല്ലാരും..

ഇനി വരാൻ കല്ല്യാണി മാത്രമേ ഉള്ളു....

അവളെ കാത്തിരിക്കാൻ ഒന്നും എന്റെ വയർ സമ്മതിച്ചില്ല. ഞാൻ കഴിക്കാൻ ഇരുന്നു....

അപ്പോഴേക്കും കല്ല്യാണിയും കുളിയും നനയും കഴിഞ്ഞ് താഴെ എത്തിയിരുന്നു. അവൾ വന്നതും എന്റെ അടുത്തായി ഇരുന്നു.

പിന്നീട് ഞങ്ങൾ എല്ലാവരും കൂടെ ഭക്ഷണം കഴിച്ചു.

കല്ല്യാണി ഇടക്ക് ഇടക്ക് ചൊറിയാൻ വരും എന്നല്ലാതെ വലിയ സംഭവവികസങ്ങൾ ഇല്ലാതെ ആ ദിവസം രാത്രിയായി....

ഇവളുടെ രാവിലത്തെ കഴപ്പ് രാത്രി മാറ്റികൊടുക്കാം എന്നുള്ള മൈൻഡ് ആയിരുന്നു എനിക്ക്.

ഞാൻ അവളെ കാത്ത് ബെഡിൽ തന്നെ കിടക്കുകയാണ് പക്ഷെ അവളെ മാത്രം കാണുന്നില്ല

ഇനി അവൾ വേറെ എവിടെങ്കിലും കിടക്കാൻ പോയിട്ടുണ്ടാവുമോ....

അപ്പോൾ എന്റെ പ്രതികാരം....

www.kkstories.com

അങ്ങനെ ഓരോന്നും ആലോചിച്ച് ഇരിക്കുമ്പോൾ ആണ് ഡോറും തുറന്ന് കല്ല്യാണി കയറി വന്നത്. ടീഷർട്ടും പാവാടയും തന്നെ ആണ് വേഷം. കയറിയതും ഡോർ അവൾ തന്നെ ലോക്ക് ആക്കി....

കല്ല്യാണി തിരിഞ്ഞതും അവളെ തന്നെ നോക്കി നിൽക്കുന്ന എന്നെയാണ് കണ്ടത്. എന്റെ മുഖത്തെ ചിരികണ്ടതും അവളൊന്ന് ഞെട്ടിയപോലെ....

അവൾ പതിയെ വന്ന് കട്ടിലിന്റെ ഒരു അറ്റം പിടിച്ച് കിടന്നു.... ഞാൻ മറ്റേ അറ്റത്തും...

ലൈറ്റ് ഓഫ് ചെയ്തു ഇപ്പോൾ റൂമിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഫാനിന്റെ ശബ്ദം മാത്രമേ ഉള്ളു.....

ഞാൻ ഓരോന്ന് ആ ഓടികൊണ്ടിരിക്കുന്ന ഫാനിൽ നോക്കി ആലോചിച്ചുകൊണ്ടിരിക്കുകയാണ്

ഇവൾക്ക് ഇന്ന് പേടി ഒന്നും ഇല്ലേ.... ഇന്നാണെങ്കിൽ മഴയും ഇടിയും ഒന്നും തന്നെ ഇല്ല അല്ലെങ്കിലും ആവശ്യമുള്ള സമയത്ത് ഒന്നും ഉണ്ടാവില്ലാ....

ഞാൻ കല്ല്യാണിയേ ഒന്ന് നോക്കി...

അവളെ കണ്ടതും പെട്ടെന്നൊന്നു ഞെട്ടി. കട്ടിലിന്റെ സൈഡ് പിടിച്ച് കിടന്നവൾ ഇപ്പോൾ നോക്കിയപ്പോൾ എന്റെ തൊട്ട് അടുത്ത് കിടക്കുന്നു.....

www.kkstories.com

അപ്പോൾ പേടി ഉണ്ട്..... ഞാൻ മനസ്സിൽ പറഞ്ഞ് ചിരിച്ചു.....

"അതേയ് അടുത്ത് കിടക്കുന്നത് ഒക്കെ കൊള്ളാം ഞാൻ ഞാൻ കേറി പിടിച്ചു എന്നൊന്നും പറഞ്ഞു വരരുത്..."

ഒരു മുന്നറിയിപ്പെന്നോണം ഞാൻ അവളോട് പറഞ്ഞു

പക്ഷെ അവൾ മൗനം മാത്രമാണ്....

പെട്ടന്നവൾ എനിക്ക് നേരെ തിരിഞ്ഞു കിടന്നു. അവൾ എന്നെ തന്നെ നോക്കി നിൽക്കുകയാണ് എന്ന് എനിക്ക് ആ ഇരുട്ടിലും കാണാൻ കഴിഞ്ഞു....

"സിദ്ധു.... നിനക്ക് തോന്നുണ്ടോ... ഒരു പെണ്ണിന്റെ അനുവാദമില്ലാതെ അവളുടെ ശരീരം തൊടുന്നത്... നല്ലതാണ് എന്ന്... നിനക്കും സ്വന്തമായി നാല് ചേച്ചിമാർ ഇല്ലേ അവരോട് വേറെ ഒരുത്തൻ നീ ചെയുന്നത് പോലെ ചെയ്താൽ നിനക്ക് സഹിക്കുമോ..?"

അതും പറഞ്ഞ് അവൾ തിരിഞ്ഞു കിടന്നു..

പക്ഷെ എന്റെ മനസ്സ് മുഴുവൻ അവൾ പറഞ്ഞ കാര്യമായിരുന്നു.....

www.kkstories.com

അവൾ പറഞ്ഞതല്ലേ ശരി?....അല്ല അതാണ് ശരി....

ഞാൻ ഇതുവരെ നടന്നത് എല്ലാം ഒന്നുകൂടെ ഓർത്തു.....

പക്ഷെ അതിൽ ഒന്നിൽപോലും കല്ല്യാണിയേ കുറ്റം പറയാൻ പറ്റുന്ന ഒരു കാര്യം പോലും എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല....

എല്ലാം എന്റെ തെറ്റായിട്ടാണ് എനിക്ക് തോന്നിയത്.....അവൾ എന്നെ ഒന്ന് സൂക്ഷിച്ചു നോക്കും എന്നല്ലാതെ ഒരിക്കൽ പോലും എന്നോട് മോശമായി പെരുമാറിയിട്ടില്ല...

ഞാൻ കല്ല്യാണിയേ ഒന്നുകൂടെ നോക്കി... അവൾ എന്റടുത്ത് തന്നെ ഉണ്ട് .....

പിന്നെ ഞാൻ അവളെ ശല്ല്യം ചെയ്യാൻ പോയില്ല..... എന്തിന് ഒന്ന് മിണ്ടാൻ പോലും.....

കാരണം അവൾ പറഞ്ഞത് അത്രമാത്രം മനസ്സിൽ കൊണ്ടിരുന്നു....

പുലിപോലെ വന്നത് എലിപോലെ പോയ അവസ്ഥ....

ദിവസങ്ങൾ പെട്ടെന്ന് കടന്നു പോയി....ഇന്നാണ് എല്ലാവരും കാത്തിരിക്കുന്ന ദിവസം. മാണിക്യൻ പറഞ്ഞതനുസരിച്ചു കല്ല്യാണി മരിക്കും എന്ന് പറഞ്ഞ ദിവസം. ഞാൻ അവളെ വിവാഹം കഴിച്ചെങ്കിലും എല്ലാവരുടെയും പേടി പൂർണമായി മാറാൻ ഈ ദിവസം കൂടെ കഴിയണമായിരുന്നു

www.kkstories.com

ഇതിനിടക്ക് ഒരിക്കൽ പോലും ഞാൻ കല്ല്യാണിയേ ശല്യപെടുത്താൻ പോയില്ല... ഓരോന്ന് പറഞ്ഞ് സംസാരിക്കാൻ അവൾ വരുമായിരുന്നെങ്കിലും എല്ലാത്തിൽ നിന്നും ഞാൻ ഒഴിഞ്ഞു മാറി. പതിയെ പതിയെ അവളും ഒന്നിനും വരാതെ ആയി.

ഇത്രയും ദിവസമത്രയും തറവാട്ടിൽ ഒരു മുറി മാത്രം ദിവസവും രാത്രി ലൈറ്റ് കത്തിയിരുന്നു... എന്നോട് പലതവണ ഓഫ് ആക്കാൻ അവൾ പറഞ്ഞെങ്കിലും ഞാൻ കൂട്ടാക്കിയില്ല...

എല്ലാവരും ടെൻഷനിൽ ആണ്....പക്ഷെ അരുതാത്തത് ഒന്നും തന്നെ അന്ന് ഉണ്ടായില്ല... എല്ലാവർക്കും ഇപ്പോഴാണ് ആശ്വാസമായത്.. കല്ല്യാണിയുടെ മുഖത്തും ആ തെളിച്ചം കാണാം...

ഞങ്ങൾ ഇവിടെ വന്നിട്ട് ഒരുമാസം കഴിഞ്ഞിരിക്കുന്നു... ഇനിയും ഇവിടെ നിൽക്കണോ എന്ന് ചോദിച്ചപ്പോൾ... അവർ എനിക്ക് വേണ്ടി ആണ് ഇവിടെ നിൽക്കുന്നത് എന്നു പറഞ്ഞു. കല്ല്യാണിയുടെ ജാതക പ്രശ്നം കഴിഞ്ഞെങ്കിലും... അവളുടെ അച്ഛനും അമ്മയും ഏട്ടന്മാരും എല്ലാവരും രണ്ടുമാസം കൂടെ ഇവിടെ നിൽക്കാൻ തീരുമാനിച്ചു.....

കല്ല്യാണിയുമായുള്ള വിവാഹശേഷം ഞാൻ അരുതാത്ത സ്വപ്നങ്ങൾ ഒന്നും പിന്നെ കണ്ടില്ല....അതും ഒരു ആശ്വാസമായിരുന്നു

കാര്യമായി സംഭാവവികാസങ്ങൾ ഒന്നും ഇല്ലാതെ ഇരിക്കുമ്പോൾ ആണ് അച്ഛൻ ഒരു യാത്രയുടെ കാര്യം എന്നോട് അവതരിപ്പിക്കുന്നത്

അച്ഛൻ:"നാളെ നീ കല്ലുമോളെ കൂട്ടി കൊച്ചി വരെ ഒന്ന് പോണം... മോൾക്ക് മൂന്ന് ദിവസം കൂടെ കഴിഞ്ഞാൽ കോളേജിൽ ഡാൻസ് കോമ്പറ്റിഷൻ ഉള്ളതാ അപ്പോൾ അതിന്റെ പ്രാക്ടീസ് ഉണ്ട്.... കഴിഞ്ഞ തവണ പരിക്കായത് കാരണം മോൾക്ക് പങ്കെടുക്കാൻ പറ്റിയില്ല. ഇപ്പോൾ ലാസ്റ്റ് ഇയർ അല്ലേ... ഇനി ഇതൊന്നും പറ്റില്ലല്ലോ.. അതും അല്ലെ അവിടെ പ്രിൻസിപ്പാലിനെ കണ്ട് ലീവിന്റെ കാര്യം കൂടെ സംസാരിക്കണം. നമ്മുടെ ആളാണ് ഞാൻ പറഞ്ഞിട്ടുമുണ്ട് കാര്യം. അത്കൊണ്ട് നീ ഒന്ന് വെറുതെ പോയാൽ മാത്രം മതി..."

(കല്ല്യാണി Msc ഫിസിക്സ് ലാസ്റ്റ് ഇയർ ആണ്...)

ഞാൻ എതിർപ്പൊന്നും പറയാൻ നിന്നില്ല... ഇവിടം വിട്ട് കുറച്ച് നാളേക്കെങ്കിലും പോവാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു....കൊച്ചി ആണ് അതിന് ബെസ്റ്റ് എന്ന് എനിക്കും തോന്നി. കാരണം ഞാൻ പഠിച്ചതും കൊച്ചി തന്നെ ആണ്.

www.kkstories.com

അങ്ങനെ കൊച്ചിയിലേക്കുള്ള യാത്രയുടെ കാര്യത്തിൽ ഒരു തീരുമാനമായി. ഞാനും കല്ല്യാണിയും മാത്രമായുള്ള യാത്ര...

വെളുപ്പിനെ പോവാൻ ആയിരുന്നു തീരുമാനം...

ഇവിടെ നിന്നും ഏകദേശം നാല് മണിക്കൂറിനും മുകളിൽ ഉണ്ട് യാത്ര നേരം മാത്രം.ഞാൻ ട്രെയിനിൽ പോവാൻ അഭിപ്രായം പറഞ്ഞെങ്കിലും കല്ലു മോൾക്ക് ട്രെയിനിലും ബാസ്സിലും പോയി ശീലമില്ല എന്ന് പറഞ്ഞ് എന്റെ തന്തപിടി അതിനെ എതിർത്തു....

അല്ലെങ്കിലും ഞാൻ പറഞ്ഞ എന്തിനും അങ്ങേർക്ക് എതിർപ്പാണല്ലോ

കാറിൽ പോവാൻ തന്നെ തീരുമാനമായി. പകുതി പകുതി ദൂരം വച്ച് ഓടിക്കാനും പറഞ്ഞു

www.kkstories.com

പോവുന്നതിനു തൊട്ട് മുൻപ് എല്ലാവരുടെയും സ്നേഹപ്രകടനം ആയിരുന്നു

പോവുന്നതൊക്കെ കൊള്ളാം അതിനെ അവിടെ കളഞ്ഞിട്ട് വരരുത് എന്നുള്ള ദേവു ചേച്ചിടെ ഉപദേശവും

ഞങ്ങൾ തറവാട്ടിൽ നിന്ന് ഇറങ്ങിട്ട് ഇപ്പോൾ ഏകദേശം രണ്ട് മണിക്കൂർ ഒക്കെ ആയി കാണും.ഞാനാണ് ഡ്രൈവ് ചെയ്യുന്നത്. പുള്ളിക്കാരി കാറിൽ ഇരുന്നു നല്ല ഉറക്കമാണ് ചുരുക്കിപ്പറഞ്ഞാൽ ഇനി രണ്ട് മണിക്കൂറും കൂടി ഞാൻ വണ്ടി ഓടിക്കണം എന്നർത്ഥം😤

പോകുന്ന വഴി നല്ല മഴയുള്ളതിനാൽ വിചാരിച്ചതിലും കൂടുതൽ സമയം വേണ്ടിവന്നു കൊച്ചിയിലെത്താൻ.

ഞാൻ:" എടി കല്ല്യാണി എണീക്ക് കൊച്ചി എത്തി" ഞാനൊന്ന് അവളെ കുലുക്കി എണീപ്പിക്കാൻ ശ്രമിച്ചു

അവൾക്ക് ഉണ്ടോ കുലുക്കം ഇനി ഭൂമികുലുക്കം വന്നാൽ പോലും ഞാൻ എണിക്കില്ല എന്നുള്ള മൈൻഡ് ആയിരുന്നു അവൾക്ക്.

ആ ചിറി ഒന്ന് നോക്കി പൊട്ടിച്ചാലോ? ഞാൻ എന്നോട് തന്നെ ചോദിച്ചു. പക്ഷേ അവൾ ഉറങ്ങുന്നത് കണ്ടാൽ ഒന്ന് പൊട്ടിക്കാൻ പോയിട്ട് ശല്യപ്പെടുത്താൻ പോലും തോന്നില്ല എന്നുള്ളത് മറ്റൊരു സത്യം.

www.kkstories.com

സൗന്ദര്യം കൂടിയാൽ ഉള്ള ഓരോരോ പ്രശ്നങ്ങളേ..... 😐

അവളെ എണീപ്പിക്കാൻ വേറെ മാർഗ്ഗങ്ങൾ ഒന്നുമില്ല എന്ന് കണ്ടതോടെ അവളുടെ തുടയിൽ കഷ്ണം കൂട്ടി ഒരു നുള്ള് കൊടുത്തു

പെട്ടെന്നാണ് അവൾ ചാടി എണീറ്റതും ചുറ്റും നോക്കിയതും എന്നിട്ട് ഒറ്റ അലർച്ച ആയിരുന്നു "എന്താടാ....."

നിന്റെ അച്ഛന്റെ അണ്ടി എന്ന് പറയാൻ മനസ്സ് വെമ്പിയെങ്കിലും ഏതോ ഒരുത്തന്റെ ഹോൺ എന്നെ അതിൽ നിന്നും പിന്തിരിപ്പിച്ചു

"കൊച്ചി എത്തി മൈരേ... "ഞാൻ അവളോടായി പറഞ്ഞു

എത്രയൊക്കെ തെറി പറയണ്ട എന്ന് വിചാരിച്ചാലും ചില നേരത്തെ ഇവളുടെ കാട്ടിക്കൂട്ടൽ കണ്ടാൽ അറിയാതെ വിളിച്ചുപോകും

കല്ല്യാണി:"ഏഹ് ഇത്ര പെട്ടെന്നോ...."

ഞാൻ അവളെ ഒന്ന് തറപ്പിച്ചു നോക്കി

അപ്പോഴാണ് അവൾക്കും കാര്യങ്ങളുടെ ഗതി മനസ്സിലായത്

കല്ല്യാണി:"അയ്യോ..... എടാ സോറി ഡാ ശരിക്കും സോറി നല്ല ക്ഷീണം കാരണം ഉറങ്ങി പോയതാ... നിനക്ക് എന്നെ ഒന്ന് വിളിക്കാമായിരുന്നില്ലേ....." അവൾ വളരെ ദയനീയ മായി നോക്കി എന്നോട് പറഞ്ഞു

www.kkstories.com

എനിക്ക് പിന്നെ ക്ഷീണോം കോപ്പും ഒന്നും ഇല്ലാത്തോണ്ട് കൊഴപ്പല്ലല്ലോ കാരണം ഞാൻ മനുഷ്യൻ അല്ലല്ലോ ഇവൾക്ക്....

എന്തായാലും അവളുടെ ആ മറുപടിക്ക് ഞാൻ മൗനം പാലിച്ചു.....

താമസിക്കാൻ ഒരു റൂം ആണ് അടുത്ത ലക്ഷ്യം.

പാറു അവളുടെ പരിചയത്തിൽ ഉള്ള വീട് സെറ്റ് ആക്കി തന്നെങ്കിലും ഞാൻ ആണ് പറഞ്ഞെ അതൊന്നും വേണ്ട എന്ന്. കാരണം സ്ഥിരതാമസത്തിന് വന്നതല്ലല്ലോ ഇവിടെ

പ്രധാനമായുമുള്ള കാരണം എനിക്ക് ഇവിടെ പരിചയമുള്ള ഒരു അപ്പാർട്മെന്റ് ഉണ്ട്. കൊച്ചിയിൽ ഉള്ളപ്പോഴൊക്കെ ഞാൻ അവിടെയാണ് താമസം. അത് കോളേജിൽ പഠിക്കുമ്പോൾ ആയാലും. കൂടുതൽ സൗകര്യങ്ങൾ ഒന്നുമില്ലെങ്കിലും ഒരു മനുഷ്യന് താമസിക്കാൻ പറ്റിയ സൗകര്യവും, വൃത്തിയും, അന്തരീക്ഷവുമുള്ള ഒരു കുഞ്ഞ് അപ്പാർട്മെന്റ്

അത് കൊണ്ട് നേരെ അങ്ങോട്ട് വച്ച് പിടിച്ചു

പിന്നെ കാറ് ചെന്ന് നിന്നത് അപ്പാർട്മെന്റിന്റെ മുമ്പിൽ ആണ്

"നീ കാറിൽ ഇരി ഞാൻ റൂം സെറ്റ് ആക്കിയിട്ട് വരാം" ഞാൻ കല്ല്യാണിയോടായി പറഞ്ഞു

www.kkstories.com

കല്ല്യാണി:"നമ്മൾ ഇവിടെ ആണോ താമസിക്കുന്നെ?"

ഞാൻ:"നമ്മൾ അല്ല ഞാൻ...."

കല്ല്യാണി:"അപ്പോ ഞാനോ...."

"നിനക്ക് വേറെ റൂം കണ്ട് വെച്ചിട്ടുണ്ട്. നിനക്ക് ഇതൊന്നും ഇഷ്ടപ്പെടില്ല. ഇനി ഇഷ്ടപ്പെട്ടാലും എന്നെപ്പോലുള്ള ഒരു വൃത്തികെട്ടവന്റെ ഒപ്പം നീ ഒറ്റക്ക് കഴിയേണ്ട...."

ഞാൻ അവളോട് ഒരു അർത്ഥം വച്ച് സംസാരിച്ചു. അൽപ്പം ദേഷ്യവുമുണ്ടായിരുന്നോ എന്ന് സംശയമില്ലാതില്ല ആ പറച്ചിലിൽ.

കല്ല്യാണി:"നീ എന്തിനാ വെറുതെ എന്നോട് ദേഷ്യപെടുന്നേ സിദ്ധു. എനിക്ക് ഇവിടെ വന്ന് ഒറ്റക്ക് നിൽക്കാനായിരുന്നെങ്കിൽ അവിടെ നിന്ന് നിന്നേം കൂട്ടി ഇവിടെ വരണമായിരുന്നോ..... പിന്നെ നിന്നെ ഞാൻ എപ്പഴാ വൃത്തികെട്ടവൻ എന്ന് വിളിച്ചേ. നീ അന്ന് ചെയ്തതിന് കാര്യം പറഞ്ഞതിനാണോ നീ എന്നോട് ഇങ്ങനെ പെരുമാറുന്നെ?....പിന്നെ എനിക്ക് ഇത്രേം സെറ്റപ്പ് ഒക്കെ മതി ഞാനും വരും നിന്റൊപ്പം....."

അൽപ്പം ദേഷ്യവും ശബ്ദവും ഒക്കെ കൂടിയ മറുപടിയായിരുന്നു അവൾ എനിക്ക് തിരിച്ചു തന്നത്....

ഞാൻ:"നിന്നോട് പറഞ്ഞാൽ മനസിലാവില്ലേ കല്ല്യാണി. നിന്റെ സ്റ്റാൻഡേർഡിന് പറ്റിയ സ്ഥലം അല്ല ഇത്"

www.kkstories.com

അങ്ങനെയൊന്നുമില്ല എങ്കിലും അവളെ മാറ്റാൻ എന്നോണം ഞാൻ അവളോട് പറഞ്ഞു

കല്ല്യാണി:" എനിക്ക് ഇത്രയും സ്റ്റാൻഡേർഡ് മതി ഞാൻ അങ്ങോട്ട് സഹിച്ചു..... നീ ഇറങ്ങുന്നുണ്ടോ ഇല്ലയോ...."

ഇനി അങ്ങോട്ട് അവളോട് എന്തു പറഞ്ഞിട്ടും കാര്യമില്ല എന്ന് ഞാൻ മനസ്സിലാക്കി. കാരണം വാശി വന്നാൽ കല്ല്യാണി വെറും ചെറ്റയാണ്. അത് ഞാൻ ഈ കഴിഞ്ഞ ദിവസങ്ങൾ കൊണ്ട് മനസ്സിലാക്കിയ ഒരു നഗ്നമായ സത്യം മാത്രമാണ്

ഞാനും കല്ല്യാണിയും കാറിൽ നിന്നിറങ്ങി അപ്പാർട്ട്മെന്റിലേക്ക് നടന്നു ഞാൻ ചുറ്റും തിരിഞ്ഞു നോക്കുന്നുണ്ട് കാരണം എനിക്ക് കാണേണ്ട മുഖം എവിടെയും കാണുന്നില്ല

പെട്ടെന്നാണ് പുറകിൽ നിന്നും ഒരു വിളി വന്നത്

"സിദ്ധു.... "

അതേതായാലും നന്നായി അന്വേഷിച്ചു നടന്ന ആളെ കിട്ടി...

ഞങ്ങളെല്ലാവരും രവിയണ്ണൻ എന്ന് വിളിക്കുന്ന രവി. ഈ അപ്പാർട്ട്മെന്റ് ഓണർ ആണ് പുള്ളി. രവിയണ്ണനേ കുറിച്ച് പറയുകയാണെങ്കിൽ കണ്ടാൽ പാവമാണെന്ന് തോന്നുമെങ്കിലും കല്യാണം കഴിച്ച് മനസ്താപം ഉണ്ടായ ഒരു പഴയ ഗുണ്ടയാണ് ഈ രവി മോഹൻ. അങ്ങേർക്കും അങ്ങേരുടെ വൈഫിനും എന്നെ വലിയ കാര്യമായിരുന്നു ഇവിടന്നു തന്നെ കുറച്ചു മാറിയാണ് അവരുടെ താമസം.

www.kkstories.com

"എത്ര നാളായടാ നിന്നെ കണ്ടിട്ട് നിനക്ക് സമയം കിട്ടുമ്പോഴൊക്കെ ഒന്ന് ഇങ്ങോട്ട് വന്നൂടെ. ഗോപു മോൾ ഇടയ്ക്കൊക്കെ ഇവിടെ വരാറുണ്ട്. എന്നാലും നിനക്ക് ഒരു സൂചന എങ്കിലും തരായിരുന്നില്ലേ മുറി ഒക്കെ പൊടി പിടിച്ച് കിടക്കുകയാണ് ഒന്ന് വൃത്തിയാക്കാൻ പോലും സമയം കിട്ടീല"

ഒരു ആലിംഗനത്തിന് ശേഷം രവിയണ്ണൻ എന്നോടായി പറഞ്ഞു.

ഞാൻ അതിനൊരു ചിരിയാണ് മറുപടിയായി കൊടുത്തത്...

ഞങ്ങളെ തന്നെ മാറിമാറി നോക്കുന്ന കല്ല്യാണിയേ അപ്പോഴാണ് രാവിയണ്ണൻ ശ്രദ്ധിച്ചത്

" അല്ല ഇതാരാ....."രാവിയണ്ണൻ കല്ല്യാണിയേ നോക്കി എന്നോടായി ചോദിച്ചു...

"വൈഫ് ആണ്..... " അവൾക്ക് അതിനുള്ള മറുപടി പറയാൻ കൂടുതൽ സമയം വേണ്ടി വന്നില്ല....

എന്നോട് ചോദിച്ചതിനൊക്കെ ഇവൾ എന്തിനാ മറുപടി പറയുന്നേ.... 😤

ഞാൻ അവളെ ഒന്ന് നോക്കി. എന്നെ നോക്കി ഒരു കള്ള ചിരി ചിരിക്കുകയാണ് അവൾ....

രവിയണ്ണൻ:"നിന്റെ കല്ല്യാണം കഴിഞ്ഞോ. ഇതൊക്കെ എപ്പോ...."

www.kkstories.com

"അതൊക്ക പിന്നെ പറയാം ഇപ്പൊ ഞങ്ങൾ പോയിട്ട് റസ്റ്റെടുക്കട്ടെ "ഇനിയും അവിടെ നിന്നാൽ പണി വരും എന്ന് മനസ്സ് പറയും പോലെ....

രവിയണ്ണൻ:"ഡേയ് നിങ്ങൾ ഒളിച്ചോടി വന്നത് വല്ലോം ആണോ. ആണെങ്കിലും ഞാൻ ഫുൾ സപ്പോർട്ട് ആണ്...."

ഇയാൾക്ക് ഇത് എന്തിന്റെ കേടാണ്....

"അതൊന്നും അല്ല തന്തേ ഞാൻ പറഞ്ഞ് തരാം പിന്നെ...."

രവിയണ്ണൻ:"എന്നാ ഞാൻ റൂം വൃത്തിയാക്കാൻ ആളെ വിടാം...."

"അതൊന്നും വേണ്ട ഞാൻ തന്നെ ചെയ്തോളാം "

അതും പറഞ്ഞ് കൊണ്ട് ഞാൻ റൂമിലോട്ട് നടന്നു. കല്ല്യാണിയും പുറകെ തന്നെ ഉണ്ട്..

റൂമിൽ എത്തിയതും ഞാൻ കതകടച്ചു എന്നിട്ടവളോടായി

"നീ എന്തിനാ രാവിയണ്ണനോട് നീ എന്റെ ഭാര്യയാണ് എന്ന് പറഞ്ഞത്....."

www.kkstories.com

"പിന്നെ ഞാൻ എന്ത് പറയണം?.."

"അത്.. അത്.. ഫ്രണ്ട് ആണ് എന്ന് പറഞ്ഞാൽപോരായായിരുന്നോ"ചെറുതായി ഒരു വിക്കൽ ഉണ്ടായിരുന്നോ എന്റെ ആ മറുപടിയിൽ....

"നീ നിന്റെ എല്ലാം ഫ്രണ്ട്സിനും ഇത് പോലെ കഴുത്തിൽ താലിമാല കെട്ടി കൊടുക്കാറുണ്ടായിരുന്നോ"

അവളുടെ മുഖഭാവം മാറുന്നത് ഞാൻ ശ്രദ്ധിച്ചു

അത്രയും മതിയായിരുന്നു എന്റെ വാ അടപ്പിക്കാൻ.

പിന്നെ ഞാൻ ഒന്നും ചോദിക്കാനും അവൾ ഒന്നും പറയാനും നിന്നില്ല.....

ഇത് ഞാൻ തന്നെയാണോ. അവളുടെ അന്നത്തെ ഒറ്റ ഡയലോഗിൽ ഞാൻ സ്വയം മാറിയോ?.

റൂം എല്ലാം പഴയത് പോലെ തന്നെ ഉണ്ട്. പക്ഷെ പൊടിയും മാറാലയുമാണ്. കുറെ ഒന്നുമില്ലെങ്കിലും കുറച്ചൊക്കെ ഉണ്ട്.

www.kkstories.com

"നീ കുറച്ച് നേരം റസ്റ്റ് എടുത്തോ.. "ഞാൻ കല്ല്യാണിയേ നോക്കി പറഞ്ഞു

"അപ്പോൾ നീ എന്ത് ചെയ്യാൻ പോവാ...?"

ഞാനും കൂടെ റസ്റ്റ് എടുത്താൽ പിന്നെ ഈ റൂം ഒക്കെ നിന്റെ അച്ഛൻ വന്ന് വൃത്തിയാക്കോ. ഇങ്ങനെ ഒക്കെ പറയണം എന്നുണ്ടെങ്കിലും ഞാൻ പറഞ്ഞില്ല പകരം ഒരു ചൂൽ എടുത്ത് വൃത്തിയാക്കാൻ തുടങ്ങി. നിർത്താതെ പണിയെടുത്താൽ ഒരു മണിക്കൂർ കൊണ്ട് കഴിയുമായിരിക്കും...

കുറച്ച് നേരം ഞാൻ ചെയ്യുന്നതും നോക്കിയിരുന്നിട്ട് കല്ല്യാണിയും ഒപ്പം കൂടി... അവൾ കുനിയുമ്പോഴും നടക്കുമ്പോഴുമുള്ള ആ താപമുണർത്തുന്ന സൗന്ദര്യം കൂടിയായപ്പോൾ ഒരു മണിക്കൂർ കൊണ്ട് കഴിയണ്ട ജോലി ഒന്നേമുക്കാൽ മണിക്കൂർ കൊണ്ട് കഴിഞ്ഞു....കണ്ണിനും കുണ്ണക്കും ഒരു പോലെ സുഖം കിട്ടുന്നതിനാൽ ഞാനും ഒന്നും പറഞ്ഞില്ല...

അവൾ ഒരു കിതപോടെ എന്നെ തന്നെ നോക്കി നിൽക്കുകയാണ്

ഇതിനും മാത്രം കിതക്കാൻ ഇവൾ എന്താണ് ചെയ്തത് 🤔

"ഒന്ന് പതുക്കെ ഒക്കെ നോക്കികൂടെ സിദ്ധു... നോക്കി നോക്കി നീ എന്നെ ദഹിപ്പിക്കോ?"

www.kkstories.com

മൈര്... ഞാൻ നോക്കിയതൊക്കെ ഇവൾ കണ്ടോ.... അങ്ങനെ വരാൻ വഴിയില്ലല്ലോ. കഴിവൊക്കെ മൂർച്ച കൂട്ടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു😶.

"ഓഹ് പിന്നെ നോക്കാൻ മാത്രം ഉണ്ടല്ലോ അതിന്😏"

നാറിയിടത്ത് കിടന്ന് പിന്നെയും നാറുന്നത് നല്ലതല്ലല്ലോ അത്കൊണ്ട് ഞാൻ കൊറച്ച് പുച്ഛം വാരി എറിഞ്ഞു....

"നോക്കൻ മാത്രം ഒന്നും ഇല്ലെങ്കിൽ എന്നാ പിന്നെ നോക്കാതിരുന്നൂടെ...."

"നിന്നോട് ഞാൻ പറഞ്ഞോ എന്റൊപ്പം വന്ന് താമസിക്കാൻ നീ വലിഞ്ഞ് കേറി വന്നതല്ലേ. സഹിക്കാൻ പറ്റുങ്കി നിന്ന മതി ഇവിടെ...."

അതും പറഞ്ഞ് അവളുടെ വായും അടപ്പിച്ചു.

അല്ല പിന്നെ... 😤

രാവിലെ ഒന്നും കഴിക്കാത്തതിനാലും. പിന്നെ റൂമിലെ പണി കൂടെ ആയപ്പോൾ ഫുഡും കൊണ്ട് വന്ന് കഴിച്ച് ഞങ്ങൾ രണ്ടും ബെഡിന്റെ രണ്ട് അറ്റം പിടിച്ച് കിടന്നു. പിന്നെ അങ്ങോട്ട് ഒരു സുഖ നിദ്രയായിരുന്നു...

വൈകുന്നേരം കല്ല്യാണി ചായ ആയി വന്നപ്പോഴാണ് ഞാൻ എണീക്കുന്നത് തന്നെ...

www.kkstories.com

അല്ല ഇവൾക്ക് ചായ ഒക്കെ ഉണ്ടാക്കാൻ അറിയോ....

കല്ല്യാണിയുമായി തെറ്റി നടക്കുന്ന എനിക്ക് അവൾ കൊണ്ടുവന്ന ചായക്ക് ഒരു പുല്ല് വില പോലും ഉണ്ടായിരുന്നില്ല. ഒരു ചായ കിട്ടിയാൽ കൊള്ളാമെങ്കിലും വാശി കാരണം ഞാൻ വേണ്ട മൈൻഡ് ചെയ്തില്ല.....

കല്ല്യാണി:"അല്ല നിനക്ക് ചായ വേണ്ടേ..?"

ഞാൻ:"വേണ്ട...."

കല്ല്യാണി:"ഞാൻ ഉണ്ടാക്കിത്കൊണ്ട് പറയല്ല ഡാ നല്ല സൂപ്പർ ചായ ആണ്..."

അവൾ ഒരു സിപ് വലിച്ചു കുടിച്ചുകൊണ്ട് പറഞ്ഞു.....

"നിന്നോട് ഞാൻ ഒരു തവണ പറഞ്ഞില്ലേ വേണ്ട എന്ന്. പിന്നേം പിന്നേം എന്തിനാ അത് തന്നെ ചോദിച്ചു ശല്യപെടുത്തുന്നേ"

ഞാൻ അൽപ്പം ദേഷ്യത്തിൽ തന്നെ അവളോട് പറഞ്ഞു

"ന്നാ അത്രക്ക് ജാഡ ഉള്ളവർ കുടിക്കേണ്ട..."

www.kkstories.com

പെട്ടന്നാണ് ഡോറിൽ നിന്നും ഒരു മുട്ട് കേട്ടത്.... അവളുടെ ചായ വേണ്ട എന്ന് പറഞ്ഞത് കൊണ്ടാവുമോ എന്ന് അറീല എനിക്ക് തന്നെ ഡോർ തുറക്കേണ്ടി വന്നു....

തുറന്നതേ ഓർമ ഉള്ളു ഒരു കനമുള്ള സാധനം നെഞ്ചിലേക്ക് ചാടി...

"സിദ്ധു..... "

ബാലൻസ് തെറ്റിയ ഞാൻ നിലത്തേക്ക് വീണു....

കല്ല്യാണി കാണുന്നത് അടിയിൽ കിടക്കുന്ന എന്നെയും എന്റെ മുകളിലായി ഇരിക്കുന്ന ഒരു പെണ്ണിനേയും....

ഇവളാണ് അവൾ. ഗോപിക അഥവാ ഗോപു.... എന്റെ ക്ലാസ്സ് മേറ്റ് ആയിരുന്നു ചങ്കത്തി എന്നൊക്കെ പറയില്ലേ അത് മാതിരി ഒരു സാധനം.ഏകദേശം അനുപമ പരമേശ്വരന്റെ ഒരു ചായ കാച്ചൽ ഒക്കെ ഇണ്ട് പിന്നെ അതെ നിറവും.

അവിനാഷും വിവേകും കഴിഞ്ഞാൽ ഞാൻ ഏറ്റവും കൂട്ട് ഇവളോടാണ്. ഞങ്ങൾ ഇടക്ക് ഒരുമിച്ച് താമസിക്കുമെങ്കിലും തൊടലും പിടിക്കലും അല്ലാതെ കാര്യമായി ഒന്നും നടന്നിട്ടില്ല. കാരണം അവൾക്ക് എന്നോട് പ്രേമമായിരുന്നു. അവൾക്കെന്നല്ല കോളേജിലെ ഒട്ടുമിക്ക പെൺപിള്ളേർക്കും കാണാൻ കൊള്ളാവുന്ന എല്ലാ കഴിവും ഒത്ത് ചേർന്ന ഒരു ചെറുപ്പക്കാരനെ കണ്ടാൽ ആർക്കാണ് തോന്നാത്തേ 😌.

പിന്നെ അതിന്റെ കൂടെ ഒരു കളി കൂടെ കഴിഞ്ഞാൽ അവളെ ഞാൻ തന്നെ കെട്ടേണ്ടി വരും എന്നൊരു തോന്നലാണ് എന്നെ അതിൽ നിന്നും പിന്തിരിപ്പിച്ചത്.

www.kkstories.com

"ഒന്ന് എണീക്കെടി...."ഞാൻ എങ്ങാനൊക്കെയോ പറഞ്ഞൊപ്പിച്ചു

"അയ്യേ.. സോറി " അവൾ വേഗം തന്നെ എഴുന്നേറ്റു. കൂടെ എന്നെ കൂടെ എണീപ്പിച്ചു

ഗോപു എന്നോട് എന്തൊക്കെയോ വിശേഷങ്ങൾ പറയുകയാണോ കല്ല്യാണി അടുത്തുള്ളത് പോലും അവൾ കണ്ടിട്ടില്ല. മറിച്ച് കല്ല്യാണി ആണെങ്കിൽ അവളെ തന്നെ നോക്കി ഇരിക്കുകയാണ്.

അവൾ വന്നത് കല്ല്യാണിക്ക് ഇഷ്ടപ്പെട്ടില്ല എന്ന് എനിക്ക് ആ നോട്ടത്തിൽ തന്നെ മനസ്സിലായി....

"ഗോപു... ഇതാണ് കല്ല്യാണി"ഞാൻ രംഗം ഒന്ന് തണുപ്പിക്കാൻ എന്നോണം പറഞ്ഞു....

അപ്പോഴാണ് അവൾ അങ്ങോട്ട് നോക്കിയത് തന്നെ....

അവളെ കണ്ടതും ഗോപികക്കുണ്ടായ ഭാവ വ്യത്യാസം ഞാൻ ശ്രദ്ധിച്ചു. അത് അവളുടെ സൗന്ദര്യം കണ്ടിട്ടാണോ അതോ ഇത് എന്റെ ഭാര്യയായത് കൊണ്ടാണോ എന്ന് മാത്രമേ ഇനി അറിയാൻ ഉള്ളു.

"ഹായ് ഞാൻ ഗോപിക.... സിദ്ധു ന്റെ ഫ്രണ്ട് ആണ് "

www.kkstories.com

ഗോപിക ഇല്ലാത്ത പുഞ്ചിരി വരുത്തികൊണ്ട് കല്ല്യാണിയോടായി പറഞ്ഞു

"കല്ല്യാണി. സിദ്ധുന്റെ വൈഫ് ആണ് "

പക്ഷെ കല്ല്യാണി ഭാവ വ്യത്യാസം വരുത്താതെയാണ് അത് പറഞ്ഞത്

ഇതെന്തു മൈര് ഇവിടെ വല്ല നാടകവും നടക്കുകയാണോ

രണ്ടാൾക്കും പരസ്പരം പറ്റിയിട്ടില്ല എന്ന് ഈ നിമിഷങ്ങൾ കൊണ്ടകം ഞാൻ മനസ്സിലാക്കി. നേരിട്ട് സംസാരിക്കുന്നില്ലെങ്കിലും അവർ പരസ്പരം കണ്ണുകൊണ്ട് സംസാരിക്കുന്നത് ഞാൻ കണ്ടു.

ഇനിയും ഇവിടെ രണ്ടിനെയും നടത്തിയാൽ അത് എനിക്കൊരു പണിയാവും

"നിനക്ക് ചായ വേണോ"ഞാൻ ഗോപുവിനോട് ചോദിച്ചു

"പഞ്ചസാര ഇല്ല "പക്ഷെ അതിന് മറുപടി തന്നത് കല്ല്യാണി ആണ്...

അപ്പോൾ ഇവൾ ചായ ആവിയിൽ നിന്ന് ഉണ്ടാക്കിയതാണോ 🙄

"പഞ്ചസാര എവിടെ അപ്പോ "

www.kkstories.com

"പഞ്ചസാര മാത്രമല്ല ചായപ്പൊടി മഞ്ഞൾ പൊടി മുളക് പൊടി അങ്ങനെ ഒന്നും തന്നെ ഇല്ല.എന്റെ സിദ്ധു ഇവിടെ എന്തെങ്കിലും വാങ്ങിയിട്ടുണ്ടോ ഇതൊക്കെ ഉണ്ടാവാൻ കത്തിക്കാൻ ഒരു അടുപ്പ് മാത്രം ഉണ്ട്. പിന്നെ ചായ ഞാൻ കടയിൽ നിന്ന് വാങ്ങിയതാണ് അതാണെങ്കിൽ കഴിയും ചെയ്തു..."

അങ്ങനെ പണ.....

ഞാനും വിചാരിച്ചു ഇവൾക്ക് ചായ ഉണ്ടാക്കാൻ ഒക്കെ അറിയോ എന്ന്....

"അത് കൊഴപ്പല്ല സിദ്ധു.... നമ്മക്ക് ചായ കുടിക്കാൻ പുറത്ത് പോവാം നീ വന്നതല്ലേ ഫുൾ ചെലവ് എന്റെ വക"കൈ എന്റെ കൈക്കുള്ളിൽ ചേർത്തുകൊണ്ട് അവൾ പറഞ്ഞു.....

ഗോപു :"കല്ല്യാണി വരുന്നോ....."

"അതിനെന്താ വരാലോ...."അവൾക്കിതൊന്നും ഇഷ്ടപ്പെടില്ല എന്ന് പറയാൻ നിൽക്കുമ്പോഴാണ് അവളുടെ മറുപടി...

കുറച്ച് മാറി ബീച്ച് സൈഡിൽ ഉള്ള ഒരു കോഫീഷോപ്പിലേക്ക് ആണ് പോയത്. വിചാരിച്ചപ്പോലെ എല്ലാവരുടെയും ശ്രദ്ധ എന്നിലേക്കാണ് അത് എന്റെ സൗന്ദര്യം കണ്ടിട്ടല്ല രണ്ട് സുന്ദരിമാരുടെ കൂടെ ഒറ്റക്ക് ഒരാണ് നിൽക്കുമ്പോൾ ബാക്കി ഉള്ളവർക്ക് ഉണ്ടാകുന്ന ഒരു നോട്ടം ഇല്ലേ അത്.

എനിക്ക് ഗോപികയുമായിട്ട് ഇപ്പോഴും കോൺടാക്ട് ഒക്കെ ഉള്ളത്കൊണ്ട്. ഞങ്ങൾക്ക് ഇടയിൽ ഒരു അകൽച്ച തോന്നിയില്ല. അവൾ അന്ന് എങ്ങനെയാണോ ഇപ്പോഴും അങ്ങനെയാണ്. പക്ഷെ ഞാൻ ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത് ഞാൻ ഗോപുവിനോട് സംസാരിക്കുമ്പോൾ ഉള്ള കല്ല്യാണിയുടെ കുശുമ്പ് ആണ്...

ഇനി ഇവൾക്ക് എന്നോട് പ്രേമം തോന്നി തുടങ്ങിയോ..... 🤔

ചായ ഒക്കെ കുടിച്ച് കഴിഞ്ഞപ്പോൾ വീട്ടിൽ അമ്മ ഒറ്റക്കെ ഉള്ളു എന്ന് പറഞ്ഞു ഗോപു പോയി. അവളുടെ വീട് ഇവിടന്ന് കൊറച്ചേ ഉള്ളു പോകുമ്പോൾ വീട്ടിലേക്കു ക്ഷണിക്കാനും മറന്നില്ല...

ഞാനും കല്ല്യാണിയും കുറച്ച് നേരം കൂടെ അവിടെ കുറച്ച് സമയം കൂടെ ചിലവഴിച്ചു. അവൾ എന്നോട് എന്തൊക്കെയോ സംസാരിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ അവളോട് മൗന വൃതമെടുത്ത എനിക്ക് എല്ലാ ചോദ്യത്തിനും ഒന്നോ രണ്ടോ വാക്കുകളിൽ ഉത്തരമൊതുക്കേണ്ടി വന്നു. പിന്നെ അവൾ ഒന്നും സംസാരിക്കാൻ നിന്നില്ല....

www.kkstories.com

അന്ന് അവൾ എന്നോട് അങ്ങനെ ഒക്കെ പറഞ്ഞതിന് ശേഷംമുള്ള കല്ല്യാണി ആകെ മാറിയിരിക്കുന്നു. സാധാരണ കണ്ടാൽ നോക്കും എന്നല്ലാതെ മിണ്ടാൻ പോലും വരാത്ത കല്ല്യാണി അതിന് ശേഷം ഇങ്ങോട്ട് വന്ന് സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു..

"പോയാലോ "അവളുടെ മുഖത്തേക്ക് നോക്കാതെ ഞാൻ പറഞ്ഞു കാറിന്റെ അരികിലേക്ക് നടന്നു...

അവളും എന്റെ പിന്നാലെയായി നടന്നു....

ചുറ്റിനുമുള്ളവർ എല്ലാവരും അവളെ ശ്രദ്ധിക്കുന്നത് ഞാൻ കണ്ടു. സത്യം പറഞ്ഞാൽ എനിക്ക് അത് കണ്ടപ്പോ അത്ര പിടിച്ചില്ല. കാരണം ചോദിച്ചാൽ അറിയില്ല.

www.kkstories.com

" ഇതാണ് എന്റെ കോളേജ്" പോകുന്ന വഴി കാറിന്റെ വിൻഡോയിലൂടെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവൾ പറഞ്ഞു

"ഏഹ് ഇതോ....."

"ആ..... എന്താ നിനക്ക് അറിയോ...?"അവളുടെ മുഖത്ത് ഒരു കള്ള ചിരി ഞാൻ കണ്ടു.....

എനിക്ക് ആ കോളേജ് നല്ല വൃത്തിക്ക് അറിയുയമായിരുന്നിട്ടും. ഞാൻ അതിനെ പറ്റി കൂടുതൽ അവളോട് സംസാരിച്ചില്ല എന്തായാലും ആദ്യമായി പോലീസ് സ്റ്റേഷൻ കയറാൻ സഹായിച്ച കോളേജ് അല്ലേ അപ്പോ അങ്ങനെ അങ്ങട്ട് മറക്കാൻ പറ്റോ...

എന്നാലും ഇവൾ ഈ കോളേജിൽ ആയിരുന്നോ പഠിച്ചത്.... 🤔

പോകുന്ന വഴി അത്യാവശ്യമായ സാധനങ്ങളും രാത്രിയിലേക്കുള്ള ഫുഡും വാങ്ങിയിട്ടാണ് പോയത്....

രാത്രിയിൽ ഫുഡും കഴിച്ച് ചേച്ചിമാരോട് ഫോണിൽ സംസാരിച്ച് കട്ടിലിൽ കിടക്കുമ്പോഴാണ്. കല്ല്യാണി എന്റെ അടുത്ത് വന്ന് കിടന്നത്...എനിക്ക് പക്ഷെ ആ കിടപ്പിൽ എന്തോ ഒരു പന്തികേട് തോന്നിയതിനാൽ ഞാൻ വേഗം തന്നെ കാൾ കട്ട് ചെയ്തു. അവൾ എന്നെ തന്നെ നോക്കി കിടക്കുകയാണ് ഒരു ചെറിയ ചിരിയും മുഖത്ത് ഉണ്ട്.അവളുടെ സ്ഥിരം യൂണിഫോം ആയ ടി ഷർട്ടും പാവാടയും തന്നെ ആണ് വേഷം...

"കിടക്കുന്നില്ലേ.."അവൾ എന്നോട് ചോദിച്ചു

www.kkstories.com

"ഞാൻ കിടന്നോളാം നീ എന്നെ കിടത്താൻ നിൽക്കണ്ട..."അതും പറഞ്ഞ് ഒരു പുതപ്പും വലിച്ചുകൊണ്ട് ഞാൻ കിടക്കാൻ തുനിഞ്ഞു..

"ലൈറ്റ് ഓഫ് ചെയ്യുന്നില്ലേ....."മനം മയക്കുന്ന രീതിയിലുള്ള സംസാരമാണ് കല്ല്യാണിയുടേത്....

സിവനെ കൺട്രോൾ തരണേ..... 😤

"നിന്റെ പേടി ഒക്കെ മാറിയോ" ഞാൻ അവളോട് ചോദിച്ചു

"അതൊക്കെ എപ്പോഴേ മാറി...."

"ആ എന്നാ എനിക്ക് എന്നെ തന്നെ പേടി ഉണ്ട്.ലൈറ്റ് ഓൺ ചെയ്ത് കിടക്കുന്നത് തന്നെ ആവും നിനക്കും നല്ലത് "

കല്ല്യാണം കഴിഞ്ഞത് മുതൽ ലൈറ്റ് ഓൺ ചെയ്ത് കിടക്കുന്ന എനിക്ക് ഇതൊക്കെ ശീലമായിരുന്നു. പിന്നെ ഉറങ്ങുന്നത് വരെ സഹിച്ചാൽ പോരെ അത് കഴിഞ്ഞാൽ പിന്നെ എന്ത് ലൈറ്റ് എന്ത് വെളിച്ചം...

അതും പറഞ്ഞ് ഞാൻ അവളുടെ എതിർ ഭാഗം പിടിച്ച് അറ്റം ചേർന്ന് കിടന്നു....

നമ്മളായിട്ട് ഒന്നിനും ഇല്ലേ....

www.kkstories.com

കണ്ണടച്ചു കിടക്കുമ്പോഴും ലൈറ്റിന്റെ ആ വെട്ടം എനിക്ക് കാണാം. പെട്ടന്നാണ് അത് അപ്രതീക്ഷം ആയത്. കണ്ണു തുറന്ന് നോക്കിയപ്പോൾ ലൈറ്റ് ഓഫ് ചെയ്ത് വരുന്ന കല്ല്യാണിയേ ജനൽ പാളികളിലൂടെ ഇരചെത്തുന്ന നിലവിനാൽ എനിക്ക് കാണാൻ പറ്റി...

എന്നിട്ട് അവൾ എന്റെ തൊട്ടടുത്തായി കിടന്നു....

ഞാനും അവളുമായി ഒരു കൈ അകലം പോലുമില്ല.....

"സിദ്ധു.... "ഉള്ളിലൂടെ ഒരു തരിപ്പ് പോയത് പോലെ.....

മൈര്....

ഉറങ്ങിയത് പോലെ കിടക്കാം... അല്ലെങ്കിൽ ചിലപ്പോ നാളത്തെ പത്രത്തിൽ സ്വന്തം ഭാര്യയേ ഭർത്താവ് പീഡിപ്പിച്ചു എന്ന് വാർത്ത വരും.....

ഞാൻ മിണ്ടാതെ കിടന്നു.....

"ഞാൻ അന്ന് അങ്ങനെ ഒക്കെ പറഞ്ഞത് നിനക്ക് ഫീൽ ആയോ...."

അവൾ കുറച്ച് കൂടെ അടുത്ത് നീങ്ങി കൊണ്ട് എന്നോട് ചോദിച്ചു....

www.kkstories.com

ഞാൻ ചത്തപോലെ തന്നെ കിടക്കുകയാണ്.....

"പറ...."

അവൾ വിടുന്ന ലക്ഷണമില്ല

"കല്ല്യാണി നീ ഒന്ന് നീങ്ങി കിടന്നേ ഇനി ഞാനായിട്ട് നിന്നോട് ഒന്നിനും വരില്ല എന്ന് ഞാൻ അന്നേ പറഞ്ഞതല്ലേ....."

കുറച്ച് നേരം മൗനം മാത്രമായിരുന്നു റൂമിൽ.....

"നിനക്ക് ഇപ്പൊ വേണോ..... "

ഉറക്കത്തിലേക്ക് വഴുതി വീഴുന്ന ഞാൻ പെട്ടന്ന് സ്വബോധം വീണ്ടെടുത്തു...

"എന്ത്? "

അവൾ എന്താണ് ഉദ്ദേശിച്ചത് അറിയാൻ എന്നോണം ഞാൻ ചോദിച്ചു

www.kkstories.com

"നിനക്ക് ഇപ്പൊ പിടിക്കണോ..... "

ഏഹ്ഹ്..... ഞാൻ ഇപ്പൊ എന്താ കേട്ടത്....ഇനി സ്വപ്നം വല്ലോം ആണോ ഇത്... അതോ ഞാൻ ആളെ മാറ്റി കിടത്തിയോ....

"നീ എന്താ ഉദേശിച്ചേ..... "

കേട്ടത് സത്യമാണോ എന്നറിയാൻ വേണ്ടി ഞാൻ ഒന്നൂടെ ചോദിച്ചു.....

"നിനക്ക് ഇപ്പൊ പിടിക്കണോ എന്ന്. അന്ന് നീ എന്റെ സമ്മതമില്ലാതെ അല്ലേ അങ്ങനെ ഒക്കെ ചെയ്യാൻ ശ്രമിച്ചേ.പക്ഷെ ഇപ്പൊ ഞാൻ സമ്മതിക്കാം.

പക്ഷെ കുറച്ച് നേരം മാത്രം....."

ഞാൻ അവൾക്ക് നേരെ തിരിഞ്ഞ് കിടന്നു.... അവൾ എന്നെ തന്നെ നോക്കി കിടക്കുന്നത് എനിക്ക് ആ അരണ്ട വെളിച്ചത്തിലും കാണാം. അവളുടെ ഹൃദയമിടിപ്പ് കൂടുന്നത് കേൾക്കാം....അവളുടെ ചൂട് ശ്വാസം അനുഭവിക്കാം.....

എന്ത് പറയും വേണം എന്ന് പറഞ്ഞാൽ അത് നാനകേടാണ് ഇനി വേണ്ട എന്ന് പറഞ്ഞാൽ അതൊരു മണ്ടത്തരവും

www.kkstories.com

വേണ്ട എന്ന് തന്നെ പറയാം.....

കല്ല്യാണി:"കല്ല്യാണി നീ കിടന്നേ.... എനിക്ക് നിന്റെ ഒന്നിലും.... പിടി...."

പിടിക്കേണ്ട എന്ന് മുഴുവിക്കാൻ പോലും അവസരം കിട്ടിയില്ല അതിനുമുമ്പേ കല്ല്യാണി എന്റെ കയ്യിൽ കയറി പിടിച്ചിരുന്നു...

ദൈവമേ ഇവൾ രണ്ടും കല്പിച്ചാണല്ലോ.....

അവൾ പതിയേ എന്റെ കൈ എടുത്ത് അവളുടെ മാറിൽ വച്ചു.... എന്റെ കൈ ഇപ്പോൾ അവളുടെ മുല കുന്നുകളിൽ ആണ് ഞാൻ അതിന്റെ സോഫ്റ്റിനെസും മുഴുപ്പും

അറിഞ്ഞു.....അസാധ്യം എന്ന് പറഞ്ഞാൽ പോലും കുറഞ്ഞു പോവും കൈ ഇപ്പോൾ സ്വർഗത്തിൽ എത്തിയത് പോലെ ആണ്. അടിയിലുള്ളവന്റെ കാര്യം പിന്നെ പറയണ്ടല്ലോ....

എന്തായാലും അവൾ തന്നെ മുൻകൈ എടുത്തത് കൊണ്ട് ഒന്ന് പിടിച്ചു ഞെക്കിയാലും കുഴപ്പമൊന്നും ഉണ്ടാവില്ലായിരിക്കും.....

ഞാൻ ആ മാംസ ഗോളങ്ങളെ പിടിച്ച് ഞെരിക്കാൻ തുടങ്ങി....

ഉഫ് സ്വർഗം....

" മതി....."

www.kkstories.com

പെട്ടെന്നാണ് അവൾ കൈ തട്ടി തെറിപ്പിച്ചത്...

"ഇപ്പൊ ദേഷ്യം ഒക്കെ മാറിയില്ലേ.....ഇനി കിടന്നോ...."

അതും പറഞ്ഞ്കൊണ്ടവൾ എന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി കിടന്നു....

ഇതൊക്കെ എന്താണ് എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല. ഒരാൾ ഒറ്റ ദിവസം കൊണ്ട് ഇത്രയും മാറുമോ.....

"പിന്നെ നീ ഗോപികയുമായിട്ട് ഇങ്ങനെ അടുത്ത ഇടപെഴുകുന്നത് എനിക്ക് ഇഷ്ട്ടല്ല..."

ഗോപുവോ...?അപ്പോ അതാണോ കാരണം... കല്ല്യാണിക്ക് ഇത്രത്തോളം കുശുമ്പ് ഒക്കെ ഉണ്ടായിരുന്നോ.....

നെഞ്ചിൽ മുഖം പൂഴ്ത്തി കിടക്കുന്ന അവളെ ഒന്ന് പിടിച്ച് മാറ്റാൻ പോലും മനസ്സ് വിസമ്മതിച്ചു....

കൂടെ അവളുടെ മനം മയക്കുന്ന ഗന്ധം കൂടെ ആയപ്പോൾ ഞാനും എപ്പഴോ ഉറങ്ങി പോയി.....

www.kkstories.com

"ഹലോ..... എണീക്കുന്നില്ലേ..... വേഗം... ടൈം ആയി...."

പിറ്റേ ദിവസം കല്ല്യാണിയുടെ കുലുക്കി വിളി കേട്ടാണ് ഞാൻ എണീക്കുന്നത്...

ഈറൻ മുടിയുമായി കോളേജിലേക്ക് പോവാൻ റെഡി ആയി നിൽക്കുന്ന കല്ല്യാണിയേയാണ് ഞാൻ കണി കണ്ടത്..

കണി അത്ര മോശം ഒന്നും അല്ലായിരുന്നു... 😌

"വേഗം പോയി ഫ്രഷ് ആയി വാ..."

"ഞാൻ എന്തിനാ ഫ്രഷ് ആവുന്നേ നിന്നെ അവിടെ ഡ്രോപ്പ് ചെയ്താൽ പോരെ.... "

"പ്രിൻസിപ്പാലിനെ കണ്ട് ലീവിന്റെ കാര്യം സംസാരിക്കാൻ അച്ഛൻ പറഞ്ഞാർന്നില്ലേ... മറന്നോ?... "

"ഓ...അതോ.... അതൊക്കെ പിന്നെ വരാം ഇന്ന് വയ്യാ... "ഞാൻ വലിയ താൽപ്പര്യമില്ലാത്ത മട്ടിൽ അവളോട് പറഞ്ഞു....

അവളും കൂടുതൽ നിർബന്ധിച്ചില്ല പിന്നെ....

www.kkstories.com

കോളേജിലേക്ക് ബൈക്കിൽ ആയിരുന്നു പോയത്... രാവിയണ്ണനോട് പറഞ്ഞപ്പോൾ തന്നെ പുള്ളിക്കാരൻ തന്റെ പഴയ ബുള്ളറ്റ് 350 എടുത്തു തന്നു... അല്ലെങ്കിലും കറങ്ങാൻ പോവാൻ ഒക്കെ ബൈക്ക് തന്നെ ആണ് നല്ലത്....

ഞാൻ കോളേജ് ഗേറ്റ് ന്റെ അവിടം വരെ പോയുള്ളു..... അവൾ അകത്തേക്ക് വരാൻ നിർബന്ധിച്ചെങ്കിലും ഞാൻ പോവാൻ കൂട്ടാക്കിയില്ല...

രണ്ട് ദിവസം കൂടെ കഴിഞ്ഞാൽ കോമ്പറ്റിഷൻ ആയത്കൊണ്ട് അവൾക്ക് ക്ലാസ്സ് ഒന്നും ഇല്ല പ്രാക്ടീസ് മാത്രെ ഉള്ളു....

വൈകുന്നേരം.....കൂട്ടികൊണ്ട് വരാനും അവൾ പറയാൻ മറന്നില്ല...

തിരിച്ചു അപ്പാർട്മെന്റിൽ പോകുമ്പോഴും ഇന്നലെ നടന്ന കാര്യങ്ങൾ ആയിരുന്നു മനസ്സിൽ..... എവിടൊക്കെയോ കല്ല്യാണിയേ ഇഷ്ടപെടും പോലെ...

വീട്ടിൽ എത്തിയതും കുറച്ച് നേരം കൂടെ കിടന്നു ശേഷം കുറച്ച് ഫ്രണ്ട്സിനെ കാണാൻ വേണ്ടി പോയി.... ഗ്രൂപ്പിൽ കല്ല്യാണ ഫോട്ടോ ഇട്ടതിനുശേഷം എല്ലാർക്കും പരാതി ആയിരുന്നു വിളിച്ചില്ലല്ലോ എന്ന്.. എന്നാൽ ഇന്ന് തന്നെ കുറച്ച് പേർക്ക് ചെലവ് കൊടുക്കാം എന്ന് വിചാരിച്ചു.... ഗോപുവും ഉണ്ടായിരുന്നു കൂടെ... പിന്നെ ചെറിയ ചെറിയ കാര്യങ്ങളിൽ ഒക്കെ ഏർപ്പെട്ട് സമയം വേഗം പോയി...വേഗം പോയി എന്ന് പറഞ്ഞാൽ ഇപ്പൊ സമയം ആറര ആയി.....

പെട്ടെന്നാണ് കല്ല്യാണിയുടെ ഓർമ വന്നത്... അവളെ കുറെ ഫോൺ വിളിച്ചു. റിംഗ് അടിക്കുന്നുണ്ട് എന്നല്ലാതെ ഫോൺ എടുക്കുന്നില്ല....

ഞാൻ വേഗം അപ്പാർട്മെന്റിലോട്ട് പോയി കൂടെ ഗോപുവും ഉണ്ട്..... റൂം ലോക്ക് തന്നെ ആണ്... അവൾ ഇങ്ങോട്ട് വന്നിട്ടില്ല....

www.kkstories.com

ഇനി കോളേജിൽ തന്നെ ആയിരിക്കും മിക്കവാറും അവൾ

കോളേജ് കോമ്പൗണ്ടിന് ഉള്ളിലേക്ക് കാർ കയറി. ഞാൻ ചുറ്റും നോക്കി വിചാരിച്ചപോലെ കക്ഷി അവിടെത്തന്നെയുണ്ട് ഗ്രൗണ്ടിൽ നിന്നും മാറിയുള്ള ഏതോ ഒരു മരത്തിന് ചുറ്റും പണിത ഇരിപ്പിടത്തിൽ എന്തോ ആലോചിച്ചിരിക്കുകയാണ്.

ഞാൻ കാർ അങ്ങോട്ടേക്ക് എടുത്തു....

കാർ കണ്ടതും അവളുടെ മുഖം ഒന്ന് പ്രകാശിച്ചത് പോലെ തോന്നി. പക്ഷെ ആ പ്രകാശം ഗോപുവിനെ കാണുന്നത് വരെ മാത്രമേ ഉണ്ടായിരുന്നുള്ളു.....

അവൾ ഒന്നും മിണ്ടാതെ കാറിൽ കയറി.... തിരിച്ചു പോവുന്ന വഴി ഫുഡും വാങ്ങി പിന്നെ ഗോപുവിനെ ഡ്രോപ്പ് ചെയ്തിട്ടുമാണ് പോയത്...

അന്നത്തെ ദിവസവും ഒരക്ഷരം കല്ല്യാണി സംസാരിച്ചില്ല.

കിടക്കാൻ നേരമാണെങ്കിൽ ബെഡിന്റെ ഒരു അറ്റം പിടിച്ചായിരുന്നു.. അവൾ കിടന്നത്... ഒന്ന് സംസാരിച്ചാലോ എന്ന് വിചാരിച്ചെങ്കിലും ഈഗോ അതിന് സമ്മതിച്ചില്ല.....

പിറ്റേ ദിവസം ഞാൻ എണീക്കുമ്പോഴേക്കും അവൾ കോളേജിൽ പോയിരുന്നു.....

ഒരു പേപ്പറിൽ എഴുതി വച്ചിട്ടുണ്ടായിരുന്നു അവൾ....

www.kkstories.com

എന്തെങ്കിലും മാവട്ടെ എന്ന് ഞാനും വിചാരിച്ചു. അന്ന് പുറത്തേക്ക് പോവാനുള്ള മൂഡ് ഉണ്ടായിരുന്നില്ല....

കല്ല്യാണി ഇതിനുമുന്പും സംസാരിക്കാതെ ഇരുന്നിട്ടുണ്ടെങ്കിലും. ഇപ്പൊ അവൾ അങ്ങനെ ചെയ്യുന്നത്....എനിക്കും എന്തോ പോലെ ആയി....

വൈകുന്നേരം അവളെ കൂട്ടാൻ പോവാൻ തന്നെ തീരുമാനിച്ചു...

കോളേജ് വിടുന്നതിനു അര മണിക്കൂർ മുന്പേ ഞാൻ അവിടെ എത്തി....

പണ്ട് ഇവിടെ വന്നിട്ടുള്ള ഓർമ വച്ച് ഞാൻ അതിലൂടെ അവളെ തിരഞ്ഞു നടന്നു.. പ്രാക്ടീസ് ആയത്കൊണ്ട് തന്നെ ഇവിടെ എവിടേലും കാണാൻ ആണ് ചാൻസ്...അവിടെ ഇവിടെ ആയി കുറെ പേർ എന്തൊക്കെയോ പ്രാക്ടീസ് ചെയ്യുന്നത് കാണാം.... അതിലൊന്നും ഞാൻ അവളെ കാണുന്നില്ല..

ഞാൻ ഇതൊക്കെ എന്തിനാ ചെയ്യുന്നേ എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല.....

പ്രേമമാണോ.....?

എന്തായാലും കൂടുതൽ അന്വേഷിച്ചു നടക്കേണ്ടി വന്നില്ല കുറച്ച് മാറി ഒരു മാവിന്റെ തണലിൽ കുറച്ച് പേർ ഡാൻസ് പ്രാക്ടീസ് ചെയ്യുന്നത് ഞാൻ കണ്ടു. അതിൽ അവളും ഉണ്ട്.....

www.kkstories.com

ഞാൻ അവളുടെ അടുത്തേക്ക് നടന്നു. അവൾ ഇപ്പോഴും എന്നെ കണ്ടിട്ടില്ല. ഞാൻ കുറച്ച് മാറി ഇരുന്നു കുറേ മരങ്ങളും ഇരിപ്പിടവുമുള്ള ക്യാമ്പസ് ആയതിനാൽ തന്നെ ഇരിക്കാൻ ഒക്കെ വൻ സെറ്റ്അപ്പ് ആണ്.....

മൊത്തം ഒരു ഏഴ് പേരെങ്കിലും കാണും എല്ലാരും ഒരു ബ്ലാക്ക് കളർ ചുരിദാർ ആണ് വേഷം... ഞാൻ അവൾ ഡാൻസ് കളിക്കുന്നത് വീക്ഷിക്കുകയാണ്....

ഏത് ഡാൻസ് ആണ് എന്നൊന്നും ചോദിക്കരുത്. എനിക്ക് എല്ലാ ഡാൻസും ഒരു പോലെ ആണ് ഞാൻ ആ കാര്യത്തിൽ ഒന്നും പക്ഷഭേധം കാണിക്കാറില്ല.... 😌

ഞാൻ കല്ല്യാണിയേ തന്നെ നോക്കി നിൽക്കുകയാണ് ഇവൾടെ കണ്ണ് ഇത് എവിടെയാണ്.... 😤സാധാരണ സിനിമയിൽ ഒക്കെ നമ്മൾ ഒരാളെ നോക്കി

നിൽക്കുമ്പോൾ അയാൾ ഇങ്ങോട്ട് നോക്കാറാണ് പതിവ്...ഇവിടെ അതൊന്നും കാണാൻ ഇല്ല.അതോ ഇവൾ കണ്ടിട്ടും കാണാത്ത പോലെ അഭിനയിക്കുകയാണോ....

മൈര് കുറച്ച് കഴിഞ്ഞ് വന്നാൽ മതിയായിരുന്നു... അങ്ങനെ ആണെങ്കിൽ ഇവിടെ കിടന്ന് മെഴുകേണ്ട അവസ്ഥ വരില്ലായിരുന്നു.....

എന്റെ നോട്ടം കണ്ടിട്ടാവണം...അവളുടെ കൂട്ടത്തിലെ വേറെ ഏതോ ഒരുത്തി എന്നെ കണ്ടു..ശേഷം കല്ല്യാണിയോടായി എന്തോ സ്വകാര്യവും പറഞ്ഞു...

ഇനി ഏതോ അലവലാതി നിന്നെ കുറേ നേരം ആയി നോക്കുന്നു എന്ന് വല്ലതും ആവുമോ... എന്തായാലും സംഗതി ഏറ്റു കല്ല്യാണി അവസാനം അവളുടെ തിരുമോന്ത ഇങ്ങോട്ടൊന്നു തിരിച്ചു...

www.kkstories.com

എന്നെ കണ്ടതും അവൾ എന്റെ അടുത്തേക്ക് ഓടി വന്നു....

"നീ എന്താ ഇവിടെ... "

"എന്താ പോണോ... "

അതും പറഞ്ഞ് ഞാൻ തിരിയാൻ നിന്നതും... അവൾ എന്റെ കയ്യിൽ കയറി പിടിച്ചു..

"പോവാതെ... പെട്ടന്ന് കണ്ടത് കൊണ്ട് ചോദിച്ചതല്ലേ ഞാൻ"

അവൾ എന്നോടായി പറഞ്ഞു. അവളുടെ ആ പ്രവൃത്തി എനിക്ക് എന്തെന്നില്ലാത്ത സന്തോഷം നൽകിയെങ്കിലും ഞാൻ അത് പുറത്ത് കാണിച്ചില്ല.....

ഞാൻ പതുക്കെ അവളുടെ പിന്നിലായി നിൽക്കുന്ന കൂട്ടുകാരികളെ നോക്കി എല്ലാരും അന്ധം വിട്ട് നിൽക്കുകയാണ്...ഇനി ഒരു പക്ഷേ ഇവളുടെ കല്ല്യാണം കഴിഞ്ഞത് പറഞ്ഞിട്ടുണ്ടാവില്ലേ....

"ഞാൻ നിന്നെ കൂട്ടാൻ വന്നതാണ്.... "

ഒരു ചമ്മൽ ഉണ്ടായിരുന്നെങ്കിലും ഞാൻ എങ്ങാനൊക്കെയോ പറഞ്ഞു...

www.kkstories.com

എന്റെ മറുപടിയിൽ അവളുടെ കവിളുകൾ ചുവക്കുന്നതും. ചുണ്ടിൽ ഒരു ചെറു പുഞ്ചിരി ഒളിപ്പിക്കുന്നതും ഞാൻ കണ്ടു...പക്ഷേ കുറച്ച് നേരത്തെ ആയുസ്

മാത്രമേ അതിന് ഉണ്ടായിരുന്നുള്ളു...

"ഓ ഇന്നെന്താ നിന്റെ ഗോപുനേ ഒന്നും കിട്ടിലേ...."

അവൾ വലിയ താൽപ്പര്യമില്ലാത്ത മട്ടിൽ പറഞ്ഞു.....

ഓ അപ്പോ ജാഡ കാണിക്കാൻ ആണ് ഉദ്ദേശം ലെ ശരിയാക്കിത്തരാം.....

"നീ വരുന്നുണ്ടോ ഇല്ലയോ...? എന്തായാലും ഗോപു എന്നെ ഒരു സിനിമക്ക് വിളിച്ചതാ പിന്നെ നിന്നെ കൂട്ടാൻ വേണ്ടി മാത്രം വന്നതാ.. ഇനി ഇപ്പൊ അവളുടെ കൂടെ തന്നെ പോവാം ലേ.....അപ്പോ ശരി ബൈ നിന്റെ പ്രാക്ടീസ് കഴിഞ്ഞാൽ അപ്പാർട്മെന്റിലോട്ട് പോയ മതി...."

ഞാൻ ഒന്ന് എറിഞ്ഞു നോക്കിയതാണ് കൊത്തിയാൽ കൊത്തി.അതും പറഞ്ഞ് ഞാൻ പോവാൻ നിന്നതും.....

"അയ്യോ പോവല്ലേ..... നീ എന്തായാലും ഇവിടെ വരെ വന്നതല്ലേ ഞാനും കൂടെ വരാം....."

അങ്ങനെ വഴിക്ക് വാടി കുശുമ്പി കല്ല്യാണി....

ഇതല്ല ഇതിനപ്പുറം ചാടി കിടന്നവനാടി ഈ സിദ്ധു... 😏

www.kkstories.com

ഉള്ളിൽ സന്തോഷം ഒക്കെ തോന്നിയെങ്കിലും ഞാൻ അത് പുറത്ത് കാണിക്കാതെ ചെറിയ ഒരു ജാഡ ഒക്കെ ഇട്ടു നിന്നു..

അപ്പോഴേക്കും അവളുടെ ഫ്രണ്ട്സും ഞങ്ങടെ അടുത്ത് എത്തിയിരുന്നു....

കല്ല്യാണി:"എടി ഞാൻ പോവാണേ.... നാളെ കാണാം...."

"എടി പോവല്ലേ നാളെ അല്ലേ കോമ്പറ്റിഷൻ കുറച്ചു നേരം കൂടെ പ്രാക്ടീസ് ചെയ്യാം..."

അതിൽ ഏതോ ഒരുത്തി കല്ല്യാണിയോട് പറഞ്ഞു

ഇവർക്കൊന്നും വേറെ പണിയില്ലേ... 😤

കല്ല്യാണി:" ഇല്ലെടി ഞാൻ പോവാ.. എന്നെ കൂട്ടാൻ വന്നതാ... സിദ്ധു"

"ഇതാണോ സിദ്ധു.....ആൾ നല്ല ലുക്ക് ആണല്ലോ "

www.kkstories.com

എന്നെ നോക്കി വേറെ ഒരുത്തി പറഞ്ഞു....

പക്ഷെ എനിക്ക് അത് നല്ലോം ഇഷ്ട്ടായി. അല്ലെങ്കിലും സത്യം പറയുന്നവരെ എനിക്ക് പണ്ടേ ഇഷ്ടമാണ്.....

"കുറച്ച് കഴിഞ്ഞ് പോയാൽ മതിയോ...ഒരൊറ്റ തവണ കൂടെ പ്രാക്ടീസ് ചെയ്തിട്ട് വരാം ഞാൻ "

കല്ല്യാണി എന്നോട് വളരെ ആവേശത്തോട് കൂടെ ചോദിച്ചു.....

"ആ കുഴപ്പല്ല... " അല്ലാതെ ഞാൻ എന്ത് പറയാൻ.....

അവർ പിന്നെയും ആ മാവിന്റെ ചുവട്ടിലേക്ക് പോയി പക്ഷേ കല്ല്യാണിക്ക് നല്ല തിടുക്കമായിരുന്നു....

ഏതോ ഒരു തമിഴ് സോങ് ആണ്.... പതുക്കെ തുടങ്ങി പിന്നെ അങ്ങോട്ട് കത്തി കേറുന്ന രീതിയിലുള്ള സോങ്....

ഒരു കാര്യം പറയാതെ ഇരിക്കാൻ വയ്യാ അസാധ്യമാണ് അവരുടെ ഒത്തൊരുമ

എനിക്ക് ബാക്കി ഉള്ളവരെ കാണുമ്പോൾ ആണ് സങ്കടം. ബാക്കി ഉള്ളവർ കാണാൻ മോശം ഒന്നുമല്ലെങ്കിലും കല്ല്യാണിയേ മാത്രം എടുത്തു കാണിക്കുന്നുണ്ട്. അവരെ ആരെങ്കിലും ഒക്കെ ശ്രദ്ധിക്കുമോ എന്ന് വരെ സംശയമാണ്.....

www.kkstories.com

കല്ല്യാണി ഡാൻസ് ചെയ്യുമ്പോൾ എന്നെ തന്നെയാണ് നോക്കുന്നത് ആ കണ്ണിൽ എന്നോടുള്ള പ്രണയാമാണോ.....

അവളുടെ പ്രാക്ടീസ് കഴിഞ്ഞതും അവൾ എന്റെ അടുത്തേക്ക് ഓടി വന്നു....

"പോവാം... "

ഇതിപ്പോ എന്റേക്കാൾ തിടുക്കം ആണല്ലോ ഇവൾക്ക്.ഇനിയും വൈകിയാൽ ഞാൻ ഗോപുവിന്റൊപ്പം പോവും എന്ന് കരുതീട്ടാണോ....

അവളുടെ അസൂയക്ക് പോലും പ്രത്യേക ഭംഗിയായിരുന്നു

"കല്ലു ഒന്ന് അവിടെ നിന്നെ.... "

ദേ അടുത്ത മാരണം. ഇവളുമ്മാർക്ക് പ്രാക്ടീസ് കഴിഞ്ഞാൽ വീട്ടിൽ പൊക്കൂടെ...

അല്ല എനിക്ക് പ്രശ്നം ഒന്നും ഇല്ലാട്ടോ. പക്ഷേ പോവാൻ തുടങ്ങുന്നവരെ ഇങ്ങനെ ഇടക്ക് ഇടക്ക് വിളിച്ചു ശല്യപെടുത്തണോ... 😤

നിങ്ങൾ തന്നെ പറ ഇതൊക്കെ നല്ല ശീലമാണോ?

www.kkstories.com

"കല്ല്യാണം കഴിഞ്ഞിട്ട് ഒരു ചെലവ് പോലും തരാതെ പോവാണോ രണ്ടും..... "

അവളുടെ ഒരു കൂട്ടുകാരി ഒരു കള്ള ചിരിയോടെ പറഞ്ഞു.....ബാക്കി ഉള്ളവരും കൂടെ അത് ഏറ്റ് പിടിച്ചപ്പോൾ ഇനി ഇവളുമ്മാർക്കൊന്നും ചെലവ് കൊടുക്കാതെ ഇവിടുന്ന് പോവാൻ പറ്റില്ല എന്ന് എനിക്ക് മനസ്സിലായി...

ഊറ്റാൻ ഉള്ള പരുപാടി ആണ്...

കല്ല്യാണി എന്ത് ചെയ്യും എന്നുള്ളൊരു നോട്ടം നോക്കി.....

ഞാൻ എന്ത് ചെയ്യാൻ. എനിക്കില്ലല്ലോ ഇങ്ങനെ എരണം കെട്ട ഫ്രണ്ട്സ്....

കല്ല്യാണി :"ഇപ്പോ തന്നെ വേണോ.... നാളെ കോമ്പറ്റിഷൻ കഴിഞ്ഞ് പോയാൽ പോരേ...."

ഏതോ ഒരുത്തി.. "പറ്റൂല മോളെ ഇപ്പോ പോയാൽ നിങ്ങളെ രണ്ടുപേരെയും കിട്ടുമോ എന്ന് തന്നെ ഡൌട്ട് ആണ്.... ഇനി പൈസേടെ പ്രശനം ആണെങ്കിൽ നമ്മുക്ക് പിന്നെ പോവാ...."

അവൾ അത് എന്നെ നോക്കിയാണോ പറഞ്ഞത്... എനിക്ക് സംശയമില്ലാതില്ല... 🤔

www.kkstories.com

എനിക്കും വാശി കേറി.... സ്വന്തമായിട്ട് അധ്വാനിച്ചു ഉണ്ടാക്കിയതല്ലെങ്കിലും ഒരു പാവം കോടീശ്വരനെ ആണ് അവർ നോവിച്ചു വിട്ടത്.....

അല്ലെങ്കിലും അഭിമാനത്തിന്റെ കാര്യത്തിൽ ഞാനും എന്റെ തന്തയും ഒരേ വേവ് ലെങ്ത് ആണ് 😤

"അങ്ങനെ ആണെങ്കിൽ ഇപ്പോ തന്നെ പോവാം.... "ഞാൻ അവരോടായി പറഞ്ഞു..

"എല്ലാരും കൂടെ എങ്ങനെ പോവും...."മറ്റൊരുത്തി...

"ഞങ്ങൾ കുറച്ച് പേർ ദേ അവിടെ കിടക്കുന്ന ആ കാറിൽ വരാം...."ഒരുത്തി കുറച്ച് ദൂരേ മാറി കിടക്കുന്ന ഒരു 'BMW 2 Series Gran Coupe'

കാണിച്ച് തന്നു പറഞ്ഞു...

ഷോ ഇറക്കാണ് പുന്നാര മോൾ.... ഇവൾക്കെന്താ എന്നെ കണ്ട വല്ല പിച്ചക്കാരൻ ആയിട്ട് തോന്നുന്നുണ്ടോ..ഞാൻ വന്ന കാർ ഒന്നും ഇവൾ കണ്ടില്ലേ...

ഞാൻ കല്ല്യാണിയേ ഒന്ന് നോക്കി ഇതൊക്കെ നിന്റെ ഫ്രണ്ട്സ് തന്നെ ആണോ ഡി എന്നുള്ള മട്ടിൽ...

അവളാണെങ്കിൽ സോറി ഡാ എന്നുള്ള മട്ടിൽ എന്നെ നോക്കി കെഞ്ചി...

ക്യാഷിന്റെ കഴപ്പ് കാണിക്കാൻ ആണ് ഉദ്ദേശമെങ്കിൽ എനിക്ക് എന്റെ തന്തയേ മനസ്സിൽ ധ്യാനിക്കേണ്ടി വരും....

www.kkstories.com

"എന്നാൽ ബാക്കി ഉള്ളവർ ദേ ആ കാറിൽ ഞങ്ങടൊപ്പം പോര്...."

കുറച്ച് മാറി പാർക്ക് ചെയ്ത് എന്റെ 'Mercedes-Benz Maybach S-Class' കാണിച്ചു കൊണ്ട് പറഞ്ഞു...😏

സംഭവം ദേവു ചേച്ചിടെ ആണ്... എന്നെ കൊണ്ട് നിർബന്ധിച്ചു എടുപ്പിച്ചതാണ്. അതെന്തായാലും നന്നായി...

ഞാൻ ആ ഷോ ഇറക്കിയവളെ ഒന്ന് നോക്കി....

അവളുടെ മുഖം കണ്ടപ്പോ ഒരു സമാധാനം.....

കഴിഞ്ഞിട്ടില്ല രാമ... ഒന്നൂടെ ബാക്കി ഉണ്ട്

കല്ല്യാണി :"എന്നാ പോയാലോ എനിക്ക് അറിയുന്ന ഒരു സ്ഥലം ഉണ്ട്. രേഷ്മ ഞങ്ങടെ ഒപ്പം പോര്... പിന്നെ ബാക്കി ഉള്ളവർ ഞങ്ങളെ ഫോളോ ചെയ്ത് പോര്..."

എന്റൊപ്പം ഫ്രണ്ട് സീറ്റിൽ കല്ല്യാണി ഉണ്ട് പിന്നെ ബാക്ക് സീറ്റിൽ വേറെ ഒരു പെണ്ണും. ബാക്കി ഉള്ളവരുടെ പോലെ അല്ല അവൾ എന്ന് എനിക്ക് ആദ്യം മനസ്സിലായത് ആണ്. കണ്ടാൽ തന്നെ ഒരു പാവം ടച്ച് ആണ് അവൾക്ക്. അവൾ ആദ്യം തൊട്ടേ സൈലന്റ് ആയത് കൊണ്ട്. അവളോട് മാത്രം കുറച്ച് കരുണ കാണിക്കാം എന്ന് വിചാരിച്ചു..

www.kkstories.com

"സിദ്ധു..... ഇതാണ് എന്റെ ബെസ്റ്റ് ഫ്രണ്ട്.... രേഷ്മ.."

കല്ല്യാണി ആ കുട്ടിയെ നോക്കി പറഞ്ഞു..

ഞാൻ അവളെ നോക്കി. അവൾ എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു...

ഞാൻ:"അപ്പോ ബാക്കി ഉള്ളവരോ...."

കല്ല്യാണി :"എടാ സോറി ഡാ അവർ അങ്ങനെ ആണ് നീ അതൊന്നും കാര്യാക്കണ്ട.... പക്ഷേ പാവങ്ങൾ ആണ്...എന്നേ വല്ല്യ കാര്യാ.."

ഞാൻ മറുപടി കൊടുത്തില്ല....

എവിടെയും ഒരു വലിയ റസ്റ്റോറന്റ് കാണാനും ഇല്ല. അവളുമാരുടെ ജാഡ ഇന്നോട് കൂടി തീർത്തുകൊടുക്കണം അത് മാത്രമായിരുന്നു എന്റെ മനസ്സിൽ

കല്ല്യാണി:"സിദ്ധു നമ്മുക്ക് അവിടേ കേറാം...."

കല്ല്യാണി ഒരു വലിയ റസ്റ്റോറന്റ് കാണിച്ചു പറഞ്ഞു...

www.kkstories.com

മ്മ് കൊള്ളാം.... എനിക്കും ഇഷ്ട്ടമായി....

പിന്നെ ഒന്നും നോക്കിയില്ല നേരെ പോയി പാർക്കിംഗ് ഏരിയയിൽ കാർ പാർക്ക് ചെയ്തു. ബാക്കി ഉള്ളവരും പിന്നാലെ ഉണ്ട്

ക്യാഷിന്റെ കഴപ്പ് ക്യാഷ് കൊണ്ട് തന്നെ തീർക്കുന്നതാണ് ഞങ്ങളുടെ കുടുംബത്തിന്റെ പോളിസി...

ഞങ്ങൾക്ക് കുറച്ച് പ്രൈവസി തന്നോട്ടെ എന്ന് കരുതി ആവും അവർ എല്ലാവരും കുറച്ച് മാറി ഇരുന്നു....

ഞാനും കല്ല്യാണിയും വേറെ ഒരു ടേബിളിൽ

അവർ എന്തൊക്കെയോ ഓർഡർ ചെയ്യാൻ തുടങ്ങി.... ഫുൾ പ്ലാനിംഗിൽ ആണ് എല്ലാം...

ഞങ്ങളുടെ ഓർഡർ എന്തെന്നറിയാൻ വെയ്റ്റെർ ഞങ്ങളുടെ അടുത്തേക്ക് വന്നു..

ഞാൻ ഓർഡർ ചെയ്യാൻ തുനിഞ്ഞതും കല്ല്യാണി എന്റെ കയ്യിൽ കയറി പിടിച്ചു...

"ചേട്ടാ രണ്ട് കോഫി മതി.... "

www.kkstories.com

കോഫീയോ...ഇവൾക്കെന്താ വയ്യേ...

അയാൾ പോയി കഴിഞ്ഞതിനു ശേഷം

"അവൾ ഉറങ്ങിക്കോട്ടെ വാ നമ്മുക്ക് പോവാം... "

www.kkstories.com

ചേച്ചി അതും പറഞ്ഞു കയ്യിൽ പിടിച്ച് റൂമിന് വെളിയിലേക്ക് നടക്കാൻ ശ്രമിച്ചതും..

നന്ദു ചേച്ചിയിൽ നിന്നും ഞങ്ങൾ ശബ്ദങ്ങൾ കേട്ടു....

തിരിഞ്ഞു നോക്കിയതും ഞാൻ കാണുന്നത്.. മയക്കത്തിൽ നിന്നും എണീക്കാൻ ശ്രമിക്കുന്ന നന്ദു ചേച്ചിയെയാണ്... ആ കണ്ണുകൾ തുറക്കാൻ ശ്രമിക്കുന്നുണ്ട്. കണ്ണടച്ചിട്ടാണെങ്കിലും ആ കൃഷ്ണമണിയുടെ ചലനം വളരേ വേഗത്തിൽ ആണ്....

"നന്ദു.... "

www.kkstories.com

ദേവു ചേച്ചി ചേച്ചിയെ തട്ടിയുണർത്താൻ ശ്രമിച്ചു.. പൊടുന്നനെ ചേച്ചി ഞെട്ടിയുണർന്നു... വിയർക്കുന്നുണ്ട് വിറക്കുന്നുണ്ട്.

പേടിയോടെ ചുറ്റും നോക്കുകയാണ് ചേച്ചി.

ചുറ്റും നടക്കുന്നത് ഓക്കേ മനസിലാക്കാൻ കുറച്ച് നേരം വേണ്ടി വന്നു...

"നന്ദു.....മോളേ... "

www.kkstories.com

ദേവുചേച്ചി നന്ദു ചേച്ചിയേ കെട്ടിപിടിച്ചു. പക്ഷേ ചേച്ചിയിൽ നിന്നും ഒരു ചലനവുമില്ല എന്തോ ഒരു ഷോക്കിൽ ഇരിക്കുന്നപോലെ... ചേച്ചിയുടെ മുഖത്ത് ഒരു വികാരവുമില്ല...

"ചേച്ചി.. "

എന്റെ വിളിയിൽ ഒരു വിറയൽ ഉണ്ടായിരുന്നു...

ചേച്ചി ഞാൻ നിൽക്കുന്ന സ്ഥലത്തേക്ക് അപ്പോഴാണ് നോക്കുന്നത് തന്നെ... തിരിഞ്ഞു നോക്കിയ ചേച്ചി എന്റെ മുഖത്തേക്ക് കുറച്ച് നേരം നോക്കി നിന്നു.. പക്ഷേ ആ മുഖത്ത് ഒരു ഭാവവെത്യാസവും കാണുന്നില്ല... കുറച്ച് കഴിഞ്ഞതും ചേച്ചിയുടെ കണ്ണുകളിൽ ഈറൻ പടരാൻ തുടങ്ങി... അതൊരു കരച്ചിലായി മാറാൻ അതികം നേരം വേണ്ടി വന്നില്ല. ശബ്ദമില്ലാതെ കണ്ണു നീർ പൊഴിക്കുകയാണ് ചേച്ചി...

ആ ഒരൊറ്റ കാഴ്ച മതിയായിരുന്നു എന്റെ ഹൃദയം തകർക്കാൻ....

www.kkstories.com

"എന്താടാ.... "

ദേവുചേച്ചി നന്ദു ചേച്ചിയോടായി ചോദിച്ചു...വല്ലാത്ത വാത്സല്ല്യവും, സ്നേഹവും, വിറയലും ഓക്കേ നിറഞ്ഞ ഒരു വിളിയായിരുന്നു അത്..

www.kkstories.com

നന്ദു ഒന്നുമില്ല എന്ന മട്ടിൽ തലയാട്ടി... ആ ചുണ്ടുകൾ വിതുമ്പുന്നുണ്ടായിരുന്നു...

ശേഷം.. ചേച്ചി ദേവുച്ചേച്ചിയുടെ കൈ വലയങ്ങളിൽ നിന്നും മാറി എന്റെ അടുത്തേക്ക് നടന്നു...

ഓരോ ചുവട് വാക്കുമ്പോഴും... ചേച്ചിയുടെ വിതുമ്പൽ കൂടി കൂടി വന്നു... എന്റെ അടുത്തെത്തിയതും ചേച്ചി വളരെ ശക്തിയിൽ എന്നേ കെട്ടിപിടിച്ചു... അത്ര നേരം പിടിച്ചു നിന്ന കണ്ണീരൊക്കെ ധാര ധാരയായി ഒഴുകാൻ തുടങ്ങി... അതൊരു പൊട്ടി കരച്ചിലിൽ ആണ് അവസാനിച്ചത്.... ചേച്ചിയുടെ കാലുകൾ നിലത്ത് ഉറയ്ക്കുന്നുണ്ടായിരുന്നില്ല.

കരയുന്നതിനിടയിൽ ചേച്ചിക്ക് ശ്വാസം എടുക്കാൻ പോലും പറ്റുന്നുണ്ടായിരുന്നില്ല..

www.kkstories.com

അത്രക്കും ഉച്ചത്തിലും ശക്തിയ്യിലുമായിരുന്നു കരച്ചിൽ...

ചേച്ചി എന്നല്ല ഒരാൾ പോലും എന്റെ ജീവിതത്തിൽ ഇങ്ങനെ കരയുന്നത് ഞാൻ കണ്ടിട്ടില്ല....

ചേച്ചിയുടെ കരച്ചിൽ കണ്ടു ദേവുചേച്ചി ഞങ്ങളുടെ അടുത്തേക്ക് വന്നു... ഞങ്ങൾ രണ്ട് പേരും ചേച്ചിയേ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും ഫലം കണ്ടില്ല...

ചേച്ചിയുടെ കരച്ചിൽ കേട്ടിട്ടാവണം അടിയിൽ ഉള്ളവർ പോലും മുകളിലേക്ക് ഓടി വന്നു...

www.kkstories.com

കാർത്തു ചേച്ചിയും പാറവും അമ്മയും ഒക്കെ ഓടി വരുമ്പോൾ കാണുന്നത് എന്നെ കെട്ടിപ്പിടിച്ച് കരയുന്ന നന്ദു ചേച്ചിയെയാണ്. ചേച്ചിയെ കണ്ടതും അമ്മയും കാർത്തു ചേച്ചിയും വിതുമ്പാൻ തുടങ്ങി....

എല്ലാവരും മാറിമാറി ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും എന്റെ മേലുള്ള ചേച്ചിയുടെ പിടിത്തം കൂടിക്കൂടി വരിക എന്നല്ലാതെ കുറയുന്നില്ല....

കുറച്ച് അധികം നേരം വന്നു ചേച്ചി ഒന്ന് ശാന്തമാവാൻ...

പക്ഷേ അപ്പോഴും ക്ഷീണം വിട്ടു പോയിരുന്നില്ല...

www.kkstories.com

ഏറെ നേരത്തെ കരച്ചിലിനോടുവിൽ ചേച്ചി വീണ്ടും ഉറക്കത്തിലേക്ക് വഴുതി വീണു...

ദേവു ചേച്ചി പിന്നേ അവിടേ ആരെയും നിർത്തിയില്ല... എല്ലാവരോടും പുറത്തേക്ക് പോവാൻ പറഞ്ഞു.... കാർത്തു ചേച്ചിയൊഴിച്ചു ബാക്കി ഉള്ളവർ ഓക്കേ റൂമിന് വെളിയിലോട്ട് ഇറങ്ങി...

ആർക്കും ഒന്നും പറയാൻ ഉണ്ടായിരുന്നില്ല.. എങ്ങും നിശബ്ദത മാത്രം..

കുറച്ച് നേരം ഞാനും ഉറങ്ങി... ഭക്ഷണം കഴിക്കാൻ പോലും പോയില്ല.. അത്രക്കും ക്ഷീണം എനിക്കും ഉണ്ടായിരുന്നു... കല്ല്യാണിയുടെ അവസ്ഥയും മറിച്ചാല്ലായിരുന്നു.... ഉറങ്ങി എണീക്കുമ്പോൾ നേരം ഏകദേശം വൈകുന്നേരമായിരുന്നു....

www.kkstories.com

ഇതിനിടയിൽ....നന്ദു ചേച്ചി എണീക്കുകയും കാർത്തു ചേച്ചി നന്ദു ചേച്ചിക്ക് ഫുഡ് വാരികൊടുക്കുകയും ഓക്കേ ചെയ്തിരുന്നു.... ക്ഷീണം വിട്ടുമാറാത്ത ചേച്ചി പിന്നേയും ഉറങ്ങി...

കക്ഷി ഇപ്പോഴും ഉറങ്ങുകയാണ്...

നന്ദു ചേച്ചിയോട് നടന്നതിനെ പറ്റി ഒന്നും ചോദിക്കരുത് എന്ന കർശന നിർദേശമുണ്ടായിരുന്നു ദേവൂചേച്ചിയിൽ നിന്നും...

www.kkstories.com

അത്കൊണ്ട് ആരും ചേച്ചിയോട് ഒന്നും ചോദിക്കാൻ നിന്നില്ല.. പക്ഷേ എല്ലാവരും കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി....

ദിവസങ്ങൾ കടന്നു പോയി... ഏകദേശം രണ്ടു മാസത്തിനടുത്തായി ഞങ്ങൾ ഇവിടേ വന്നിട്ട്...

പതിയേ പതിയേ... നന്ദു ചേച്ചിയും നോർമൽ ആവാൻ തുടങ്ങി.... അതിന് കൂടുതൽ സഹായിച്ചത് ലൂസിയാണ്...

www.kkstories.com

ആ നായകുട്ടിക്ക് കല്ല്യാണി ഇട്ട പേരാണ് ലുസി...കുറച്ചു ദിവസങ്ങൾ കൊണ്ട് തന്നെ ലുസി എല്ലാവരോടുമായി കൂട്ടായി...

ഞാൻ കല്ല്യാണിയുമായി കൂടുതൽ അടുക്കാൻ തുടങ്ങി.. പക്ഷേ കാര്യമായി ഒന്നും തന്നെ നടന്നില്ല കാരണം അതിനുള്ള ഒരു മനസികാവസ്ഥയിൽ ആയിരുന്നില്ല ഞാൻ...

കല്ല്യാണിയോടുള്ള എന്റെ പെരുമാറ്റം മാറിയത് എല്ലാവരും ശ്രദ്ധിച്ചു.... ആ കാര്യത്തിൽ എല്ലാവരും ഹാപ്പിയാണ്..

www.kkstories.com

പക്ഷേ സഹിക്കാൻ പറ്റാത്തത്... ചേച്ചിമാരുടെ കളിയാക്കൽ ആണ്...

പ്രത്യേകിച്ച് പാറു... 😤

'ഓഹ് എന്തൊക്കെയായിരുന്നു... ഇവളെ ചത്താലും കെട്ടില്ല എന്ന് പറഞ്ഞു നടന്നവനാ.. ഇപ്പോൾ കിടക്കുന്നടക്കം അവളുടെ മടിയിൽ ആണ്...'

അങ്ങനെ ഓരോന്ന് പറഞ്ഞു കളിയാക്കൽ ഓക്കേ തുടങ്ങി... എനിക്ക് അതൊക്കെ കേൾക്കുമ്പോൾ ഒരു ചളിപ്പ് ഓക്കേ തോന്നുമെങ്കിലും... പതിയേ പതിയേ അതൊക്കെ മാറി വരാൻ തുടങ്ങി...കല്ല്യാണി പിന്നേ ആദ്യം മുതലേ കൂൾ ആണ്.. അവൾക്ക് അങ്ങനെ നാണോം മാനോ ഇല്ലാത്തോണ്ട് കുഴപ്പമില്ല...

www.kkstories.com

പക്ഷേ എന്തൊക്കെയായാലും മനസ്സിൽ സന്തോഷത്തിനേക്കാൾ കൂടുതൽ പേടിതന്നെയാണ്...

ഓരോ ദിവസം കഴിയുമ്പോഴും ആ പേടി എന്തെന്നില്ലാത്ത കൂടി കൂടി വരാൻ തുടങ്ങി..

എന്നിരുന്നാലും വലിയ കുഴപ്പങ്ങൾ ഒന്നും ഇല്ലാതെ പോയികൊണ്ടിരിക്കുമ്പോൾ ആണ് ക്ഷേത്രത്തിൽ വച്ച് ഞങ്ങൾക്ക് എല്ലാവർക്കുമായി എന്തോ സ്പെഷ്യൽ പൂജ ഓക്കേ ഉണ്ടെന്നും... എല്ലാവരോടും നിർബന്ധമായും വരണമെന്നും എ ആ കള്ള താടി മാണിക്യൻ പറഞ്ഞത്....

www.kkstories.com

എനിക്ക് വലിയ താൽപ്പര്യമൊന്നും തോന്നിയില്ലെങ്കിലും ബാക്കി ഉള്ളവർ അങ്ങനെയല്ലല്ലോ...

അങ്ങോട്ട് പോകുന്നതിന്റെ തിരക്കിലാണ് ഇപ്പോൾ എല്ലാവരും...

നടന്ന് തന്നെയാണ് പോകേണ്ടത്...

എല്ലാവരെയും കാണാൻ പ്രേത്യേക ഭംഗി തോന്നി...കല്ല്യാണിയുടെ കാര്യം പിന്നേ പറയേണ്ടല്ലോ...

www.kkstories.com

ക്ഷേത്രത്തിലെക്കുള്ള... ആ കാട്ടിലെ വഴിയിലൂടെ ഞങ്ങൾ നടക്കാൻ തുടങ്ങി.....അന്നത്തെ സംഭവത്തിനുശേഷം ആ വഴിയൊക്കെ നല്ല വൃത്തിയാക്കി കമ്പിവേലികൊണ്ട് കെട്ടി വച്ചിട്ടുണ്ട്..

ഞങ്ങൾ എന്ന് വച്ചാൽ ഞാനും കല്ല്യാണിയും ദേവുചേച്ചിയും, നന്ദു ചേച്ചിയും പിന്നേ അരുണും..

ഈയിടെയായി ദേവൂചേച്ചിയെ കാണുമ്പോൾ അരുണിന് ഇളക്കം കൂടുതൽ ആണ്... 😤ചേച്ചിയും അരുണിനോട് ഇപ്പോൾ നല്ല കമ്പനിയാണ്..

www.kkstories.com

പിന്നെ നന്ദുചേച്ചിയെ തിരിച്ചു കൊണ്ടുവന്ന ആൾ അല്ലേ ഒന്നും ചോദിക്കാൻ ഒന്നും പോയില്ല..

ബാക്കി ഉള്ളവർ എല്ലാവരും ആദ്യമേ പോയി...നേരം അൽപ്പം ഇരുട്ടി തുടങ്ങിയിരുന്നു...

കളിയും ചിരിയും തമാശയും ഒക്കെയായി ഓരോന്ന് പറഞ്ഞു കാട്ടിലൂടെ നടക്കുന്നതിനിടയിൽ നന്ദു ചേച്ചി ഒരു സ്ഥലമെത്തിയപ്പോൾ പൊടുന്നനെ നിന്നു ...

ഞങ്ങൾ ചേച്ചിയെ നോക്കുമ്പോൾ ചേച്ചി ഒരു ദിശയിലേക്കായി നോക്കികൊണ്ടിരിക്കുകയാണ്...

www.kkstories.com

അവിടേ കുറച്ച് ദൂരത്തേക്ക് നോക്കിയപ്പോൾ ഞാൻ കാണുന്നത് ആ ആളാണക്കമില്ലാത്ത വീടാണ്... ഞാൻ സ്വപ്നം കണ്ട വീട്.. ചേച്ചിയേ ബോധമില്ലാതെ കിട്ടിയ വീട്....

അങ്ങോട്ട് നോക്കിയപ്പോൾ തന്നെ ദേഹമാസകലം ഒരു കുളിരു കോരി...

വല്ലാത്ത ഒരു നിശബ്ദത അനുഭവിക്കാൻ കഴിഞ്ഞു....

ആ ചെറിയ വീട് കാണുമ്പോൾ തന്നെയറിയാം... ഒരുപാട് വർഷമായി ആ വീട് ഇവിടേ സ്ഥിതി ചെയ്യുന്നുഎന്ന്.. എന്നിട്ട്പോലും അത്രയും വർഷത്തിന്റെ പഴക്കം ആ വീട്ടിൽ കാണുന്നില്ല.....

www.kkstories.com

ചേച്ചി ആ കാഴ്ച്ചയിൽ മുഴുകി നിൽക്കുകയാണ്...

"നന്ദു... "

ദേവുചേച്ചി തട്ടിവിളിച്ചപ്പോളാണ് ചേച്ചി പരിസര ബോധം വീണ്ടെടുത്തത്...

www.kkstories.com

"എന്താ അങ്ങോട്ട്... നോക്കുന്നേ.."

ദേവുചേച്ചി നന്ദുചേച്ചിയോടായി തിരക്കി...

"ഏയ് ഒന്നുല്ല ചേച്ചി... ഞാൻ വെറുതെ.. "

അതും പറഞ്ഞു നന്ദു ചേച്ചി വീണ്ടും നടക്കാൻ തുനിഞ്ഞതും ദേവുചേച്ചി നന്ദു ചേച്ചിയുടെ കയ്യിലായി കയറി പിടിച്ചു...

www.kkstories.com

ദേവൂചേച്ചിയെ കണ്ടാൽ അറിയാം ചേച്ചി രണ്ടും കല്പിച്ചാണ് എന്ന്...

"നന്ദു.... "

"എന്താ ചേച്ചി.. "

"നിനക്ക് ഞങ്ങളോട് എന്തെങ്കിലും പറയാൻ ഉണ്ടോ... "

www.kkstories.com

വളരെ ഉറച്ച ശബ്ദമായിരുന്നു ദേവൂചേച്ചിയുടേത്..

ചേച്ചിയെ കണ്ടാൽ അറിയാം ചേച്ചി കാര്യമറിയാതെ പിന്മാറില്ല എന്ന്...

അതും നന്ദു ചേച്ചിക്കും മനസ്സിലായി കാണണം...

"ചേച്ചി... അത്... "

www.kkstories.com

ചേച്ചിയുടെ മറുപടിക്കായി ഞങ്ങൾ എല്ലാവരും കാതോർത്തു..

"മ്മ്... അന്ന്... "

"അന്ന് ഞാൻ നമ്മുടെ സിദ്ധുനെ സ്വപ്നത്തിൽ കണ്ടിരുന്നു...പക്ഷേ വെറുമൊരു സ്വപ്നമായിരുന്നില്ല അത്.."

"പിന്നേ... "

www.kkstories.com

"അന്ന് ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു എന്ന് പറഞ്ഞായിരുന്നില്ലേ സിദ്ധു ചോരയിൽ കുളിച്ചുകിടക്കുന്നത്... അത് ആ വീടിന്റെ മുറ്റത്തായിരുന്നു... "

നന്ദു ചേച്ചി ആ വീടിനെ ചൂണ്ടി കാണിച്ചു പറഞ്ഞു... പറഞ്ഞു കഴിഞ്ഞതും കല്ല്യാണി എന്റെ കയ്യിൽ ബലമായി പിടിച്ചു.. ഞാൻ അവളെ നോക്കുമ്പോൾ അവൾ എന്നേ തന്നെ നോക്കി നിൽക്കുകയാണ്... അവളുടെ മുഖത്ത് മിന്നി മറയുന്ന ഭാവ വ്യത്യാസം ഞാൻ കണ്ടു

"പക്ഷേ അന്ന് കണ്ടതുപോലെയായിരുന്നില്ല... സിദ്ധു രക്ഷക്കായി.... എന്നേ വിളിക്കുന്നുണ്ടായിരുന്നു....സ്വപ്നമാണ് എന്ന് തിരിച്ചറിഞ്ഞിട്ടും സിദ്ധുന്റെ മുഖം മനസ്സിൽ നിന്നും പോയില്ല....ഉള്ളിലെ പേടി സഹിക്കാൻ വയ്യാതെയായപ്പോൾ ഞാൻ സിദ്ധുനെ ഫോണിൽ വിളിച്ചു... പക്ഷേ റിങ് ചെയ്യുന്നു എന്നല്ലാതെ ആരും ഫോൺ എടുത്തില്ല... അതുംകൂടെയായപ്പോൾ ഉള്ളിലെ പേടി വർധിച്ചു വന്നു... ഇവിടേ വന്ന് എല്ലാം ഒരിക്കൽ കൂടി സ്വപ്നമാണ് എന്ന് ഉറപ്പു വരുത്താതെ എനിക്ക് സമാധാനം വരില്ലായിരുന്നു.. നിങ്ങളോട് പറഞ്ഞാൽ നിങ്ങളും സമ്മതിക്കില്ല എന്ന് തോന്നി അതാ ഞാൻ..."

www.kkstories.com

എല്ലാം പറഞ്ഞ ശേഷം ചേച്ചി തലകുനിച്ചു....

ഞാൻ അന്ന് ഫോൺ എടുത്തായിരുന്നെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ലായിരുന്നു....

"നിനക്ക് എന്നോടെങ്കിലും പറയാമായിരുന്നില്ലേ നന്ദു.... നിങ്ങടെ കാര്യത്തിൽ ഞാൻ എപ്പോഴെങ്കിലും റിസ്ക് എടുത്തിട്ടുണ്ടോ...."

ദേവുചേച്ചി വളരേ ദയനീയമായാണ് അത് പറഞ്ഞത്.....

www.kkstories.com

"സോറി ചേച്ചി... ഇനി അങ്ങനെയൊന്നും ഞാൻ ചെയ്യില്ല.... സത്യം... "

അതും പറഞ്ഞു നന്ദു ചേച്ചി ദേവൂചേച്ചിയെ കെട്ടിപിടിച്ചു....

"പോട്ടെ... സാരല്ല..... ഇവിടേ വന്നതിന് ശേഷം പിന്നേ എന്താ ഉണ്ടായത്...."

ദേവുചേച്ചി നന്ദു ചേച്ചിയേ തന്റെ ശരീരത്തിൽനിന്നും അടർത്തിമാറ്റി വീണ്ടും തിരക്കി....

www.kkstories.com

"ഞാൻ... ഞാൻ.. ഇവിടേ വന്നപ്പോൾ അടഞ്ഞു കിടക്കുകയായിരുന്നു.. ആ വീട്.. എല്ലാം എന്റെ തോന്നലാണ് എന്ന് മനസിലായപ്പോൾ... മനസ്സിന് വല്ലാതെ ആശ്വാസം തോന്നി.... അങ്ങനെ തിരിഞ്ഞു നടക്കാൻ നിന്നപ്പോൾ ആണ്....."

ചേച്ചി അതു പറഞ്ഞു നിർത്തിയതും ഒരു ദീർഘ ശ്വാസം വിട്ടു....

അത്രയും നേരം ശാന്തമായിരുന്ന അന്തരീക്ഷത്തിൽ പൊടുന്നനെ... പല പല ശബ്ദങ്ങൾ രൂപം കൊണ്ടു.... കാക്കയും വവ്വാലും പട്ടിയും പൂച്ചയും.. എല്ലാ മൈരും ഒച്ച ഉണ്ടാക്കാൻ തുടങ്ങി...

www.kkstories.com

ഇവറ്റകളുടെ ശബ്ദം ഓക്കേ കേട്ട് മനസ്സിൽ പ്രാകുമ്പോൾ ആണ് സൈഡിൽ നിന്നും ഒരു തോണ്ടൽ..

ഞാൻ തിരിഞ്ഞു നോക്കി കല്യാണിയാണ്..

"എന്താടി.. "

ഞാൻ അവളോട് കണ്ണുരുട്ടി പറഞ്ഞു...

www.kkstories.com

"നമ്മുക്ക് ഇവിടേ നിന്നും പോയാലോ... എനിക്ക് മനസ്സിന് എന്തോപോലേ തോന്നുന്നു... "

ഈ ശബ്ദങ്ങൾ ഓക്കേ കേട്ട് പേടിച്ചിണ്ടാവും പാവം... പിന്നേ ഇരുട്ടും കൂടി കൂടി വരുവാണ്..

"ശൂ... "

ഞാൻ അവളോട് ചുണ്ടിൽ കൈവച്ചു മിണ്ടരുത് എന്ന് പറഞ്ഞു...

www.kkstories.com

പിന്നേ അവളും ഒന്നും പറയാൻ നിന്നില്ല.. എന്റെ ശരീരത്തോട് കൂടുതൽ ചേർന്നു നിന്നു... ഞാനും അവളേ ചേർത്ത് പിടിച്ചു...

"തിരിഞ്ഞു നടക്കാൻ നിന്നപ്പോൾ ആണ്....."

നന്ദു ചേച്ചി നിർത്തിയവിടം നിന്നും ദേവു ചേച്ചി പിന്നെയും ചോദ്യം ചോദിച്ചു... വീണ്ടും എല്ലാവരുടെയും ശ്രദ്ധ നന്ദുചേച്ചിയിലേക്കായി...

"തിരിഞ്ഞു നടക്കാൻ നിന്നപ്പോൾ ആണ്.....വീട്ടിൽ നിന്നും ഒരു വിളിക്കേട്ടത്... അത് എന്റെ തോന്നലാവും എന്ന് വിചാരിച്ചു പിന്നേയും നടക്കാൻ തുനിഞ്ഞപ്പോൾ വീണ്ടും ഒരു വിളി കേട്ടു.. ഒരു സ്ത്രീയുടെ ശബ്ദമായിരുന്നു അത്... അവർ രക്ഷക്ക് വിളിക്കുന്നപോലെയാണ് എനിക്ക് തോന്നിയത്....."

www.kkstories.com

"എന്നിട്ട്... "

ഇപ്രാവശ്യം അരുൺ ആയിരുന്നു അത് ചോദിച്ചത്... അവനേ കണ്ടാൽ അറിയാം ത്രില്ല് അടിച്ചു ഇരിക്കാണ് എന്ന്...

"ഞാൻ ആ വീട്ടിലേക്ക് പതുക്കെ നടക്കാൻ തുടങ്ങി... പേടി തോന്നിയെങ്കിലും... ഞാൻ യാന്ത്രികമെന്നോണം നടന്നു... ഓരോ ചുവടു വാക്കുമ്പോഴും... ആ സ്ത്രീയുടെ.. രക്ഷിക്കണേ... രക്ഷിക്കണേ.. എന്നുള്ള ശബ്ദം കൂടി വന്നു... ഞാൻ ആ വീടിന്റെ മുറ്റത്തു എത്തിയതും ആ അടഞ്ഞു കിടക്കുന്ന വാതില്ലേക്ക് നോക്കി..ആരോ പൂജിച്ചു കെട്ടിയ കുറേ ചരടുകൾ കാണാം.... ഇത്രമാത്രമേ എനിക്ക് ഓർമ്മയുള്ളൂ ബാക്കി ഒന്നും എനിക്ക് ഓർമയില്ല...."

www.kkstories.com

ചേച്ചി പറഞ്ഞു നിർത്തിയതും വീണ്ടും ചുറ്റുപാടിൽ നിന്നും ശബ്ദങ്ങൾ ഉയരൻ തുടങ്ങി... പക്ഷേ മുന്നത്തേതിനേക്കാൾ കുറച്ചുകൂടി ശബ്ദം കൂടിയിരുന്നു....

"ദേവു ചേച്ചി നമ്മുക്ക് ഇവിടേ നിന്നും പോവാം... "

കല്ല്യാണിയാണ്... അവൾ ഒരുതരം പേടിയോടെയാണ് അത് പറഞ്ഞത്... പക്ഷേ എല്ലാവർക്കും തോന്നിത്തുടങ്ങിയിരുന്നു... ഇവിടേ നിൽക്കുന്നത് അത്ര നല്ല കാര്യമല്ല എന്ന്.....

www.kkstories.com

"മ്മ്... പോട്ടെ സാരല്ല.... ഇനി ഇത്പോലെ എന്തെങ്കിലും നീ ചെയ്യ്... കാണിച്ചു തരാം ഞാൻ... നടക്ക്.... "

ചേച്ചി ഒരു താക്കീത് എന്നപോലെ പറഞ്ഞു നടക്കാൻ തുടങ്ങി...

പോവുന്നതിനു മുന്പേ ഞാൻ ആ വീടും പരിസരവും ഒന്ന് നന്നായി വീക്ഷിച്ചു...

ഞാൻ കല്ല്യാണിയേ നോക്കിയപ്പോൾ കാണുന്നത് നടന്നുകൊണ്ട് ഓടുന്നതാണ്...

www.kkstories.com

ആ കാട് കഴിഞ്ഞു ഞങ്ങൾ ആ പാടത്തു എത്തി.. എല്ലാവരും ക്ഷേത്രത്തിലേക്ക് പോവുന്നതിരക്കിൽ ആണ് നല്ല തിരക്ക് കാണാം...

ബാക്കി എല്ലാവരും ഉത്സവ പറമ്പിൽ ഞങ്ങളേം കാത്ത് നിൽക്കുകയാണ്... കൂടേ മാണിക്യനും ഉണ്ട്....

എന്ന പോയാലോ.... ഞങ്ങൾ അവരുടെ അടുത്ത് എത്തിയതും അമ്മ എല്ലാവരോടുമായി പറഞ്ഞു.... ക്ഷേത്രത്തിന് ഉള്ളിലേക്ക് പോവുന്ന കാര്യമാണ്..

www.kkstories.com

"ഞാനൊന്നും വരുന്നില്ല... "

ഞാൻ എടുത്തടിച്ചത് പോലേ പറഞ്ഞു...

അമ്മ മുഖം തിരിച്ചു ദേവുചേച്ചിയെ നോക്കി... ചേച്ചി അപ്പോൾ തന്നെ മുഖം തിരിച്ചു... ചേച്ചിയുടെ മറുപടിയും അമ്മക്ക് കിട്ടി...

അമ്മ ദയനീയമായി മാണിക്യനെ നോക്കി...

www.kkstories.com

"അത്.. സാരല്ല്യ... വരുന്നവർ വന്നാൽ മതി... എല്ലാവരും ഇവിടേ തന്നെയുണ്ടല്ലോ... കുഴപ്പമൊന്നുമില്ല..."

അയാൾ എല്ലാവരോടുമായി പറഞ്ഞു...

ഓ പിന്നേ....ഇനി അയാൾ കുഴപ്പം ഉണ്ട് എന്ന് പറഞ്ഞാൽ പോലും ഞാൻ പോവില്ല... 😉

ഇനി പറഞ്ഞിട്ട് കാര്യമില്ല എന്ന് കണ്ടതുകൊണ്ടാവണം എല്ലാവരും ക്ഷേത്രത്തിലേക്ക് നടന്നു...

www.kkstories.com

ഞാനും ദേവുചേച്ചിയും.. കുറച്ചു മാറിയുള്ള ആ ആൽമരത്തിനു ചുറ്റുമുള്ള ഇരിപ്പിടത്തേക്കും.... അവിടേ ആകെ രണ്ട് ചെറിയ ചെക്കന്മാരെ ഉള്ളു. അവരെകൊണ്ട് ഉപദ്രവമൊന്നുമുണ്ടാവില്ല.. സമാധാനമായി ഇരിക്കാം...

ഞങ്ങളുടെ കാലൊച്ചയല്ലാതെ വേറേ ആൾക്കാരുടെ കാലൊച്ചയും പിറകിലായി കേൾക്കാം...

ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ കാണുന്നത്.. അരുണിനെയും കല്ല്യാണിയെയുമാണ്...

കല്ല്യാണിയുടെ കാര്യം ഓക്കേ അവൾ എനിക്ക് ഒപ്പം തന്നെയാണ് എപ്പോഴും... പക്ഷേ അരുണിന് എന്താ... അവന്റെ ചാട്ടം ഓക്കേ എനിക്ക് മനസ്സിലാവുന്നുണ്ട്.. എന്റെ കൊക്കിനു ജീവൻ ഉള്ളടത്തോളം കാലം അത് നടക്കില്ല... 😤

www.kkstories.com

"അഹ്... നിങ്ങൾ അപ്പോ അവരോടൊപ്പം പോയില്ലേ.... "

ചേച്ചി അവരോടായി ചോദിച്ചു...

"ഇല്ലേച്ചി...അവിടേ പോയാൽ ബോറടിച്ചു ചാവും... "

www.kkstories.com

കല്ല്യാണി എന്റെ കയ്യിൽകൂടേ കൈ കോർത്തുകൊണ്ട് പറഞ്ഞു...

അവളുടെ കാട്ടികൂട്ടൽ ഓക്കേ കണ്ടിട്ട് ചേച്ചിയുടെ മുഖത്ത് ഒരു കള്ള ചിരി വിരിയുന്നത് കാണാം...

ഈ കുരിപ്പ് മനുഷ്യനെ നാണം കെടുത്തും... 😤

"അപ്പോ നീ എന്താ പോവാഞ്ഞേ... "

www.kkstories.com

ചേച്ചിയുടെ അടുത്ത ചോദ്യം അരുണിനോടായി...

"ഏഹ്.. ഞാനോ... ഞാൻ.. ഞാൻ വിചാരിച്ചു.. നേരത്തെ പറഞ്ഞ കഥയുടെ ബാക്കി പറഞ്ഞു തരാം എന്ന്..."

ഉഫ് നാച്ചുറൽ ആക്ടിങ്.... ഇവാനാണ് ശെരിക്കും മൂവി ഫീൽഡ് ചേരുന്നത്.. അമ്മാതിരി അഭിനയമല്ലേ...

"ആണോ... എന്ന വേഗം വാ...."

www.kkstories.com

അവന്റെ ഡയലോഗിൽ ചേച്ചിയും ഫ്ലാറ്റ്...

ഈ നേരത്തെ പറഞ്ഞ കഥ ഇല്ലേ... അത് അരുൺ കേസ് തെളിയിച്ചിട്ടുള്ള കഥയാണ് ട്ടോ... ഒരു നാല്പത് ശതമാനം സത്യവും പിന്നേ ബാക്കി അറുപതു ശതമാനം വെള്ളവും ചേർത്തൊരു കഥ...

ചേച്ചിക്ക് പിന്നേ.... ത്രില്ലിങ് ആയിട്ടുള്ള എന്ത് കണ്ടാലും കേട്ടാലും പുള്ളിക്കാരി ഓൺ ആവും...

പാവം ചേച്ചി...

www.kkstories.com

ഞങ്ങൾ നാലുപേരും... ആ ആൽ തറയിൽ പോയി ഇരുന്നു....

ഇരുന്നതും അരുൺ അവന്റെ തള്ള് തുടങ്ങി...ചേച്ചിയും കല്ല്യാണിയും അവന്റെ തള്ള് കേട്ട് അങ്ങനെ ഇരിക്കാണ്...

മൈര് ഇതൊക്കെ എങ്ങനെ കേട്ടിരിക്കുന്നു ആവോ...

www.kkstories.com

എനിക്ക് വലിയ താൽപ്പര്യമില്ലാത്തോണ്ട്... ഞാൻ പതിയെ തല ചായ്ച്ചു കിടന്നു...

നല്ല തണുത്ത കാറ്റും ശുദ്ധമായ വായുവും... ഹോ.. സ്വർഗം....

"ഒന്ന് തള്ളാണ്ടേ പോയെടാ ഇവിടുന്ന്... "

കണ്ണടച്ചു കിടക്കുമ്പോൾ ആണ് സൈഡിൽ നിന്നും ആ രണ്ടു ചെക്കന്മാരുടെ ശബ്ദം കേൾക്കുന്നത്.. അരുണിന്റെ തള്ളിനെക്കാളും നല്ലത് ഇത് തന്നെ... എന്റെ ശ്രദ്ധ ഞാൻ അങ്ങോട്ട് കൊടുത്തു....

www.kkstories.com

"എടാ.. സത്യായിട്ടും.... "

"എടാ ഈ പ്രേതോം പിശാഷും ഓക്കേ അന്ധവിശ്വാസങ്ങൾ ആണ്... അങ്ങനെ ഒന്നുമില്ല.... "

"അല്ല മോനെ... ഈ പ്രേതം എന്നൊക്കെ പറയുന്നത് ശരിക്കുമുള്ളതാണ്.. ഞാൻ കണ്ടതല്ലേ കുറച്ച് ദിവസം മുന്നേ ഒരു ചേച്ചീനെ പ്രേതം പിടിക്കുന്നത്... "

"അതൊക്കെ നിനക്ക് തോന്നിതാവും... "

www.kkstories.com

"അല്ലടാ... മറ്റേ കാട്ടുകൂടെ പോകുന്ന വഴി ഒരു വീടില്ലേ അവിടുന്ന് കണ്ടതാ ഒരു ചേച്ചിനെ പ്രേതം പിടിക്കുന്നത്.... "

😳

അവരുടെ സംസാരം കേട്ടപ്പോൾ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി.. ഇനി ഇവർ പറയുന്നത് നന്ദു ചേച്ചിടെ കാര്യമാവോ...

ഞാൻ ഒരു ഞെട്ടലിൽ കിടന്നിടത്തു നിന്നും എഴുന്നേറ്റു.....

www.kkstories.com

"എന്താടാ... "

ചേച്ചിയാണ്... എന്റെ പെട്ടന്നുള്ള വെപ്രാളം കണ്ടിട്ട് ചോദിച്ചതാവും... പക്ഷെ അതിനൊന്നും മറുപടി കൊടുക്കാൻ എനിക്ക് നേരമോ ക്ഷമയോ ഉണ്ടായിരുന്നില്ല...

"ഡാ.... "

www.kkstories.com

ഞാൻ ആ ചെറുക്കന്മാരെ വിളിച്ചു... പെട്ടന്നുള്ള വിളിയായത്കൊണ്ട് ശബ്ദം കുറക്കാൻ ഒന്നും പറ്റിയില്ല...

എന്റെ വിളികെട്ടിട്ടാവണം... ചെക്കന്മാരുടെ മുഖത്ത് ഒരു വിറയൽ കാണാം...

"ഇങ്ങോട്ട് വന്നേ..."

അവരോട് ഞാൻ കൈ കാണിച്ച് വരാൻ പറഞ്ഞു...

www.kkstories.com

മടിച്ചു മടിച്ചാണെങ്കിലും അവർ എന്റടുത്തു എത്തി...

"നീ പറഞ്ഞ പ്രേതത്തിന്റെ കഥ ഇല്ലേ അതിന്റെ ബാക്കി പറഞ്ഞേ...."

അതിൽ ആ പറഞ്ഞുകൊണ്ടിരിക്കുന്നവനെ ചൂണ്ടി ഞാൻ പറഞ്ഞു...

അവർ വല്ലാതെ പേടിച്ചിട്ടുണ്ടായിരുന്നു...

www.kkstories.com

"നിനക്ക് എന്താ സിദ്ധു... വയ്യേ...വെറുതെ ആ കുട്ടികളെ പേടിപ്പിക്കാൻ നോക്കുന്നേ.... നിങ്ങൾ പൊക്കോ മക്കളെ... ഇവന് പ്രാന്ത.."

ദേവു ചേച്ചി ആ കുട്ടികളോടായി പറഞ്ഞു...

അവർ തിരിച്ചു പോവാൻ നിന്നതും....എന്റെ അടുത്ത വിളിയുമെത്തി...

"ഡാ... നിന്നോട് ഞാനാ ഇവിടേ വരാൻ പറഞ്ഞത്... "

www.kkstories.com

ആ കുട്ടികൾ ആകെ ഒരു ധര്മസങ്കടത്തിൽ ആണ്... ഇങ്ങനെപോയാൽ ഒന്നും നടക്കില്ല എന്ന് എനിക്ക് മനസ്സിലായി കാരണം ചെക്കന്മാർ ശരിക്കും പേടിക്കുന്നുണ്ട്...

കുറച്ച് മയപ്പെടാം....

"ഡാ.. മോനെ നീ പറഞ്ഞ ആ കഥയുടെ ബാക്കി ഒന്ന് പറഞ്ഞതാടാ...പറഞ്ഞു തന്നാൽ ദേ രണ്ടാൾക്കും ഞാൻ ഇത് തരാം.. "

പോക്കറ്റിൽ നിന്നും രണ്ട് അഞ്ഞൂറിന്റെ നോട്ടെടുത്തു അവരോടായി പറഞ്ഞു...

www.kkstories.com

സംഗതി എന്തായാലും ഏറ്റു...

"ഏത് മുതലാ.. വേണ്ടേ... "

അവൻ ആ പൈസ പോക്കറ്റിൽ ഇട്ടുകൊണ്ട് ചോദ്യഭാവേന ചോദിച്ചു...

"ആദ്യം മുതൽ പറഞ്ഞോ.... "

www.kkstories.com

ഞാൻ അവരോടായി പറഞ്ഞു... ചേച്ചിയും കല്ലുവും അരുണും ഓക്കേ ഇവിടേ എന്താ നടക്കുന്നേ എന്ന് മട്ടിൽ നോക്കിയിരിക്കുകയാണ്... അതോടൊപ്പം ചെക്കൻ പറയാൻ പോകുന്ന കഥക്കായി കാതോർക്കുകയും ചെയ്തു...

"ഞാനും ഏട്ടനും.... ഉത്സവത്തിന് പോയതായിരുന്നു അന്ന്... ഉത്സവം കഴിഞ്ഞ് അന്നദാനം നടത്തിയ ഇടം ഓക്കേ വൃത്തിയാക്കി ഇറങ്ങുമ്പോഴേക്കും സമയം ഒരുപാട് വൈകി.... ചേട്ടൻ എന്നോട് കാട്ടിലൂടെ ഉള്ള എളുപ്പവഴി പോവാം എന്ന് പറഞ്ഞു.... ഞാൻ വേണ്ട എന്ന് പറഞ്ഞെങ്കിലും നടന്നില്ല... അങ്ങനെ പാടം കഴിഞ്ഞ് കാട്ടിലൂടെ പോകുമ്പോൾ... ആ ഒഴിഞ്ഞു കിടക്കുന്ന വീട് ഇല്ലേ.. അവിടേ എത്തിയപ്പോൾ ചേട്ടന് ഒരു കാൾ വന്നു..... ചേട്ടൻ കുറച്ച് മാറി നിന്നു ഓരോന്ന് പറയാനും ഉമ്മവെക്കാനും ഓക്കേ തുടങ്ങി ഞാൻ ആണെങ്കിൽ അവിടേ അതൊക്കെ കണ്ട് അങ്ങനെ നിന്നു... ചേട്ടന്റെ ഫോൺ വിളിയും കഴിഞ്ഞ് ഞങ്ങൾ പോവാൻ തുനിഞ്ഞതും ഒരു ചേച്ചി കരയുന്ന ശബ്ദം കേട്ടു... ഞാനും ഏട്ടനും ഒരുപോലെ ഞെട്ടി.... ഞങ്ങൾ ചുറ്റും നോക്കി ഒന്നും കണ്ടില്ല... പിന്നേയും പോവാൻ തുടങ്ങിയത് ആ ശബ്ദം പിന്നെയും കേട്ടു... പക്ഷേ ആ ശബ്ദം വന്നത്... ആ ആളില്ലാത്ത വീട്ടിൽ നിന്നാണ് എന്ന് മനസ്സിലായി....ഞാനും ചേട്ടനും അങ്ങോട്ട് നോക്കി... അപ്പോൾ ഒരു ചേച്ചി ആ വീടിന്റെ വാതിലും തുറന്നു ഓടി വരുന്നത് കണ്ടു....ഓടിവന്ന ചേച്ചി പെട്ടന്ന് വീണു.. വീണിടത്തു നിന്നും ചേച്ചി ഇഴഞ്ഞു പോവാൻ തുടങ്ങി... ഇടക്ക് ഇടക്ക് ചേച്ചി ആ വാതിലിന്റെ ഉള്ളിലേക്ക് നോക്കുന്നത് കണ്ടു....ഞാൻ ചേട്ടനോട് പറഞ്ഞു വാ പോയി രക്ഷിക്കാം എന്ന്.. ചേട്ടനും വാ എന്ന് പറഞ്ഞു ആ വീട്ടിലേക്ക് പോവാൻ നിന്നതും...."

www.kkstories.com

അവൻ അതു പറഞ്ഞതും നിർത്തി... അവൻ വളരെ നന്നായി വിയർക്കുന്നുണ്ട്... വിറക്കുന്നുണ്ട് അവന്റെ കണ്ണുകളിൽ ഞാൻ ഒരു വല്ലാത്ത ഒരു തരം പേടി കണ്ടു...ഏതോ ഒരു തരം മാന്ത്രിക ലോകത്ത് എത്തിയത് പോലേ...

"നിന്നതും... "

ദേവു ചേച്ചി അവനേ കുലുക്കി പിന്നേയും ചോദിച്ചു....ആ കുലുക്കലിൽ സ്വബോധം വീണ്ടെടുത്ത അവൻ വെപ്രാളം പിടിച്ചു ചുറ്റും ഒന്ന് നോക്കി...

ശേഷം ഞങ്ങളുടെ എല്ലാവരുടെയും മുഖത്തേക്ക് മാറി മാറി നോക്കി വീണ്ടും പറയാൻ തുടങ്ങി...

www.kkstories.com

"ഞങ്ങൾ ആ ചേച്ചിയുടെ അടുത്തേക്ക് പോവാൻ നിന്നതും.... ഒരു രൂപം ആ വീട്ടിനുള്ളിൽ നിന്നും പുറത്തേക്ക് വന്നു..... ആ രൂപത്തെ കണ്ടതും ചേട്ടൻ എന്റെ വായ പൊത്തി മിണ്ടരുത് എന്ന് ആംഗ്യം കാട്ടി... ആ ചേച്ചി വളരെ ഉച്ചത്തിൽ നിലവിളിക്കുന്നുണ്ട്... ചേച്ചി എഴുന്നേറ്റ് വീണ്ടും ഓടാൻ തുനിഞ്ഞതും ആ രൂപം ചേച്ചിടെ മുടിയിൽ പിടിച്ചു... ശേഷം ചേച്ചിടെ കഴുത്തു പിടിച്ചു പൊക്കി... ചേച്ചിയുടെ ശബ്ദവും അനക്കവും പതിയെ പതിയെ നിലക്കുന്നത് പോലേ തോന്നി... ഞാനും ഏട്ടനും പേടികൊണ്ട് വല്ലാതെ വിറക്കുന്നുണ്ടായിരുന്നു.... ഒട്ടും അങ്ങാതെ ഞങ്ങൾ രണ്ടു പേരും അവിടേ അതൊക്കെ കണ്ട് അങ്ങനെ നിന്നു..... ആ രൂപം ചേച്ചിയേ പിടിച്ചു വീടിനുള്ളിലേക്ക് കയറാൻ തുടങ്ങുമ്പോൾ ആണ് ആരോ ടോർച് അടിക്കുന്നത് കണ്ടത്. അങ്ങോട്ട് നോക്കുമ്പോൾ രണ്ട് പേർ നടന്നു വരുന്നു.... അവർ വരുന്നത് നോക്കി എനിക്ക് പെട്ടന്നാണ് ആ ചേച്ചിയുടെ കാര്യം ഓർമവന്നത്

ശേഷം ആ വീട്ടിലേക്ക് നോക്കിയപ്പോൾ ചേച്ചി മുറ്റത്തു കിടക്കുന്നു....പക്ഷേ ആ വാതിൽ എല്ലാം അടഞ്ഞിരുന്നു.....വന്ന രണ്ടുപേർ കുറച്ചു നേരം ചുറ്റും നോക്കിയിട്ട് ആ വീട്ടിലോട്ട് പോയി... ഞങ്ങൾ അനങ്ങാതെ നിന്നു.... ആ രണ്ടു പേർ മുറ്റത്തു കിടക്കുന്ന ചേച്ചിയേ കണ്ടതും ചേച്ചിയുടെ അടുത്തേക്ക് പോയി.. ചേച്ചിയേ രക്ഷിക്കാൻ വന്നവർ

ആയിരിക്കണം എന്ന് ഞാൻ വിചാരിച്ചു....അതിന് ശേഷം ഞങ്ങൾ അവിടെ നിന്നില്ല എന്നേ കൂട്ടി ചേട്ടൻ വേഗം വീട്ടിലോട്ട്.. പോയി...."

എല്ലാം കേട്ടു കഴിഞ്ഞതും വല്ലാത്ത ഒരു മരവിപ്പിൽ ആയിരുന്നു ഞാൻ.... ദേവുചേച്ചിയെ നോക്കിയപ്പോൾ ആ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു...

www.kkstories.com

ഞാൻ ആ കുട്ടികളോട് പോവാൻ പറഞ്ഞു...

"മോനേ... "

തിരിച്ചു പോവാൻ തുടങ്ങിയ അവരെ കല്ല്യാണി വീണ്ടും വിളിച്ചു.... കല്ല്യാണിയുടെ വിളി കേട്ടവർ തിരിഞ്ഞു...

"അതൊരു കറുത്ത രൂപം ആയിരുന്നോ... ഒരു മനുഷ്യന്റെ ഓക്കേ വലുപ്പം തോന്നിപ്പിക്കുന്ന...? "

www.kkstories.com

"ആ.. ചേച്ചി ഏതാണ്ട് അത്പോലെ ഓക്കേ തന്നെയായിരുന്നു ചേച്ചിക്ക് എങ്ങനെ മനസ്സിലായി..."

അവർ കല്ല്യാണിയോട് ചോദിച്ചു...

"ഒന്നുല്ല... നിങ്ങൾ പൊക്കോ... "

കല്ല്യാണി അവരേ പറഞ്ഞു വിട്ടു അവർ പോവുന്നതിനു മുൻപ് രണ്ട് അഞ്ഞൂറിന്റെ നോട്ട്കളും അവൾ അവർക്കായി നൽകി..

"സിദ്ധു.... "

അവർ പോയി കഴിഞ്ഞതും കല്ല്യാണിയെന്നെ വിളിച്ചു ഒരുപാട് അർത്ഥം നിറഞ്ഞ വിളിയായിരുന്നു അത്.... അവൾ ഉദ്ദേശിക്കുന്നത് എന്താണ് എന്ന് എനിക്കും മനസ്സിലായി....

"കല്ല്യാണി നിനക്ക് അത് എങ്ങനെ മനസ്സിലായി... "

ചേച്ചിയുടെ ചോദ്യമെത്തി...

കുറച്ചു ദൃതിയിൽ എഴുതിയ പാർട്ടാണ് തെറ്റുണ്ടെങ്കിൽ ക്ഷമിക്കുക....

"സിദ്ധു.... "

www.kkstories.com

അവർ പോയി കഴിഞ്ഞതും കല്ല്യാണിയെന്നെ വിളിച്ചു. ഒരുപാട് അർത്ഥം നിറഞ്ഞ വിളിയായിരുന്നു അത്.... അവൾ ഉദ്ദേശിക്കുന്നത് എന്താണ് എന്ന് എനിക്കും മനസ്സിലായി....

"കല്ല്യാണി നിനക്ക് അത് എങ്ങനെ മനസ്സിലായി... "

ചേച്ചിയുടെ ചോദ്യമെത്തി.....

"ഏയ് അതൊന്നൂല്ല.... "

www.kkstories.com

കല്ല്യാണി മറുപടി പറയുന്നതിന് മുന്പേ ഞാൻ കയറി പറഞ്ഞു...

ചില സമയത്ത് ബുദ്ധി ഇല്ലാത്തതിന്റെ എക്സ്ട്രീം വേർഷൻ ആണ് കല്ല്യാണി.... ഈ ഒരു നിമിഷം അവൾക്ക് സംസാരിക്കാൻ കിട്ടിയാൽ നല്ല വൃത്തിക്ക് മൂഞ്ചും...

"ഞാൻ നിന്നോടല്ല ചോദിച്ചേ... കല്ലു മോളേ നീ പറ.... "

ദേവു ചേച്ചി വിട്ടുതരുന്ന പ്രശ്നമില്ല....

www.kkstories.com

മൈര്... ഒക്കെപ്പാടെ മൂഞ്ചും എന്ന തോന്നണേ.... ഒന്നാമത് ആ ചെക്കൻ പറഞ്ഞതിന്റെ പേടി മാറാതെ ഇരിക്കുമ്പോ ഇതും കൂടേ കേട്ടാൽ. പിന്നേ ദേവു ചേച്ചി ഞങ്ങളെ കൂട്ടിൽ ഇട്ട് വളർത്തും....

"അത്... അത്.. ചേച്ചി... "

കല്ല്യാണി എന്റെ മുഖത്ത് നോക്കി പരുങ്ങി പരുങ്ങിയാണ് അത് പറഞ്ഞത്...

www.kkstories.com

ഇങ്ങനെ പോയാൽ ഇവൾ നടന്നത് ഓക്കേ വിളമ്പും. ഒരു നുള്ള് കൊടുക്കാം... കുറച്ച് ബുദ്ധിയുണ്ടേൽ മനസിലാവുമായിരിക്കും...

എന്റെ കൈ അവളുടെ തുടകളെ ലക്ഷ്യമാക്കി ചലിച്ചു....

ലക്ഷ്യസ്ഥാനത്ത് എത്തിയ ഞാൻ പതിയേ കൈ അവളുടെ ആ വെണ്ണ പോലുള്ള തുടകളിൽ വച്ചു....

ഹോ എന്തൊരു സുഖം... തറവാട് ഒന്ന് എത്തട്ടെ... കുറച്ച് ദിവസങ്ങൾ ആയി ഒന്നും നടന്നിട്ടില്ല... ഇന്നെങ്കിലും ഒന്ന് സുഖിക്കണം...

www.kkstories.com

സ്പർശന സുഖത്തിൽ ലയിച്ചിരിക്കുന്ന എനിക്ക് പെട്ടന്നാണ് വിഷയത്തിൽ നിന്നും തെന്നി മാറുന്നു എന്ന ബോധമുണ്ടായത്....

പിന്നേ ഒന്നും നോക്കിയില്ല കഷ്ണം കൂട്ടി ഒരു നുള്ള് കൊടുത്തു.... പതുക്കെ തന്നെയാണ് നുള്ളിയത്...

നുള്ള് കിട്ടിയ അവൾ പെട്ടെന്നൊന്നു വിറച്ചു... ശേഷം എന്റെ മുഖത്തേക്ക് നോക്കി...

www.kkstories.com

ഞാൻ പറയല്ലേ എന്ന് തല വീശി കാട്ടി...

തല വീശിയതും ചെവിയിൽ ഒരു പിടിത്തവും ഒരുമിച്ചായിരുന്നു....

ഞാൻ നോക്കിയപ്പോ ദേവൂചേച്ചിയാണ്... കല്ല്യാണിയുടെ അപ്പുറത്തുനിന്നും എത്തിവലിഞ്ഞാണ് ചെവിക്ക് പിടിച്ചിരിക്കുന്നത്...

എന്നാലും അതെങ്ങനെ ഞാൻ നാച്ചുറൽ ആയിട്ടാണല്ലോ ചെയ്തത്... 😤

www.kkstories.com

"നീ അവളേ നുള്ളിട്ടൊന്നും കാര്യല്ല...കാര്യം പറയാതെ രണ്ടുപേരും ഇവിടുന്ന് പോവൂല്ല... "

ചേച്ചിയുടെ പിടിത്തത്തിന്റെ ശക്തി കൂടി കൂടി വന്നു.... ശരിക്കും നോവൻ തുടങ്ങി...

"ആ....."

അറിയാതെ വായിൽ നിന്നും ശബ്ദം വന്നു...

www.kkstories.com

എനിക്ക് ശരിക്കും വേദനിക്കുന്നു എന്ന് ചേച്ചിക്ക് മനസ്സിലായി കാണണം....

ചെവിയിൽ നിന്നും ചേച്ചി കൈ മെല്ലെ എടുത്തു.. ശേഷം പതുക്കെ പിടിച്ച ഭാഗം ഒന്ന് തലോടി....

പക്ഷേ ഞാൻ മൈൻഡ് ചെയ്യാൻ നിന്നില്ല... ചേച്ചിയുടെ കൈ ഞാൻ ഒരു കൃത്രിമ ദേഷ്യം വച്ച് തട്ടി കളഞ്ഞു...

ചേച്ചിക്ക് ഞാൻ പിണങ്ങി എന്ന് മനസ്സിലായി...

www.kkstories.com

ചേച്ചി അവിടേ നിന്നും എഴുന്നേറ്റ് എന്റെയും കല്യാണിയുടെയും നടുക്ക് വന്നിരുന്നു..

ശേഷം ചേച്ചി എന്റെ കയ്യിനുള്ളുകൂടെ കൈ കോർത്തുകൊണ്ട് തോളിൽ തലവച്ചു കിടന്നു.....

എന്റെ അഭിനയമൊക്കെ പാതി വഴിയിൽ മുറിഞ്ഞുപോയി... അറിയാതെ മുഖത്ത് ഒരു പുഞ്ചിരി വന്നു... അത് ചേച്ചി കൈയ്യോടെ പൊക്കുകയും ചെയ്തു... 🙂

"എന്റെ ചക്കര അഭിനയിച്ചതായിരുന്നോ... ശോ.. ചേച്ചിക്ക് മനസ്സിലായതേ ഇല്ല... "

www.kkstories.com

ചേച്ചി കളിയാക്കികൊണ്ടു കവിളിൽ തലോടികൊണ്ട് പറഞ്ഞു.....

ഞാൻ കല്ല്യാണിയേ ഒന്ന് നോക്കി അവൾ ചുണ്ടിലെ ചിരി ഒളിപ്പിക്കാൻ ശ്രമിക്കുകയാണ്..

അതൊരു കളിയാക്കി ചിരിയാണോ എന്ന് സംശയമില്ലാതില്ല...

അവളെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല....

www.kkstories.com

ചേച്ചി ചുറ്റും ആളുണ്ടോ എന്നൊന്നും നോക്കാറില്ല.... ചേച്ചിക്ക് ഞാൻ എപ്പോഴും കുട്ടിയാണ്... ദേവു ചേച്ചിക്ക് എന്നല്ല എന്റെ എല്ലാ ചേച്ചിമാർക്കും....

പക്ഷേ ഇപ്പോ ദേവു ചേച്ചിടെ സ്ഥാനത് പാറു വല്ലോം ആണേൽ ഒരു കുത്ത് കൊടുക്കാർന്നു...

"ഇനി... പറ കല്ലു അന്ന് എന്താ ശരിക്കും ഉണ്ടായേ... "

ചേച്ചി കളിയും ചിരിയും മതിയാക്കി വീണ്ടും സീരിയസ് മോഡിലേക്ക് കയറി... പക്ഷേ എന്റെ തോളിൽ കിടന്നുകൊണ്ട് തന്നെയാണ് ഇതൊക്കെ ചെയ്യുന്നത്...

www.kkstories.com

കല്ല്യാണി വെറുതെ എന്നേ ഒന്ന് പാളി നോക്കി... പക്ഷേ ഇപ്രാവശ്യം ഞാൻ ഒന്നിനും പോയില്ല....

കല്ല്യാണി അന്ന് നടന്ന കാര്യങ്ങൾ വള്ളി പുള്ളി തെറ്റാതെ പറയാൻ തുടങ്ങി.... ഓരോ സന്ദർഭത്തിനനുസരിച്ച് അവളുടെ ഓരോ എക്സ്പ്രഷനും മാറി മാറി വന്നു...

ചുരുക്കി പറഞ്ഞാൽ ഒരു അര മണിക്കൂർ കല്ല്യാണിയുടെ നാടക പ്രദർശനമായിരുന്നു...

www.kkstories.com

എല്ലാതും പറഞ്ഞതിന് ശേഷം കല്ല്യാണി ഒരു നെടുവീർപ്പിട്ടു....

ഞാൻ ചേച്ചിയേ നോക്കിയപ്പോൾ കാണുന്ന മുഖഭാവം എനിക്ക് ഒരിക്കലും പരിചിതമല്ലായിരുന്നു....

"നീ... എന്താ സിദ്ധു ഇതൊന്നും ഞങ്ങളോട് പറയാതിരുന്നേ.... "

ദേവു ചേച്ചി ശബ്ദം അൽപ്പം കൽപ്പിച്ചു...

www.kkstories.com

"ചേച്ചി... സത്യം പറഞ്ഞാ അത് എന്തായിരുന്നു എന്ന് എനിക്ക് ഇപ്പോഴും ഉറപ്പില്ല.... ഏകദേശം ആ കല്ല്യാണി പറഞ്ഞതു പോലേ ഒരു മനുഷ്യ രൂപം പോലേ ഓക്കേ ഉണ്ടായിരുന്നു... പക്ഷേ ഉറപ്പിച്ചു പറയാൻ എനിക്ക് എന്തോ ഇപ്പോഴും പറ്റുന്നില്ല... "

ഞാൻ ചേച്ചിയോട് ഒരു തരം നിർവികാരത്തിൽ പറഞ്ഞു...പക്ഷേ അതൊരു നുണയായിരുന്നു....

അത് ഈ പറഞ്ഞപോലെ മനുഷ്യരൂപം തന്നെയാണ് എന്ന് എനിക്ക് ഏകദേശം ധാരണയുണ്ടായിരുന്നു... പക്ഷേ പെട്ടെന്ന് ഈ പ്രേതത്തിനും മന്ത്രവാതത്തിനും പുറകെ പോവാൻ ഒരു മടി

"എന്നാലും മോനേ ഇതൊക്കെ നിനക്ക് ഞങ്ങളോടും കൂടേ ഒന്ന് പറയാമായിരുന്നില്ലേ... ഇവിടേ നിൽക്കുന്നത് തന്നെ നിനക്ക് വേണ്ടിയല്ലേ...എന്നിട്ട് നീ തന്നെ ഇങ്ങനെയൊക്കെ ചെയ്താലോ..."

www.kkstories.com

"ചേച്ചി.... ഒന്നാമത് നിങ്ങളൊക്കെ നന്ദു ചേച്ചിടെ കാര്യത്തിന്റെ ടെൻഷനിൽ ആയിരുന്നില്ലേ. അതിന്റെ കൂടേ ഇതുങ്കൂടെ പറഞ്ഞു ടെൻഷൻ അടിപ്പിക്കണ്ട എന്ന് വിചാരിച്ചു...എന്തായാലും പേടിക്കാൻ മാത്രം ഒന്നും സംഭവിച്ചില്ലല്ലോ.... "

"ദേ... ഒന്നങ്ങട്ട് കിട്ടും ചെക്കാ എന്റേന്ന്. പേടിക്കാൻ മാത്രം ഒന്നും... സംഭവിച്ചില്ല എന്നോ...? എന്നിട്ടാണോ കാർ മറിയാനും വീഴാനും ഓക്കേ പോയേ..."

ചേച്ചിയുടെ മുഖം ദേഷ്യംകൊണ്ട് ചുവന്ന് വരുന്നത് ഞാൻ കണ്ടു....

www.kkstories.com

ഇനി മിണ്ടാതെ ഇരിക്കാം അതാ നല്ലത്....

പിന്നീട് അങ്ങോട്ട് ചേച്ചിയുടെ ഒരു ക്ലാസ്സ് തന്നെയായിരുന്നു.... ഞാൻ എല്ലാത്തിനും മൂളിക്കൊണ്ടിരുന്നു....കുറച്ച് കഴിഞ്ഞ് നിർത്തുമായിരിക്കും....

ഞാൻ കല്ല്യാണിയേ ഒന്ന് നോക്കി...

www.kkstories.com

ഇപ്പോ നിനക്ക് സമാധാനമായോടി പുല്ലേ...

എന്നേ ഉപദേശിക്കുന്നത് കണ്ട് ആസ്വദിച്ചു ഇരിക്കുകയാണ് ചെറ്റ...

ശരിയാക്കിത്തരാം... 😉

"എന്നോട് മാത്രമല്ല അവളോടുംകൂടെ പറ.."

www.kkstories.com

ഞാൻ കല്ല്യാണിയേ ചൂണ്ടി കാട്ടി ചേച്ചിയോടായി പറഞ്ഞു....

അങ്ങനെ എനിക്ക് മാത്രം കിട്ടുമ്പോ ഒരു സുഖം ഇല്ലല്ലോ.... നീ കൂടേ കേൾക്ക്..😌

"നിങ്ങൾക്ക് ഒന്ന് അവിടം വരേ വന്നാൽ എന്താ കുട്ട്യോളെ... "

ചേച്ചി കല്ല്യാണിയുടെ നേരേ തിരിഞ്ഞ് ഉപദേശിക്കാൻ നിന്നതും.... അമ്മയുടെ ശബ്ദം ഞാൻ കേട്ടു...

www.kkstories.com

കേട്ട ദിശയിലേക്ക് നോക്കുമ്പോൾ കാണുന്നത് എല്ലാവരും കൂട്ടമായി വരുന്നതാണ്....

ഓഹ് ഇത്രപെട്ടെന്ന് കഴിഞ്ഞോ.....ഞാൻ വാച്ചിലേക്ക് ഒന്ന് നോക്കി...അപ്പോഴാണ് മനസ്സിലായത് അത്ര പെട്ടെന്നൊന്നുമല്ല കഴിഞ്ഞത് എന്ന്.... കല്ല്യാണിയുടെ കഥാപ്രസംഗം കാരണമാവം... സമയം കുറച്ച് കഴിഞ്ഞിരിക്കുന്നു....

"ഇവളുടെ മുഖമെന്താ സിദ്ധു വല്ല കടുന്നൽ കുത്തിയ പോലേ ഇരിക്കുന്നേ... "

അമ്മ ദേവുചേച്ചിയെ ഒന്ന് പാളി നോക്കി എന്നോടായി പറഞ്ഞു.....

www.kkstories.com

"എന്റെ മുഖം എങ്ങനെയിരുന്നാലും നിങ്ങൾക്കെന്താ തള്ളേ...."

ചേച്ചിടെ കയ്യിന്ന് അമ്മക്കുള്ളത് കിട്ടി....ഇനി മിണ്ടിയാൽ ഇനിയും കിട്ടും എന്ന് കരുതിയാവണം അമ്മ പിന്നേ ഒന്നും പറഞ്ഞില്ല..

"അമ്മ ഒന്ന് മിണ്ടാതെ ഇരുന്നേ ചേച്ചിക്ക് പ്രാന്താണ് കുറച്ച് കഴിയുമ്പോൾ മാറിക്കോളും... "

പക്ഷേ പാറുവിന് എവിടെയൊക്കെയോ ചൊറിയുന്നുണ്ടായിരുന്നു....

www.kkstories.com

ഒരു ഫോൺ അല്ലേ ആ പോകുന്നേ....

ആ പറന്നു പോവുന്ന ഫോൺ പാറുവിനുള്ള ചേച്ചിയുടെ സമ്മാനമായിരുന്നു... പാറു കൃത്യസമയത്ത് ഒന്ന് ചെരിഞ്ഞതുകൊണ്ട് ഒന്ന് തട്ടി തെറിക്കുകമാത്രമേ ചെയ്തുള്ളു....പാറുവിന്റെ ദേഹത്ത് തട്ടിയും ഫോൺ കുറച്ച് ദൂരം പറന്നു പോയി...

ശരിക്കും കൊണ്ടിരുന്നെങ്കിൽ.... പാറു കരയുമായിരുന്നു എന്ന് ഏകദേശം ഉറപ്പാകുന്ന തരത്തിലുള്ള ഏറ്

അല്ലെങ്കിലും ചേച്ചിയുടെ കയ്യിൽ നിന്നും ഇരന്നു വാങ്ങുന്നത് പാറുവിന് പണ്ടേയുള്ള സ്വഭാവമാണല്ലോ.....

www.kkstories.com

"ആ..... അമ്മേ.... നോക്ക് ഇത്.... "

ഏറു കിട്ടിയതുകൊണ്ടാവാം... പാറുവിൽ നിന്നും ശബ്ദങ്ങൾ ഓക്കേ വരാൻ തുടങ്ങി...

"ചോദിച്ചു വാങ്ങിയതല്ലേ... കൊണ്ടോ.... "

അമ്മക്കൂടെ കയ്യൊഴിഞ്ഞപ്പോ..... എന്തിനോ വേണ്ടി തിളച്ച സാമ്പാർ ആയി പാറു....

www.kkstories.com

"ഒന്നടങ് കുട്ട്യോളെ... പ്രായം ഇത്രയായില്ലേ... ദേവു... നിനക്കെങ്കിലും കുറച്ച് ഉത്തരവാദിത്തത്തോടെ പെരുമാറിക്കൂടെ.."

അച്ഛന്റെ ഉപദേശമെത്തി...

പക്ഷേ ദേവു ചേച്ചി മറുപടി പറയാൻ ഒന്നും പോയില്ല.... അത് ഒഎടിയുണ്ടായിട്ടൊന്നുമല്ല... എന്തേലും പറഞ്ഞാൽ പിന്നേ അങ്ങോട്ട് ഉപദേശങ്ങളോട് ഉപദേശമായിരിക്കും....ഇപ്പോ മിണ്ടാതെ ഇരുന്നാൽ കുറച്ചു കഴിഞ്ഞാൽ പൊക്കോളും....

www.kkstories.com

ചേച്ചി പാറുവിനെ ഒന്ന് കൂർപ്പിച്ചു നോക്കിയിട്ട് എറിഞ്ഞ ഫോൺ പെറുക്കിയെടുത്തു...

"എന്ന പോയാലോ ഏട്ടാ... "

ചെറിയച്ഛൻ അച്ഛനോടായി പറഞ്ഞു....

"ഹ പോവാം... "

www.kkstories.com

ശേഷം എല്ലാവരും ഇന്നത്തെ ബഹളങ്ങൾ ഓക്കേ കഴിഞ്ഞ് ക്ഷേത്രത്തിൽനിന്നും പുറപ്പെട്ടു...

വരമ്പിലൂടെ വരിവരിയായി നടക്കുകയാണ് ഞങ്ങൾ....ഏറ്റവും ബാക്കിൽ ഞാനും കല്ല്യാണിയുമാണ്...

എല്ലാരും എന്തോക്കെയോ സംസാരിക്കുന്നത് ഓക്കേ കേൾക്കാം... പക്ഷേ എന്റെ ശ്രദ്ധ മുഴുവൻ പോയത് കല്ല്യാണിയിലേക്കാണ്....

ഒരു സെറ്റ് സാരിയുടുത്ത് നടന്നുപോവുന്ന കല്ല്യാണിയുടെ മേനിയുടെ സൗന്ദര്യം... അത് വിവരിക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു....അത് ആസ്വദിക്കാൻ നിലാവിന്റെ വെട്ടം മാത്രം മതിയായിരുന്നു എനിക്ക്....

www.kkstories.com

പിന്നേ ഒന്നും നോക്കിയില്ല എന്റെ മുമ്പിലായി

പോകുന്ന കല്ല്യാണിയുടെ ചന്തിയിലായി ഒരു പിടി പിടിച്ചു.....

പെട്ടെന്ന് അങ്ങനെ ഒരു പിടിത്തം പിടിച്ചതുകൊണ്ടാവാം... കല്ല്യാണി ഒന്ന് ഞെട്ടുകയും ശബ്ദമുണ്ടാക്കുകയും ചെയ്തു.....

മൈര്.....

www.kkstories.com

അവളുടെ ശബ്ദം കെട്ടിട്ടെന്നോണം എല്ലാവരും ഒന്ന് തിരിഞ്ഞു നോക്കി.....

"എന്താ... കല്ലു മോളേ എന്ത് പറ്റി...."

അമ്മയാണ് അത് ചോദിച്ചത്....

അമ്മയുടെ മറുപടി കേട്ടെന്നോണം... കല്ല്യാണി എന്റെ മുഖത്ത് നോക്കി.... ശേഷം...

www.kkstories.com

"ഒന്നുല്ല അമ്മേ ഒന്ന് വീഴാൻ പോയതാ... "

അവൾ എന്റെ മുഖത്ത് കൂർപ്പിച്ചു നോക്കിക്കൊണ്ട് തന്നെയാണ് മറുപടി കൊടുത്തത്

ഞാൻ ഒരു വളിഞ്ഞ ചിരി അവൾക്ക് പാസ്സ് ആക്കി....😁

വിശ്വാസയോഗ്യമായ മറുപടിയായതിനാൽ എല്ലാവരും പിന്നേയും നടക്കാൻ തുടങ്ങി...

www.kkstories.com

എല്ലാവരും നടക്കാൻ തുടങ്ങി എന്ന് ഉറപ്പാക്കിയതിന് ശേഷം കല്ല്യാണി അവളുടെ സ്പെഷ്യൽ കുത്ത് ഒരെണ്ണം കുത്തി....

"എന്താടി... 😤"

"അതേയ്.... ആവശ്യമില്ലാതെ ഓരോന്ന് ഓക്കേ ഒപ്പിച്ചാൽ ഇങ്ങനെ ഓരോന്നൊക്കെ കിട്ടും....മനസ്സിലായോ...."

അത് പറയുമ്പോ അവളുടെ മുഖത്ത് ഒരു കള്ളച്ചിരിയുണ്ടായിരുന്നു...

www.kkstories.com

"അത്രക്കായോ.... എന്നാൽ അതൊന്ന് അറിഞ്ഞിട്ടുതന്നെ കാര്യം 😏..."

ഞാൻ അവളുടെ ഇടുപ്പിലൂടെ കൈ ഇട്ടുകൊണ്ട് അവളേ എന്നിലേക്കു കൂടുതൽ ചേർത്തി...

"ദേ സിദ്ധു... ഒതുങ്ങി നിന്നെ... എല്ലാവരും ശ്രദ്ധിക്കും...."

അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു...

www.kkstories.com

"ശ്രദ്ധിച്ചോട്ടെ...."

ഞാൻ അവളുടെ വയറിൽ തഴുകികൊണ്ട് പറഞ്ഞു....

ഹോ എന്തൊരു തണുപ്പ് അതിലേക്ക് മുഖം പൂഴ്ത്താൻ തോന്നി.....

പതിയേ എന്റെ കൈ അവളുടെ അളവുകൾ എടുക്കാൻ തുടങ്ങി...

www.kkstories.com

കൈ പരതി പരതി... അവസാനം ആ മുലകളെ ലക്ഷ്യമാക്കി പോയി.... കയ്യിൽ കിട്ടിയതും അതിനെയും രണ്ട് ഞെക്ക് ഞെക്കി.... സ്ഥലവും സന്ദർഭവും ശരിയാവാത്തതിനാൽ അധികം ഒന്നും ചെയ്യാൻ പറ്റിയില്ല എന്നാലും ആവശ്യത്തിനുള്ള സുഖം കിട്ടി....

"അയ്യേ വൃത്തികെട്ടവൻ.... വിട്ടേ എന്നേ..."

അവൾ അതും പറഞ്ഞു എന്നിൽ നിന്നും കുതറി മാറാൻ നോക്കി.പക്ഷേ അതിനുള്ള ശക്തി മാത്രം അവൾക്കുണ്ടായിരുന്നില്ല...അവളേ ഞാൻ എന്നിലേക്ക് വീണ്ടും വലിച്ചിട്ടു....

ശേഷം വീണ്ടും കലാപരുപാടി തുടർന്നു... ഞങ്ങൾ കുറച്ച് ബാക്കിലായി..... ഞങ്ങടെ സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആവണ്ട എന്ന് കരുതിയാവും ആരും ശല്യപെടുത്താൻ ഒന്നും വന്നില്ല.... കല്ല്യാണിക്ക് നല്ല പേടിയുള്ളതിനാൽ അവൾ ഇടക്ക് ഇടക്ക് അവരെ ശ്രദ്ധിക്കുന്നത് കാണാം...

www.kkstories.com

അവൾക്കു ഇഷ്ട്ടപെടുന്നുണ്ടെന്ന് മനസ്സിലായതും...അവളേ കൂടുതൽ എങ്ങനെ സുഖിപ്പിക്കാം എന്ന് മാത്രമേ എന്റെ മനസിലുണ്ടായിരുന്നുള്ളു.... കൂടുതൽ ഒന്നും ചെയ്യാൻ പറ്റില്ലെങ്കിലും ഞാൻ പഠിച്ച എല്ലാ വിദ്യകളും എന്റെ കല്ലുവിന്റെ സുഖത്തിനായി ഞാൻ പ്രയോഗിച്ചു.... 😌

ഏകദേശം ഞങ്ങൾ പാടം കഴിയാറായിരുന്നു....

"സിദ്ധു... മതിയെടാ... ഞാൻ...ഞാൻ ബാക്കി രാത്രി തരാം....."

www.kkstories.com

"നീ എന്താ കല്ല്യാണി ഈ പറയുന്നേ.... കാടല്ലേ ഇതിന് പറ്റിയ സ്ഥലം എന്നിട്ട് കാട് എത്തിയിട്ട് നിർത്താൻ പറയാണോ... 😤"

ഞാൻ അവളുടെ ചെവിയിൽ സ്വകാര്യം പറയുന്നപോലെ പറഞ്ഞു... അവൾ ഒന്ന് വിറച്ചത് ഞാൻ ശ്രദ്ധിച്ചു...

"വേണ്ടടാ... എന്റെ പൊന്നല്ലേ... ഞാൻ കിടക്കുമ്പോ സത്യായിട്ടും തരാം... എന്റെ പൊന്ന് എത്ര വേണേലും പിടിച്ചോ.. പക്ഷേ ഇപ്പോ നിർത്ത് പ്ലീസ്..."

അവളുടെ സ്വരം ദയനീയമാവാൻ തുടങ്ങി....

www.kkstories.com

"ഉറപ്പാണോ.... "

അപ്പോഴേക്കും ഞങ്ങൾ പാടം കഴിഞ്ഞിരുന്നു....

"എന്റെ പൊന്നാണേ സത്യം.... ഞാൻ രാത്രി എത്രവേണേലും തരാം.... "

www.kkstories.com

അവളുടെ മുഖത്ത് ആശ്വാസത്തിന്റെ തെളിച്ചം ഓക്കേ വന്നിരുന്നു...

"മ്മ്... ശരി... ശരി... എന്ന ലാസ്റ്റ് ആയിട്ട് ഒന്നൂടെ പിടിക്കാൻ താ..."

"സിദ്ധു.....😡"

അവളുടെ മുഖത്ത് ദേഷ്യം ഇരച്ചു കേറാൻ തുടങ്ങി...

www.kkstories.com

അതുകണ്ടതും പിന്നേ ഞാൻ മിണ്ടാൻ പോയില്ല... ഇത്ര ജാഡ ഉള്ളവളുടെ മുലയൊന്നും എനിക്ക് വേണ്ട... 😤

ഞാൻ അവളേ മൈൻഡ് ചെയ്യാതെ നടക്കാൻ തുടങ്ങി...

കല്ല്യാണി ഓരോന്ന് പറഞ്ഞു സംസാരിക്കുന്നുണ്ടെങ്കിലും... ഞാൻ ഒന്നോ രണ്ടോ വാക്കിൽ മറുപടി കൊടുത്തു....

എന്റെ താൽപ്പര്യമില്ലാത്തമട്ടിലുള്ള മറുപടി കേട്ടിട്ടാവണം കല്ല്യാണി തോണ്ടാനും പിടിക്കാനും ഓക്കേ തുടങ്ങി....

www.kkstories.com

"പിണക്കത്തിലാണോ..... "

എന്റെ കയ്യിനുള്ളിൽ കൈ കോർത്തുകൊണ്ടവൾ പറഞ്ഞു....

"അല്ല.... "

അവളേ നോക്കാതെയാണ് ഞാൻ അത് പറഞ്ഞത്....

www.kkstories.com

"പിന്നെന്താ മിണ്ടാതെ നടക്കുന്നേ.... "

കല്ല്യാണി അവളുടെ കുട്ടികളുടെ സ്വഭാവം എടുത്തു തുടങ്ങിയിരിക്കുന്നു....അവളുടെ ഈ സ്വഭാവമാണ് പേടിക്കേണ്ടത്....അവൾക്ക് എന്ത് സാധിക്കാനുണ്ടെങ്കിലും പെട്ടന്ന് അവൾ ഈ സ്വഭാവമെടുക്കും... ഒന്ന് മറുത്ത് പറയാൻ പോലും നമ്മുക്ക് തോന്നില്ല അത്രക്കും ക്യൂട്ട് ആയിരിക്കും അവൾ....

ഇന്ന് ഇതൊന്നും എന്റെ പക്കൽ നടക്കില്ല മോളേ കല്ല്യാണി...

"സിദ്ധു.... മിണ്ടടാ... പ്ലീസ്.... ഞാൻ രാത്രി തരാം എന്ന് പറഞ്ഞില്ലേ.... "

www.kkstories.com

"നീ ഒന്ന് ശല്യപെടുത്താതെ നടന്നേ കല്ല്യാണി... "

"പറ്റില്ല... എന്നോട് മിണ്ടാതെ ഞാൻ ഇനി എങ്ങോട്ടും വരില്ല.... "

പറഞ്ഞു കഴിഞ്ഞതും നടന്നുകൊണ്ടിരുന്ന കല്ല്യാണി പെട്ടെന്ന് നിന്നു.....

അവരൊക്കെ കുറച്ച് മുമ്പിൽ എത്തിയിരുന്നു... ഇപ്പോൾ ഏകദേശം ഞാനും കല്ല്യാണിയും ആ സ്ഥലത്ത് ഒറ്റക്കായത് പോലെയാണ്....

www.kkstories.com

"കല്ല്യാണി നീ വെറുതെ കളിക്കാൻ നിൽക്കാതെ നടക്കാൻ നോക്ക്..... "

"നീ പൊക്കോ ഞാൻ ഇല്ല.... "

"അതെന്താ നീ ഇവിടേ പെറ്റ് കിടക്കാൻ പോവാണോ..... ഞാൻ ലാസ്റ്റ് ആയിട്ട് പറയാ.. മര്യാദക്ക് നടന്നോ.... "

www.kkstories.com

"ഞാൻ ഇല്ല... "

വാശി കാണിക്കാൻ നോക്കിയാൽ കല്ല്യാണിയേ തോൽപ്പിക്കാൻ പറ്റില്ല എന്ന് എനിക്ക് ആദ്യമേ മനസ്സിലായ കാര്യമാണ്.... പക്ഷേ സ്ഥലവും സന്ദർഭവും നോക്കാതെയുള്ള ഇവളുടെ ഈ സ്വഭാവം കാണുമ്പോളാണ്... കാല് വാരി നിലത്തടിക്കാൻ തോന്നുന്നത്.. 😤

"എന്നാ.. നീ ഒരു കാര്യം ചെയ്യ്... ഇവിടേ നിന്നോ വരണം എന്ന് തോന്നിയാൽ മാത്രം വന്നാൽ മതി.... "

അതും പറഞ്ഞു ഞാൻ നടക്കാൻ തുടങ്ങി.... അത്യാവശ്യം ദേഷ്യം തോന്നിയതിനാൽ നടക്കുന്നതിനെയും അത് ബാധിച്ചിരുന്നു.. അത്യാവശ്യം സ്പീഡിൽ തന്നെയാണ് ഞാൻ നടന്നത്...

www.kkstories.com

അവളിൽ നിന്നും ഞാൻ പതിയേ അകലാൻ തുടങ്ങി....

അവളിൽ നിന്നുമുള്ള ദൂരം കൂടുന്നതിനനുസരിച് ഹൃദയമെടുപ്പ് കൂടാൻ തുടങ്ങി... ഒപ്പം നന്ദു ചേച്ചിക്ക് പറ്റിയത് മനസ്സിലേക്ക് വരാനും തുടങ്ങി.....

അത്രമാത്രമേ... എനിക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞുള്ളു... ഇത്തവണയും അവളുടെ വാശി ജയിച്ചോട്ടെ..... ഒന്നല്ലെങ്കിലും അവൾ എന്റെ കല്ലുവല്ലേ....❤️‍🩹

ഞാൻ നടത്തം മതിയാക്കി പെട്ടെന്ന് തിരിഞ്ഞു....

www.kkstories.com

തിരിഞ്ഞപ്പോൾ കാണുന്നത്.... കയ്യും കെട്ടി എന്നേ തന്നെ നോക്കി നിൽക്കുന്ന കല്ല്യാണിയേയാണ്....അവളുടെ മുഖത്തെ ഭാവം എനിക്ക് മനസിലാവുന്നുണ്ടായിരുന്നില്ല

ഞാൻ അവളുടെ അടുത്തേക്ക് നടന്നു....

അവളുടെ അടുത്തേക്ക് ഓരോ ചുവട് വക്കുമ്പോഴും മനസ്സ് കുറ്റബോധത്താൽ മുറുകിയിരുന്നു....

തമാശക്കാണെങ്കിൽ പോലും അവളേ തനിച്ചാക്കി പോവാൻ പാടില്ലായിരുന്നു ഞാൻ..

www.kkstories.com

ഞാൻ അവളുടെ അടുത്ത് എത്തിയപ്പോഴും അവൾ അതേ നിൽപ്പാണ്. പക്ഷേ അവളുടെ ശരീരം വിറക്കുന്നതും കണ്ണീരൊഴുകുന്നതും ഞാൻ ആ നിലാവിന്റെ വെളിച്ചത്തിൽ വ്യക്തമായി കണ്ടു.

പാവം നന്നായി പേടിച്ചിട്ടുണ്ട്. പക്ഷേ വാശി കാരണമാണ് അവൾ താൻ എടുത്ത് തീരുമാനത്തിൽ നിന്നും പിന്മാറാതെ നിൽക്കുന്നത്

നിറകണ്ണുകളുമായി നോക്കിനിൽക്കുന്ന കല്യാണിയെ കണ്ടപ്പോൾ എനിക്കും അധികം നേരം പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല

www.kkstories.com

ഞാൻ അവളെ വാരിപ്പുണർന്നു

"സോറി..."

അവളുടെ നെറ്റിയിൽ ഒരു ചുംബനം കൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു....

അത്രയും നേരം അവളുടെ കണ്ണിൽ തങ്ങിനിന്ന കണ്ണുനീർ അവളുടെ കവിളിലൂടെ ഒഴുകാൻ തുടങ്ങി

www.kkstories.com

ശബ്ദമില്ലാതെ ഒരു ശില പോലെ നിന്നിരുന്ന അവൾ ഇപ്പോൾ എന്റെ നെഞ്ചിൽ മുഖം ഒളിപ്പിച്ചു എങ്ങി കരയുകയാണ്.....

ഞാൻ ചുറ്റും ഒന്നു വെറുതെ നോക്കി ആ കാട്ടിൽ ഞാനും എന്റെ നെഞ്ചിൽ കെട്ടിപ്പിടിച്ച് കരയുന്ന കല്ല്യാണിയുമല്ലാതെ വേറെ ഒരു മനുഷ്യന്റെയും സാന്നിധ്യം എനിക്ക് അറിയാൻ കഴിഞ്ഞില്ല...

അവരൊക്കെ അത്യാവശ്യം മുമ്പിൽ എത്തിയിരിക്കുന്നു.....

www.kkstories.com

ഫോണിൽ കോൾ ഒന്നും വരാത്തത് കാരണം അവർ ഞങ്ങൾ പിന്നിൽ ആയത് അറിഞ്ഞില്ല എന്ന് എനിക്ക് മനസ്സിലാ

യി...

കല്യാണിയെ കൊണ്ട് ഇനിയും ഇവിടെ നിൽക്കുന്നത് നല്ലതല്ല എന്ന് മനസ്സ് പറയാൻ തുടങ്ങി. അതിന് ശരിവയ്ക്കും രീതിയിലായിരുന്നു ചുറ്റുപാടുമുള്ള പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദം

ഈ മൈരുകൾക്കൊക്കെ രാത്രിയായാൽ ഉറങ്ങിക്കൂടെ... വെറുതെ മനുഷ്യന്റെ സമാധാനം കളയാനായിട്ട്...

www.kkstories.com

പക്ഷേ ഇവിടുത്തെ ഏറ്റവും വലിയ പ്രശ്നം അതല്ല.... ഇനി ഈ കരയുന്നവളെ പിടിച്ച് സമാധാനിപ്പിക്കാതെ ഇവിടുന്ന് എങ്ങോട്ടും പോകാൻ സാധിക്കില്ല

"അയ്യേ എന്റെ കല്ലു കരയുകയാണോ ഇതിനാണോ നീ ഇത്രയും നേരമായിട്ട് ഈ കണ്ട ബിൽഡ് ഒക്കെ കാണിച്ചത്"

കുറച്ച് പഞ്ചാരയാവാൻ തന്നെ ഞാൻ തീരുമാനിച്ചു

ഒന്നല്ലെങ്കിലും അവൾ എന്റെ കല്ല്യാണിയല്ലേ....😌

www.kkstories.com

അവൾ എന്നേ കെട്ടിപിടിച്ചു നിൽക്കുകതന്നെയാണ്...

"അതേയ് ഇങ്ങനെ കെട്ടിപ്പിടിച്ചു നിന്നാൽ മതിയോ? പോവാൻ നോക്കണ്ടേ...."

ഞാൻ അവളുടെ മുഖം കോരിയെടുത്തു കൊണ്ട് ചോദിച്ചു.... ഇപ്പോൾ ആൾ കുറച്ച് ഒതുങ്ങിയിട്ടൊക്കെയുണ്ട്...

"പോടാ...."

www.kkstories.com

ഒരു കപട ദേഷ്യത്തിലാണ് അവളത് പറഞ്ഞത്. പിന്നെ കല്യാണിയുടെ സ്പെഷ്യൽ കുത്തിന്റെ കാര്യം പറയേണ്ടല്ലോ അതും കിട്ടി രണ്ടെണ്ണം.....

" ഇപ്പോൾ പിണക്കം മാറിയോ"

ഞാൻ അവളോട് ചോദിച്ചു.....

"ഇല്ല...."

www.kkstories.com

ഒരു കുറുമ്പോടേ അവൾ പറഞ്ഞു....

"എന്റെ കല്ലുന്റെ പിണക്കം മാറ്റാൻ ഞാൻ ഇനി എന്താ ചെയ്യേണ്ടത്.... "

അവളുടെ ചുണ്ടു വലിച്ചിക്കൊണ്ട് ഞാൻ ചോദിച്ചു....

മ്മ് സംഗതി എൽക്കുന്നുണ്ട് അവൾക്ക് നാണം ഓക്കേ വരാൻ തുടങ്ങിയിരിക്കുന്നു....

www.kkstories.com

ചുറ്റിനും ആരും കേൾക്കാനും പറയാനും ഇല്ല എന്ന ധൈര്യമായിരുന്നു എന്റെ വാക്കുകളിൽ പ്രതിഫലിച്ചത്....

ചേച്ചിമാരൊക്ക ഉണ്ടെങ്കിൽ ഇങ്ങനെ സംസാരിക്കുന്നത് പോയിട്ട് ഒന്ന് ചിന്തിക്ക പോലുമില്ല ഞാൻ. എന്തെങ്കിലും ഓക്കേ കിട്ടാൻ കാത്തുനിൽക്കാണ് അവർ... കാരണം ഈ കല്യാണത്തിന് അത്രമാത്രം എതിർത്ത ഒരുത്തൻ അല്ലേ ഞാൻ...ആ ഞാൻ തന്നെ ഇങ്ങനെ പഞ്ചാരയാവുന്നത്കണ്ടാൽ.... 😐

"കാല് വേദനിക്കുന്നു... "

അവളുടെ മുഖത്തെ കള്ളലക്ഷണം മാത്രം മതിയായിരുന്നു അവൾ കിട്ടിയ ചാൻസ് മുതൽ എടുക്കുകയാണ് എന്ന് മനസ്സിലാക്കാൻ....

www.kkstories.com

"അയിന്....."

അവളേ ഒന്ന് കളിപ്പിക്കാൻ തന്നെ ഞാൻ തീരുമാനിച്ചു.....

"അതിനോ.... അതിന്....കുന്തം.....നീ ഒന്ന് പോടാ.... "

അവൾ അവളുടെ മുഖത്തെ കണ്ണു നീർ പാടുകൾ തുടച്ചുകൊണ്ട് പറഞ്ഞു...

www.kkstories.com

ശേഷം എന്റെ മുഖത്തേക്ക് നോക്കി കുറച്ച് പുച്ഛം വാരി വിതറി എന്നെയും തട്ടിമാറ്റി നടക്കാൻ തുടങ്ങി....

മൈര്.... എന്തൊരു സ്പീഡ്... ഇവൾക്ക് ഇത്ര വേഗത്തിൽ ഓക്കേ നടക്കാൻ പറ്റോ....

"ഹ.. കല്ലൂസ്... അപ്പോഴേക്കും പിണങ്ങിയോ....."

www.kkstories.com

ഞാൻ അവളുടെ കൈ പിടിച്ചു നിർത്തികൊണ്ട് പറഞ്ഞു....

എന്നേ മൈൻഡ് ചെയ്യാതെ ജാഡ ഇട്ടുകൊണ്ട് തന്നെ നിക്കാണ് ചെറ്റ.... ഒരു ചവിട്ട് അങ്ങ് കൊടുത്താലോ....

"ഇപ്പോ പ്രശ്നം കാല് വേദനിക്കുന്നു അത്രല്ലേ ഉള്ളു....?"

"മ്മ്...."

www.kkstories.com

"മ്മ്.... ശരിയാക്കിത്തരാം...."

അതു പറഞ്ഞതും ഞാൻ അവളേ കോരിയെടുത്തു....

ഹോ... കാണുന്നപോലെയൊന്നുമല്ല അത്യാവശ്യം കനം ഉണ്ട് കുരിപ്പ്...

അവളുടെ കവിൾ ചുവക്കുന്നത് ഇരുട്ടിന് പോലും എന്നിൽ നിന്നും മറക്കാൻ ആയില്ല...

www.kkstories.com

അവളെയും ചുമ്മന്നുകൊണ്ട് ഞാൻ നടക്കാൻ തുടങ്ങി.....

"സിദ്ധു.... ഞാൻ വെറുതെ പറഞ്ഞതാടാ എന്റെ കാലിന് കുഴപ്പമൊന്നുമില്ല...."

കുറച്ചു ദൂരം കഴിഞ്ഞതും...കല്ല്യാണി എന്നോടായി പറഞ്ഞു....

"മ്മ്... അറിയാം...."

www.kkstories.com

"എന്നിട്ടും പിന്നെയെന്തിനാ എന്നേ എടുത്ത് നടക്കുന്നേ എന്നേ താഴെ ഇറക്കിക്കേ... ഞാൻ നടന്നോളാം..."

അവൾ അതു പറഞ്ഞതും ഒന്ന് കുതറി ഇറങ്ങാൻ നോക്കി...

പക്ഷെ ഞാനും വിട്ടുകൊടുത്തില്ല....

"എന്റെ പൊന്നല്ലേ ഞാൻ വെറുതെ പറഞ്ഞതാടാ.. ഞാൻ നടക്കാം... എന്റെ പൊന്നിന്റെ കൈ വേദനിക്കും..."

www.kkstories.com

അവൾ കവിൾ തലോടികൊണ്ട് പറഞ്ഞു...

അതിന് മറുപടി കൊടുക്കാൻ നിൽക്കുമ്പോഴേക്കും എന്റെ ഫോൺ ബെല്ലടിച്ചു....

കല്ല്യാണിയോട് എന്റെ ഷർട്ടിന്റെ പോക്കറ്റിൽ നിന്നും ഫോൺ എടുക്കാൻ ഞാൻ പറഞ്ഞു...

"ആരാ.. "

www.kkstories.com

ഞാൻ അവളോട് ചോദിച്ചു...

"കാർത്തു ചേച്ചിയാ... "

കല്ല്യാണി സ്ക്രീൻ എന്റെ നേരേ തിരിച്ചു കാണിച്ചുകൊണ്ട് പറഞ്ഞു...

"എടുത്ത് സ്പീക്കറിൽ ഇട്... "

www.kkstories.com

"ഹലോ.... സിദ്ധു... "

"ചേച്ചി പറ..... "

"എവിടെയാടാ നിങ്ങൾ.... "

"ഞങ്ങൾ ബാക്കിൽ ഉണ്ട്... കല്ല്യാണിയുടെ കാൽ ഒന്ന് ഉളുക്കി .... അതാ ഞങ്ങൾ ഒന്ന് ബാക്കിൽ ആയത്... ഇപ്പോ എത്തും നിങ്ങടെ അടുത്ത്.... "

www.kkstories.com

ഞാൻ പറഞ്ഞു കഴിഞ്ഞതും കല്ല്യാണിയേ ഒന്ന് നോക്കി....

അവളുടെ മുഖത്ത് ഒരു നാണം ഞാൻ കണ്ടു... അതു കണ്ടിരിക്കാൻ പോലും ഒരു ഭാഗ്യം വേണം അത്രക്കും ഭംഗി....

"നിനക്ക് അതൊന്നു വിളിച്ചു പറഞ്ഞൂടെ...സിദ്ധു... എല്ലാവരും എന്ത് ടെൻഷനിൽ ആണ് എന്നറിയോ... "

"സോറി ചേച്ചി.... "

www.kkstories.com

"മ്മ്... അതൊക്കെ വിട് എന്നിട്ട് വേഗം വരാൻ നോക്ക്.... ചേച്ചീനെ മെരുക്കാൻ നിന്നെക്കൊണ്ടേ കഴിയു...."

"ചേച്ചിക്ക് എന്തുപറ്റി...."

"അതൊക്കെ വന്നിട്ട് പറയാം... നിങ്ങൾ ആദ്യം ഒന്ന് വേഗം വാ...."

അതു പറഞ്ഞതും ചേച്ചി ഫോൺ വച്ചു....

www.kkstories.com

ഇനി അരുതാത്തത് വല്ലോം സംഭവിച്ചോ... ടെൻഷൻ കൂടാൻ തുടങ്ങി....

"കല്ലു... നിനക്ക് ഇറങ്ങി നടക്കാൻ പറ്റോ... "

കല്ല്യാണിയേ എടുത്ത്കൊണ്ടു നടന്നാൽ ഇനിയും സമയം വൈകും എന്ന് മനസ്സിലായ ഞാൻ അവളോടായി ചോദിച്ചു....

"ഞാൻ നിന്നോട് പറഞ്ഞില്ലേ എനിക്ക് കുഴപ്പമൊന്നുമില്ല... എന്നേ താഴെയിറക്ക്..."

www.kkstories.com

അവളെ താഴെയിറക്കി ഞങ്ങൾ വേഗത്തിൽ നടക്കാൻ തുടങ്ങി...

അവരേ കുറച്ച് ദൂരേ നിന്നും ഞങ്ങൾ കണ്ടു...

എല്ലാവരും കൂട്ടം കൂടി നിൽക്കുകയാണ്...പക്ഷേ അവർ നിൽക്കുന്ന സ്ഥലം കണ്ടാണ് കൂടുതൽ പേടി തോന്നിയത്....അതേ ആ വീട് നിൽക്കുന്ന സ്ഥലത്താണ് അവർ നിൽക്കുന്നത്.....

www.kkstories.com

മൈര് ഊമ്പിയ സ്ഥലം....

പിന്നേ അങ്ങോട്ട് കല്ല്യാണിയുടെ കയ്യും പിടിച്ചു ഒറ്റ ഓട്ടമായിരുന്നു..

"എന്താ എന്താ പ്രശനം....ചേച്ചിക്ക് എന്താ പറ്റിയേ... "

ഓടിയതിന്റെ ക്ഷീണം... ഒന്ന് കേട്ടടങ്ങാൻ പോലും ഞാൻ കാത്തു നിന്നില്ല..

www.kkstories.com

എല്ലാവരും എന്നേ തന്നെ അന്തം വിട്ടു നോക്കി നിൽക്കുകയാണ്....

"ചേച്ചിക്ക് ക്ഷേത്രത്തിൽ ഒന്നൂടെ പോണമെന്ന്...."

പാറുവായിരുന്നു മറുപടി പറഞ്ഞത്.....

"ഇനിയും അങ്ങോട്ട് പോവാനോ... എന്തിന്... "

www.kkstories.com

ഞാൻ പാറുവിനോട് ചോദിച്ചു...

"ഞങ്ങളൊക്കൊന്നുമറിയില്ല... നീ തന്നെ ചേച്ചിയോട് ചോദിക്ക്... "

"എന്താ ചേച്ചി എന്താ പ്രശ്നം..."

എന്നേ തന്നെ നോക്കി നിൽക്കുന്ന ദേവൂചേച്ചിയോടായി ഞാൻ ചോദിച്ചു.....

www.kkstories.com

ചേച്ചി മറുപടിയെന്നോണം ഫോൺ ഒന്ന് ഉയർത്തി കാണിച്ചു..... ഫോൺ കണ്ടതും എനിക്ക് കാര്യങ്ങളുടെ കിടപ്പ് മനസ്സിലായി....

"അതാണോ കാര്യം.... അത് ഞാൻ വേണേൽ പുതിയത് ഒന്ന് വേടിച്ചു തരാം...."

കിതക്കുന്നുണ്ടെകിലും ഞാൻ എങ്ങനെയൊക്കെയോ പറഞ്ഞൊപ്പിച്ചു...

"പറ്റില്ല... എനിക്ക് അത് തന്നെ വേണം..."

www.kkstories.com

ചേച്ചി വാശി പിടിക്കാൻ തുടങ്ങി....

"നിങ്ങൾ നടന്നോ.... ഞാനും സിദ്ധുവും അത് തപ്പി പിടിച്ചോണ്ട് വന്നോളാം.."

ചേച്ചി എല്ലാവരോടുമായി പറഞ്ഞു...

"ഞാനോ... ഞാനെന്തിന്... "

www.kkstories.com

"എന്താ... നീ വരില്ലേ.... എന്നാ ഞാൻ ഒറ്റക്ക് പൊക്കോളാം.... "

ചേച്ചി അതു പറഞ്ഞതും തിരിച്ചു ക്ഷേത്രത്തിലേക്ക് തന്നെ നടക്കാൻ തുടങ്ങി....

"വേണ്ട... ഞാനും വരാം.... "

ചേച്ചിയുടെ മുന്നിലേക്ക് കയറി നിന്നു ഞാൻ പറഞ്ഞു....

www.kkstories.com

ചേച്ചി പോവും എന്ന് പറഞ്ഞാൽ പോവും... അത് രാത്രിയാണോ ഒറ്റക്കാണോ.. പ്രേതമുണ്ടോ എന്നൊന്നും നോക്കില്ല...

ഇത് അങ്ങനെയൊരു സാധനമാണ്.... ചേച്ചിയൊന്ന് പേടിച്ചു കാണണമെങ്കിൽ ഞങ്ങൾക്കെന്തെങ്കിലും പറ്റണം....

"നീയും ഇവളുടെ താളത്തിനൊത്തു തുള്ളാൻ നിൽക്കണോ... സിദ്ധു..."

അമ്മ കലിപ്പായി.....

www.kkstories.com

ചെകുത്താനും കടലിനും നടുക്ക് പെട്ട അവസ്ഥയാണ് എനിക്കിപ്പോ...

"അമ്മ ഒന്ന് മിണ്ടാതിരുന്നേ.... പിന്നേ ചേച്ചിയേ ഒറ്റക്ക് വിടണോ.... ഞാനും ചേച്ചിയും പെട്ടന്ന് വരാം... നിങ്ങൾ പൊക്കോ..... "

ഈ രാത്രി തിരിച്ചു നടക്കാൻ പ്രാന്ത് യുണ്ടായിട്ടൊന്നുമല്ല. പക്ഷെ ചേച്ചിയേ ഓർത്തിട്ടാണ്...

www.kkstories.com

"മക്കളെ നാളേ പോയാൽ പോരേ...."

ചെറിയമ്മയാണ് അത് ചോദിച്ചത്...

പക്ഷെ എന്റെ കണ്ണ് പോയത്... ചേച്ചിയിലേകാണ്...

മൈര്..... തള്ളക്ക് ഇപ്പോ കിട്ടും.....

www.kkstories.com

"അത് കുഴപ്പമില്ല ചെറിയമ്മേ ഞങ്ങൾ വേഗം വരാം...."

ഞാൻ ചേച്ചിയുടെ കയ്യും പിടിച്ചു തിരിച്ചു ക്ഷേത്രത്തിലേക്ക് തന്നെ നടക്കാൻ തുനിഞ്ഞതും

അരുൺ വരാമെന്ന് പറഞ്ഞു.. പക്ഷേ ചേച്ചി വേണ്ട എന്ന് പറഞ്ഞു ഒഴിവാക്കി....

മുടക്ക് പറഞ്ഞു നിന്നവർക്ക് കണക്കിന് കിട്ടിയത് കാരണമാവം പിന്നെയാരും ഒന്നും പറഞ്ഞു വന്നില്ല...

www.kkstories.com

പോവുന്നതിനു മുന്പേ ഞാൻ കല്ല്യാണിയേ ഒന്ന് നോക്കി....

അവളുടെ മുഖത്ത് പല ചോദ്യങ്ങളും തങ്ങി നിൽക്കുന്നത് ഞാൻ കണ്ടു... പക്ഷേ അതിനേക്കാളേറെ... ആ മുഖത്ത് പേടിയായിരുന്നു.....

ഞാൻ അവളോട് ഒന്നുമില്ല എന്ന് കണ്ണ് ചിമ്മി.....

അവളുടെ എക്സ്പ്രഷൻ ഓക്കേ കണ്ടിട്ട് ഇനിയും ഇവിടേ നിന്നാൽ അവളേം കൂടേ ഒപ്പം കൂട്ടേണ്ടി വരും....

www.kkstories.com

അത് മതി അരുണിന് കാരണം പറഞ്ഞ് ഒപ്പം കൂടാൻ.....

നടക്കൂല മോനേ.... 😉

ഞാൻ ചേച്ചിയെയും വലിച്ചുകൊണ്ട് നടക്കാൻ തുടങ്ങി.....

www.kkstories.com

സമയം കുറച്ചു കഴിഞ്ഞു... ഞങ്ങൾ വീണ്ടും കാട് കഴിഞ്ഞു പാടം എത്തിയിരിക്കുന്നു...

"ഒന്ന് പയ്യേ നടക്കട സിദ്ധു..... "

"എന്റെ... ചേച്ചി അത് എത്ര കൊല്ലമായി ഞാൻ വാങ്ങി തന്നിട്ട്... ഇത്ര കാലം നിന്നത് തന്നെ ഭാഗ്യം... "

www.kkstories.com

"ഞാൻ അത് എന്റെ ജീവൻ പോലേ കൊണ്ടു നടക്കുന്ന സാധനമാണ്.... ആ പാറു കാരണമാ..... തെണ്ടി....അതെങ്ങാനും കിട്ടാതെ ഇരിക്കട്ടെ സത്യായിട്ടും കൊല്ലും ഞാൻ അവളേ...."

സാധനം സാധനം എന്നല്ലാതെ അത് എന്താണ് എന്ന് നിങ്ങൾക്ക് അറിയില്ല ലെ....

പറഞ്ഞ് തരാം...

അതൊരു ചെറിയ ടെഡ്ഡി ബെയർ ആണ് ഈ കീ ചെയിൻ ഓക്കേ പോലത്തെ സംഭവമില്ലേ അത്പോലെ പക്ഷേ അത്രയും വലുപ്പമില്ല.... ഒരു കുഞ്ഞു സാധനം... ഭയങ്കര ക്യൂട്ട് ആണ് അത് കാണാൻ...പണ്ട് ഞാൻ സ്കൂളിൽ പഠിക്കുമ്പോ ദേവുചേച്ചിടെ ബർത്ത്ഡേയ്ക്ക് വാങ്ങിച്ചു കൊടുത്തതാണ്... അന്ന് മുതൽ അത്രയും സൂക്ഷിച്ചാണ് ചേച്ചി അതിനേ നോക്കുന്നത്... നന്ദുവിനെ ഫോൺ എടുത്ത് എറിയുന്നത് വരെയും ചേച്ചിയുടെ ഫോൺ പൗച്ചിൽ അത് ഉണ്ടായിരുന്നു...ദേവു ചേച്ചിയുടെ മാത്രമല്ല... എന്റെ എല്ലാ ചേച്ചിമാരുടെയും ഫോൺ നോക്കിയാലും അതിൽ ഈ പറഞ്ഞ ടെഡ്ഡി ബെയർ കാണാം.. എല്ലാം ഞാൻ കൊടുത്ത ഗിഫ്റ്റ് ആണ്.... അതാണ് ഇന്ന് കളഞ്ഞു പോയത്....

www.kkstories.com

അത് ഇന്ന് കിട്ടിയില്ലെങ്കിൽ ഇന്ന് എന്തെങ്കിലുമൊക്കെ ഉണ്ടാവും...

ഞങ്ങൾ ഫോൺ എറിഞ്ഞ ഭാഗത്ത് എത്തിയിരിക്കുന്നു.... എത്തിയതും ചേച്ചി തിരയാൻ തുടങ്ങി ഒപ്പം ഞാനും... ഓരോ മിനുട്ട് കഴിയുമ്പോഴും എന്റെ ഫോണിലേക്ക് കാൾ വന്നുകൊണ്ടേയിരുന്നു കിട്ടിയോ കിട്ടിയോ എന്ന് ചോദിച്ച്...

ദേവുചേച്ചിയെ നേരിട്ട് വിളിക്കാനുള്ള പേടികൊണ്ടാണ്.....

www.kkstories.com

ഏകദേശം ഒരു അര മണിക്കൂർ തിരഞ്ഞിണ്ടാവും പക്ഷേ കണ്ടെത്താൻ മാത്രം പറ്റിയില്ല...

ചേച്ചിയുടെ മുഖം മാറുന്നത് കണ്ടപ്പോൾ സങ്കടം തോന്നി. പൊന്നു പോലേ കൊണ്ടു നടന്ന സാധനമായിരുന്നു....

"ചേച്ചി വിഷമിക്കാതെ.... ഞാൻ പുതിയത് വേറേ വാങ്ങി തരാം...."

www.kkstories.com

"പുതിയത് കിട്ടിയത് പോലെയാവുമോ സിദ്ധു ഇത്... ഇത് നീ ആദ്യമായി വാങ്ങി തന്നതല്ലേ...."

തിരച്ചിൽ അവസാനിപ്പിച്ചു ചേച്ചി ആ ആൽത്തറയിൽ ഇരുന്നു... പക്ഷേ മുഖം കുനിച്ചാണ് ഇരിക്കുന്നത്.... ചേച്ചിക്ക് അത്രക്കും വിഷമം ഉണ്ട് എന്ന് എനിക്ക് മനസ്സിലായി....

"ഞാൻ... ഞാൻ കുറച്ചു നേരം കൂടേ തിരയട്ടെ....ചെലപ്പോ കുറച്ചു മാറി തെറിച്ചു പോയിട്ടുണ്ടാവും... അമ്മാതിരി എറല്ലേ എറിഞ്ഞത്..."

www.kkstories.com

ചേച്ചിയുടെ വിഷമം കാണാൻ പറ്റാത്തോണ്ട് ഞാൻ വീണ്ടും തിരിയാൻ തീരുമാനിച്ചു....പക്ഷേ ഒന്ന് കൊള്ളിച്ചാണ് ഞാൻ അത് പറഞ്ഞത്....

ചേച്ചി എന്റെ മുഖത്തേക്ക് നോക്കി... ഞാൻ ചേച്ചിയേ തന്നെയാണ് നോക്കി നിൽക്കുന്നത് എന്ന് മനസ്സിലായല്ലോ പെട്ടന്ന് തന്നെ തല വീണ്ടും താഴ്ത്തി...

ഞാൻ കുറച്ചു മാറി തിരയാൻ തുടങ്ങി... നിലത്ത് കിടക്കുന്ന ചപ്പും ചവറുമൊക്കെ.. കാല് കൊണ്ട് തട്ടി തെറിപ്പിച്ചു... ഇനി ഇതിന്റെ അടിയിൽ എവിടേലും ഉണ്ടെങ്കിലോ....

തട്ടി തട്ടി അവസാനം സാധനം കിട്ടി..... ഒരു ഇലയുടെ അടിയിലായി കിടക്കുകയായിരുന്നു.. അത്... പക്ഷേ ചെറിയ പോറൽ ഉണ്ട്...

www.kkstories.com

ഞാൻ തല തിരിച്ചൊന്നു ചേച്ചി ഇരിക്കുന്നിടത്തായി നോക്കി...

ഹോ... അവിടുന്ന് ഇത്രയും ദൂരം ഓക്കേ വന്നാൽ എന്ത്പോലത്തെ ഏറായിരിക്കും എറിഞ്ഞിട്ടുണ്ടാവുക...

ഞാൻ ചേച്ചിയുടെ അടുത്തേക്കായി നടന്നു... തല താഴ്ത്തി വിഷമിച്ചിരിക്കുന്ന ചേച്ചിയുടെ കണ്മുന്നിലേക്ക് അത് നീട്ടി

ചേച്ചി അത് കണ്ടതും... പെട്ടെന്ന് ചാടിയെഴുന്നേറ്റു...

www.kkstories.com

ഒരായിരം പൂർണ ചന്ദ്രനെ കണ്ട തിളക്കമുണ്ടായിരുന്നു ആ മുഖത്ത്...

ശേഷം എന്റെ കയ്യിൽ നിന്നും അത് വാങ്ങി എന്നേ കെട്ടി പിടിച്ചു...

"എന്നാൽ പോവാൻ നോക്കിയാലോ...."

www.kkstories.com

"മ്മ്... "

കല്ല്യാണിയുമായി പ്ലാൻ ചെയ്ത കാര്യങ്ങൾ ഓക്കേ ഓർത്തപ്പോൾ തറവാട്ടിലേക്ക് എത്താൻ തിടുക്കമായി...

അത്കൊണ്ട് തന്നെ സമയം ഒട്ടും വൈകിപ്പിക്കാതെ ഞാൻ ചേച്ചിയുടെ കയ്യും പിടിച്ചു നടന്നു....

ഇനി അങ്ങോട്ട് വീണ്ടും നടക്കണം എന്ന് ഓർത്തപ്പോൾ തന്നെ മൂഡ് പോയി... പക്ഷേ ചേച്ചിയുടെ അവസ്ഥ മറിച്ചായിരുന്നു സാധനം കിട്ടിയപ്പോൾ തന്നെ ചേച്ചി ചാർജ് ആയി.....😊

www.kkstories.com

"ഒന്ന് പതുക്കെ നടക്കട സിദ്ധു.... നിനക്ക് എന്താ ഇത്ര ധൃതി.... അവളേ കാണാഞ്ഞിട്ടാണോ...."

ചേച്ചി ഒരു കള്ളച്ചിരിയാൽ ചോദിച്ചു...

മൈര് തേഞ്ഞു....

"ഏയ്.... അതൊന്നുമല്ല രാ... രാത്രിയല്ലേ... വേഗം നടക്കാം എന്ന് വിചാരിച്ചു... "

www.kkstories.com

"ഉവ്വ്... നീ ആരോടാ കള്ളം പറയുന്നേ സിദ്ധു.... നിങ്ങളേ രണ്ടുപേരെയും ആരും ശ്രദ്ധിക്കുന്നില്ല എന്നാണോ നിങ്ങടെ വിചാരം... എല്ലാവരും നിങ്ങളെ ശ്രദ്ധിക്കുന്നുമുണ്ട്.... എല്ലാവർക്കും നിങ്ങടെ കാര്യത്തിൽ സന്തോഷവുമുണ്ട്...."

ശ്രദ്ധിക്കുന്നുണ്ട് എന്ന് അറിയാമായിരുന്നെങ്കിലും ഇത്രത്തോളമുണ്ട് എന്ന് ഇന്നാണ് അറിഞ്ഞത്.... 😐

പിന്നെടങ്ങോട്ട് ചേച്ചി ഓരോ കാര്യങ്ങൾ ചോദിക്കുകയും പറയുകയും ചെയ്തു.... കൂടുതലും എന്റെയും കല്യാണിയുടെയും ജീവിതത്തെ പറ്റിയായിരുന്നു..... കല്ല്യാണിയേ കുറിച്ച് വാ തോരാതെ സംസാരിക്കുന്ന എന്നേ..ചുണ്ടിൽ ഒരു ചെറുപുഞ്ചിരി നിറച്ചാണ് ചേച്ചി നോക്കിനിന്നത്.....

നടന്നു നടന്നു ഒരു പ്രത്യേക സ്ഥലമെത്തിയപ്പോൾ ചേച്ചി നിന്നു... അന്തരീക്ഷം വിശ്വസിക്കാവുന്നതിനുമപ്പുറം ശാന്തമായി....

www.kkstories.com

ഏതാ...സ്ഥലമെന്ന് നിങ്ങൾക്ക് പറഞ്ഞു തരേണ്ട ആവശ്യമില്ലല്ലോ...

ചേച്ചി ആ വീടിനു നേരേ തിരിഞ്ഞു കുറച്ചു നേരം അവിടേക്കു തന്നെ നോക്കി....

"നിനക്ക് പ്രേതം പിശാച് അങ്ങനെ ഉള്ള കാര്യങ്ങളിൽ വിശ്വാസമുണ്ടോ... സിദ്ധു... "

ആ വീടിൽ നിന്നും കണ്ണെടുക്കാതെ ചേച്ചി എന്നോട് ചോദിച്ചു.....

www.kkstories.com

"എന്താ ഇപ്പോ അങ്ങനെ ചോദിക്കാൻ...."

ചേച്ചിക്കൊപ്പം ഞാനും ആ വീട് വീക്ഷിക്കാൻ തുടങ്ങി.....

"അങ്ങനെ ചോദിച്ചാൽ.....വിശ്വാസം ഇല്ലായിരുന്നു... പക്ഷേ... "

"പക്ഷേ ആ ചെക്കൻ അങ്ങനെ പറഞ്ഞപ്പോൾ.... വിശ്വാസം തോന്നുന്നു ലെ..."

ചേച്ചിയായിരുന്നു എന്റെ മറുപടി പൂരിപ്പിച്ചത്...

www.kkstories.com

"മ്മ്..."

ഒന്ന് മൂളാനേ എനിക്ക് കഴിഞ്ഞുള്ളു.... കാരണം ജീവിതത്തിൽ ഇപ്പോ നടക്കുന്നത് എല്ലാം ഒരു മനുഷ്യനും വിശ്വസിക്കാൻ പറ്റാത്ത കാര്യങ്ങൾ ആണ്.....

ചേച്ചി ആ വീടിനെ വീക്ഷിച്ചുകൊണ്ട് മൗനം തുടർന്നു...

"എന്നാ പോയാലോ.... "

www.kkstories.com

ചേച്ചി എന്റെ നേരേ തിരിഞ്ഞു പറഞ്ഞു... പക്ഷേ ഒരു അർത്ഥം വച്ചുള്ള ചിരിയുണ്ടായിരുന്നു ചേച്ചിയുടെ മുഖത്ത്....

"അഹ്... നല്ല തീരുമാനം... ഞാൻ ഇതങ്ങോട്ട് പറയാൻ നിൽക്കാർന്നു "

മോളേ കല്ല്യാണി.... നിന്റെ പൊന്ന് നിന്റെ അടുത്തേക്ക് വരുവാടി.... 🤦

www.kkstories.com

ഞാൻ തറവാട്ടിലേക്ക് നടക്കാൻ തുനിഞ്ഞതും ചേച്ചി എന്റെ കയ്യിൽ കയറി പിടിച്ചു.....

ഞാൻ ചേച്ചിയേ നോക്കി....

"അങ്ങോട്ടല്ല.... ദേ ഇങ്ങോട്ട്.... "

ചേച്ചി കൈ ചൂണ്ടി ആ വീടിനെ കാണിച്ചുപറഞ്ഞു....

www.kkstories.com

"എങ്ങോട്ടാണെന്ന പറഞ്ഞേ.... "

വിശ്വാസം വരാതെ ഞാൻ വീണ്ടും ചേച്ചിയോട് ചോദിച്ചു...

"ദേ അങ്ങോട്ടെന്ന്...

ചേച്ചി ശബ്ദം കുറച്ചു കടുപ്പിച്ചു.. പറഞ്ഞു...

www.kkstories.com

അപ്പോ ചേച്ചി തമാശ പറയുകയല്ല...

ചേച്ചിയായിപോയി അല്ലെങ്കിൽ ഒറ്റ ചവിട്ട് വച്ച് കൊടുത്തേനെ.... അല്ലേൽ നിങ്ങൾ തന്നെ പറ.. ബുദ്ധിയുള്ള ആരെങ്കിലും രാത്രിയിൽ പറയുന്ന കാര്യമാണോ ഇത്.... 😤വേറേ എങ്ങിട്ടാണെങ്കിലും കുഴപ്പമില്ല.... ആ വീട്ടിലോട്ട് തന്നെ പോവണോ....

"നടക്കില്ല... എന്ന് പറഞ്ഞാൽ നടക്കില്ല...."

അവളുടെ മുഖത്തേക്ക് അൽപ്പം നേരം നോക്കിയതിനു ശേഷം അവളുടെ മുഖത്തേക്ക് ഞാൻ ആഞ്ഞൊരു അടികൊടുത്തു... അടികൊണ്ട അവൾ ഒന്ന് ചരിഞ്ഞെങ്കിലും എന്റെ ഉള്ളിലെ ദേഷ്യം അടങ്ങുന്നുണ്ടായിരുന്നില്ല.....

www.kkstories.com

തൊണ്ട വരണ്ടു...ഞാൻ എന്ത് കേൾക്കണ്ട എന്ന് ആഗ്രഹിക്കുന്നതോ അത് തന്നെ അവൾ പറഞ്ഞപ്പോൾ ഉള്ളിലെ കരച്ചിൽ അടക്കി വയ്ക്കാൻ കഴിഞ്ഞില്ല.എന്റെ കണ്ണുകളിൽ നിന്നും കണ്ണു നീർ ധാരയായി പൊഴിയാൻ തുടങ്ങി...

അവൾ നോക്കുമ്പോൾ കാണുന്നത് കണ്ണിൽ നിന്നും കണ്ണുനീർ പൊഴിഞ്ഞ് അവളേ തന്നെ നോക്കി നിൽക്കുന്ന എന്നെയാണ്...

അതു കണ്ടതും അവളുടെ കണ്ണിൽ തങ്ങി നിൽക്കുന്ന കണ്ണുനീരും പുറത്തേക്ക് ചാടാൻ തുടങ്ങി.....

"അയ്യേ എന്റെ പൊന്ന് കരയാണോ...."

അവൾ എന്റെ മടിയിലേക്ക് കയറി എന്നേ കെട്ടി പിടിച്ചുകൊണ്ട് പറഞ്ഞു....

അതും കൂടെയായപ്പോൾ ഞാൻ ശരിക്കും കരഞ്ഞു.... കല്യാണിയില്ലാതെ എങ്ങനെ ജീവിക്കും എന്ന് പോലും എനിക്ക് അപ്പോൾ അറിയില്ലായിരുന്നു....

അവൾ ശക്തിയിൽ കെട്ടി പിടിച്ച് ആശ്വസിപ്പിക്കാൻ തുടങ്ങി.... അവളുടെ കണ്ണു നീർ എന്റെ കഴുത്തിലേക്ക് വന്ന് പതിക്കുന്നുണ്ടായിരുന്നു....

"ഞാൻ വെറുതെ പറഞ്ഞതല്ലേ ഞാൻ നിന്നേ വിട്ട് എങ്ങോട്ടും പോവില്ല... എപ്പോഴും എന്റെ പൊന്നിന്റെ കൂടേ തന്നെയുണ്ടാവും..... "

ഞാനവളെ ശക്തിയിൽ കെട്ടി പിടിച്ചു എന്തു വന്നാലും അവളെ എന്നിൽ നിന്നും അകറ്റരുതേ എന്നൊരു ഒറ്റ പ്രാർത്ഥന മാത്രമേ എനിക്കുണ്ടായിരുന്നുള്ളു....

www.kkstories.com

മുറിയിലേക്ക് വരുന്ന കാലൊച്ച കേട്ട ഞങ്ങൾ പരസ്പരം അകന്നു മാറി കണ്ണുകൾ എല്ലാം തുടച്ചു....

മായയായിരുന്നു അത് തിരിച്ചു വന്നപ്പോൾ അവളുടെ കയ്യിൽ ഒരു ബുക്ക് ഉണ്ടായിരുന്നു....കണ്ടാൽ തന്നെയറിയാം നല്ല കാലപ്പഴക്കം ചെന്ന ബുക്ക് ആണ് എന്ന്...

അവൾ വേഗം വന്ന് എന്റെയും കല്ല്യാണിയുടെ അടുത്തായി ഇരുന്നു....

"ഏതാ ഈ ബുക്ക്....."

"അറിയില്ല.... ഞാൻ ഇത് സ്വപ്നത്തിൽ കണ്ടതാ... ഇവിടുത്തെ മുത്തശ്ശിയുടെ റൂമിൽ ഉണ്ടായിരുന്നു....."

അപ്പോ ഈ സ്വപ്നം കാണുന്നത് ഒക്കെ കുടുംബത്തിലെ എല്ലാർക്കും ഉണ്ട് ലേ.... 😐

"നീ ഈ ബുക്ക് എടുക്കുന്നത് മുത്തശ്ശി കണ്ടോ... "

കല്ല്യാണി ഒരു അമ്പരപ്പോടെ ചോദിച്ചു....

"ഏയ് ഇല്ല, ഇത് ഞാൻ ആരും അറിയാതെ പോയി എടുത്തതാ...നല്ല പഴക്കമുള്ള ഒരു ബോക്സിൽ ആയിരുന്നു ഇത്.മുഴുവൻ മാറാലയും പൊടിയുമൊക്കെയായി..... കണ്ടാൽ തന്നെയറിയാം വർഷങ്ങളായി ആരും ആ പെട്ടി തൊട്ടിട്ടു പോലുമില്ല എന്ന് പിന്നേ ചോദിക്കാനും പറയാനും ഒന്നും നിന്നില്ല ഞാനിതങ്ങ് എടുത്തു... "

മായ വളരെ കൂൾ ആയി പറഞ്ഞു...

അവളുടെ പറച്ചിൽ കേട്ടു വായും പൊളിച്ചു ഇരിക്കുകയാണ് ഞാനും കല്ല്യാണിയും...

"തുറന്ന് നോക്കിയാലോ..... "

മായ ഞങ്ങളെ രണ്ടു പേരെയും നോക്കി പറഞ്ഞു.....

www.kkstories.com

അതിന് എന്തിനാ ഇവൾ ഇത്രേം എക്സ്പ്രഷൻ ഇടുന്നെ എന്നായിരുന്നു എന്റെ ചിന്ത.....

അങ്ങനെ അവൾ ബുക്ക് തുറന്നു.....

തുറന്നതും ഞങ്ങൾ മൂന്ന് പേരും ഒരേ സമയം അത്ഭുതപെട്ടു....

ഇതേത് ഭാഷ..... 😤😐

"എടാ ഇത് സംസ്കൃതം അല്ലേ നിനക്ക് അറിയോ.... "

www.kkstories.com

കല്ല്യാണി എന്നോട് ചോദിച്ചു....

ഇവൾ ഇതൊക്കെ എന്തിനാ എന്നോട് ചോദിക്കുന്നെ ആദ്യമായിട്ടാണ് ഈ സാധനം തന്നെ കാണുന്നത്....

എന്റെ മുഖത്തെ എക്സ്പ്രഷനിൽ നിന്നും അവൾക്ക് മനസ്സിലായി എനിക്ക് അറിയില്ല എന്ന്...

അവളുടെ അടുത്ത നോട്ടം മായയുടെ നേർക്കായി....

അവിടെയും സ്ഥിതി മറിച്ചല്ലായിരുന്നു....

"ഇനി എന്ത് ചെയ്യും.... "

മായ ചോദിച്ചു.....

ഏറെ നേരത്തെ ചിന്തക്കൊടുവിൽ എന്റെ തലയിൽ ഒരു ഐഡിയ തെളിഞ്ഞു....😌

തറവാട്ടിൽ തന്നെ ഒരു എൻസൈക്ലോപീഡിയ ഉണ്ടല്ലോ പിന്നെന്താ....

www.kkstories.com

"ഞാൻ ഇപ്പോ വരാം.... "

ഞാൻ അവരോടായി പറഞ്ഞു റൂമിൽ നിന്നും ഇറങ്ങി വൈശുവിന്റെ മുറി ലക്ഷ്യമാക്കി നടന്നു...

വാതിൽ ചാരിയിട്ടേ ഉണ്ടായിരുന്നുള്ളു....

ഞാൻ പതിയേ വാതിൽ തുറന്നു, തുറന്നപ്പോൾ കാണുന്നത് കണ്ണാടിക്കുമുന്നിൽനിന്നും മുടിയൊതുക്കുന്ന വൈശുവിനെയാണ്..

അവൾ ഇപ്പോൾ കുളിച്ചു വന്നിട്ടേ ഉള്ളു എന്ന് അവളുടെ ദേഹത്തെ വെള്ളത്തുള്ളികളിൽ നിന്നും ഞാൻ വ്യക്തമാക്കി....

സാരിയാണ് വേഷം പതിവ് പോലേ പൊക്കിളിനു താഴെയാണ് സാരി ഉടുത്തിരിക്കുന്നത്.... ആ വയറിലെ വെള്ളത്തുള്ളികൾ അവൾക്ക് കൂടുതൽ ഭംഗി നൽകി.....

'വന്ന കാര്യം ചോദിക്ക് മൈരേ.... '

ഞാൻ എന്നോട് തന്നെ പറഞ്ഞു..... കൂടുതൽ നേരം നോക്കിയാൽ കണ്ട്രോൾ പോവും ചിലപ്പോൾ....

അവൾ ഇനിയും എന്നേ കണ്ടില്ലെന്ന് മനസ്സിലാക്കിയ ഞാൻ അവളുടെ ശ്രദ്ധ പിടിച്ചുപറ്റാനായി ഒന്ന് ചുമച്ചു.....

www.kkstories.com

സംഗതി ഏറ്റു അവൾ ഞാൻ നിന്നിടത്തേക്ക് ഒന്ന് നോക്കി....

"ഹലോ എന്താണ് പതിവില്ലാതെ.... "

കണ്ണാടിയിൽ നോക്കികൊണ്ട് തന്നെയാണ് അവൾ അതെന്നോട് ചോദിച്ചത്....

"വൈശു നിനക്ക് സംസ്കൃതം അറിയാമോ... "

വളച്ചു കെട്ടില്ലാതെ ഞാൻ കാര്യം അവതരിപ്പിച്ചു....

"അറിയാലോ.... "

അവൾ എന്നേ ഒന്ന് ചൂഴ്ന്നു നോക്കിയ ശേഷം പറഞ്ഞു...

പിന്നേ ഒന്നും നോക്കിയില്ല... അവളുടെ കൈയ്യും പിടിച്ചു ഒറ്റ നടത്തമായിരുന്നു റൂമിലേക്ക്...

അവളേ അകത്ത് കയറ്റിയതും ഞാൻ വാതിൽ ഉള്ളിൽ നിന്നും ലോക്ക് ചെയ്തു...

www.kkstories.com

മൂന്ന് സുന്ദരിമാരുടെ ഒപ്പം ഞാൻ ഒറ്റക്ക്... ഹോ ഓർത്തപ്പോൾ തന്നെ കുളിര്കോരി...

"എന്താടാ.... "

വൈശു ഒരു കൃത്രിമ ദേഷ്യം കാണിച്ചുകൊണ്ട് എന്നോട് ചോദിച്ചു...

ഞാൻ മായയുടെ കയ്യിലുള്ള ആ ബുക്കിലേക്ക് കൈചൂണ്ടി.....

"ഞങ്ങൾക്ക് അതൊന്നു വായിച്ചു അതിന്റെ അർത്ഥം പറഞ്ഞു തരണം.... "

ഞാൻ വൈശുവിനോടതു പറഞ്ഞതും അവൾ സംശയ രൂപേണ ആ ബുക്കിന്റെ അടുത്തേക്ക് പതിയേ നടന്നു....

ശേഷം മായയുടെ കയ്യിൽ നിന്നും ബുക്ക് വാങ്ങി ഒന്ന് രണ്ടു പേജ് മറിച്ച് നോക്കി....

"ലാപ്ടോപ് ഉണ്ടോ.... "

വൈശു ഞങ്ങളെല്ലാവരോടും കൂടേ ചോദിച്ചു...

അത് കേട്ടതും കല്ല്യാണി മേശപ്പുറത്തിരുന്ന അവളുടെ ലാപ്ടോപ് വൈശുവിന് കൊടുത്തു....

www.kkstories.com

അതും പിന്നേ ആ ബുക്കുമായി പുള്ളിക്കാരി ബെഡിന്റെ ഒരു സൈഡിലോട്ട് ഇരുന്നു.... കല്ല്യാണിയും മായയും അവളുടെ അടുത്തേക്ക് നീങ്ങി...

ഞാനാണെങ്കിൽ കല്ല്യാണിയുടെ മടിയിലും കയറി കിടന്നു....

അരമണിക്കൂർ കഴിഞ്ഞു ഒരു മണിക്കൂർ കഴിഞ്ഞു... വൈശു ഇപ്പോഴും ആ ബുക്ക് നോക്കി അതേ ഇരിപ്പാണ്.... ഇടക്ക് ഇടക്ക് ലാപ്പിൽ എന്തൊക്കെയോ സെർച്ച് ചെയ്യുന്നുമുണ്ട്...

ബോറടിയുടെ പരമോനതയിൽ എത്തിയ ഞാൻ ഉറക്കത്തിനു കീഴടങ്ങി.....

"സിദ്ധു.... എഴുന്നേൽക്ക്.... "

കല്ല്യാണിയുടെ തട്ടിവിളികേട്ടാണ് പിന്നീട് ഞാൻ എഴുന്നേൽക്കുന്നത്....അപ്പോഴേക്കും സമയം ഒരുവിധമായിരുന്നു....

"എന്തായി സാധനം കിട്ടിയോ... "

എണീച്ചപാടെ ഞാൻ വൈശുവിനോടായി ചോദിച്ചു....

"മ്മ് കിട്ടി... "

www.kkstories.com

ഞങ്ങളുടെ ശ്രദ്ധ മുഴുവൻ അവളിലേക്കായി....

"ഇതിൽ പറഞ്ഞത് മൊത്തം പറയാനാണെങ്കിൽ കുറച്ചു സമയം വേണ്ടി വരും അത്കൊണ്ട് ഇതൊന്നു ഞാൻ ഷോർട് ആക്കി പറഞ്ഞു തരാം....

ഈ ബുക്ക് കറുപ്പൻ എന്നയാൾ ആത്മാക്കളെ പറ്റിയെഴുതിയതാണ്.....ഇതിൽ പകുതി വരെയും ആത്മാവും അതിന്റ സ്വഭാവസവിശേഷതകളെയുമാണ് പരാമർശിച്ചിട്ടുള്ളത്.... പകുതി പേജ് കഴിഞ്ഞാൽ ഇതിൽ പറയുന്നത് പൂജകളെ പറ്റിയാണ്.....എന്നാൽ അവസാന പേജുകൾ അടുക്കുമ്പോഴേക്കും ഇതിൽ പറയുന്നത്..."

അതു വരേ പറഞ്ഞു തീർത്തത് വൈശു പേജുകൾ വളരേ വേഗത്തിൽ മറക്കാൻ തുടങ്ങി....

അവൾക്കു വേണ്ട പേജ് എത്തിയതും അവൾ അത് ഞങ്ങളേ തിരിച്ചു കാണിച്ചു...

"സിദ്ധു നിനക്ക് ഈ ചിത്രത്തെ പറ്റി അറിയുമോ.... "

വൈശു ഒരു കരിയിൽ വരച്ച ചിത്രം എന്നേ കാണിച്ചുകൊണ്ട് ചോദിച്ചു....

അതു കണ്ടതും എനിക്ക് ആ ചിത്രം മനസ്സിലായി അത് ആ കാട്ടിലുള്ള ആ വീടായിരുന്നു....

www.kkstories.com

വൈശു എന്നേ ഒന്ന് നോക്കിയ ശേഷം വീണ്ടും തുടർന്നു...

"ഈ ബുക്കിൽ പൂജവഴി അതാമവിനെ എങ്ങനെ തളക്കാം എന്നാണ് പകുതിയിൽ നിന്നും പറയുന്നത് പക്ഷേ എങ്ങനെ ഉന്മൂലനം ചെയ്യാം എന്ന് പറയുന്നത് ബുക്കിന്റെ ലാസ്റ്റ് പേജ്കളിൽ ആണ്...."

വൈശു അത് പറഞ്ഞു നിർത്തിയതും എന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി... എനിക്ക് ഇവരെ രണ്ടു പേരെയും രക്ഷിക്കാനാവുമോ....

"എന്താണ്.... ഇതൊക്കെ എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ എന്താണ് വഴി..... "

ഞാൻ വൈശുവിനെ കുലുക്കി ചോദിച്ചു....

അവൾ വീണ്ടും പേജുകൾ മറിക്കാൻ തുടങ്ങി.....

ഇത്തവണ അവളെന്നെ കാണിച്ചത് ഒരു കത്തിയുടെ ചിത്രമാണ്.....

ഞാൻ ആ ചിത്രത്തിൽ കുറച്ചു നേരം നോക്കിയിരുന്നു...

ഞാനിത് എവിടെയോ കണ്ടിട്ടുണ്ട് പക്ഷേ എവിടെയാണ്.... എന്റെ കണ്ണുകളടച്ചു ആ കത്തിയെ തിരയാൻ ആരംഭിച്ചു....

www.kkstories.com

എന്റെ ചിന്തകൾ എന്നേ കൊണ്ടെത്തിച്ചത് വീണ്ടും ആ വീടിനു മുമ്പിലേക്കാണ്... ആ വീടിന്റെ വാതിലിന്റെ രൂപം എന്റെ മനസ്സിലേക്ക് തെളിഞ്ഞു വന്നു...

അതേ ഈ കത്തി ഞാൻകണ്ടിരിക്കുന്നത് ആ വീടിന്റെ ഡോറിൽ തന്നെയാണ്.... ആ വീടിന്റെ വാതിലുകൾ തമ്മിൽ ബന്ധിച്ചിരിപ്പിക്കുന്നത് ഈ കത്തിയും കുറച്ചു ചരടുകളും കൊണ്ടാണ്...

ആ മനസ്സിൽ തെളിഞ്ഞ ദൃശ്യം കണ്ടതും, ഞാൻ വിയർപ്പോടെ കണ്ണുതുറന്നു.

"വൈശു... ഞാൻ...ഞാൻ ഇത് കണ്ടിട്ടുണ്ട്...!"

ഞാൻ അതിശയത്തോടെ പറഞ്ഞു.

"എവിടെ...?"

വൈശു ഉറ്റുനോക്കി.

"ആ കാട്ടിനുള്ളിലെ പഴയ വീട്ടിൽ... അതിന്റെ വാതിൽ ബന്ധിച്ചിരിക്കുന്നത്... ഇതേ കത്തി ഉപയോഗിച്ചാണ്...!"

എന്റെ വാക്കുകൾ കേട്ടപ്പോൾ, മായയും കല്ല്യാണിയും ഒരേസമയം ഞെട്ടി.

www.kkstories.com

"അതായത്... പുസ്തകത്തിൽ പറയുന്ന കത്തി... ഇപ്പോഴും അവിടെ തന്നെയുണ്ട് എന്നാണോ നീ പറയുന്നത്.....?"

മായ ഭീതിയോടെ ചോദിച്ചു.

"അതേ.... നമ്മുക്ക് ഇതെല്ലാം പൂർണമായും അവസാനിപ്പിക്കാനാവുമോ....? "

വൈശുവിനോടുള്ള എന്റെ ചോദ്യത്തിൽ ഒരുപാട് സന്തോഷമുണ്ടായിരുന്നു.....

പക്ഷേ വൈശുവിനെ നോക്കിയപ്പോൾ അവളുടെ മുഖത്തെ ഭാവം എനിക്ക് വായിച്ചെടുക്കാൻ സാധിച്ചില്ല....

"എന്താ പറ്റില്ലേ... "

ഞാൻ വീണ്ടും അവളോട് ചോദിച്ചു....

"പറ്റും., പക്ഷേ..."

അതു പറഞ്ഞതും അവളുടെ ചുണ്ടുകൾ വിറക്കാൻ തുടങ്ങി....

www.kkstories.com

"പക്ഷേ.... "

"ആ ആത്മാവ് ഒരു ശരീരം സ്വന്തമാക്കണം...."

വൈശുവിന്റെ വാക്കുകൾ കേട്ടപ്പോൾ ഞങ്ങൾ എല്ലാവരും ഒരേ സമയം ഞെട്ടി.

"എന്താ... ശരീരം...?"

കല്ല്യാണിയുടെ ശബ്ദം വിറച്ച് പോയി.

വൈശു പുസ്തകം വീണ്ടും അടുക്കിവെച്ചു.

"ഈ അതെ... പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് — ആത്മാവിനെ പൂർണമായും അവസാനിപ്പിക്കാൻ, അതിനെ ആദ്യം ഒരു ശരീരത്തിലേക്ക് അടയ്ക്കണം. പിന്നേ ആ കത്തി ഉപയോഗിച്ച് ആ ശരീരത്തിൽ വച്ചു തന്നെ ആ ആത്മാവിനെ കൊല്ലണം എന്നാണ്..."

.

"അതിനർത്ഥം... ആരോ ഒരാൾ... സ്വന്തം ശരീരം... ആത്മാവിനേ കൊല്ലാൻ വേണ്ടി വിട്ടുകൊടുക്കേണ്ടി വരുമെന്നാണോ...?"

www.kkstories.com

അതു പറഞ്ഞപ്പോൾ മായയുടെ ശബ്ദം വിറക്കുന്നുണ്ടായിരുന്നു

വാക്കുകൾ വായിൽ നിന്നിറങ്ങുമ്പോഴേക്കും മുറിയിൽ ഒരു മൗനം.

എന്റെ ഹൃദയം വല്ലാതെ ഇടിക്കാൻ തുടങ്ങി കൈകൾ വിറക്കുന്നുണ്ട്...

"വേറേ വല്ല വഴിയുമുണ്ടോ.... "

വൈശുവിനോടതു പറഞ്ഞപ്പോൾ എന്റെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു...

"പൂജ നടത്തി ആ ആത്മാവിനെ വീണ്ടും തളക്കാം എന്നത് മാത്രമാണ് അടുത്ത വഴി...."

ഇരുട്ട് എന്റെ കണ്ണിലേക്ക് കയറാൻ തുടങ്ങി....

"സിദ്ധു.... സിദ്ധു.... നിനക്ക് കുഴപ്പമൊന്നുമില്ലല്ലോ....? "

കല്ല്യാണി എന്റെ മുഖം കോരിയെടുത്തുകൊണ്ട് ചോദിച്ചു....

"നമ്മുക്ക് നമ്മുക്ക് പൂജ നടത്താം.... ഞാൻ... ഞാൻ നിങ്ങൾക്ക് രണ്ടു പേർക്കും ഒന്നും വരാൻ സമ്മതിക്കില്ല.... "

www.kkstories.com

ഞാൻ എന്തൊക്കെയോ പറയാൻ തുടങ്ങി...

"ഒരു കാര്യം കൂടെയുണ്ട്....."

വൈശു വീണ്ടും പറഞ്ഞു....

പക്ഷേ അതു കേൾക്കാനുള്ള ശക്തി എനിക്കപ്പോൾ ഉണ്ടായിരുന്നില്ല.....

"ഈ ബുക്കിൽ പറയുന്നത്.."

അപ്പോഴേക്കും ഡോറിൽ ഒരു മുട്ട് ഞാൻ കേട്ടു....

ഞാൻ പോയി ഡോറിന്റെ ലോക്ക് തുറന്നു അമ്മയാണ് ഒപ്പം നന്ദു ചേച്ചിയുമുണ്ട്....

"സിദ്ധു മോനേ വേഗം വാടാ നിന്റെ ചേച്ചിക്ക് പ്രാന്തായി.... "

ഏഹ് പ്രാന്തോ.... ആർക്ക് ഞാൻ വേഗം താഴോട്ട് ഓടി പിന്നാലേ ബാക്കിയുള്ളവരും ഉണ്ടായിരുന്നു....

www.kkstories.com

താഴെയെത്തിയപ്പോൾ ദേവു ചേച്ചി മുത്തശ്ശിയോടും പിന്നേ ആ മറ്റേ കിഴവനോടും എന്തോ പറയുകയാണ്....

എന്തായാലും സുഖ വിവരം അന്വേഷിക്കുകയല്ല എന്ന് എനിക്ക് ഏകദേശം മനസ്സിലായി.... കാരണം ചേച്ചി കലി തുള്ളിനില്ക്കുകയാണ്.... അരുണിന്റെയും ആദിയുടെയും അവസ്ഥ മറിച്ചല്ല...

എല്ലാവരും ചേച്ചിയേ തന്നെ നോക്കി നിൽക്കുകയാണ്....

ഞാനും ചേച്ചിയുടെ വാക്കുകളിലേക്ക് കാതോർത്തു....

അപ്പോഴേക്കും കല്ല്യാണിയും മായയും വൈശുവുമൊക്കെ താഴെഎത്തിയിരുന്നു....

"ദേ തള്ളേ ഞാൻ ഒരു കാര്യം പറയാം ചെറുപ്പം മുതലേ നിങ്ങളെ എനിക്ക് കണ്ണിൽ കണ്ടൂടാ... നിങ്ങളൊക്കെ കൊന്ന് തിന്നതിന്റെ പാപം കാരണം എന്റെ പിള്ളേർക്ക് എന്തെങ്കിലും സംഭവിച്ചാൽ പച്ചക്ക് കത്തിക്കും ഞാൻ എല്ലാത്തിനേം..... നിങ്ങൾക്കൊന്നും ഈ ദേവികയരാന്ന് ഇതുവരെയും അറിയില്ല.... "

ദേവു ചേച്ചി നിന്ന് തുള്ളുകയാണ്...ചേച്ചിയേ ഇത്രയും ദേഷ്യപ്പെട്ടു ഞാൻ ഇതിനു മുൻപ് കണ്ടിട്ടേയില്ല....

ഇതിനും മാത്രം ദേഷ്യം വരാൻ ഇവർ എങ്ങോട്ടാണ് പോയേ...

www.kkstories.com

ചേച്ചിയുടെ വർത്താനം കേട്ട് മുത്തശ്ശിയുടെ അടുത്തിരുന്നു..പരമേശ്വരൻ ചാടിയെഴുന്നേറ്റു....

"ഇങ്ങനെയാണോ നീ കുട്ടികളെ വളർത്തിയത്... "

ദേവു ചേച്ചിയേ ചൂണ്ടി അയാൾ അച്ഛനോടായി ചോദിച്ചു....

പക്ഷേ അച്ഛൻ എന്തെങ്കിലും പറയാൻ അവസരം കൊടുക്കുന്നതിനു മുന്പേ കലി തുള്ളി നിൽക്കുന്ന ചേച്ചി വീണ്ടും കേറി പറഞ്ഞു...

"താനൊന്നു മിണ്ടാതിരിക്കടാ മൈരേ...നീ ചെയ്തതിന്റെ കണക്കൊന്നും നീ എന്നെകൊണ്ട് പറയിപ്പിക്കരുത്....."

😳

ചേച്ചിയുടെ വായിൽ നിന്നും ആ വാക്കുകൾ കേട്ടതും തറവാട് മൊത്തം മൗനമായി....

"ദേവു...."

അമ്മയുടെ ശാസനയെത്തി.....

www.kkstories.com

പക്ഷെ അതിനു മറുപടിയായി ഒരു നോട്ടം മാത്രമാണ് നോക്കിയത്....ആരെയും എരിയിക്കാനുള്ള ചൂട് ആ കണ്ണുകൾക്കുണ്ടായിരുന്നു....

മുത്തശ്ശിയെ നോക്കിയപ്പോൾ അവർ തല താഴ്ത്തി കണ്ണീർ പൊഴിക്കുകയാണ്...

"നീ എന്താടി പറഞ്ഞേ.... "

അതുംപറഞ്ഞു മായയുടെ അച്ഛൻ ചേച്ചിയേ അടിക്കാൻ തുനിഞ്ഞു...

എനിക്ക് ഓടി എത്താൻ മാത്രംസമയമുണ്ടായിരുന്നില്ല...

അയാളുടെ കൈ ചേച്ചിയുടെ മുഖത്ത് പതിക്കുന്നതിനു മുമ്പായി ആദി അയാളുടെ കയ്യിൽ കയറി പിടിച്ചു....

ശേഷം....

"താനിതിൽ ഇടപെടേണ്ടാ....."

ആദി ദേഷ്യത്തോടെ അയാളോട് പറഞ്ഞു...

ഇവിടെ എന്താണ് നടക്കുന്നത്....എല്ലാവർക്കും എന്താണിത്ര ദേഷ്യം.അവർക്കല്ലാതെ ഇവിടേ നടക്കുന്നത് എന്താണ് എന്ന് ആർക്കും മനസ്സിലായിട്ടില്ല....

www.kkstories.com

"നിങ്ങളും ഒരു സ്ത്രീയല്ലേ എങ്ങനെ തോന്നി ഇങ്ങനെയൊക്കെ ചെയ്യാൻ... കഷ്ട്ടം.... "

ചേച്ചി മുത്തശ്ശിയേനോക്കി അവസാനത്തെ ആണിയും അടിച്ച ശേഷം മുകളിലേക്ക് കയറി പോയി...

ചേച്ചി പോവുന്നത് നോക്കി നിൽക്കാനേ എല്ലാവർക്കും കഴിഞ്ഞുള്ളു... ഒരക്ഷരം മിണ്ടാൻ പോലും ആരും ധൈര്യ പെട്ടില്ല....

കുറച്ച് നേരം ഞാൻ അവിടേ തന്നെ നിന്നും ഇവിടേ നടക്കുന്ന കാര്യങ്ങൾ തമ്മിൽ ഇവർക്ക് എന്തോ ബന്ധമുണ്ട് അതത്ര നല്ല ബന്ധമല്ല എന്ന് എനിക്ക് ബോധ്യമായി...

കല്ല്യാണി എന്റെ കയ്യിൽ കയറി പിടിച്ചു ബലമായി ഞങ്ങളുടെ മുറിയിലേക്ക് നടന്നു... പിന്നാലെയായി മായയും വന്നു...

ഞങ്ങൾ മൂന്ന് പേരും മുറിയിൽ കയറിയതും കല്യാണി കതകടച്ചു കുറ്റിയിട്ടു...

"എടാ ദേവു ചേച്ചിക്ക് എന്താ പറ്റിയേ ഞാൻ ആദ്യായിട്ട് കാണുവാ ചേച്ചിയേ ഇത്രയും ദേഷ്യപെട്ട്..."

കല്ല്യാണിയുടെ ചോദ്യത്തിന് എനിക്ക് മറുപടിയില്ലായിരുന്നു.... കാരണം ഞാനും ഇതാദ്യമായിട്ടാണ് ചേച്ചിയേ ഇത്രയും ദേഷ്യപെട്ട് കാണുന്നത്....

www.kkstories.com

"ദേവു ചേച്ചി പൊളിയാണ് ട്ടോ.... "

ആ ഡയലോഗ് വന്ന സ്ഥലത്തേക്ക് ഞാൻ തല തിരിച്ചു... ചിരിച്ച് കളിച്ചു നിൽക്കുകയാണ് മായ...

ഞാനും കല്ല്യാണിയും അന്തം വിട്ടു നിൽക്കുകയാണ്...

ഇവൾക്കെന്താ വയ്യേ... ഇവൾടെ മുത്തശ്ശനേ തന്നെയല്ലേ ചേച്ചി തെറി പറഞ്ഞേ.... 🤔

മായയുടെ മുഖത്ത് ചേച്ചിയോടുള്ള ആരാധന തെളിഞ്ഞു കാണുന്നുണ്ടായിരുന്നു....

"നിനക്ക് വിഷമം ഒന്നുമില്ലേ നിന്റെ മുത്തശ്ശനേ ചീത്ത വിളിച്ചതിൽ.... "

കല്യാണി അവളോടായി ചോദിച്ചു.....

"എന്തിന്... ആ കിളവന് അല്ലെങ്കിലും കുറച്ചു കൂടുതലാ....ഞാനും എന്റെ ഏട്ടനും ഒക്കെ എന്ന് ഓങ്ങി വച്ചതാണ് എന്ന് അറിയോ കല്ലു ചേച്ചിക്ക്. പിന്നെ അതിനുള്ള ധൈര്യം ഇല്ലാത്തതുകൊണ്ട് മിണ്ടാതിരുന്നതാ.... പക്ഷേ ദേവു ചേച്ചി... ഹോ ഓർക്കുമ്പോൾ തന്നെ രോമം പൊന്തുന്നു..... ചേച്ചിക്ക് അച്ഛനും കൂടേ കുറച്ച് കൊടുക്കായിരുന്നു.... "

www.kkstories.com

അവൾ ഇത്രയും പറഞ്ഞു തീർത്തപ്പോൾ എനിക്ക് ചിരിയാണ് വന്നത്.... പക്ഷേ കല്ല്യാണി പൊട്ടി ചിരിക്കുകയായിരുന്നു....

ഇതിനിടക്ക് വീണ്ടും വാതിലിൽ ഒരു മുട്ട് കേട്ടു...

തുറന്നു നോക്കിയപ്പോൾ എന്റെ എല്ലാ ചേച്ചിമാരും പിന്നേ വൈശുവും ഇഷയും താരയുമൊക്കെയുണ്ട്...

പാറുവിന്റെ കയ്യിൽ ഫ്രൂട്ട്സ് കാർത്തു ചേച്ചിയുടെ കയ്യിൽ ജ്യൂസ്....

അത് കണ്ടപ്പോൾ തന്നെ അവരുടെ ഉദ്ദേശം എനിക്ക് ഏകദേശം മനസ്സിലായി....

ദേവു ചേച്ചിയോട് കാര്യം പോയി തിരക്കണം അതിനാണ് ഈ സ്നേഹ പ്രകടനം മുഴുവൻ....

അവർ ആരെങ്കിലും പോയാൽ ആട്ട് ഉറപ്പാണ്.....അവരേ അകത്തേക്ക് കയറ്റുമോ എന്ന് പോലും സംശയമാണ്...

അപ്പോഴുള്ള ഏക മാർഗം ഞാനാണ്...

എന്നേ ചേച്ചി ഒന്നും പറയില്ല.....

www.kkstories.com

"സിദ്ധു... മോനേ നീ ഈ ഫ്രൂട്ട്സ് ഒക്കെ എടുത്തു കഴിച്ചേ.... "

പാറു ഒലിപ്പിക്കാൻ തുടങ്ങി....

"കൂടുതൽ ഒലിപ്പിക്കണ്ട ഞാൻ എന്തായാലും ചോദിക്കാൻ പോവാ....."

ഞാനതു പറഞ്ഞു നിർത്തിയതും അവരുടെ മുഖത്തു സന്തോഷം ഇരച്ചു കയറാൻ തുടങ്ങി....

പക്ഷേ അതിനു മുൻപ് എനിക്ക് ഒരു കാര്യമറിയണം വൈശു പറഞ്ഞു നിർത്തിയത് എന്താണ്....ആ ഒരു കാര്യം കൂടേ ചേച്ചിയുടെ അടുത്തേക്ക്പോവുന്നതിനു മുൻപ് എനിക്കറിയണം...

ഞാൻ വൈശുവിനടുത്തേക്ക് നടന്നു....

"വൈശു നീ പറയാൻ വന്ന ആ ഒരു കാര്യം കൂടേ എന്താണ്... "

മയക്കും കല്ല്യാണിക്കും ഒഴികെ അവിടേ നിന്ന ഒരാൾക്കും ഞാൻ എന്താണ് ചോദിക്കുന്നത് എന്ന് മനസ്സിലായില്ല...

എന്നിരുന്നാലും എല്ലാവരുടെയും ശ്രദ്ധ വൈശുവിലേക്കായി....

www.kkstories.com

"അത്... അത്... ആ ബുക്കിൽ രണ്ടു ആത്മാക്കളെ പറ്റിയാണ് പറയുന്നത്...അതിൽ ഒരു ആത്മാവിനെ തളച്ച കാര്യം മാത്രമേ പറയുന്നുള്ളു..... മറ്റൊന്നിനെ തളച്ച കാര്യം പറയുന്നില്ല....."

😳

മൈര് ചോദിക്കണ്ടായിരുന്നു.....

"രണ്ട് ആത്മാവോ..... നിങ്ങൾ ഇതെന്തൊക്കെയാ പറയുന്നേ "

"ഏത് ബുക്ക്....."

ചുറ്റും നിന്നും പല ചോദ്യങ്ങളും വരാൻ തുടങ്ങി....

എന്നാൽ ഞാനും കല്ല്യാണിയും മായയും

മൊത്തത്തിൽ തരിച്ചു നിൽക്കുകയായിരുന്നു...

ശ്രദ്ധ വീണ്ടും പുറത്തു നിൽക്കുന്ന ആളുകളിലേക്ക് പോയി.... അതിൽ ഒരുത്തന്റെ കയ്യിൽ ആ കത്തിയും കാണാം അതിൽ നിന്നും എന്തോ ഇറ്റിറ്റു വീഴുന്നത് ഞാൻ കണ്ടു അത് ചോരയാണെന്ന് മനസിലാക്കാൻ എനിക്കതികം നേരം വേണ്ടി വന്നില്ല...

www.kkstories.com

കല്ല്യാണി.....

മനസ്സിൽ അവളുടെ പേര് മുഴങ്ങുമ്പോഴേക്കും അരുൺ അവരുടെ നേർക്ക് പാഞ്ഞടുത്തിരുന്നു....

സമയം വെറുതെ കളയാനുള്ളതല്ല എന്ന് മനസ്സിലാക്കിയ ഞാൻ അവരുടെ കാര്യം അരുണിന് വിട്ടുകൊടുത്തു വാതിലിനടുത്തേക്ക് ഓടി.....

വാതിലിനടുത്തെത്തിയ ഞാൻ അത് തുറക്കാൻ തുനിയുമ്പോഴേക്കും സൈഡിൽ നിന്നും ഒരു ചവിട്ട് എനിക്കു കിട്ടി....

പെട്ടന്നായതുകൊണ്ട് തന്നെ പിടിച്ചു നിൽക്കാൻ എനിക്ക് കഴിഞ്ഞില്ല.... കുറച്ചു മാറിയായി ഞാൻ തെറിച്ചു വീണു....

തിരിഞ്ഞു നോക്കുമ്പോൾ കാവൽ നിന്നവരിൽ ഒരുത്തമായിരുന്നു അത്....

ഞാൻ അരുണിനെ നോക്കി, അവനും വിചാരിച്ച പോലേ എളുപ്പമായിരുന്നില്ല കാര്യങ്ങൾ....

നല്ല ആരോഗ്യമുള്ളവരായിരുന്നു അവർ...

എനിക്ക് ഈ വാതിൽ തുറക്കണമെങ്കിൽ ഇവരുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനക്കിയേ പറ്റു....

www.kkstories.com

നിലത്തു നിന്നും ഞാൻ പെട്ടെന്ന് തന്നെ എണീച്ചു

നിലത്തു നിന്നുയർന്നപ്പോൾ തന്നെ എന്റെ ശരീരത്തിൽ നിന്നു വന്നിരുന്ന വേദനയെ അവഗണിച്ച് ഞാൻ നേരെ അവന്റെ നേരെ പാഞ്ഞു.

ഇരുമ്പ് കോൽ അവന്റെ കൈ തന്നെയായിരുന്നു എന്റെ ലക്ഷ്യം...

അവൻ വീണ്ടും അടിക്കാൻ ശ്രമിക്കുന്നതിന് മുൻപേ, ഞാൻ കുനിഞ്ഞുകൊണ്ട് വയറ്റിനിട്ടൊരു കുത്ത് കൊടുത്തു. ശ്വാസം മുട്ടിയപോലെ അവൻ അല്പം തളർന്നു.

അവസരം കണ്ട ഞാൻ അവന്റെ കൈ പിടിച്ചു വലിച്ചു തിരിക്കുമ്പോൾ അവന്റെ മുട്ട് ഒന്നു ചുരുണ്ടുപോയി.

ശേഷം എനിക്കു കിട്ടിയതിന്റെ ഇരട്ടി ഡോസ്സിൽ അവനും കൊടുത്തൊരു ചവിട്ട്..

പുണ്ടച്ചിമോന്റെ കഴപ്പ് തീർന്നുകിട്ടിയിട്ടുണ്ടാവും....

പിന്നാലെ നിന്ന മറ്റൊരാൾ എന്റെ നേരെ വന്നു. അവൻ വലിയ ശരീരക്കാരനായിരുന്നു. നേരിട്ട് ആക്രമിച്ചാൽ ജയിക്കാൻ സാധ്യത കുറവെന്ന് മനസ്സിലാക്കിയ ഞാൻ ഒന്നു മാറി നിന്നു. അവൻ എന്റെ കഴുത്തിലേക്ക് പിടിക്കാൻ വന്നപ്പോൾ, ഞാൻ അവന്റെ കൈക്കിടയിൽ സ്ലൈഡ് ചെയ്ത്, കാലുകൊണ്ട് അവന്റെ കാൽമുട്ടിനിട്ടൊരു ചവിട്ട് കൊടുത്തു...

www.kkstories.com

ഭാരമുള്ളവനായതിനാൽ അവൻ നിലത്തേക്ക് മറിഞ്ഞപ്പോൾ നിലം മുഴുവനും ഒന്ന് നടുങ്ങി.

അവൻ എഴുന്നേൽക്കുന്നതിന് മുമ്പ് തന്നെ, ഞാൻ അവന്റെ മുഖത്തേക്ക് ഒരു കാൽക്കുത്ത് കൊടുത്തു.

എന്റെ ഇടത് വശത്ത് നിന്ന് മറ്റൊരാളുടെ പിടി എന്റെ ചുമലിൽ പതിച്ചു.

പിന്നിൽ നിന്ന് പിടിച്ചുകൊണ്ട് നിലത്ത് അടിക്കാനായിരുന്നു അവന്റെ ശ്രമം എന്ന് മനസ്സിലാക്കിയ ഞാൻ പിന്നോട്ട് തലകൊണ്ട് അവന്റെ മുഖത്ത് ഇടിച്ചു. മുഖം മൂടി ഉണ്ടായിരുന്നെങ്കിലും അവന്റെ മൂക്കിൽ നിന്ന് രക്തം ഒഴുകുന്നതു ഞാൻ കണ്ടു. അവന്റെ പിടി അല്പം മോശമായപ്പോഴേക്കും ഞാൻ ചുറ്റിത്തിരിഞ്ഞ് വയറിൽ പിടിച്ചുകൊണ്ട് മലർത്തിയടിച്ചു..... അതിൽ അവനും വീണു...

എനിക്ക് മുന്നിൽ മൂന്നു പേർ കൂടി ബാക്കി.

പക്ഷേ അവരോട് കൂടേ മല്ലിടാൻ എനിക്ക് സമയമുണ്ടായിരുന്നില്ല.. അതിനാൽ ഞാൻ അരുണിനെ നോക്കി....

"നീ പൊക്കോ ഇത് ഞാൻ നോക്കിക്കോളാം.. "

എന്റെ നോട്ടത്തിന്റെ അർത്ഥം മനസ്സിലാക്കിയ അവൻ എന്നോടായി പറഞ്ഞു..

പക്ഷേ എനിക്ക് അവനേ കൊണ്ട് നടക്കുമോ എന്ന് ഉറപ്പില്ലായിരുന്നു.....

www.kkstories.com

എന്നാൽ എന്റെ തെറ്റിദ്ധാരണ കുറച്ചു നിമിഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു...

എന്റെ നേർക്ക് പാഞ്ഞു വരുന്ന ഒരുത്തനെ അരുൺ ഒറ്റയടിക്ക് വീഴ്ത്തി.....

കണ്ടു നിന്ന എനിക്ക് പോലും ആ അടിയുടെ ആഘാതം അനുഭവിക്കാൻ പറ്റി.... അതുപോലൊരു ഐറ്റം ആയിരുന്നു അത്.

ബാക്കിയുള്ളവരെ അവൻ തന്നെ കൈകാര്യം ചെയ്യുമെന്നെനിക്ക് ഏകദേശം ഉറപ്പായി..

പിന്നേ അവിടേ നിന്ന് ഞാൻ സമയം കളഞ്ഞില്ല.....

താഴെ വീണ മൊബൈൽ ഫോണുമെടുത്ത് ഞാൻ വാതിൽ തുറന്ന് ഉള്ളിലേക്ക് കയറി...

നിലാവിന്റെ വെളിച്ചം മാത്രമായിരുന്നു ആ വീടിനുള്ളിലെ ഏക വെട്ടം....

എന്നാൽ മൂക്കിലേക്ക് അരിച്ചെത്തുന്ന ചോര മണം വളരേ ഭയാനക പെടുത്തുന്നതായിരുന്നു....

എന്റെ കൈ കാലുകൾ വിറക്കാൻ തുടങ്ങി....

www.kkstories.com

പുറത്തു നിന്ന് കാണുന്ന പോലെയായിരുന്നില്ല ആ വീട് അകത്ത് കയറിയപ്പോൾ അത്യാവശ്യം വലുപ്പമുണ്ട്....

"കല്ലു..... "

എന്റെ ശബ്ദം ആ വീടിനുള്ളിൽ അലയടിച്ചെങ്കിലും മറുപടിയൊന്നും വന്നില്ല...

ഞാൻ ഉള്ളിലേക്ക് നടന്നു..... ഉള്ളിലേക്ക് പോവുംതോറും നിലാവ് പോലും എന്റൊപ്പം വരാൻ മടിച്ചു.....

ഫോണിലെ ഫ്ലാഷ് ലൈറ്റ് ഓൺ ആക്കി ഞാൻ ഉള്ളിലേക്ക് സഞ്ചരിച്ചു.....

മാറാലകളും ചിതലുകൾ കൊണ്ടും അലങ്കരിച്ചിട്ടുണ്ടായിരുന്നു ആ വീട്ടിലേ ഓരോ മുക്കും മൂലയും.....

താഴോട്ടു നോക്കിയപ്പോൾ എന്തോ വലിച്ചിഴച്ചു കൊണ്ടുപോയ പാടുകൾ ഞാൻ കണ്ടു.....ആ പാടുകൾക്കൊപ്പം ചോരകൂടേ കണ്ടതിനാൽ, വലിയൊരു ആഴത്തിൽ പെട്ടപോലെയായിരുന്നു മനസ്സ്...

കല്ല്യാണി... അവൾക്കെന്തെങ്കിലും പറ്റിയിട്ടുണ്ടാവുമോ എന്ന ചിന്ത മനസ്സിനെ തളർത്താൻ തുടങ്ങി....

www.kkstories.com

വലിച്ചിഴച്ചതിന്റെ പാടുകൾ അവസാനിക്കുന്നത് ഒരു മുറിക്കു മുമ്പിൽ ആയിരുന്നു....

"ട്ടക്ക്.... "

പെട്ടെന്ന് അതിനുള്ളിൽ ഒരു ശബ്ദം കൂടേ കേട്ടതോടെ ഞാൻ ആ വാതിൽ തല്ലി തകർക്കാൻ തുടങ്ങി...

പഴവാതിൽ ആയതിനാൽ അത്ര ബലം ഉണ്ടായിരുന്നില്ല അതിന്...

അത്കൊണ്ട് ആദ്യത്തെ ഇടിക്കുതന്നെ പൊട്ടിപൊളിഞ്ഞ മാരകഷ്ണം കയ്യിൽ തട്ടി ചോര വന്നെങ്കിലും ഞാൻ നിർത്തിയില്ല.....

വാതിൽ മൊത്തമായും ഞാൻ അടർത്തി മാറ്റി ഞാൻ അകത്തേക്ക് കയറി....

വാതിൽ തുറന്ന് അകത്തു കയറിയതും ചലനമാറ്റു കിടക്കുന്ന കല്ല്യാണിയേ ഞാൻ കണ്ടു.....

ഞാൻ ഒരിക്കലും കാണരുതേ എന്ന് ആഗ്രഹിച്ച ഒരു കാഴ്ചയായിരുന്നു അത്...

എന്റെ കൈകാലുകൾ വിറച്ചു....തൊണ്ട വരണ്ടു....

"കല്ല്യാണി..... "

www.kkstories.com

ഞാൻ അവളേ തട്ടി വിളിച്ചു..... ശ്വാസം എടുക്കുന്നുണ്ടെങ്കിലും അവൾക്ക് ബോധമുണ്ടായിരുന്നില്ല....

കത്തിയിൽ നിന്നും ഒലിച്ചിറങ്ങിയ രക്തത്തുള്ളികൾ മനസ്സിലേക്ക് വന്നതും ഞാൻ അവളുടെ ശരീരം പരിശോധിക്കാൻ തുടങ്ങി....

അവളുടെ ശരീരമാസകലം മണ്ണായിരുന്നെങ്കിലും കത്തികൊണ്ട് കുത്തിയ പാടൊന്നും എനിക്ക് കാണാനായില്ല.....

ഞാൻ അവളേ കോരിയെടുത്തു.....

എന്തോ താഴേക്ക് ഇറ്റിറ്റു വീഴുന്നത് ഞാൻ കണ്ടു..... അത് ചോര തുള്ളികളായിരുന്നു...

കല്ല്യാണിയുടെ കൈകളിൽ നിന്നാണത് വന്നുകൊണ്ടിരുന്നത്....

ശരീരം നോക്കുന്നതിനിടക്ക് അവളുടെ കൈകൾ പരിശോധിക്കാൻ ഞാൻ മറന്നു പോയിരുന്നു....

കൈ പത്തി നന്നായി മുറിഞ്ഞിട്ടുണ്ട് സ്വയരക്ഷ ചെയ്യുന്നതിനിടയിൽ സംഭവിച്ചതാവണം....

"കല്ലു..... "

www.kkstories.com

അവളുടെ പേര് വിളിച്ചപ്പോൾ എന്റെ ഒരു തുള്ളി കണ്ണുനീർ അവളുടെ കവിളിലേക്ക് വീണിരുന്നു...

കാർത്തു ചേച്ചി...., എത്രയും വേഗം ഇവളെ ചേച്ചിയുടെ അടുത്തെത്തിക്കണം....

ഞാൻ കല്ല്യാണിയേ കോരിയെടുത്തുകൊണ്ട് പുറത്തേക്ക് ഓടി....

ഞാൻ പുറത്തേ വാതിലിനു നേരേ അടുക്കുമ്പോഴും എന്നേ ആരോ നീരീക്ഷിക്കുന്നത് പോലെയെനിക്ക് തോന്നി...

ഇതിനു മുന്പും എനിക്ക് ഇതുപോലെ തോന്നിയിട്ടുണ്ട് പക്ഷേ ഓർമിച്ചെടുക്കാൻ സാധിക്കുന്നില്ല.....

ഞാൻ വീടിനകത്തുകൂടെ ഓടുകയാണ്....

പുറത്തേ വാതിലിൽ നിന്നും നിലാവിന്റെ വെളിച്ചം കാണാം... പക്ഷേ ദൂരേ ദൂരേ മാഞ്ഞു പോവുകയാണാ വെളിച്ചം....

എന്റെ കണ്ണുകളിൽ ഇരുട്ടു നിറയാൻ തുടങ്ങി.

www.kkstories.com

കാലുകൾ നിന്നു.....

കയ്യിൽ ഇപ്പോഴും കല്ല്യാണി ബോധമില്ലാതെ കിടക്കുകയാണ്...ഞാൻ അവളുടെ മുഖത്തേക്ക് നോക്കി.....

"സിദ്ധു..... "

ഇരുട്ടു നിറഞ്ഞ കണ്ണുകൾ പെട്ടെന്ന് വിടർന്നു..... ശരീരമാസകലം ഒരു തരിപ്പ് അനുഭവപ്പെട്ടു..... ചൂട് നിറഞ്ഞിടത്ത് ഒരു തണുത്ത കാറ്റ് വീശി...

അരുൺ ഞങ്ങളുടെ അടുത്തേക്ക് ഓടി വന്നു....

എന്റെ കയ്യിൽ കിടക്കുന്ന കല്ല്യാണിയേ കണ്ടതും അവൻ ഒരു നിമിഷം നിന്നു....

"കല്ലു.... മോളെ..... "

അവന്റെ വാക്കുകൾ വിറക്കുന്നുണ്ടായിരുന്നു...

അവൻ അവളേ തട്ടി വിളിക്കാൻ ശ്രമിച്ചു... പക്ഷേ ഒന്നും തന്നെ നടന്നില്ല...

അവളുടെ കൈപ്പത്തിയിൽ നിന്നും ചോര വരുന്നത് കണ്ട അരുൺ അവളെ എന്റെ കയ്യിൽ നിന്നും വാങ്ങി...

www.kkstories.com

ശേഷം പുറത്തേക്ക് ഓടി.....

ഞാൻ ഇപ്പോഴും ആ വീടിനുള്ളിൽ തന്നെ നിൽക്കുകയാണ്.....

എന്ത് ചെയ്യണമെന്ന് പോലും അറിയാത്ത ഒരു അവസ്ഥ

അരുൺ അപ്പോഴേക്കും കല്ല്യാണിയേകൊണ്ട് പുറത്തെത്തിയിരുന്നു...

ഞാൻ വരുന്നില്ല എന്ന് മനസ്സിലായതും അരുൺ എന്നേ ഒന്ന് തിരിഞ്ഞു നോക്കി..

"സിദ്ധു.... വാടാ..... "

വളരേ ദയനീയമായിരുന്നു അവന്റെ ശബ്ദം....

വീണ്ടും തണുത്ത കാറ്റു വീശി.....

"സിദ്ധു..... പോ..... "

www.kkstories.com

ആ ശബ്ദം ഞാൻ വീണ്ടും കേട്ടു.....

അതേ അതൊരു സ്ത്രീയുടെ ശബ്ദമാണ്.... എനിക്ക് മാത്രം കേൾക്കാൻ സാധിക്കുന്ന ശബ്ദം....

കാലുകൾ വീണ്ടും ചലിച്ചു....

അരുൺ കല്ല്യാണിയേ എടുത്തുകൊണ്ട് വേഗത്തിൽ നടക്കാൻ തുടങ്ങി

അവരുടെ പിന്നാലേ ഞാനും യാന്ത്രികമായി നടന്നു....

പോവുന്നതിനു മുൻപ് ഒന്ന് തിരിഞ്ഞു നോക്കാനും ഞാൻ മറന്നില്ല.....

"നീ പേടിക്കൊന്നും വേണ്ടാ... കയ്യിലേ മുറിവ് മാത്രമേ ഉള്ളു... അത് കർത്തുവിനെ കാണിച്ചാൽ മതി ബാക്കി അവൾ നോക്കിക്കോളും...കല്ല്യാണിയേ കിട്ടിയ കാര്യം ഞാൻ വിളിച്ചു പറഞ്ഞിട്ടുണ്ട് അത്കൊണ്ട് എല്ലാവരും നമ്മളേ കാത്തു നിൽക്കുകയാണ് നീ ടെൻഷൻ അടിക്കല്ലേ..... "

അരുൺ പോവുന്നവഴിക്കൊക്കെ എന്നേ പരമാവധി സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും.... അവന്റെ ശബ്ദതത്തിലും വല്ലാതെ പേടിയുണ്ടായിരുന്നു....

ചില സമയങ്ങൾ അവൻ സ്വബോധം മറന്ന് സംസാരിക്കുകയൊക്കെയുണ്ടായി....

www.kkstories.com

എന്റെ മനസ്സിൽ കല്ല്യാണി മാത്രമാണ്....

"ഒരു പക്ഷേ കല്ലുവിന്റെ ശരീരത്തിൽ ആ ആത്മാവ് കേറിയിട്ടുണ്ടെങ്കിൽ... "

ഒരിക്കലും ചോദിക്കണമെന്ന് വിചാരിച്ച് ചോദിച്ചതല്ല....

പക്ഷേ ഉള്ളിലെ പേടി അതേ പോലേ പുറത്തു വന്നതാണ്

എന്റെ ചോദ്യം കേട്ടതും....

അരുൺ പെട്ടന്ന് നിന്നു...

അവന്റെ ശരീരമവിടെ ഉണ്ടായിരുന്നെങ്കിലും ചിന്തകൾ മറ്റെവിടെയോ ആയിരുന്നു....

കുറച്ചു നേരം ആ നിൽപ്പ്നിന്ന ശേഷം അരുൺ വീണ്ടും നടക്കാൻ തുടങ്ങി....

"അങ്ങനെയൊന്നും ഉണ്ടാവില്ല നീ സമാധാനപെട് അവൾക്കൊന്നും സംഭവിക്കാൻ ഞാൻ സമ്മതിക്കില്ല.... "

അവന്റെ മറുപടിക്ക് പോലും എന്റെ മനസ്സിനെ ശാന്തമാക്കാൻ സാധിച്ചില്ല....

www.kkstories.com

പിന്നീട് ഞങ്ങൾ നിന്നത്....

തറവാട്ടിൽ എത്തിയപ്പോഴായിരുന്നു...

എല്ലാവരും ഞങ്ങളേ കാത്ത് തറവാടിന് മുന്നിൽ തന്നെ ഉണ്ടായിരുന്നു....

അരുണിന്റെ കയ്യിൽ ബോധമില്ലാതെ കിടക്കുന്ന കല്ല്യാണിയേ കണ്ടതും ലക്ഷ്മിയാന്റി ഞങ്ങളുടെ അടുത്തേക്ക് കരഞ്ഞുകൊണ്ട് ഓടി വന്നു... ഒപ്പം അവളുടെ അച്ഛനും ഏട്ടന്മാരും ഉണ്ടായിരുന്നു....

എന്നാൽ അരുൺ അവരെയെല്ലാം അവഗണിച്ചുകൊണ്ട് ഉള്ളിലേക്ക് ഓടി...

"കാർത്തു വാ..... "

ഉള്ളിലേക്ക് കയറിയപ്പോൾ അരുൺ കാർത്തു ചേച്ചിയോടും തന്നെ പിന്തുടരാൻ പറഞ്ഞു.....

ചേച്ചി കേട്ട പാടേ അരുണിനൊപ്പം പോയി...

ഞാൻ ആകെ തളർന്നിരുന്നു...

www.kkstories.com

പക്ഷേ ശരീരമായിരുന്നില്ല മനസ്സിനായിരുന്നു എന്ന് മാത്രം...

അരുൺ ഹാളിലുള്ള ഒരു സോഫയിൽ കല്ല്യാണിയേ കിടത്തി....

അവൾ കുറച്ചുകൂടെ വേഗത്തിൽ ആണിപ്പോൾ ശ്വാസമെടുക്കുന്നത്....

കാർത്തു ചേച്ചി വേഗം അവളെ പരിശോധിക്കാൻ തുടങ്ങി....

"മായേ ഈ മുറിവൊന്ന് കെട്ടിക്കേ..... "

ചേച്ചിയുടെ മറുപടി കേട്ടതും മായ അവളുടെ റൂമിലേക്ക് ഓടി...

തിരിച്ചു വന്നത് കെട്ടാനുള്ള തുണികളും മരുന്നുകളുമായാണ്....

മായ സമയം വൈകിപ്പിക്കാതെ അവളുടെ മുറിവുകൾ കഴുകി അതിൽ മരുന്ന് തേച്ച് കെട്ടി വച്ചു....

കുറച്ചു നേരം കൂടേ കല്ല്യാണിയേ നോക്കിയ ശേഷം ചേച്ചി അരുണിന്റെ അടുത്തേക്ക് നടന്നു....

www.kkstories.com

എങ്ങും ശാന്തത മാത്രമാണ്.....

എല്ലാവരും ചേച്ചിയുടെ വാക്കുകൾക്കായി ചെവി കോർത്തു നിൽക്കുകയാണ്

എന്റെ ഹൃദയമിടിപ്പ് കൂടിയത് ഞാൻ അറിഞ്ഞു.....

അടുത്ത് നിന്ന ദേവു ചേച്ചി എന്റെ കൈകൾ മുറുക്കി പിടിച്ചു...

"അരുണേട്ടാ കല്ലുവിന്റെ പൾസ് കൂടുതൽ ആണ് ശരീരം നന്നായി വിറക്കുന്നുമുണ്ട് ചൂടുമുണ്ട് എത്രയും വേഗം ഹോസ്പിറ്റലിൽ കൊണ്ടുപോകണം..... പിന്നേ....."

അതു പറഞ്ഞതും ചേച്ചി താഴോട്ടു നോക്കി...

അതിൽ നിന്നും തന്നെ ഇനി പറയാൻ പോകുന്ന കാര്യം അത്ര നല്ലതല്ല എന്ന് എനിക്ക് മനസ്സിലായി....

"പി.....പിന്നേ....."

അതു ചോദിച്ചപ്പോൾ അരുണിന്റെ ശബ്ദം പതിയേ പുറത്തുവന്നുള്ളൂ

www.kkstories.com

"അത്...അവളുടെ കണ്ണിന്റെ നീല നിറം കുറഞ്ഞു വരുന്നുണ്ട്...."

ആർക്കും കേട്ട വാക്കുകൾ വിശ്വസിക്കാനായില്ല....

കല്ല്യാണിയുടെ നീല കണ്ണുകൾ അത്രയും മനോഹരവും മൂർച്ചയുള്ളതുമായിരുന്നു..

എത്ര അകലെ നിന്നും നോക്കിയാലും അതിന്റെ ഭംഗി പൂർണതയിൽ തന്നെ ആസ്വദിക്കാൻ സാധിക്കും....

എന്നാൽ ചേച്ചി പറഞ്ഞ വാക്കുകൾ എല്ലാവരുടെയും ഉള്ളിൽ ഒരു ഭീതി നിറച്ചു...

അതവരുടെ മുഖത്തും പ്രകടമായിരുന്നു...

"അവളുടെ ശരീരം ദേവി സ്വന്തമാക്കിയിരിക്കുന്നു.... നിങ്ങൾക്ക് അവളേ രക്ഷിക്കാൻ സാധിക്കില്ല... മറ്റുള്ളവരുടെ ജീവനെങ്കിലും രക്ഷിക്കാൻ വേണ്ടി ഇവൾ മരിക്കണം..... "

പരമേശ്വരന്റെ ശബ്ദം ഹാളിൽ മുഴുവൻ അലയടിച്ചു...

മൊത്തത്തിൽ മനസ്സിന്റെ നിയന്ത്രണം വിട്ട എനിക്ക് അതു കൂടേ കേൾക്കുവാൻ കഴിഞ്ഞില്ല....

www.kkstories.com

അയാൾ പറഞ്ഞു നിർത്തിയതും ഞാൻ ഓടി ചെന്ന് അയാളെ ചവിട്ടി...

ചവിട്ട് കൊണ്ട പരമേശ്വരൻ കുറച്ചു മാറി തെറിച്ചു വീണു...

കിടന്ന കിടപ്പിൽ തന്നെ ശ്വാസം എടുക്കാൻ വേണ്ടി കഷ്ട്ടപെടുകയാണയാൾ

പക്ഷേ അതു കണ്ടിട്ടും എന്റെ ദേഷ്യം അടങ്ങിയിട്ടിലായിരുന്നു...

വീണ്ടും ചവിട്ടാൻ വേണ്ടി ഞാൻ അയാളുടെ അടുത്തേക്ക് നീങ്ങിയതും അച്ഛനും ദേവു ചേച്ചിയും വൈശുവും പിന്നേ കല്ല്യാണിയുടെ ബാക്കിയുള്ള ഏട്ടന്മാരും കൂടേ എന്നേ പിടിച്ചു നിർത്താൻ ശ്രമിച്ചു....

പക്ഷേ അവർക്കത്തിനു കഴിഞ്ഞില്ല....

ഞാൻ അയാൾക്ക് നേരേ കുതിച്ചു.....

"സിദ്ധു..... "

അയാളെ ചവിട്ടാൻ പൊന്തിച്ച കാൽ ആ വിളിയോടെ നിന്നു....

www.kkstories.com

കാർത്തു ചേച്ചിയുടെ ശബ്ദമായിരുന്നു അത്...

ചേച്ചിയുടെ ശബ്ദം കേട്ടതും ഞാൻ അങ്ങോട്ട് നോക്കി..

ഞാൻ മാത്രമായിരുന്നില്ല.....അവിടെയുള്ള മുഴുവൻ പേരും ആ ശബ്ദം വന്ന ദിശയിലേക്ക് നോക്കി.....

എന്റെ കണ്ണുകളും അങ്ങോട്ട് ചലിച്ചു....

കല്ല്യാണി....., അവൾ അവൾക്ക് ബോധം വന്നിരിക്കുന്നു...

എന്റെ കാൽ പൊന്തിച്ച നിലയിൽ തന്നെയാണ്

ഹാളിൽ നിറഞ്ഞു നിൽക്കുന്ന ശാന്തതയിൽ എന്റെ ശ്വാസത്തിന്റെ ശബ്ദം പോലും കടുപ്പമായി കേട്ടു.

പരമേശ്വരൻ നിലത്ത് വീണ് വേദനകൊണ്ട് പുളയുന്നുണ്ടെങ്കിലും അതിനേക്കാൾ ഏറെ പേടി അയാളുടെ കണ്ണുകളിൽ ഉണ്ടായിരുന്നു.....

ഞാൻ കല്ല്യാണിയേ വീണ്ടും നോക്കി...അവളുടെ നീല കണ്ണുകൾ കുറച്ചു മങ്ങിയിരുന്നു... ശരീരം മുഴുവൻ മണ്ണായിരുന്നെങ്കിലും അവളുടെ സൗന്ദര്യം രണ്ടിരട്ടി കൂടിയിരുന്നു.....അവളുടെ സൗന്ദര്യം പൂർണ ചന്ദ്രനെ പോലേ പ്രകാശിച്ചു..

www.kkstories.com

മുഖത്ത് സന്തോഷവും സങ്കടവും അങ്ങനെ ഒന്നും തന്നെയില്ല വെറും ശൂന്യത മാത്രം....

അവളുടെ അടുത്ത് തന്നെ ഇരിക്കുന്ന കാർത്തു ചേച്ചിയിലേക്ക് എന്റെ ശ്രദ്ധ പോയി..... ചേച്ചി വിറക്കുന്നുണ്ട്

അത് പേടികൊണ്ടായിരുന്നു....

ചേച്ചി മാത്രമല്ല അവിടേ ഉള്ള ഓരോരുത്തരുടെയും മുഖത്ത് ഒരു തരം ഭയം ഞാൻ കണ്ടു.....

ഇതെന്റെ കല്ല്യാണി തന്നെയാണോ....

ലക്ഷ്മിയാന്റി അവളുടെ അടുത്തേക്ക് കരഞ്ഞു കൊണ്ടോടി....

പക്ഷേ മുഖത്ത് ഒരു രൂപമാറ്റവും വരുത്താതെ അവൾ ആന്റിയുടെ അടുത്ത് നിന്നും മാറി നിന്നു...

അവൾ എല്ലാവരിൽ നിന്നും മാറി പതിയേ പിന്നോട്ട് നടന്നു....

ബോധം വന്നതിനു ശേഷം അവൾ ആദ്യമായി പേടിക്കുന്നത് പോലേ തോന്നിയെനിക്ക്...

www.kkstories.com

അരുൺ പോയപ്പോഴും മായ പോയപ്പോഴും അവൾ അവരുടെ പക്കൽ നിന്നും കുറച്ചു മാറി ഒറ്റയ്ക്ക് നിന്നു....

അവൾ ആരെയും തന്റെ അടുത്തേക്ക് അടുപ്പിക്കുന്നില്ല.....എല്ലാവരിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്...

അവളുടെ മുഖത്ത് പേടി കൂടി കൂടി വരുന്നത് ഞാൻ അറിഞ്ഞു.....

ഞാൻ അവളുടെ അടുത്തേക്ക് പതിയേ നടന്നു.....

ഒരു പക്ഷേ അവൾക്ക് ഞങ്ങളേ ആരെയും ഓർമ്മയുണ്ടാവില്ലേ.... അവൾ എന്നെയും മറന്നു കാണുമോ...

എന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ വരാൻ തുടങ്ങിയിരുന്നു....

എല്ലാവരും ഞങ്ങളേ തന്നെ നോക്കി നിൽക്കുകയാണ്.....

ഞാൻ ഓരോ ചുവട് വക്കുംതോറും അവളുടെ കണ്ണുകളും നിറയുന്നത് ഞാൻ കണ്ടു... പക്ഷേ പേടിച്ച് പിന്നോട്ട് മാറുന്നില്ല...

www.kkstories.com

ഞാൻ അവളുടെ അടുത്തെത്തി..... അവളോട് എന്തെക്കെയോ ചോദിക്കണമെന്നുണ്ട് പക്ഷേ എനിക്ക് കഴിയുന്നില്ല....

എന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി നിൽക്കുന്ന അവളുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണു നീർ അവളുടെ കവിളിലൂടെ ഒലിച്ചിറങ്ങി.....

"സിദ്ധു..... "

എന്റെ പേര് ഉച്ചരിച്ചപ്പോൾ അവളുടെ അധരങ്ങൾ വല്ലാതെ വിറക്കുന്നുണ്ടായിരുന്നു...

ശേഷം എന്നേ കെട്ടി പിടിച്ചവൾ പൊട്ടിക്കരഞ്ഞു.....

കണ്ണുനീർ മഴപോലെ ഒഴുകി, അവളുടെ മുഴുവൻ ശരീരം വിറച്ച് നിന്നു.

ഒന്നും പറയാൻ കഴിയാതെ അവളെ ചേർത്തു പിടിക്കാനേ എനിക്ക് സാധിച്ചുള്ളൂ

അവളുടെ കൈകൾ ശക്തമായി എന്റെ പുറത്ത് പറ്റിപ്പിടിച്ചു,

അവളുടെ ദേഹത്തിന്റെ ചൂടും വിറയലും എന്റെ രക്തത്തിലേക്ക് ചേർന്ന് പോയി.

അപ്പോഴേക്കും ബാക്കിയുള്ളവരും ഞങ്ങളുടെ അടുത്ത് എത്തിയിരുന്നു... അവളുടെ കരച്ചിൽ ആർക്കും കണ്ടു നിൽക്കാൻ സാധിച്ചില്ല.... ചേച്ചിമാരും അമ്മമാരും അവളേ ആശ്വസിപ്പിക്കാൻ പരമാവതി ശ്രമിച്ചു...

www.kkstories.com

എന്നാൽ കരച്ചിലിന്റെ ശക്തി കൂടി കൂടി വന്നു എന്നല്ലാതെ വേറൊന്നും നടന്നില്ല...

കരഞ്ഞു ക്ഷീണിച്ച അവൾ പതുക്കെ താഴേക്ക് വഴുതി.

ഞാൻ ഭയന്ന് കൈ പിടിച്ചു നിന്നെങ്കിലും

അവൾ എന്റെ നെഞ്ചിൽ നിന്ന് നിലത്തേക്ക് പതുങ്ങി ഇരുന്നു

ആ നിമിഷം, മുഴുവൻ ലോകവും ശൂന്യമായി.

അവളുടെ കരച്ചിലിന്റെ ശബ്ദം മാത്രം...

എന്റെ ചെവികളിൽ നിറഞ്ഞു നിന്നു

ഹൃദയം പൊട്ടിത്തെറിക്കുമെന്ന തോന്നലിൽ ഞാൻ അവളുടെ അരികിൽ മുട്ടുകുത്തി നിന്നു.

അവളേ ഞാൻ എന്റെ മാറോടടുപ്പിച്ചു....

www.kkstories.com

ഏകദേശം ഒരു പത്തു മിനുട്ടെങ്കിലും വേണ്ടി വന്നു അവളേ എനിക്ക് പൂർണമായും ഒന്ന് ആശ്വസിപ്പിക്കാൻ....

അവളുടെ ദേഹം മുഴുവൻ മണ്ണാണ്...

"കല്ലു...നമുക്കൊന്ന് കുളിക്കാം..... "

അവളുടെ മുഖം കോരിയെടുത്തുകൊണ്ട് ഒരു കുട്ടിയോടെന്നപോൽ ചോദിച്ചു.....

"മ്മ്..... "

അവൾ എന്റെ മാറിൽ മുഖമോളിപ്പിച്ചുകൊണ്ട് തന്നെ പറഞ്ഞു..

ശേഷം ഞാൻ അവളേ പിടിച്ചു എഴുന്നേൽപ്പിച്ചു....

എഴുന്നേറ്റ് നിന്ന ശേഷം അവൾ കണ്ണുകൾ തുടച്ചുകൊണ്ട് എല്ലാവരെയും ഒന്ന് നോക്കി...

എന്നിരുന്നാലും അവൾ എന്നോടല്ലാതെ വേറേ ആരോടും അടുക്കുന്നില്ല....

അവളേ കൂടുതൽ നേരം അവിടേ നിർത്താൻ എനിക്കു മനസ്സ് വന്നില്ല...

www.kkstories.com

അവളുടെ കൈ മുറുക്കെ പിടിച്ചുകൊണ്ടു ഞാൻ മുകളിലേക്ക് നടന്നു...

എല്ലാവരും ഞങ്ങളേ നോക്കുന്നുണ്ടെങ്കിലും ഞങ്ങളേ ശല്ല്യപെടുത്താൻ വന്നില്ല....

കല്ല്യാണി അവൾ നല്ലോം പേടിച്ചിട്ടുണ്ട്...

എന്റെ തോളിൽ തലചായ്ച്ച് കൈ മുറുക്കെ പിടിച്ചു കൊണ്ടാണ് അവൾ നടക്കുന്നത്...

ഞങ്ങളുടെ മുറിയുടെ വാതിലിനരികിൽ എത്തിയതും പിന്നിൽ നിന്നും ആരോ ഓടി വരുന്നതിന്റെ ശബ്ദം ഞാൻ കേട്ടു...

തിരിഞ്ഞു നോക്കിയപ്പോൾ മായയാണ്..

അവൾ ഓടി പിടിച്ചു വരുകയാണ്...

അവളിലേക്ക് കൂടുതൽ ശ്രദ്ധ കൊടുക്കാനൊന്നും ഞാൻ നിന്നില്ല... എന്റെ മനസ്സിൽ ഇപ്പോൾ കല്ല്യാണി മാത്രമാണ്...

ഞാൻ കല്ല്യാണിയേകൊണ്ട് റൂമിനുള്ളിലേക്ക് കയറി.....

www.kkstories.com

മായ കുറച്ചു നേരം വെളിയിൽ നിന്ന് ഉള്ളിലേക്ക് കയറാൻ തുനിഞ്ഞതും...

എന്നേ ഞെട്ടിച്ചുകൊണ്ട് കല്ല്യാണി എന്റെ മുന്നിലായി വാതിൽ മറഞ്ഞുകൊണ്ട് നിന്നു.....

അവൾ മായയേ ഉള്ളിലേക്ക് കയറ്റാതെ പുറത്തു തടഞ്ഞു വെച്ചിരിക്കുകയാണ്.....

അതിന്റെ ഒരു അമ്പരപ്പ് മായയുടെ മുഖത്തും കാണാം...

"ചേച്ചി..... "

മായ സംശയഭാവേന കല്ല്യാണിയേ വിളിച്ചു...

ഒരൽപ്പം പേടിയും ആ വിളിയിൽ ഉണ്ടായിരുന്നു എന്നെനിക്ക് തോന്നി....

"എന്റൊപ്പം സിദ്ധു മാത്രം മതി...."

കല്ല്യാണി മായയുടെ മഖത്തടിചതുപോലെ പറഞ്ഞു....

കല്ല്യാണി പെട്ടെന്നങ്ങനെ പറഞ്ഞതിന്റെ അമ്പരപ്പിൽ നിൽക്കുകയാണ് മായ...അവളുടെ മുഖത്ത് പല പല ഭാവങ്ങൾ മിന്നി മറഞ്ഞു...

www.kkstories.com

ശേഷം കല്ല്യാണി.... മായ നോക്കി നിൽക്ക വാതിലടച്ചു...

ഇത്രയും നാൾ ഒപ്പം കിടന്നവളേ ആട്ടിയിറക്കും പോലെയായിരുന്നു അത്... കല്ല്യാണിക്ക് ഒരു തരി വിഷമവും തോന്നിയില്ല..

വാതിലടച്ചു ലോക്ക് ചെയ്തു അവൾ കുറച്ചു നേരം എന്നേ നോക്കി നിന്നു...

അവളുടെ കണ്ണുകളിലേക്ക് നോക്കാൻമാത്രം എനിക്ക് ധൈര്യമുണ്ടായിരുന്നില്ല...

എത്ര നേരം നോക്കുന്നുവോ അത്രയും അതെന്നെ വേദനിപ്പിക്കുന്നുണ്ടായിരുന്നു... അവൾ എന്നിൽ നിന്നും അകന്നുപോവുന്നപോലേ...

പൊടുന്നനെ വന്നവൾ എന്നേ കെട്ടി പിടിച്ചു... ഞാൻ പതിയെ അവളെ തലോടാൻ തുടങ്ങി....

"കുളിക്കണ്ടേ..... "

ഞാൻ അവളേ എന്നിൽ നിന്നും അടർത്തി മാറ്റി ചോദിച്ചു....

"മ്മ്... "

www.kkstories.com

ഞാൻ അങ്ങനെ ചെയ്തത് അവൾക്ക് ഇഷ്ട്ടപെട്ടില്ലെങ്കിലും അവൾ ഒന്ന് മൂളി....

ശേഷം അലമാര തുറന്ന് അവൾ അതിൽ നിന്നും ഒരു ജോഡി ഡ്രസ്സ് എടുത്തു നേരേ ബാത്റൂമിലേക്ക് നടക്കാൻ തുടങ്ങി....

ഞാനും അവളുടെ പിന്നാലേ ബാത്റൂമിലേക്ക് നടന്നു....

"നീ എങ്ങോട്ടാ.... "

എന്റെ വരവ് കണ്ടവൾ സംശയരൂപേണ ചോദിച്ചു....

"നിന്നേ കുളിപ്പിക്കാൻ..... "

ഞാൻ സാധാരണമായാണത് പറഞ്ഞത്... മനസ്സിൽ ഒന്നും തന്നെ ഇല്ലായിരുന്നു...അവളേ ഒറ്റക്ക് വിടാൻ തീരേ ധൈര്യമുണ്ടായിരുന്നില്ല....

എന്റെ മറുപടി കേട്ടതും അവളുടെ മുഖത്ത് ഒരു കള്ള ചിരി വന്നു....

എന്റെ കല്ല്യാണിയിൽ ഞാൻ ഇഷ്ട്ട പെടുന്ന കാര്യങ്ങളിൽ ഒന്ന്...

www.kkstories.com

അവളുടെ ചിരി കണ്ടതും നടന്നതെല്ലാം ഒരു സ്വപ്നം മാത്രമാവണേ എന്ന് പോലും ഞാൻ ആഗ്രഹിച്ചു.....

"എന്താടി നോക്കുന്നേ.... 😤"

ഞാൻ എന്റെ ഉള്ളിലെ വിഷമം പുറത്തു കാണിക്കാതെ അവളോട് തിരിച്ചും കുറുമ്പ് കാണിച്ചു....

"അയ്യടാ മോന്റെ പൂതി കൊള്ളാലോ.... അങ്ങനെ ഇപ്പോ സുഖിപ്പിക്കണ്ട... എനിക്കെയ് ഒറ്റക്ക് കുളിക്കാൻ അറിയാം.. "

അതും പറഞ്ഞവൾ എന്നേ തള്ളിമാറ്റി അകത്ത് കയറി വാതിലടച്ചു....

അവൾ ഇതൊക്കെ അഭിനയിക്കുന്നത് പോലെയാണ് എനിക്ക് തോന്നിയത്.... എന്നേ വിഷമം കാണാൻ പറ്റാത്തത് കൊണ്ടാവും....

ഞാൻ ആ ഡോറിന് മുന്നിൽ അങ്ങനെ നിന്നു..

കുറച്ചു കഴിഞ്ഞിട്ടും ശബ്ദമൊന്നുമില്ല... ഞങ്ങൾ രണ്ടു പേരും മൗനമാണ്...

"സിദ്ധു..... "

www.kkstories.com

ഒടുവിൽ ഒടുവിൽ അവൾ തന്നെ മൗനം വെടിഞ്ഞു...

"മ്മ്.... "

"ഞാൻ ഇപ്പോ കുളിച്ചു വരാവേ.... എങ്ങും പോവല്ലേ... എനിക്ക് പേടിയാടാ.... "

അവളുടെ ശബ്ദം വിറക്കുന്നുണ്ടായിരുന്നു.... അവൾ കരയുകയാണ് പക്ഷേ അത് പുറത്തു കാണിക്കാതെ ഇരിക്കാൻ അവൾ നന്നേ പാട്പെടുന്നുണ്ട്.....

"മ്മ്.... "

എന്റെ മറുപടിയും ഒരു മൂളലിൽ ഒതുങ്ങി... എന്റെ കണ്ണുകളിൽ നിന്നും കണ്ണു നീർ ഇറ്റിറ്റു വീഴാൻ തുടങ്ങിയിരുന്നു....

ഞാൻ ബെഡിൽ പോയി മുഖം പൂഴ്ത്തി കുറച്ചു നേരം കിടന്നു.....

കണ്ണടച്ചാൽ മരിച്ചു കിടക്കുന്ന കല്ല്യാണിയേയാണ് കാണുന്നത്.... ആ ചിന്തകൾ മാറ്റുവാൻ ഞാൻ എന്നേ തന്നെ ദ്രോഹിച്ചുകൊണ്ടിരുന്നു...

കുറച്ചു കഴിഞ്ഞതും ബാത്റൂമിന്റെ വാതിലുകൾ തുറക്കുന്ന ശബ്ദം ഞാൻ കേട്ടു..

www.kkstories.com

വേഗം എന്റെ കണ്ണുകൾ ഞാൻ തുടച്ചു മുഖത്തൊരു പുഞ്ചിരി വരുത്താൻ ശ്രമിച്ചു....

കല്ല്യാണി ബാത്റൂമിൽ നിന്നും പുറത്തിറങ്ങി.... അവളുടെ കണ്ണുകളിലേക്കാണ് എന്റെ ശ്രദ്ധ ആദ്യം പോയത്.... കരഞ്ഞതിന്റ എല്ലാ ലക്ഷണവും അവയിൽ ഉണ്ടായിരുന്നു എന്നാൽ അതിന്റെ നിറമായിരുന്നു എന്നേ ഭീതിയിലാക്കിയിരുന്നത്..... ഒരു ചെറിയ അംശം നീല നിറം മാത്രമേ കല്ല്യാണിയുടെ കണ്ണുകൾക്കുണ്ടായിരുന്നുള്ളു.... എന്നാലും അതിന്റെ ഭംഗി തിളങ്ങി നിൽക്കുന്ന പൂർണചന്ദ്രന് സമാനമായിരുന്നു.... അവളുടെ മുടിയിൽ നിന്നും വെള്ള തുള്ളികൾ കഴുത്തിലൂടെയും ടീഷർട്ടിലൂടെയും ഒലിച്ചിറങ്ങി... അവൾ ഉള്ളിൽ ഒന്നും ധരിച്ചിട്ടില്ല എന്നെനിക്ക് വ്യക്തമായി... അവളുടെ തേൻചുണ്ടിന്റെ നിറം കുറച്ചു മങ്ങിയിട്ടുണ്ടായിരുന്നെങ്കിലും അതിൽ കൃത്രിമ ചിരി ഒളിപ്പിക്കാൻ അവൾ മറന്നില്ല....

"എന്താടാ... എന്നേ കണ്ടിട്ട് പേടിയാവുന്നുണ്ടോ.... "

ഒരു തമാശരൂപേണയാണ് അവൾ അതു ചോദിച്ചതെങ്കിലും എന്റെ മുഖം മാറാൻ അതു തന്നെ ധാരാളമായിരുന്നു....

എന്റെ മുഖം മങ്ങിയത് കണ്ട കല്ല്യാണി വേഗം എന്റെ അടുത്തേക്ക് ഓടിവന്ന് എനിക്കൊപ്പം ബെഡിൽ ഇരുന്നു...

"അയ്യോ... ഞാൻ വെറുതെ പറഞ്ഞതാ.... "

എന്റെ നെറ്റിൽ ഒരുമ്മ തന്നുകൊണ്ടവൾ പറഞ്ഞു....

കുറച്ചു നേരത്തേക്ക് ഞാനും കല്ല്യാണിയും ഒന്ന് മിണ്ടിയില്ല....

www.kkstories.com

കുറച്ചു കഴിഞ്ഞതും കല്ല്യാണി പോയി റൂമിലേ ലൈറ്റ് ഓഫ് ചെയ്തു....

ശേഷം എന്റെ മാറിലായി തല വെച്ചു കിടന്നു.....

"എന്താ ഉണ്ടായേ..... "

ഞാൻ കല്ല്യാണിയോട് ചോദിച്ചു....

അവൾ എങ്ങനെയാണ് അവിടേ എത്തിയത് എന്ന് എനിക്ക് അറിയണമായിരുന്നു....

ചോദ്യം കേട്ടിട്ടും അവൾ കുറച്ചു നേരം മൗനമായിരുന്നു

ശേഷം എന്താ സംഭവിച്ചത് എന്ന് പറയാൻ തുടങ്ങി....

"""""""""നീ പോയത് മുതൽ മനസ്സിന് എന്തോ ഭാരം തോന്നിയത് പോലെയായിരുന്നു എനിക്ക്.... എത്ര ശ്രമിച്ചിട്ടും നിന്നേ കാണണമെന്ന ചിന്ത മനസ്സിൽ നിന്നും മായ്ക്കാൻ സാധിച്ചില്ല..... തീരെ പറ്റാതെയായപ്പോൾ ഞാൻ അമ്മമാരോടും അച്ഛന്മാരോടും പറഞ്ഞ് ക്ഷേത്രത്തിൽ നിന്നും ഇറങ്ങാൻ തീരുമാനിച്ചു....അപ്പോൾ മായ അടുത്തേക്ക് വന്നു ഒരു കവർ തന്നു.എന്നിട്ട് ഇതൊന്നു കാറിൽ കൊണ്ടുപോയി വാക്കുമോ എന്നും ചോദിച്ചു.. പൂജക്ക് ഉപയോഗിച്ച സാധനങ്ങളിൽ ബാക്കി വന്ന സാധനങ്ങൾ ആയിരുന്നു അവ... പാർക്കിംഗ് ക്ഷേത്രത്തിനു തന്നെ അടുത്തായതുകൊണ്ട് ഞാൻ അവളുടെ കയ്യിൽ നിന്നും അതു വാങ്ങി കാറിന്റെ അടുത്തേക്ക് നടന്നു...കാറുകളുടെ മറവിൽ എത്തിയപ്പോഴാണ് പിന്നിൽ നിന്നും ആരുടെയൊക്കെയോ കാൽ പെരുമാറ്റം ഞാൻ ശ്രദ്ധിച്ചത്.തിരിഞ്ഞുനോക്കാൻ പോലും സമയമുണ്ടായിരുന്നില്ല അതിനു മുന്പേ ഒരു കനത്ത വാസന മൂക്കിലേയ്ക്ക് കയറിവന്നു ഒരു മധുരമുള്ള ഗന്ധം, പക്ഷേ കുറച്ചു നിമിഷംകൊണ്ട് തല ചുറ്റുന്ന വിധത്തിൽ ശക്തം.കാഴ്ചകൾ ഓക്കെ മങ്ങിത്തുടങ്ങി.കൈയിൽ പിടിച്ചിരുന്ന കവർ നിലത്തേക്ക് വീണു.അവസാനം കേട്ടത് ചക്രങ്ങളുടെ ഒരു സൂക്ഷ്മ ശബ്ദം മാത്രം...പിന്നേ എല്ലാം ഇരുട്ടായിരുന്നു....

www.kkstories.com

കണ്ണു തുറക്കുമ്പോൾ ഞാൻ ഒരു വീടിന്റെ ഉള്ളിൽ ആയിരുന്നു.... തുറന്ന വാതിലിൽ നിന്നും വന്ന നിലാവിന്റെ വെളിച്ചത്തിൽ എന്റെ മുമ്പിൽ കുറച്ചു പേരുടെ രൂപം ഞാൻ കണ്ടു പക്ഷേ ആരുടേയും മുഖം വ്യക്തമായിരുന്നില്ല..... അവർ എന്തോ സംസാരിക്കുകയായിരുന്നു. ഞാൻ ഉണർന്നതിന്റെ ശബ്ദം കേട്ടതും അവരുടെ ശ്രദ്ധയെല്ലാം എന്നിലേക്ക് ആയി.... രണ്ടുപേർ വന്ന് എന്നെ എണീപ്പിച്ചു നിർത്തി. ശേഷം കത്തി കൊണ്ടൊരുത്തൻ എന്റെ അടുത്തേക്ക് വന്നു "ക്ഷമിക്കണം വേറേ വഴിയില്ല...." അയാൾ അത് പറഞ്ഞ് കത്തികൊണ്ട് കുത്താൻ നിന്നതും എന്റെ കൈ പിടി ആ കത്തിയിൽ വീണിരുന്നു... കൈ മുറിഞ്ഞു ചോര വരാൻ തുടങ്ങിയെങ്കിലും ഞാൻ പിടി വിട്ടില്ല.... അത്കൊണ്ടാവണം വേറൊരാൾ വന്നെന്നെ തല്ലിയത് അടി കൊണ്ട് ഞാൻ കുറച്ചു മാറി വീണു .

അപ്പോഴേക്കും കത്തി പിടിച്ചവൻ എന്റെ അടുത്തേക്ക് വരാൻ തുടങ്ങിയിരുന്നു. അടിയേറ്റ് വീണ എനിക്ക് ഒന്ന് പൊങ്ങി നിൽക്കാൻ പോലും കഴിഞ്ഞില്ല; അയാൾ എന്റെ അരികിൽ മുട്ടുകുത്തി, കത്തി വീണ്ടും ഉയർത്തി.

അപ്പോഴേക്കും വീട്ടിനുള്ളിൽ നിന്നും ഒരു ഭയാനക ശബ്ദം എല്ലാവരും കേട്ടു... അതൊരു സ്ത്രീയുടെ ശബ്ദമായാണ് എനിക്ക് തോന്നിയത്.... സംശയം വന്ന ഞാൻ തുറന്ന് കിടക്കുന്ന വാതിലിനു പുറത്തേക്ക് നോക്കി.... ആ മുറ്റവും സ്ഥലവും ഞാൻ കണ്ടിട്ടുണ്ടായിരുന്നു... എന്റെ മനസ്സിലേക്ക് എന്തോ അരുതാത്ത ചിന്ത വരാൻ തുടങ്ങി.... ഞാൻ ആ വീട്ടിൽ ആണെന്നുള്ള ചിന്ത എന്നെ വല്ലാതെ ഭയപ്പെടുത്തി....

പെട്ടെന്ന് ആ ശബ്ദം വീണ്ടും എല്ലാവരും കേട്ടു കുറച്ചുകൂടി ഉറക്കെയുള്ള ശബ്ദമായിരുന്നു അത്

അവൻ ഞെട്ടി തല തിരിച്ച് ചുറ്റും നോക്കി. മറ്റുള്ളവരും ഒരേസമയം നിശബ്ദരായി.

www.kkstories.com

ഒന്നും കണ്ടില്ല.

അയാൾ വീണ്ടും എന്റെ മുഖത്തേക്ക് തിരിഞ്ഞു കത്തി നീട്ടാൻ ശ്രമിച്ചതും ഇരുട്ടിൽ നിന്നും ഒരു കറുത്ത രൂപം മുന്നോട്ട് വന്നു ശക്തിയായി അയാളുടെ തോൾ പിടിച്ചു തള്ളി, നിയന്ത്രണം നഷ്ടപ്പെട്ട അയാൾ പൊങ്ങിമാറി വാതിലിന് പുറത്തേക്ക് തെറിച്ച് വീണു....

ഒരു നിമിഷം എങ്ങും നിശബ്ദത മാത്രമായിരുന്നു ആർക്കും എന്താ സംഭവിച്ചത് എന്ന് മനസ്സിലാക്കാൻ സാധിച്ചില്ല...

കുറച്ചു കഴിഞ്ഞതും അവനൊപ്പമുണ്ടായിരുന്നവർ എന്റെ നേർക്ക് നോക്കി...മുഖം മൂടി ധരിച്ചിട്ടുണ്ടായിരുന്നെങ്കിലും അവർ ഭയന്ന് വിറക്കുന്നത് ഞാൻ അറിഞ്ഞു....അവർ എന്തോ കണ്ട് പേടിച്ചത് പോലേ...

എന്റെ പിന്നിൽ നിന്നെന്തോ ശബ്ദം ഞാൻ കേട്ടു ആരോ അടുത്തുള്ളത് പോലേ..... എഴുന്നേറ്റ് നിൽക്കണമെന്നുണ്ടെങ്കിലും അതിനു കഴിഞ്ഞില്ല.... ആകെപാടേ ഒരു മരവിപ്പായിരുന്നു....

മുന്നിലുള്ളവർ കുറച്ചു നേരം എന്നേ നോക്കി ശേഷം പുറത്തേക്കോടി....

അവർ പുറത്തെത്തിയതും വലിയ ശബ്ദതോടെ വാതിലടഞ്ഞു...

www.kkstories.com

ആ ഇരുട്ടു മുറിയിൽ ഞാൻ തനിച്ചായി....

ആരുടെയോ വിരലുകൾ എന്റെ മുടിയിൽ പതിക്കുന്നതുപോലെ തോന്നി എനിക്ക്...

എനിക്കുറപ്പായിരുന്നു എന്റെ പിന്നിൽ ദേവിയുണ്ടെന്നും അവൾക്ക് വേണ്ടത് എന്റെ ശരീരമാണെന്നുള്ള കാര്യവും....

ഒന്നോടാൻ പറ്റിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു... എന്നാൽ അനങ്ങാൻ പോലും എനിക്ക് അപ്പോൾ കഴിയുമായിരുന്നില്ല ശരീരം മൊത്തം മരവിച്ച അവസ്ഥയിലായിരുന്നു

കുറച്ചുനേരം ഞാൻ അനങ്ങാതെ അങ്ങനെ ഇരുന്നു

എന്നാൽ കുറച്ചു കഴിഞ്ഞതും ബാക്കിൽ നിന്നും ഒരു പതിഞ്ഞ ശബ്ദത്തിൽ ഒരു അടക്കിപ്പിടിച്ച ചിരി എനിക്ക് കേൾക്കാൻ പറ്റി .

കുറേക്കാലം കാത്തിരുന്ന് കിട്ടിയ എന്തോ ഒരു സന്തോഷം ആ ചിരിയിൽ ഉണ്ടായിരുന്നു..

അത്ര മാത്രമേ എനിക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞുള്ളൂ

ഞാൻ സർവ്വശക്തിയുമെടുത്ത് വാതിലിന് അടുത്തേക്ക് ഇഴഞ്ഞു കൊണ്ടിരുന്നു ഒരിക്കൽ പോലും ഞാൻ ബാക്കിലേക്ക് നോക്കിയില്ല

www.kkstories.com

എന്നാൽ വാതിലിനടുത്തെത്തി അതിൽ തൊടാൻ നിന്നതും ഒരു കൈകൾ എന്റെ മുടിക്കുത്തിനു പിടിച്ചു..... ശേഷം എന്നെ വലിച്ചിഴച്ചുകൊണ്ട് ഒരു മുറിയുടെ ഉള്ളിലേക്ക് കേറ്റി. അപ്പോഴേക്കും എന്റെ കണ്ണിൽ ഇരുട്ടു കയറാൻ തുടങ്ങിയിരുന്നു എന്റെ ബോധം പൂർണമായും പോകുന്നതിനു മുമ്പ് ഞാൻ അവളെ കാണുകയും ചെയ്തു

പിന്നെ ഞാൻ കണ്ണു തുറക്കുമ്പോൾ തറവാട്ടിൽ ആയിരുന്നു മുന്നിൽ കാർത്തചേച്ചിയും എന്നാൽ ഉണർന്നതും എന്റെ ശരീരത്തിൽ ഉണ്ടായ മാറ്റം എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു . എന്റെ ഉള്ളിൽ വേറെ ആരോ വസിക്കുന്നതുപോലെ...

ചുറ്റും നടക്കുന്ന കാര്യം മനസ്സിലാക്കാൻ എനിക്ക് കുറച്ചു സമയം വേണ്ടിവന്നു എന്നാൽ എന്റെ അടുത്തേക്ക് ആരെയും അടുപ്പിക്കാൻ ഉള്ള ധൈര്യം എനിക്കപ്പോൾ ഉണ്ടായിരുന്നില്ല. ഞാൻ കാരണം അവർക്കെന്തെങ്കിലും സംഭവിക്കുമോ എന്നുള്ള ഭയമായിരുന്നു അതിനു കാരണം.

പക്ഷേ എത്ര ശ്രമിച്ചിട്ടും നിന്നെ മാത്രം എനിക്ക് മാറ്റിനിർത്താൻ കഴിഞ്ഞില്ല കഴിഞ്ഞില്ല""""""""""""

ഇത്രയും പറഞ്ഞതും കല്ല്യാണി പൊട്ടിക്കരയാൻ തുടങ്ങി അത്രനേരം പിടിച്ചുവെച്ച് കണ്ണുനീർ എല്ലാം ഒഴുകാൻ തുടങ്ങിയിരുന്നു അപ്പോഴേക്കും.....

അവളുടെ അനുഭവം കേട്ടതും എന്റെ ഉള്ളിൽ ദേഷ്യവും സങ്കടവും ഒരുപോലെ വിതച്ചു....

ഒരുപക്ഷേ ഞാൻ അവളുടെ അടുത്തുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നും എന്റെ കല്ല്യാണിക്ക് സംഭവിക്കില്ലായിരുന്നു ആ ചിന്ത എന്റെ മനസ്സിനെ കാർന്നു തിന്നാൻ തുടങ്ങി...

www.kkstories.com

എന്റെ കണ്ണുകളും നിറയാൻ തുടങ്ങി..

"കല്ലൂസേ..... എന്റെ പൊന്നിന് പേടിയുണ്ടോ...."

"മ്മ്.... "

"ഞാൻ ഉള്ളോടത്തോളം കാലം എന്റെ പൊന്നിന് ഒന്നും സംഭവിക്കാൻ ഞാൻ സമ്മതിക്കില്ല...."

ഞാൻ അവളുടെ തലയിൽ തല ഓടിക്കൊണ്ട് പറഞ്ഞു

അതൊരു വെറും വാക്കായിരുന്നില്ല ഞാൻ മരിക്കേണ്ടി വന്നാലും എന്റെ കല്ല്യാണിക്ക് ഒന്നും സംഭവിക്കാൻ ഞാൻ സമ്മതിക്കില്ല

"ഉറങ്ങിക്കോ..... ഞാൻ ഉണ്ട് കൂടേ...."

അവളെ ഒന്നുകൂടെ എന്റെ ശരീരത്തിലേക്ക് ചേർത്തുകൊണ്ട് ഞാൻ പറഞ്ഞു

ഞാൻ അവളുടെ തലയിൽ തലോടിക്കൊണ്ടിരുന്നു

കുറച്ചു കഴിഞ്ഞതും കല്ല്യാണി ഉറക്കത്തിലേക്ക് വഴുതി വീണു എന്നാൽ അപ്പോഴും എനിക്ക് ഉറക്കം കിട്ടുന്നുണ്ടായിരുന്നില്ല.....

www.kkstories.com

ഒരു രാത്രി കൂടി കഴിഞ്ഞാൽ അടുത്ത രാത്രി രാജീവൻ പറഞ്ഞ പൂജയാണ് ആത്മാവിനെ പൂർണ്ണമായും ഇല്ലാതെയാക്കാൻ കല്ല്യാണി മരിക്കണം എന്നാൽ തളക്കാൻ അത് ആവശ്യമില്ല....

അങ്ങനെയുള്ള ചിന്തകൾ മാത്രമായിരുന്നു അപ്പോൾ എന്റെ മനസ്സിൽ

പുലർച്ചെ നാലുമണിവരെ ഞാൻ കണ്ണുകൾ തുറന്നുകൊണ്ട് അവൾക്ക് കാവൽ ഇരുന്നു എന്നാൽ കുറച്ചു കഴിഞ്ഞതും ഞാനും ക്ഷീണം കാരണം ഉറക്കത്തിലേക്ക് വഴി വീണു

രാവിലെ ഫോൺ അടിക്കുന്നതിന്റെ ശബ്ദം കേട്ടാണ് ഞാൻ എണീക്കുന്നത്

എണീറ്റത് എന്ന് പറഞ്ഞാൽ തെറ്റായിപ്പോകും ഞെട്ടി ഉണരുകയായിരുന്നു ചെയ്തത്....

ഉണർന്നതും ഞാൻ കല്ല്യാണിയേ നോക്കി എന്നാൽ എന്റെ അടുത്ത് അവളെ ഞാൻ കണ്ടില്ല

എന്റെ അടുത്ത് എന്നല്ല മുറി മൊത്തം നോക്കിയിട്ടും അവളെ എനിക്ക് കാണാൻ കഴിഞ്ഞില്ല....

എന്റെ മനസ്സിൽ എന്തോ ഒരു പേടി വരാൻ തുടങ്ങി . അപ്പോഴാണ് ബാത്റൂമിൽ നിന്നും വെള്ളം വീഴുന്നതിന്റെ ശബ്ദം ഞാൻ കേൾക്കുന്നത്...

www.kkstories.com

"കല്ല്യാണി..... "

"ആ...."

അവളുടെ ശബ്ദം ഒന്നു കേട്ടപ്പോഴാണ് ശ്വാസമൊന്ന് നേരെയായത്.....

ഇതിനിടയിൽ ആരാ വിളിച്ചത് എന്ന് നോക്കാൻ ഞാൻ മറന്നിരുന്നു

ഫോൺ എടുത്തു നോക്കിയപ്പോൾ രാജീവിന്റെ മൂന്ന് മിസ്ഡ് കോൾ....

എന്തോ അപാകത തോന്നിയതിനാൽ പെട്ടെന്ന് തന്നെ ഞാൻ തിരിച്ചു വിളിച്ചു കുറച്ചുനേരം റിങ്ങ് ചെയ്തതും രാജീവൻ ഫോൺ എടുത്തു...

"ഹലോ...."

ഞാൻ തന്നെ തുടങ്ങി...

എന്നാൽ അപ്പുറം നിന്നും ഒരു ശബ്ദവും വന്നില്ല

www.kkstories.com

"ഹലോ... രാജീവാ...."

ഞാൻ വീണ്ടും മിണ്ടി....

"ഹലോ....."

രാജീവന്റെ ശബ്ദം കേട്ടു രണ്ടു തെറി വിളിക്കണം എന്നുണ്ടായിരുന്നെങ്കിലും ഞാൻ സംയമനം പാലിച്ചു.....

"എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട്...."

രാജീവന്റെ ശബ്ദം മങ്ങി.....

"എ...എന്താണ്..."

എന്റെ മറുപടിയിൽ ഒരു വിക്കൽ ഉണ്ടായിരുന്നു...

"""ഈ പൂജ നടക്കില്ല.... ഇത് എന്നെകൊണ്ട് സാധിക്കുന്നകാര്യമല്ല. കല്ല്യാണിയുടെ ശരീരത്തിൽ കയറിയ ആത്മാവ് ഒരു സാധാരണ ആത്മാവല്ല വളരെ ശക്തിയുള്ളതാണ്... അച്ഛൻ പോലും വളരെ കഷ്ടപ്പെട്ടാണ് അതിനെ ആ വീടിനുള്ളിൽ തളച്ചത് അതുകൊണ്ട് ഇത് ഞാൻ വിചാരിച്ചാൽ ചെയ്യാൻ സാധിക്കുന്ന കാര്യമല്ല

www.kkstories.com

ഞാൻ പോവുകയാണ് എന്നെ ഇനി വിളിക്കാൻ ശ്രമിക്കരുത്....

പിന്നേ ഒരു കാര്യംകൂടി അവളെ തളയ്ക്കാനോ കൊല്ലാനോ കഴിഞ്ഞില്ലെങ്കിൽ നാളത്തെ ഒരു രാത്രി കൂടി കഴിഞ്ഞാൽ കല്ല്യാണിയുടെ ശരീരം പൂർണ്ണമായും ആ ആത്മാവിന്റെ ആയി മാറും പിന്നെ ഒരിക്കലും അവളെ രക്ഷിക്കാൻ കഴിയില്ല,നിങ്ങളെയും

അതുകൊണ്ട് അത് സംഭവിക്കുന്നതിന് മുമ്പേ നീ തന്നെ കല്ല്യാണിയേ കൊല്ലണം"""""

അവൻ ലാസ്റ്റ് പറഞ്ഞത് കേട്ടതും എന്റെ ശരീരം ദേഷ്യം കൊണ്ട് തുടങ്ങി....

"എടാ നായിന്റെ മോനേ.... നിന്നേ... "

ഞാൻ അതു പറഞ്ഞപ്പോഴേക്കും രാജീവൻ ഫോൺ കട്ട് ചെയ്തു...

ദേഷ്യം വന്ന ഞാൻ ഫോൺ എടുത്ത് വലിച്ചെറിഞ്ഞു....

"സിദ്ധു....എന്താ ഒരു ശബ്ദം കേട്ടേ..... "

ഫോൺ എറിഞ്ഞതിന്റെ ശബ്ദം കേട്ടതും കല്ല്യാണിയുടെ പക്കൽ നിന്നും ചോദ്യമെത്തി

www.kkstories.com

"ഒന്നുല്ല... ഫോൺ ഒന്ന് വീണതാ.... "

എന്റെ ദേഷ്യത്തിന്റെ കാരണം അവളെ കൂടി അറിയിക്കാൻ എനിക്ക് ധൈര്യം വന്നില്ല അതുകൊണ്ട് അപ്പോൾ വായിൽ വന്ന കള്ളം ഞാൻ പറഞ്ഞു...

ഞാൻ ബെഡിൽ നിന്നും എഴുന്നേറ്റ് നടക്കാൻ തുടങ്ങി.... വേറേ വല്ല ആരെയെങ്കിലും വിളിച്ചാലോ.... ദേവു ചേച്ചിനോട് ചോദിച്ചു നോക്കിയാലോ...

അങ്ങനെ ഓരോ ചിന്തകൾ കൊണ്ട് പരക്കം പായുകയാണ് ഞാൻ....

അപ്പോഴാണ് ബാത്റൂമിന്റെ വാതിലുകൾ തുറക്കുന്ന ശബ്ദം ഞാൻ കേട്ടത്....

തിരിഞ്ഞു നോക്കിയപ്പോൾ കല്ല്യാണി തല ഒന്ന് ചെരിച്ചു പിടിച്ചു കൊണ്ട് തല തോർത്തുകയാണ് അവളുടെ മുഖം കാണാൻ കഴിയുന്നില്ല.....

ഞാൻ അവളേ തന്നെ നോക്കി നിന്നും....

അവൾ തോർത്തി കഴിഞ്ഞ് അവസാനമായി മുടിയൊന്ന് കുടഞ്ഞു എന്നേ നോക്കി....

😳

കല്ല്യാണി മുറിയിലേക്ക് കടന്നുവരുമ്പോൾ, ഒരു നിമിഷം വായുവിന്റെ ചലനം പോലും നിശ്ശബ്ദമായി നിന്ന പോലെയായിരുന്നു.

www.kkstories.com

അവളുടെ മുഖത്ത് ഒരു മങ്ങാത്ത ചന്ദ്രപ്രകാശം പോലെ തിളങ്ങുന്ന നിറം.

നീണ്ട, മൃദുവായ മുടി ഒരു കറുത്ത തിരമാല പോലെ ചുമലുകളിലൂടെ വീണിരുന്നു;

അല്പം കാറ്റ് വീശുമ്പോൾ ആ മുടിയുടെ സുഗന്ധം തന്നെ ഹൃദയം നിറയ്ക്കുന്ന വസന്ത കാലം പോലേ...

അവളുടെ കൃഷ്ണ മണിയുടെ നീല നിറം പൂർണമായും പോയിട്ടുണ്ടായിരുന്നെങ്കിലും കണ്ണുകൾ... അതൊരു വേറിട്ട ലോകം തന്നെയായിരുന്നു...ആഴവും തിളക്കവും നിറഞ്ഞത്.

ആരെങ്കിലും ഒന്നു നോക്കിയാൽ തിരിഞ്ഞു പോകാൻ കഴിയാത്തവിധം ആകർഷകമായ തെളിമ. വിടർന്ന ചുണ്ടുകളിൽ അല്പം മൃദുവായ ചുവപ്പ് പറയാനിരിക്കുന്ന രഹസ്യത്തിന്റെ സൂചന പോലെയായിരുന്നു

അവളുടെ ചുവട് പോലും സംഗീതമെന്ന പോലെ: ഓരോ നീക്കം, ഓരോ തലോടലും, ഒരു നൃത്തത്തിന്റെ താളത്തിൽ. ചുറ്റുമുള്ള എല്ലാറ്റിനും അവളെ കാണാതെ ഇരിക്കാൻ കഴിയാത്തൊരു മായ.

ഇതാണോ സ്ത്രീ സൗന്ദര്യത്തിന്റെ പൂർണരൂപം.... ഞാൻ എന്നോട് തന്നെ ചോദിച്ചു....

"ഹലോ.... മാഷേ... എന്താണ്...."

www.kkstories.com

എന്റെ നോട്ടം കണ്ടിട്ടാവണം ആവൾ ചോദിച്ചു...

"ടക് ടക്.... "

പക്ഷേ അതിനു മറുപടി പറയുന്നതിന് മുന്പേ ഡോറിൽ ഒരു മുട്ട് കേട്ടു....

ഞാൻ വാതിൽ തുറന്നു....

ദേവു ചേച്ചിയാണ്, ചേച്ചിയുടെ കയ്യിൽ ഒരു പ്ലേറ്റ് ഫുഡും കാണാം...

ഞാൻ സംശയ ഭാവേന അതിലേക്ക് നോക്കി....

"നോക്കണ്ട നിനക്കല്ല.... ഇതെന്റെ കല്ലു മോൾക്കാണ്.... "

അതു പറഞ്ഞതും ചേച്ചി എന്നേ തള്ളി മാറ്റി അകത്തേക്ക് കയറി...

കല്ല്യാണിയേ കണ്ടതും ചേച്ചി കുറച്ചു നേരം അവിടേ നിന്നു....ആ കണ്ണുകൾ തുറിച്ചു വന്നു...

അവയിൽ പേടി ഉണ്ടായിരുന്നില്ല... ഒരു തരം അത്ഭുതമാണ്.. എനിക്ക് ഉണ്ടായ അതേ അവസ്ഥ..

www.kkstories.com

അവളുടെ സൗന്ദര്യത്തിന്റെ ഭംഗി ആസ്വദിച്ചിരിക്കുന്ന ചേച്ചി പെട്ടെന്ന് സ്വബോധം വീണ്ടെടുത്തു...

ശേഷം ചേച്ചി കല്ല്യാണിയേ ബെഡിൽ പിടിച്ചിരുത്തി...

"കയ്യിൽ കെട്ടല്ലെ...ഞാൻ വാരി തരാം...."

ചേച്ചി കല്ല്യാണിയോട് പറഞ്ഞു...

ചേച്ചി പ്ലേറ്റിൽ നിന്നും ഒരു കഷ്ണം അപ്പം അവൾക്ക് നേരേ നീട്ടി....

കല്ല്യാണി വളരേ സന്തോഷത്തോടെ അത് വാങ്ങി കഴിച്ചു...

അവരുടെ ഈ സ്നേഹ പ്രകടനം കാണുമ്പോൾ എന്റെ കണ്ണാണ് നിറയുന്നത്...

കൂടുതൽ നേരം അവിടേ നിന്നാൽ അവരത് കണ്ടു പിടിക്കും അത് കൊണ്ട് ഞാനും ഒന്ന് കുളിക്കാൻ അകത്ത് കയറി.....

കുളിച്ചു കഴിഞ്ഞതിനു ശേഷം ഞാൻ ദേവു ചേച്ചിയേ അവൾക്ക് കാവലിരുത്തി

www.kkstories.com

താഴോട്ട് ഫുഡ് കഴിക്കാൻ പോയി....

അപ്പോൾ മായ കഴിച്ചു കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു...

ഞാൻ അവളുടെ അടുത്ത് ചെന്നിരുന്നു...

എന്നേ കണ്ടതും വേറേ ഏതോ ഒരു ലോകത്തായിരുന്ന അവളുടെ മുഖത്ത് പെട്ടെന്നൊരു തെളിച്ചം വന്നത് ഞാൻ അറിഞ്ഞു....

ഞാൻ അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചു... സംസാരിക്കാൻ എന്തോ ഒരു മടി..

ശേഷം എന്റെ അടുത്ത് ഓരോരുത്തർ വന്ന് കാര്യങ്ങൾ ചോദിക്കാൻ തുടങ്ങി....

അവർക്കൊക്കെ ഞാൻ മറുപടി കൊടുത്തു... എല്ലാവരുടെയും മുഖത്ത് നല്ല വിഷമം ഉണ്ട്.. പ്രത്യേകിച്ച് ലക്ഷ്മിയാന്റിയുടെ മുഖത്ത്...

പാവം എങ്ങനെയൊക്കെയോ പിടിച്ചു നിൽക്കുകയാണ്....

എന്നിരുന്നാലും രാജീവൻ രാവിലേ പറഞ്ഞ കാര്യം ഞാൻ ആരോടും പറഞ്ഞില്ല....

www.kkstories.com

അതുകൂടെ സഹിക്കാൻ അവർക്കാവില്ല....

കൂടുതൽ നേരം ഞാൻ അവിടേ ഇരുന്നില്ല... പെട്ടെന്ന് ഫുഡ് കഴിച്ച് റൂമിലോട്ട് ചെന്നു...

ദേവു ചേച്ചിയും കല്ല്യാണിയും സംസാരിക്കുകയായിരുന്നു.....

ഞാനും അവരുടെ ഇടയിലേക്ക് വലിഞ്ഞു കയറി...

ചേച്ചി കുറച്ചു നേരം കൂടേ അവിടേ ഇരുന്നിട്ടാണ് പോവാൻ തീരുമാനിച്ചത്..

ചേച്ചി മുറിയിൽ നിന്നും ഇറങ്ങിയാപ്പോൾ ഞാനും ഒരു കള്ളം പറഞ്ഞ് ചേച്ചിയുടെ ഒപ്പം കൂടി...

അത് കല്ല്യാണിയിൽ നിന്നും മാറി നിൽക്കാൻ വേണ്ടിയായിരുന്നു....അതു ചേച്ചിക്കും മനസ്സിലായി..

"എന്താ... കാര്യം.... "

കുറച്ചു മാറിയതും ചേച്ചി കാര്യം അവതരിപ്പിച്ചു...

www.kkstories.com

"അത് ചേച്ചി... "

ഞാൻ രാജീവൻ പറഞ്ഞത് അങ്ങനെ ചേച്ചിയോട് പറഞ്ഞു...

"പൊലയാടി മോൻ.... "

അതായിരുന്നു എല്ലാം കേട്ടു കഴിഞ്ഞപ്പോളുള്ള ചേച്ചിയുടെ റിയാക്ഷൻ...

"ചേച്ചി എന്തെങ്കിലും ചെയ്യണം... അവളില്ലാതെ എന്നേ കൊണ്ട് പറ്റില്ല..."

ചേച്ചിയുടെ കൈ രണ്ടു കൂട്ടിപിടിച്ചുകൊണ്ടു ഞാൻ പറഞ്ഞു..

"സിദ്ധു.... മോനേ നീ ഇങ്ങനെ പേടിക്കല്ലേ... അവൾക്കൊന്നും സംഭവിക്കില്ല... സംഭവിക്കാൻ ഞാൻ സമ്മതിക്കില്ല... നീയും വിഷമിക്കണ്ട ഞാൻ നോക്കാം.... "

ചേച്ചിയുടെ ഉറപ്പ് കിട്ടിയതും വല്ലാത്തൊരു ആശ്വാസമായിരുന്നു മനസ്സിന്..

ഞാൻ തിരിച്ചു റൂമിലേക്ക് തന്നെ പോയി...

വീണ്ടും ഞാനും കല്ല്യാണിയും മാത്രമായി റൂമിനുള്ളിൽ...

www.kkstories.com

അവളേ ഞാൻ പരമാവധി സന്തോഷിപ്പിക്കാൻ ശ്രമിച്ചു... തൊട്ടും തോണ്ടിയും... തല്ലുകൂടിയും തമാശപറഞ്ഞും... അങ്ങനെ... അങ്ങനെ....

അവളും ഇതെല്ലാം ആസ്വദിക്കുന്നുണ്ടായിരുന്നു.... വേറേ ഒന്നിനെ കുറിച്ചും ഞാൻ സംസാരിക്കാൻ പോയില്ല...

രാത്രി വരെയും ഞാനും കല്ല്യാണിയും മാത്രമായിരുന്നു റൂമിനുള്ളിൽ... അവൾക്ക് വേണ്ട ഫുഡ് ഞാൻ താഴോട്ട് പോയി കൊണ്ടു വരും എന്നിട്ട് ഞാൻ തന്നെ അവൾക്ക് വാരി കൊടുക്കും...

അതിനിടയിൽ ലക്ഷ്മിയാന്റി വന്ന് കല്ല്യാണിയേ കെട്ടി പിടിച്ച് കൊറേ നേരം കരഞ്ഞു... അതിനു ശേഷം ബാക്കിയുള്ളവരും ഒരു വിഷമത്തോടെ കല്ല്യാണിയേ നോക്കിയപ്പോൾ

പിന്നേ ഞാൻ ആരെയും അകത്തു കയറ്റിയില്ല. അതാല്ലാതെ കാര്യമായി വേറേ ഒന്നും തന്നെ ഉണ്ടായില്ല...

പിന്നേ വാതിലിൽ മുട്ട് കേൾക്കുന്നത്...

രാത്രി എട്ട് കഴിഞ്ഞപ്പോളാണ്....

ഞാൻ വാതിൽ തുറന്നു...കാർത്തു ചേച്ചിയായിരുന്നു...

"എന്താ ചേച്ചി.... "

www.kkstories.com

ചേച്ചിയുടെ മുഖത്തേ വെപ്രാളം കണ്ടപ്പോൾ ഞാൻ ചോദിച്ചു..

"എടാ അത്... അത്... മുത്തശ്ശി മരിച്ചു.... "

പെട്ടന്ന് കേട്ടപ്പോൾ ഞാനൊന്ന് ഞെട്ടി.....

"എങ്ങനെ...?മുത്തശ്ശി ഇവിടേ ഉണ്ടായിരുന്നില്ലേ അപ്പോൾ.... "

ഞാൻ ചേച്ചിയോട് ചോദിച്ചു...

"ഇല്ലടാ... മുത്തശ്ശിയെയും ആ പാരമേശ്വരനെയും ചേച്ചി ഇന്നലെ തന്നെ ആട്ടി പുറത്താക്കി....പിന്നേ ഇന്നാണ് മുത്തശ്ശിയുടെ വിവരമറിഞ്ഞത്...ആക്സിഡന്റ് ആയിരുന്നു....ബോഡി ഹോസ്പിറ്റലിൽ ആണ് ഞങ്ങളൊക്കെ അങ്ങോട്ട് പോവുകയാണ്..... ദേവു ചേച്ചിയും അരുണേട്ടനും രാവിലെ എങ്ങോട്ടോ പോയതാണ് വിളിച്ചിട്ട് കിട്ടുന്നില്ല.... ഇവിടേ ലക്ഷ്മിയാന്റിയും പാറുവും മായയും ആദിയേട്ടനും പിന്നേ കല്ല്യാണിയുടെ രണ്ട് ഏട്ടന്മാരും ഉണ്ട്..... എന്തെങ്കിലും വേണെങ്കിൽ അവരോട് പറഞ്ഞാൽ മതി...."

ഒറ്റ ശ്വാസത്തിൽ അത്രയും പറഞ്ഞതും ചേച്ചി തിരിച്ചോടി....

ഇതെല്ലാം കല്ല്യാണിയും കേട്ടിട്ടുണ്ടായിരുന്നു... ഇതെല്ലാം കേട്ടപ്പോൾ അവൾക്കും പേടി തോന്നി...

www.kkstories.com

ഞാൻ അവളെ സമാധാനിപ്പിച്ചു...

പക്ഷേ മുത്തശ്ശിയുടെ മരണ വാർത്ത അറിഞ്ഞതും അത്ര നേരം ഉണ്ടായിരുന്ന... കൊച്ചു കൊച്ചു സന്തോഷങ്ങളും വൃകൃതികളും ഓക്കെ നിന്നിരുന്നു...

അവൾ എന്നേ കെട്ടി പിടിച്ചു ചെറിയ മയക്കത്തിലേക്ക് പോയി... കൂടേ ഞാനും....

റിങ്... റിങ്.....

കല്ല്യാണിയുടെ ഫോൺ റിങ് ചെയ്യുന്ന ശബ്ദം കേട്ടാണ് ഞാൻ കണ്ണു തുറക്കുന്നത്...

അവൾ ഇപ്പോഴും ഉറങ്ങുകയാണ്...

അത്കൊണ്ട് ഞാൻ ഫോൺ എടുത്തു കൊണ്ട് ജനലിനരികിലേക്ക് പോയി....

സ്ക്രീനിൽ നോക്കിയപ്പോൾ ആരുണാണ്....

ഞാൻ കാൾ എടുത്തു....

"ഹലോ... "

www.kkstories.com

പക്ഷേ ഫോൺ എടുത്തപ്പോൾ ദേവു ചേച്ചിയുടെ ശബ്ദമായിരുന്നു ഞാൻ കേട്ടത്...

"ഹലോ ചേച്ചി.... "

ഞാൻ മറുപടി കൊടുത്തു...

"സിദ്ധു... മോനേ നിന്റെ ഫോൺ എവിടെയാടാ എത്ര വിളിച്ചു... അവരേ വിളിച്ചിട്ടും കിട്ടുന്നില്ല നിങ്ങൾ ഓക്കെ എവിടെയാടാ കുഴപ്പമൊന്നുമില്ലല്ലോ...."

ചേച്ചിയുടെ ശബ്ദത്തിലെ പേടി ഞാൻ തിരിച്ചറിഞ്ഞു... വല്ലാതെ കിതക്കുന്നുമുണ്ട്

എനിക്കെന്തോ പ്രശ്നം സംഭവിച്ചതായി തോന്നി...

"അത് ചേച്ചി... മുത്തശ്ശി മരിച്ചു... അവരൊക്കെ ഹോസ്പിറ്റലിലോട്ട് പോയതാ.... ഇവിടേ കുറച്ചു പേർ മാത്രമേ ഉള്ളു..."

ഞാൻ ചേച്ചിയോട് പറഞ്ഞു...

"മുത്തശ്ശി മരിച്ചോ..? എപ്പോ....., നിങ്ങൾ മാത്രമേ ഉള്ളോ.... അതോ ആദിയും മായയും ഓക്കെ ഉണ്ടോ അവിടേ...."

www.kkstories.com

ചേച്ചിയുടെ മറുപടി വേഗത്തിൽ ആയിരുന്നു ഒപ്പം അതിനുള്ള പേടിയും വർദ്ധിച്ചിരുന്നത് ഞാൻ അറിഞ്ഞു....

"ആ.... അവർ ഇവിടേ ഉണ്ട്...."

ഞാൻ ചേച്ചിക്ക് മറുപടി കൊടുത്തു

ഒരു നിമിഷം അപ്പുറത്ത് വെറും മൗനം മാത്രമായിരുന്നു

"സിദ്ധു മോനേ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്ക്....നീ കല്ല്യാണിയെയും കൂട്ടി എന്തെങ്കിലും കള്ളം പറഞ്ഞ് അവിടെ നിന്നും പോ.....വേഗം പോ....."

ചേച്ചി അത്കൊണ്ട് എന്താ ഉദ്ദേശിച്ചത് എന്ന് എനിക്ക് മനസ്സിലായില്ല...

"എന്താ ചേച്ചി... എന്താ...പ്രശ്നം..."

"എടാ... ആ ആദിയും മായയും ഒന്നും നമ്മൾ ഉദ്ദേശിക്കുന്നത് പോലേയല്ലടാ.... അവരാ എല്ലാത്തിനും പിന്നിൽ.... കല്ലുവിനേ തട്ടി കൊണ്ട് പോയത് മുതൽ പൈസ കൊടുത്ത് രാജീവനേ നാട് കടത്തിയത് വരേ..... നീ എത്രയും പെട്ടെന്ന് അവിടേ നിന്നും അവളെയും കൂട്ടി ഇറങ്ങ്... കല്ലുവിനെ അന്വേഷിച്ച് അവർ എന്തായാലും വരും.....Everyone in the family is a psychopath അവർ എന്തും ചെയ്യാൻ മടിക്കില്ല..... എന്റെ മോൻ പെട്ടെന്ന് ഇറങ്ങാടാ... അവൾക്കൊന്നും സംഭവിക്കാൻ സമ്മതിക്കല്ലേ...."

www.kkstories.com

അത്രയും പറഞ്ഞതും ഫോൺ കട്ട് ആയി...

എന്റെ കൈ കാലുകൾ വിറക്കാൻ തുടങ്ങി....

മായ.... അവളും....

ഒന്നും ചിന്തിച്ചു നിൽക്കാൻ സമയമില്ല... അവർ കല്ല്യാണിയുടെ അടുത്ത് എത്തരുത്...

ഞാൻ കല്ല്യാണിയേ വിളിക്കാൻ അവളുടെ അടുത്തേക്ക് പോയതും...

വാതിൽ ഒരു മുട്ട് കേട്ടു....., ശക്തമായി....

ഒന്നും ചിന്തിച്ചു നിൽക്കാൻ സമയമില്ല... അവർ കല്ല്യാണിയുടെ അടുത്ത് എത്തരുത്...

ഞാൻ കല്ല്യാണിയേ വിളിക്കാൻ അവളുടെ അടുത്തേക്ക് പോയതും...

വാതിൽ ഒരു മുട്ട് കേട്ടു....., ശക്തമായി....

ഞാൻ വാതിലിലേക്ക് നോക്കി....

www.kkstories.com

കുറച്ചു കഴിഞ്ഞതും വീണ്ടും വാതിലിൽ മുട്ടുന്ന ശബ്ദം ഞാൻ കേട്ടു. അത് കുറച്ചുകൂടെ ശബ്ദത്തിലായിരുന്നു...

അതിന്റെ ശബ്ദം കേട്ടിട്ടാവണം കല്ല്യാണി കണ്ണു തുറന്നു.... അവൾ എന്നെയും വാതിലിലേക്കും മാറി മാറി നോക്കി....

ശേഷം പോയി തുറക്ക് എന്ന രീതിയിൽ കണ്ണുകളനക്കി

ഞാൻ ഡോറിനടുത്തേക്ക് നടന്നു...

എന്തോ ഒന്ന് എന്നേ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന പോലേ തോന്നിയെനിക്ക്....

കല്ല്യാണിയേ ആ വീട്ടിൽ നിന്നും രക്ഷിച്ചത് മുതൽ തോന്നുന്ന കാര്യമാണ് ഇത്....

ആരോ എന്നേ പിന്തുടരുന്നത് പോലേ....

ഞാൻ ഡോർ തുറക്കാനായി അതിൽ തൊട്ടതും ജലപാളികളിലൂടെ തണുത്ത കാറ്റ് മുറി മൊത്തം വീശി....

ഒരു പ്രേത്യേക അനുഭവമായിരുന്നു അത്...

ഡോറിന്റ ലോക്ക് ഞാൻ തുറന്നു ശേഷം പതിയേ വാതിലും....

www.kkstories.com

വാതിൽ തുറന്നതും കാണുന്നത് ചിരിച്ചുകൊണ്ട് മുന്നിൽ നിൽക്കുന്ന പരമേശ്വരനെയാണ്....

അയാളുടെ മുഖത്ത് ഒരു തരം കൊല ചിരിയാണ്...

"അകത്തേക്ക് വന്നോട്ടെ..... "

അയാൾ എന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു.....

പുണ്ടച്ചിമോന്റെ ചോദ്യം കേട്ടപ്പോൾ തരിച്ചു വരുകയാണ് ചെയ്തത്....

എന്നാൽ ഞാൻ മറുപടി കൊടുക്കാൻ നിന്നില്ല...

അയാൾ പതിയേ എന്നേ തള്ളി മാറ്റി അകത്തേക്ക് കയറി....

അയാൾ അകത്ത് കയറിയതും കല്ല്യാണി പേടികൊണ്ടാവണം പെട്ടെന്ന് ബെഡിൽ നിന്നും എഴുന്നേറ്റു...

അയാളുടെ പിന്നാലെയായി മായയും ആദിയും അവരുടെ അച്ഛനും അമ്മയും ശേഷം കേറി....

www.kkstories.com

ഞാൻ മായയുടെ മുഖത്തേക്ക് തന്നെ നോക്കി....അവൾ എന്നേ നോക്കാതെ തല താഴ്ത്തി നിൽക്കുകയാണ്...അവളുടെ കണ്ണുകളിൽ നിന്നും കണ്ണു നീർ ഒറ്റി വീഴുന്നുണ്ടായിരുന്നു...

ആദിയേ നോക്കിയപ്പോൾ അവന് പൂർണമായും വേറൊരു മുഖമായിരുന്നു... ഇതുവരെ കണ്ട ആദിയേ അല്ല.... അവനൊപ്പം തല്ലുകൂടിയാൽ എനിക്ക് ജയിക്കാൻ പറ്റുമോ എന്ന് പോലും ഞാൻ ഒരു നിമിഷം ചിന്തിച്ചു...

കല്ല്യാണി എന്റെ അരികിലേക്ക് വന്നു കൈ കോർത്തു പിടിച്ചു എന്റെ പിന്നിലായി മറഞ്ഞു നിന്നു....

കല്ല്യാണിയുടെ കണ്ണുകൾ കണ്ടപ്പോഴുള്ള അവരുടെ മുഖത്തേ പേടി ഞാൻ ശ്രദ്ധിച്ചു...

പരമശ്വരൻ കുറച്ചു നേരം അവളെ തന്നെ നോക്കി ശേഷം ചിരിക്കാൻ തുടങ്ങി.... അയാളുടെ ചിരിയിൽ പല അർത്ഥങ്ങളും ഉണ്ടായിരുന്നു....

"ടാ മക്കളേ ഇങ്ങ് കേറി പോര്..... "

പരമേശ്വരൻ വാതിലിനു പുറത്തേക്കായി പറഞ്ഞു....

എന്റെയും കല്ല്യാണിയുടെയും കണ്ണുകൾ വാതിലിനു പുറത്തേക്ക് നീണ്ടു...

കുറച്ചു കഴിഞ്ഞതും ഞങ്ങളുടെ മുറിയുടെ പുറത്തു നിന്നും ഒരു എഴെട്ട് തടിമാടന്മാർ അകത്തേക്ക് വന്നു...

www.kkstories.com

അവരുടെ ശരീരം കണ്ടപ്പോഴേക്കും എനിക്ക് അവരേ മനസ്സിലായി...

അതവരാണ് ആ വീടിന് മുന്നിൽ കാവൽ നിന്നവർ...പക്ഷേ അന്നത്തെ പോലേ അവർ മുഖം മൂടി ധരിച്ചിട്ടില്ല..

ഇത്രയും എങ്ങനെ ഇവിടേക്ക് വന്നു എന്നുള്ള ചിന്ത മനസ്സിൽ പെരുമ്പറ മുഴുക്കാൻ തുടങ്ങി....

"പാറു.... അവളെവിടെ...."

എന്റെ ചോദ്യം കേട്ടതും എല്ലാവരും എന്റെ മുഖത്തേക്ക് നോക്കി... കൂടേ കല്ല്യാണിയും, അവൾക്കും അപ്പോഴാരുന്നു അതിനേ പറ്റി ബോധം വന്നത്.....

എന്റെ ചോദ്യം കേട്ടതും പരമേശ്വരൻ വീണ്ടും ചിരിച്ചു....

പുണ്ടച്ചിമോന്റെ ഇടക്കിടക്കുള്ള ചിരി കാണുമ്പോൾ പല്ലിടിച്ചു കൊടുക്കാൻ തോന്നുന്നുണ്ടെകിലും.. കല്ല്യാണിയേ ഓർത്താണ് ഞാൻ അടങ്ങി നിന്നത്...

പക്ഷേ ഇപ്പോൾ ഞാൻ ചോദിച്ച ചോദ്യത്തിന്റെ മറുപടി പോലെയിരിക്കും ഇനി എന്ത് ചെയ്യണമുള്ളത്....

www.kkstories.com

അവർക്കെന്തെങ്കിലും പറ്റിയാൽ മൊത്തം കുടുംബത്തെയും ഞാൻ വെള്ള പുതപ്പിക്കും....

"പേടിക്കൊന്നും വേണ്ടാ എല്ലാവരെയും ചെറുതായി ഒന്ന് ബോധം കെടുത്തി എന്നേയുള്ളു..... പക്ഷേ ഇവൾടെ ആ ഏട്ടന്മാർ ഉണ്ടല്ലോ അവര് കുറച്ചു പണി തന്നു.....അതിന്റെ രണ്ടു മൂന്ന് സമ്മാനം അവരുടെ ദേഹത്ത് ഉണ്ടെങ്കിലും അവരും സേഫ് ആണ്..... എനിക്ക് വേണ്ടത് അവരെയല്ലല്ലോ മോനേ.... "

ഒരു ചിരിയോടെ കൂടെത്തന്നെയാണ് അയാൾ അതു പറഞ്ഞു നിർത്തിയത്...

സത്യം പറഞ്ഞാൽ അയാളുടെ ചിരി കാണുമ്പോൾ എന്റെ മനസ്സിലേക് ഭയം കേറി തുടങ്ങിയിരുന്നു.....

നീ എന്തിനോക്കെ ശ്രമിച്ചാലും നിനക്ക് അവളേ രക്ഷിക്കാൻ കഴിയില്ല എന്നൊരാർത്ഥം അയാളുടെ ചിരിക്കുണ്ടായിരുന്നു...

കല്ല്യാണി എന്റെ പിന്നല്ലായി ഒളിച്ചു നിന്നു...

ഒന്നും സംഭവിക്കില്ല എന്ന രീതിയിൽ അവളെ ഞാൻ ചേർത്ത് പിടിച്ചു....

"എന്നാലും നിന്നേ ഞാൻ സമ്മതിച്ചു.... ഇന്നലെ അത്രയുംപേർ ഉണ്ടായിട്ടും നീയും അവനും കൂടേ ഇവരെയെല്ലാം അടിച്ചിട്ടില്ലേ... അല്ലെങ്കിൽ ഇന്നലെ തന്നെ ഇവൾ മരിക്കേണ്ടതായിരുന്നു...."

www.kkstories.com

ഒരു കൂസലും ഇല്ലാതെയാണ് അയാൾ അതു പറഞ്ഞത്....

ഇന്നലെ നടന്നതെല്ലാം വീണ്ടും മനസ്സിലേക്ക് വന്നു....

ഞങ്ങൾ അവിടേ എത്തിയിട്ടില്ലായിരുന്നുവെങ്കിൽ.....

ഒരു നിമിഷം ഞാൻ കല്ല്യാണിയേ നോക്കി....

അവൾ വളരേയധികം പേടിക്കുന്നുണ്ടായിരുന്നു....

അയാൾ വീണ്ടും തുടങ്ങി....

എന്നാൽ ഞങ്ങളുടെ കൈയ്കൾ കോർത്തുപിടിച്ചിരിക്കുന്നത് കണ്ടതും പരമേശ്വരന്റെ കൊലച്ചിരി മാഞ്ഞു, അയാളുടെ കണ്ണുകളിൽ ദേഷ്യം നിറഞ്ഞു.

"അവസാനമായി ഒരു അവസരം തരാം"

അയാൾ എന്നേ നോക്കി പറഞ്ഞു.

"അവളേ എന്റെ കൂടേ വിട്ടേക്ക്.... അങ്ങനെയാണെങ്കിൽ നിനക്ക് നിന്റെ ജീവനെങ്കിലും ബാക്കിയുണ്ടാവും... അതല്ല ഇനി എതിർക്കാനാണ് ഉദ്ദേശമെങ്കിൽ നിന്റെ മുത്തശ്ശിയെ കൊന്നു കളഞ്ഞത് പോലേ നിന്നേ കൊല്ലാനും ഞാൻ മടിക്കില്ല....."

www.kkstories.com

"മുത്തശ്ശാ..... "

അയാൾ അതു പറഞ്ഞു നിർത്തിയതും മായയുടെ ഉച്ചത്തിലുള്ള ശബ്ദം മുറിയാകെ മുഴങ്ങി...

എന്നേ കൊന്ന് കളയും എന്ന് പറഞ്ഞപ്പോലുള്ള അവളുടെ ഭാവ മാറ്റം ഞാൻ ശ്രദ്ധിച്ചു....

തുടക്കം മുതലേ അവളുടെ ലക്ഷ്യം കല്ല്യാണിയായിരുന്നില്ല.... അവൾക്ക് എന്നോടൊപ്പം ജീവിച്ചാൽ മാത്രം മതിയായിരുന്നു.....

എന്നാൽ അവളുടെ വാക്കുകളിലെ എതിർപ്പ് ആദി അവളെ ദേഷ്യത്തിൽ നോക്കുന്നവരെയേ ഉണ്ടായുള്ളൂ....

പേടികൊണ്ടാണെന്ന് തോന്നുന്നു... അവൾ പറയാൻ വന്ന വാക്കുകൾ വിഴുങ്ങി... ശേഷം കണ്ണുകൾ ഒലിപ്പിച്ചുകൊണ്ട് കുറച്ചു പുറകിലോട്ടായി മാറി നിന്നു....

എന്നാൽ പരമേശ്വരന്റെ വാക്കുകൾ വീണ്ടും എന്റെ ഉള്ളിൽ ഒരു ആണി പോലേ തറച്ചുകൊണ്ടിരുന്നു...

www.kkstories.com

മുത്തശ്ശിയെ കൊന്നത് ഇയാളാണോ... എന്തിന്....

"കൂടുതൽ ആലോചിച്ച് തല എല്ലാം ഞാൻ പറഞ്ഞുതരാം"

"വീട്ടിൽ വെച്ച് ഇവളെ കൊല്ലാനുള്ള എന്റെ പദ്ധതി പരാജയപ്പെട്ടപ്പോൾ, ദൈവം നിന്റെ ചേച്ചിയുടെ രൂപത്തിൽ അവതരിച്ചു. അവൾ എന്നെയും നിന്റെ മുത്തശ്ശിയെയും വീട്ടിൽനിന്ന് ഇറക്കിവിട്ടത് എനിക്കൊരു അവസരമായി തോന്നി. ആദ്യം ഞാൻ ആ രാജീവനെ പണം കൊടുത്ത് ഒതുക്കാൻ നോക്കി. പക്ഷേ, തന്തയുടെ അതേ സ്വഭാവമുള്ള മകന് ഞാൻ പറഞ്ഞത് സ്വീകാര്യമായില്ല.തന്തയേ കൊന്ന് കളഞ്ഞത് പോലേ അവനെയും കൊന്ന് കളയും എന്ന് പറഞ്ഞതും രാജീവൻ എന്ന പ്രശ്നവും തീർന്നു.... ഈ ഒരു രാത്രികൂടെ കഴിഞ്ഞാൽ പിന്നേ ഒന്നും നടക്കില്ല എന്നെനിക്ക് മനസ്സിലായി..... ഇവിടേ ഇത്രയും പേർ ഉണ്ടെങ്കിൽ അതും എനിക്ക് ഒരു പ്രശ്നമാവുമായിരുന്നു..... അതുകൊണ്ടാണ് അനന്തലക്ഷ്മിയെ കൊന്നു കളഞ്ഞതും അതൊരു ആക്സിഡന്റ് ആയി ചിത്രീകരിച്ചതും....വിചാരിച്ച പോലേ കുറെയെണ്ണം ഇവിടുന്ന് മാറി കിട്ടി... എന്നാൽ നിന്റെ ചേച്ചിയും അരുണും ഇവിടേ ഇല്ലാതിരുന്നത് ശരിക്കും എനിക്കൊരു ബോണസ് പോയിന്റ് ആയിരുന്നു.... ഇത്രയും നല്ല ഒരു അവസരം എങ്ങനെയാ മോനേ പാഴാക്കുക...

നീ തന്നെ പറ..... ദേവിക്ക് ഇവളുടെ ശരീരം പൂർണമായും സ്വന്തമാക്കാൻ മൂന്ന് രാത്രിയാണ് വേണ്ടത്... അത്കൊണ്ട് ഇവൾ ഇപ്പോഴും ഒരു ആത്മാവ് വസിക്കുന്ന സാധാരണ സ്ത്രീ മാത്രമാണ്... ഇന്നിവളെ കൊന്നാൽ ദേവിയുടെ ആത്മാവും ഇല്ലാതെയാവും... കുറേ കാലമായി തുടങ്ങിയ ഞങളുടെ ശാപവും അതോടെ തീരും...."

"അതുകൊണ്ട് നീ ഇവളെ ഞങ്ങൾക്ക് അങ്ങ് തന്നേക്ക്.... "

ഒരു നടുക്കുന്ന നിമിഷമായിരുന്നു അത്.

പരമേശ്വരന്റെ വാക്കുകൾ എന്റെ കാതുകളിൽ തുളച്ചുകയറി.

ഞാൻ അവിടെ നിൽക്കുന്ന എല്ലാവരുടെയും മുഖത്ത് നോക്കി കുറെ പേർക്കും ഭാവം വ്യത്യാസം ഒന്നുമില്ലെങ്കിലും മായയുടെ കണ്ണുകളിൽ എന്നോടുള്ള ഭ്രാന്തമായ സ്നേഹത്തിന്റെയും, പരമേശ്വരനോടുള്ള ഭയത്തിന്റെയും ഒരു മിശ്രിതം ഞാൻ കണ്ടു.

www.kkstories.com

എന്നാൽ, ആ നിമിഷം ശ്രദ്ധിക്കാൻ എനിക്ക് സമയമുണ്ടായിരുന്നില്ല.

എന്റെ സിരകളിൽ രക്തം തിളച്ചു. എന്റെ മുന്നിൽ നിൽക്കുന്നത് മനുഷ്യരല്ല ഒരു കൂട്ടം മൃഗങ്ങളാണ്

എന്നാൽ അതിൽ മായായേ ഉൾപെടുത്താൻ എനിക്കായില്ല....

എന്റെ കണ്ണുകൾ നിറഞ്ഞു പക്ഷേ അത് ദേഷ്യം കൊണ്ടായിരുന്നു

അവന്റെ വാക്കുകൾ കേട്ട് കല്യാണി എന്റെ പിന്നിൽ ഒതുങ്ങി നിന്നു. അവളുടെ ഭയം അവളുടെ കണ്ണുകളിൽ വ്യക്തമായിരുന്നു. അവൾ എന്റെ കൈയ്കളിൽ മുറുകെ പിടിച്ചു

എന്റെ എതിർപ്പ് കണ്ടിട്ടാവണം,പരമേശ്വരൻ അവിടെയുണ്ടായിരുന്ന ഗുണ്ടകളെ നോക്കി

ആ നോട്ടത്തിന്റെ അർത്ഥം മനസ്സിലാക്കിയതുപോലെ, രണ്ട് പേർ എന്റെ അടുത്തേക്ക് നടന്നു വന്നു

എന്റെ കണ്ണുകളിൽ അവന്റെ ക്രൂരമായ പ്രവൃത്തികൾക്കുള്ള പ്രതികാരം നിറഞ്ഞു.

www.kkstories.com

പരമേശ്വരന്റെ ആജ്ഞ അനുസരിച്ച് ഗുണ്ടകൾ എന്റെ നേരെ പാഞ്ഞടുത്തു. അവരിൽ ഒരാൾ എന്റെ കഴുത്തിൽ പിടിക്കാൻ ശ്രമിച്ചപ്പോൾ, ഞാൻ ഇടതുകൈ കൊണ്ട് അവനെ തള്ളിമാറ്റി. രണ്ടാമത്തെയാൾ എന്നെ തടസ്സപ്പെടുത്താൻ നോക്കിയപ്പോൾ, ഞാൻ കുനിഞ്ഞ് എന്റെ വലതുകാൽ കൊണ്ട് അവനെ അടിവയറ്റിൽ ആഞ്ഞടിച്ചു. അടികൊണ്ട അവൻ പിന്നോട്ടൊന്നു ചെരിഞ്ഞു

കൂടുതൽ പ്രയാസപെടേണ്ടി വന്നില്ല എനിക്ക്... ഓരോ അടിയിൽ തന്നെ അവന്മാർ വീണു... എന്റെ ശരീരത്തിൽ ഉണ്ടായ മാറ്റം എനിക്കനുഭവിച്ചറിയാൻ പറ്റുന്നുണ്ടായിരുന്നു....

ഏതോ ഒരു അദൃഷ്യ ശക്തി എന്നെ സഹായിക്കുന്നത് പോലെ.....

ഞാൻ വീണ്ടും കല്യാണിയെ മറഞ്ഞു നിന്നു അപ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ വരാൻ തുടങ്ങിയിരുന്നു...

അരുൺ ഇല്ലാതെ എന്നെ പെട്ടെന്ന് കീഴ്പ്പെടുത്താം എന്നുള്ള പരമേശ്വരന്റെ കണക്കുകൂട്ടൽ തെറ്റിയത് എനിക്കയാളുടെ മുഖത്ത് നിന്നും വായിച്ചെടുക്കാൻ പറ്റി..

"നിന്നേ ഓക്കെ എന്തിനാടാ ഞാൻ തീറ്റി പോറ്റുന്നെ..... പോയി കൊല്ലടാ അവളെ....അതിന് തടസ്സം നിൽക്കുന്ന ആരെയും കൊന്നേക്ക്... "

പരമേശ്വരൻ ദേഷ്യം കൊണ്ട് അലറി

വീണ്ടും നാലുപേർ എന്റെ അടുത്തേക്ക് പാഞ്ഞു വന്നു

www.kkstories.com

അവർ ചുറ്റും കൂടിയപ്പോൾ ഞാൻ ഒരടി പിന്നോട്ട് മാറി. ആദ്യത്തെയാൾ എന്റെ മുഖം ലക്ഷ്യമാക്കി അടിക്കാൻ തുനിഞ്ഞതും ഞാൻ പെട്ടെന്ന് തല വെട്ടിച്ചു, അതേസമയം, അവന്റെ കൈ പിടിച്ച് തിരിച്ചു ഒടിക്കാനും ഞാൻ മറന്നില്ല.

രണ്ടാമത്തെയാൾ എന്റെ വയറ്റിൽ അടിക്കാൻ ശ്രമിച്ചെങ്കിലും, അത് എന്റെ കൈമുട്ട് കൊണ്ട് തടഞ്ഞു. ശേഷം ഒരു നിമിഷം പോലും പാഴാക്കാതെ, അയാളുടെ താടിക്ക് ആഞ്ഞൊരടി കൊടുത്തു. അയാളുടെ വായിൽ നിന്നും തെറിച്ച ചോര എനിക്ക് കൂടുതൽ ഊർജം പകരുകയാണ് ചെയ്തത്....

മൊത്തം നാലു പേരെ ഞാൻ അടിച്ചിട്ടു

ഇതൊക്കെ ചെയ്യാൻ കഴിഞ്ഞത് അവർ വെറും കൈയ്യോടെ വന്നതുകൊണ്ട് മാത്രമാണ്....

എന്നാൽ അവിടം മുതലാണ് എന്റെ കയ്യിൽ നിന്നും കാര്യങ്ങൾ കൈ വിട്ടു പോവാൻ തുടങ്ങിയതും

അടി കൂടുന്നതിന്റെ ഇടയിൽ ഞാൻ കല്ല്യാണി തനിച്ചായത് അറിഞ്ഞില്ല....

പരമേശ്വരൻ ആ വീടിന്റെ വാതിലിൽ ബന്ധിപ്പിച്ചിരുന്ന,ദേവിയേ പൂർണമായും ഇല്ലാതെയാക്കാനുള്ള കത്തിയുമായി അവളുടെ അടുത്തേക്ക് നടന്നു തുടങ്ങിയിരുന്നു....

എന്റെ ശ്വാസമെടുക്കൽ വേഗത്തിലായി... കൈ കാലുകൾ വിറക്കാൻ തുടങ്ങി...

www.kkstories.com

ഞാൻ കല്ല്യാണിയേ നോക്കിയപ്പോൾ അവൾ എന്നേ നോക്കി കരയുകയാണ്...

ആ കാഴ്ച എനിക്കു കണ്ടു നിൽക്കാനായില്ല...

ഞാൻ അവളുടെ അടുത്തേക്ക് പോവാൻ തുനിഞ്ഞതും ഏതോ ഒരുത്തൻ വന്നെന്നെ പിടിച്ചു നിർത്തി ശേഷം വേറൊരുത്തൻ ഒരു കത്തികൊണ്ട് അടുത്തേക്ക് വന്നു... എന്റെ ശരീരം പൂർണമായും വയറിലൂടെ പിടിച്ചു വച്ചിരിക്കുകയായിരുന്നു അവന്...

കുതറി മാറാൻ ശ്രമിച്ചപ്പോൾ പോലും കഴിഞ്ഞില്ല....പക്ഷേ എങ്ങനെയോ അയാളുടെ കൈവളയത്തിനുള്ളിൽ നിന്നും എന്റെ കൈ എനിക്ക് ഊരി മാറ്റാൻ പറ്റി...

അയാൾ കത്തികൊണ്ട് കുത്താൻ നിന്നതും ഞാൻ അതിൽ കയറി പിടിച്ചു....

ചൂട് ചോരയൊഴുകുന്ന എന്റെ കയ്യിൽ നിന്ന് പോലും എനിക്ക് വേദന അനുഭവിച്ചറിയാൻ പറ്റിയില്ല.... മനസ്സ് മുഴുവൻ കല്ല്യാണിയാണ്... വേറൊന്നു തന്നെ ഇപ്പോൾ എന്റെ ചിന്തയിലില്ല

സങ്കടവും ദേഷ്യവും കാരണം എന്റെ ശരീരം ചൂട് പിടിക്കുന്നത് ഞാൻ അറിഞ്ഞു...

എന്നേ പിടിച്ചു നിർത്തിയ മൈരന്റെ കാൽമുട്ടിനിട്ടൊരു ചവിട്ടു ഞാൻ കൊടുത്തു ആ ചവിട്ടിൽ ഒന്ന് നടുങ്ങിയ അയാളെ ഞാൻ എന്റെ മുഴുവൻ ഭാരവും എടുത്തുകൊണ്ട് ചുമരിലേക്ക് തള്ളി...

www.kkstories.com

അയാളുടെ പിടിയിൽ നിന്നും മോചിതനായ ഞാൻ

കത്തിയിൽ നിന്നും കയ്യെടുത്തുകൊണ്ട് അതു പിടിച്ചവന്റ കഴുത്തിനിട്ടൊരു കുത്തു ഞാൻ കൊടുത്തു...

പലരേയും അടിച്ചു വീഴ്ത്തിയെങ്കിലും ആരുടെയും ജീവൻ പോകാൻ മാത്രമുള്ള അടിയൊന്നും ഞാൻ ആരെയും അടിച്ചിട്ടുണ്ടായിരുന്നില്ല... ഈ ഒരു കുത്ത് ഒഴിച്ച്....

കുത്ത് കിട്ടിയ അയാൾ താഴെ കിടന്നു പുളയുകയാണ് വായിൽ നിന്നും രക്തവും വരുന്നുണ്ട്.....

എന്നാൽ ആ കാഴ്ചക്കൊന്നും എന്റെ മനസ്സിനെ നിയന്ത്രിക്കാനായില്ല....

"ആ..ആാാ..... ആ..... "

പെട്ടെന്നാണ് കല്ല്യാണിയുടെ നില വിളി മുറിയാകെ മുഴങ്ങിയത്...

ഞാൻ ഒരു നിമിഷം നിന്നു പോയി.....

www.kkstories.com

മൗനം ഭയാനകമായൊരു അന്തരീക്ഷം സൃഷ്ടിച്ചു...

അവിടേക്ക് നോക്കാൻ പോലും ഞാൻ ഭയന്നു...

എന്നിരുന്നാലും ഞാൻ അങ്ങോട്ട് നോക്കാൻ തുനിഞ്ഞു..ഞാൻ വിചാരിച്ച ഒരു കാഴ്ച്ച കാണരുതേ എന്നു മാത്രമായിരുന്നു എന്റെ മനസ്സിൽ.....

തറയിലേക്ക് ചോര തുള്ളികൾ വീഴുന്നതാണ് ഞാൻ കണ്ടത്....

കുറച്ചു മുകളിലോട്ട് നോക്കിയപ്പോൾ

കല്ല്യാണിയുടെ ഇടതു വയറിലോട്ട് ആ കത്തി ആഴ്ന്നിറങ്ങിയിട്ടുണ്ടായിരുന്നു...

പരമേശ്വരന്റെ ചിരിക്കുന്ന മുഖവും കല്ല്യാണിയുടെ കരയുന്ന മുഖവും എന്റെ കണ്മുന്നിൽ തെളിഞ്ഞു വന്നു...

എന്റെ മുഴുവൻ ശരീരവും തളർന്നു പോയി

കണ്ണുകൾ മങ്ങിയെങ്കിലും, കല്ല്യാണിയുടെ മുഖം മാത്രം തെളിഞ്ഞു.

www.kkstories.com

അവളുടെ ചുണ്ടുകൾ വിറച്ചുകൊണ്ടെന്റെ പേര് വിളിച്ചു...

“സി...ദ്ധു...”

ആ ശബ്ദം, ചോര നിറഞ്ഞ വായുവിലൂടെ എനിക്ക് കേൾക്കുമ്പോൾ, ഹൃദയം നുറുങ്ങുകയായിരുന്നു...

വിറച്ച കൈകളോടെ എന്റെ ശരീരം സ്വമേധയാ അവളുടെ അരികിലേക്ക് ചലിച്ചു....

അവളുടെ കണ്ണുകൾ ഇപ്പോഴും എന്നെ തേടുകയായിരുന്നു.... ആ കണ്ണുകളിലെ ആ നീല നിറം തെളിഞ്ഞു വരുന്നത് ഞാൻ അറിഞ്ഞു...

അപ്പോൾ തന്നെയാണ്,

പുറകിൽ നിന്ന് ഭാരമുള്ള എന്തോ

എന്റെ തലക്കു പിന്നിൽ ഇടിച്ചു വീണത്.

ഒരു പൊള്ളുന്ന വേദന, തീ പടരുന്ന പോലെ,

www.kkstories.com

തലയോട്ടിയിലൂടെ മുഴുവൻ ശരീരത്തേക്കും അരിച്ചെത്തി

കാഴ്ച മങ്ങിത്തുടങ്ങി;

നിറങ്ങൾ ഇരുണ്ട ചുവപ്പായി മാറി,

ചോര ചൂടോടെ കഴുത്തിലൂടെ ഒഴുകുന്നത് ഞാൻ വ്യക്തമായി അനുഭവിച്ചു

തലയിലെ ഓരോ രോമച്ചിറകിനും കീഴിലൂടെ പതിയെ പായുന്ന ചൂട്.

ചുറ്റുമുള്ള ശബ്ദങ്ങൾ ഒരുപാട് ദൂരത്തേക്കു മാറിയതുപോലെ.

കല്ല്യാണിയുടെ നിലവിളി പോലും,

അടികൊണ്ട ഞാൻ മുട്ടിൽ ഇരുന്നു...

തല കുനിഞ്ഞപ്പോൾ ചോര നിലത്തേക്ക് തുള്ളി തുള്ളിയായ് പതിച്ചു...

തലയ്ക്കു ഏറ്റ മുറിവിനെക്കാൾ വലുതായിരുന്നു കല്ല്യാണിയുടെ മുഖം എന്റെ മനസ്സിൽ സമ്മാനിച്ചത്....

www.kkstories.com

മുട്ടിൽ നിന്ന് കൊണ്ട് തന്നെ ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു...

എന്നാൽ ബാക്കിൽ നിന്നും ആരോ എന്റെ തലയിലേക്ക് വീണ്ടും അടിച്ചു.....

ഒരു കഠിനമായ ഇരുമ്പ് വടിയുടെ മുഴക്കത്തോടെ

മുഴുവൻ തലച്ചോറും നടുങ്ങിപ്പോയി.

തലയോട്ടിയുടെ അകത്ത്

വലിയൊരു ഇടിമിന്നൽ പൊട്ടിത്തെറിച്ചതുപോലെ

ചെവികളിൽ ഉറക്കെ മുഴങ്ങുന്ന

കാന്താരത്തിന്റെ ഇടിമുഴക്കമായൊരു ശബ്ദം

സ്വന്തം ഹൃദയത്തിന്റെ തുടിപ്പ് പോലും കേൾക്കാൻ കഴിയാതെ തരിച്ചു പോയിരുന്നു ഞാൻ

www.kkstories.com

നിലത്തു വീഴുമ്പോൾ

തറയിലെ തണുപ്പിന് പോലും

തലയിലെ ആ പൊള്ളുന്ന വേദനയെ ചെറുക്കാൻ സാധിച്ചില്ല.

"ഏട്ടാ... പ്ലീസ്.... അവനേ മാത്രം ഒന്നും ചെയ്യല്ലേ...ഞാൻ... ഞാൻ വേണേൽ നിങ്ങളുടെ എല്ലാവരുടെയും കാലു പിടിക്കാം....നിങ്ങൾ പറഞ്ഞതുപോലെയെല്ലാം ഞാൻ ചെയ്തില്ലേ അവനേ മാത്രം ഒന്നും ചെയ്യല്ലേ.. പ്ലീസ്..... "

മായയുടെ ശബ്ദം എന്റെ ചെവികളിൽ മങ്ങി കേട്ടു

അവളുടെ ശബ്ദം, കരച്ചിലിന്റെ നടുവിൽ നിന്നുയർന്നു.അവൾ ആർത്ത് കരയുകയാണ്...
അവളുടെ എങ്ങലടി മുറി മുഴുവൻ നിറഞ്ഞു...

എന്നാൽ എന്റെ മനസ്സിനേ നോവിച്ചത് ആദിയുടെ പ്രവൃത്തിയായിരുന്നു...

പക്ഷേ എന്തിനുവേണ്ടി.....?

കല്ല്യാണിയുടെ നിലവിളി ഞാൻ വീണ്ടും കേട്ടു...

കണ്ണുകൾ മങ്ങി തുടങ്ങിയിട്ടുണ്ടായിരുന്നെങ്കിലും ഞാൻ അവളേ വീണ്ടും നോക്കി....

www.kkstories.com

അവളുടെ വയറ്റിൽ ആഴ്ന്നു കുത്തിയ കത്തി

പരമേശ്വരൻ വലിച്ചൂരിയിട്ടിരുന്നു.

രക്തം തുള്ളി തുള്ളിയായി നിലത്തേക്ക് വീഴുമ്പോൾ

കല്ല്യാണിയുടെ കണ്ണുകളുടെ നീല നിറം വീണ്ടും തെളിഞ്ഞു വരുകയായിരുന്നു..

പരമേശ്വരന്റെ മുഖത്ത് വീണ്ടും ഒരു ചിരി തെളിഞ്ഞു വന്നു...

അയാൾ എന്നേ തന്നെ നോക്കി നിൽക്കുകയാണ്....

"പ്ലീസ്..... അവളേ ഒന്നും ചെയ്യല്ലേ.... "

അതു പറഞ്ഞപ്പോൾ എന്റെ ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു.... കണ്ണു നീർ ചോരയിൽ അലിഞ്ഞു.....

അയാൾ എന്റെ അടുത്തേക്ക് നടന്നു വന്നു,

www.kkstories.com

അടികൊണ്ടു കിടക്കുന്ന എന്റെ മുന്നിൽ നിന്നു.

“നിനക്ക് ഒരു കാര്യം അറിയാമോ...?

ദേവി മരിച്ചതിന് ശേഷം ഞാൻ ഉറങ്ങിയിട്ടില്ല.എന്റെ കുടുംബം കുടുംബം ഉറങ്ങിയിട്ടില്ല

കണ്ണടച്ചാൽ കാണുന്നത് ഞങ്ങളെല്ലാം മരിച്ചു കിടക്കുന്ന

അതേ സ്വപ്നം മാത്രം.

ആ ദുഃസ്വപ്നം സത്യമാവാതിരിക്കാൻ

ഇവൾ... ഇവൾ മരിക്കണം.”

അയാളുടെ ശബ്ദം വിറച്ച്,

ഒരു പ്രാന്തനെ പോലെ മുഴുവൻ ശരീരവും നടുങ്ങിത്തുടങ്ങി.

തിരിച്ചു പോവാൻ ശ്രമിച്ച അയാളുടെ കാലുകൾ ഞാൻ പിടിച്ചു.

www.kkstories.com

ഒന്ന് എണീച്ചു നിൽക്കാൻ ശേഷിയുണ്ടായിരുന്നെങ്കിൽ ഞാൻ അയാളെ അവിടേവച്ചു തന്നെ കൊല്ലുമായിരുന്നു എന്നാൽ എന്റെ ശരീരം മുഴുവൻ മരവിച്ചിരുന്നു

ഞാൻ വേദനയുടെയും മരണത്തിന്റെയും ഇരുണ്ട കുഴിയിൽ വീഴുന്നതുപോലെ തോന്നിയെനിക്ക്

അയാളുടെ കാലുകൾ പിടിച്ച എന്റെ കൈ അയാൾ തട്ടി മാറ്റി

കല്ല്യാണിയുടെ നേരെ വീണ്ടും നടന്നു.

തന്റെ വയറിലെ ആഴമേറിയ മുറി

പൊത്തി പിടിച്ചുകൊണ്ട്

ജീവനുവേണ്ടി ശ്വാസം മല്ലിടുകയാണ് കല്ല്യാണി.

പരമേശ്വരന്റെ ഓരോ ചുവടും മുന്നോട്ടു വന്നപ്പോൾ,

കല്ല്യാണി എന്റെ കണ്ണുകളിലേക്ക്

www.kkstories.com

നിസ്സഹായതയോടെ നോക്കി.

അവളുടെ മുന്നിൽ എത്തി

പരമേശ്വരൻ കത്തി ഉയർത്തിയ നിമിഷം,

എന്റെ കണ്ണുകൾ അടഞ്ഞു പോയി.....

ഞാൻ തോറ്റുപോയി... അവൾക്കായി ഈ നിമിഷം വരെയും എനിക്കൊന്നും ചെയ്യാനായില്ല.....

"മോളേ..... "

എന്റെ കാഴ്ചകൾക്കൊപ്പം എന്റെ ശ്വാസവും അന്തകാരത്തിലേക്ക് അലിയാൻ തുടങ്ങിയപ്പോൾ ഞാൻ അവസാനമായി കേട്ടത് മായയുടെ അമ്മയുടെ നിലവിളിയായിരുന്നു....

മുറിയുടെ ഇടുങ്ങിയ പ്രകാശം കണ്ണുകളിലേക്കു ചെറുതായി വീണു.

ആ വെളിച്ചം കുത്തിക്കൊണ്ടിരിക്കുന്ന പോലെ തോന്നി.

www.kkstories.com

ശരീരം ഭാരമായി

കൈകൾ ചലിപ്പിക്കാനാകുന്നില്ല.

ശ്വാസത്തിന്റെ ശബ്ദം മാത്രം കാതിൽ നിറയുന്നു;

വലിയൊരു സമുദ്രത്തിന്റെ അടിയിൽ കിടക്കുന്നപോലെ.

തല കുറച്ചു തിരിക്കാൻ പറ്റുന്നുണ്ടെങ്കിലും ആരെയും കാണാൻ സാധിച്ചില്ല..... ഞാൻ കിടക്കുന്നത് ഹോസ്പിറ്റിലിലാണെന്ന് എനിക്ക് അതിൽ നിന്നും മനസ്സിലായി....

പെട്ടെന്ന് കല്ല്യാണിയുടെ മുഖവും അന്ന് രാത്രി സംഭവിച്ച കാര്യങ്ങളും എന്റെ മനസ്സിലേക്ക് വന്നു...

എന്നാൽ അകലെ നിന്നും രണ്ടു സ്ത്രീകളുടെ മങ്ങിയ ശബ്ദങ്ങൾ മാത്രമാണ് എനിക്ക് കേൾക്കാൻ സാധിച്ചത്....

"ചേച്ചി ഇതിപ്പോ രണ്ടു മാസം കഴിഞ്ഞില്ലേ.... ഇനി ഇവന് ബോധം വരാൻ വല്ല ചാൻസുമുണ്ടോ....? എത്ര ദിവസമെന്ന് വെച്ചിട്ടാ നമ്മൾ ഇങ്ങനെ കാവൽ ഇരിക്ക... കാർത്തു ഡോക്ടറോട് കാര്യം പറയാനും പേടി...."

"നിനക്ക് എന്താ പ്രശ്നം... രാവിലേ വന്നാൽ ഇവിടെ വന്ന് ഇങ്ങനെ ഇരുന്നാൽ പോരേ..? ഇതിനേക്കാൾ എളുപ്പമുള്ള ജോലി ഈ ഹോസ്പിറ്റലിൽ ഉണ്ടോ..... നീ അതും ഇതും പറയാതെ ഒന്ന് മിണ്ടാതെ ഇരുന്നേ....."

www.kkstories.com

പിന്നീട് കുറച്ചു നേരം മൗനം മാത്രമായിരുന്നു....

രണ്ടു മാസമോ.... 😳.... ഞാൻ കിടപ്പിലായിട്ട് രണ്ടു മാസമായോ....

അവർ വീണ്ടും സംസാരിക്കാൻ തുടങ്ങി...

"ചേച്ചി...."

"മ്മ്..."

"അഥവാ ഇയാൾക്ക് ബോധം വന്നാൽ ഞാൻ ഒന്ന് കൊത്തി നോക്കിയാലോ.... കാണാൻ നല്ല ലുക്ക്.... പൂത്ത കാശ്.... ഞങ്ങൾ തമ്മിൽ നല്ല ജോഡിയായിരിക്കില്ലേ....."

"അയ്യടി...പൊന്ന് മോളേ നിന്റെ പൂതി ഓക്കെ കൊള്ളാം പക്ഷേ അവൻ സിംഗിൾ ഒന്നുമല്ല..."

"അതെങ്ങനെ ചേച്ചിക്ക് അറിയാം..."

"നീ ഇപ്പോ വിചാരിച്ചത് ഓക്കെ ഞാൻ കുറച്ചു ദിവസം മുന്നേ വിചാരിച്ചതാ....പിന്നേ നീയും ഞാനും നോക്കിയാലൊന്നും അവന് വളയാനും പോവുന്നില്ല...."

www.kkstories.com

"അതെന്താ...."

"ആ.. അത് നിനക്ക് അവന്റെ വൈഫിനെ കണ്ടാൽ മനസ്സിലാവും...."

എന്റെ വൈഫ് എന്ന് പറഞ്ഞാൽ കല്ല്യാണിയല്ലേ...?അതേ ആണ്..

അവൾക്കൊന്നും സംഭവിച്ചിട്ടില്ലേ....

വായ തുറന്ന് എന്തെങ്കിലും ചോദിക്കാം എന്ന് വിചാരിച്ചാൽ നാവു പോലും അനങ്ങുന്നില്ല...

ഞാൻ കുറച്ചു നേരം കൂടേ ആ കിടപ്പു കിടന്നു....

"അതെന്താ അത്രക്ക് ഭംഗിയാണോ കാണാൻ...."

"ആണോന്നോ.... എടി അവൾടെ കണ്ണ് നീ കാണണം നല്ല നീല കണ്ണുകൾ... അതിൽനിന്നും കണ്ണെടുക്കാൻ തോന്നാത്ത വിധം ഭംഗി....ഹോ... അവളേ കണ്ടപ്പോ എനിക്ക് തന്നെ ക്രഷ് തോന്നി...."

അതു കേട്ടപ്പോൾ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വന്നു....

www.kkstories.com

"ചേച്ചി എങ്ങനെ കണ്ടു... ഇത്ര കാലമായിട്ടും ഞാൻ അങ്ങനെ ആരെയും കണ്ടിട്ടില്ലാലോ...."

"ആ... അത് ഞാൻ അവളെ ഇങ്ങോട്ട് കൊണ്ടുവന്നപ്പോൾ കണ്ടതാ...അവളേ കണ്ടതിന്റെ ഹാങ്ങോവർ മാറാതെ നിൽക്കുബോഴാണ് വേറൊരുത്തി വരുന്നത്... അവളും സൗന്ദര്യത്തിന്റെ കാര്യത്തിൽ അസാധ്യമാണ്...."

ആ വാക്കുകൾ കേട്ടപ്പോൾ എന്റെ ചിരി തനിയേ മാഞ്ഞു...

ഇവർ ഇനി മായയേ കുറിച്ചാണോ സംസാരിക്കുന്നത്..... എന്റെ മനസ്സ് പല പല ചിന്തകൾ കൊണ്ട് കാടുകയറി....

മായയുടെ അമ്മയുടെ നിലവിളി എന്റെ കാതുകളിൽ മുഴങ്ങി കേൾക്കുവാൻ തുടങ്ങി....

എന്താണിതിന്റെയൊക്കെ അർത്ഥം...

ആ രാത്രിയെന്താണ് സംഭവിച്ചത്.....

ഞാൻ കിടന്നുകൊണ്ട് തന്നെ എണീക്കാൻ നോക്കി.... ശരീരം ഭരമുണ്ടായതിനാൽ വിചാരിച്ച പോലേ എളുപ്പമായിരുന്നില്ല....

ഞാൻ എണീക്കാൻ ശ്രമിച്ചതിന്റെ ശബ്ദം കേട്ടിട്ടാവണം... ഒരു നേഴ്സ് എന്റെ അടുത്തേക്ക് ഓടി വന്നു.....

www.kkstories.com

അവർ കുറച്ചു നേരം എന്റെ കണ്ണുകലേക്ക് തന്നെ നോക്കി നിന്നു...

എന്തോ അരുതാത്തത് കണ്ടതുപോലെയുള്ള നല്ല ഊമ്പിയ എക്സ്പ്രഷൻ...

"എടി..... എടി...വേഗം പോയി... കാർത്തു ഡോക്ടറെ വിളിക്ക്....."

അവൾ അടുത്തു നിന്ന സ്ത്രീയോട് പറഞ്ഞു....

അതേതായാലും നന്നായി ചേച്ചി വരട്ടെ....

"ഹലോ... ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ....ഇയാൾടെ പേര് ഓർമ്മയുണ്ടോ..."

അവൾ എന്റെ മുഖത്തേക്ക് നോക്കി ഓരോന്ന് ചോദിക്കാൻ തുടങ്ങി...

കാൽ അനക്കാൻ പറ്റുന്നുണ്ടേൽ ഒരു ചവിട്ട് വച്ച് കൊടുക്കാമായിരുന്നു....

"അതേയ് ഇതൊന്ന് പൊക്കി തരുമോ... "

www.kkstories.com

ഞാൻ ബെഡിൽ തൊട്ടുകൊണ്ട് എങ്ങനെയോ പറഞ്ഞൊപ്പിച്ചു...

"ഏഹ്ഹ്... സംസാരിക്കാൻ പറ്റുന്നുണ്ടോ... "

അവൾ അതിശയത്തോടെ ചോദിച്ചു...

"കണ്ടിട്ട് എന്തു തോന്നുന്നു....."

ഞാൻ അവളോടായി ചോദിച്ചു...

ശേഷം അവൾ യാന്ത്രികമെന്നോണം ഞാൻ കിടന്ന ബെഡിന്റെ തല ഭാഗം കുറച്ചു പൊക്കി...

ഹോ ഇപ്പോൾ കുറച്ചുകൂടെ ആശ്വാസം തോന്നുന്നുണ്ട്...അപ്പോഴാണ് എനിക്ക് വേറൊരു സംശയം...

ഇനി ഇവൾ കരുതുന്ന പോലേ ഇവരെ ഒക്കെ ഓർത്തെടുത്തിട്ട് ഞാൻ എന്നേ തന്നെ മറന്നു കാണുമോ..... 🤔

എന്റെ പേര് ഞാൻ ഓർത്തെടുക്കാൻ ശ്രമിച്ചു...

സിദ്ധാർഥ്...

www.kkstories.com

ഭാഗ്യം മറന്നിട്ടില്ല....

അവൾ പിന്നേയും ഓരോന്ന് പറയാൻ എന്തൊക്കെയോ ചെയ്യാനും തുടങ്ങി....

ഞാൻ ഒന്നും പറയാനും ചെയ്യാനും പോയില്ല... ഇനിപ്പോ എന്തെങ്കിലും ഒക്കെ ചെയ്യണം എന്ന് വിചാരിച്ചാൽ പോലും ഈ അവസ്ഥയിൽ പറ്റില്ലാലോ...

കുറച്ചു നേരം കഴിഞ്ഞതും വാതിലും തള്ളി തുറന്ന് കാർത്തു ചേച്ചി അകത്ത് കയറി... കൂടേ കുറച്ചു മൊഞ്ചത്തി ഡോക്ടർമാരും...

ചേച്ചിയേ കണ്ടപ്പോൾ എന്റെ കണ്ണു നിറഞ്ഞു... പക്ഷേ അത് സങ്കടം കൊണ്ടായിരുന്നില്ല...

ചേച്ചി എന്റെ അടുത്തേക്ക് വന്നു...

മുറിയിലേക്ക് വന്ന സ്പീഡ് ഉണ്ടായിരുന്നില്ലെങ്കിലും... കണ്ണിൽ നിന്നും കണ്ണു നീർ പൊഴിയുന്നുണ്ടായിരുന്നു...

എല്ലാവരും എന്നേ അത്ഭുതത്തോടേ നോക്കുന്നുണ്ടെങ്കിലും... അതിനേക്കാൾ അത്ഭുതം ചേച്ചി കരയുന്നത് കണ്ടിട്ടായിരുന്നു...

www.kkstories.com

ചേച്ചി ഒരക്ഷരം പോലും പറയാതെ നേരേ വന്നെന്നെ കെട്ടി പിടിച്ചു....

ഒന്ന് ആശ്വസിപ്പിക്കണം എന്നുണ്ടായിരുന്നെങ്കിലും കൈ പൂർണമായും അനങ്ങുന്നുണ്ടായിരുന്നില്ല....

ചേച്ചി കരയാൻ ഉള്ളതൊക്കെ കരഞ്ഞു തീർത്തിട്ടാണ് എന്റെ മേലുള്ള പിടി വിട്ടത്...

ശേഷം മുഖം മൊത്തം ഉമ്മകൾ കൊണ്ട് മൂടി....

എല്ലാവരുടെയും മുഖത്ത് ഒരു ചെറു പുഞ്ചിരി കാണാം...

"ബാക്കി ഉള്ളവർ....?

സ്നേഹ പ്രകടനം കാരണം ശ്വാസം മുട്ടിയ ഞാൻ ചേച്ചിയോട് ചോദിച്ചു....

"ഞാൻ... ഞാൻ ഇപ്പോ തന്നെ ചേച്ചിയേ വിളിച്ചു പറയാം...."

കാർത്തു ചേച്ചി അടുത്തു നിന്ന ഒരു പെണ്ണിന്റെ കയ്യിൽ നിന്നും ഫോൺ വാങ്ങികൊണ്ട് പറഞ്ഞു...

ശേഷം ചേച്ചി കുറച്ചു മാറി നിന്ന് ഫോൺ വിളിക്കാൻ തുടങ്ങി...

www.kkstories.com

ചേച്ചിയുടെ മുഖത്ത് അടക്കാനാവാത്ത സന്തോഷമുണ്ടായിരുന്നു...

ഇതുപോലെയുള്ള ചേച്ചിമാരേ കിട്ടിയ ഞാൻ എത്ര ഭാഗ്യവാനാണ്.. 😊

ഒരു ചുമയുടേ ശബ്ദം കേട്ടിട്ടാണ് എന്റെ ശ്രദ്ധ ചേച്ചിയിൽ നിന്നും മാറിയത്....

ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ വന്ന പെൺകുട്ടികളെല്ലാം എന്നേ തന്നെ നോക്കി നിൽക്കുകയാണ്...

വയ്യാതെ കിടക്കുകയാണെങ്കിലും എന്റെ കോഴിത്തരത്തിനൊന്നും ഇതുവരെ ഒരു കുറവും സംഭവിച്ചിട്ടില്ല....

ഞാൻ കൃത്താക്തനായി... 😌

എന്തിനോവേണ്ടി തിളയ്ക്കുന്ന സാമ്പാർ പോലേ ഞാൻ അവരേ നോക്കി എക്സ്പ്രഷൻ ഇട്ടു മെഴുകി... തിരിച്ചും നല്ല സഹകരണം കിട്ടിയതിനാൽ ഞാൻ വീണ്ടും വീണ്ടും ചാർജായി...

അങ്ങനെ ഓരോന്ന് പറഞ്ഞും മിണ്ടിയും ചേച്ചി ഫോൺ വിളിച്ചു കഴിയുന്നതിനുള്ളിൽ ഞങ്ങൾ കമ്പനിയായി...

www.kkstories.com

ഫോൺ വിളി ഒക്കെ കഴിഞ്ഞ് ചേച്ചി എന്റെ അടുത്തേക്ക് വന്നു.... അവർ എന്നോട് കാണിക്കുന്ന അടുപ്പം ചേച്ചിക്ക് അത്ര സുഖിച്ചില്ല എന്ന് എനിക്ക് ഒറ്റ നോട്ടത്തിൽ മനസ്സിലായി....

അവരേ ചേച്ചി ഒന്ന് കൂർപ്പിച്ചു നോക്കിയപ്പോൾ അവർക്കും അത് മനസ്സിലായി...

"നിങ്ങൾ പൊക്കോ എന്തെങ്കിലും ഉണ്ടെങ്കിൽ ഞാൻ വിളിക്കാം.... "

ചേച്ചി അവരോടായി പറഞ്ഞു..

ശോ ഈ ചേച്ചി..... 😤

അവർ പോയി കഴിഞ്ഞതും ചേച്ചി എന്റെപ്പം ബെഡിൽ കേറി കിടന്ന് വീണ്ടും കരയാൻ തുടങ്ങി...

"എന്റെ ചേച്ചി,കുറച്ചു കണ്ണു നീർ ഒക്കെ ബാക്കി വെക്ക്.... ഇപ്പോ തന്നെ ഫുൾ തീർത്താൽ പിന്നേ കുറച്ചു കഴിയുമ്പോ എന്താ ചെയ്യാ.... "

ഞാൻ ഒരു തമാശ രൂപേണ ചേച്ചിയോട് ചോദിച്ചു....

"സിദ്ധു... മോനേ നീ ഇനി ഒരിക്കലും ഞങ്ങളുടെ അടുത്തു നിന്നും മാറി നിൽക്കരുത്....എല്ലാരും എത്ര വിഷമിച്ചു എന്നറിയോ നിനക്ക്.... ചേച്ചി... ചേച്ചിനേ ഞാൻ ഇതിനു മുൻപ് ഈ അവസ്ഥയിൽ കണ്ടിട്ടില്ല... ഒന്നും കഴിക്കാതെയും കുടിക്കാതെയും....."

www.kkstories.com

അത്രയും പറഞ്ഞതും ചേച്ചി കുറച്ചു നിമിഷം മൗനം പാലിച്ചു...

ചെറുപ്പത്തിൽ ഞാൻ ദേവു ചേച്ചിയോട് തെറ്റിയപ്പോൾ ചേച്ചി ആഹാരത്തോട് സമരം നടത്തിയത് എന്റെ മനസിലേക്ക് വന്നു....

എന്റെ പിണക്കം മറന്ന് ഞാൻ തന്നെ വാരികൊടുത്തപ്പോളാണ് ചേച്ചി അതിൽ നിന്നും പിന്മാറിയത്...

പാവം ഒരുപാട് വിഷമിച്ചിട്ടുണ്ടാവും....

എന്നാലും ഇത്ര ദിവസം ഒക്കെ ബോധമില്ലാതെ കിടക്കാ എന്ന് വച്ചാൽ ആ നായിന്റെ മോൻ ആദി എന്ത് അടിയാണെന്നേ അടിച്ചത്....

ഒന്ന് എന്നീച്ചു നടക്കാൻ പറ്റട്ടെ എന്നിട്ട് വേണം അവന്റേം അവന്റെ തന്തടേം തലമണ്ട അടിച്ചു പൊട്ടിക്കാൻ...

അവരേ കുറിച്ച് ആലോചിച്ചപ്പോൾ തന്നെ ശരീരത്തിലെ പല ഞെരമ്പുകളും വീണ്ടും വർക്ക് ആയി...

ചേച്ചി വീണ്ടും കുറേ വിശേഷങ്ങൾ പറയാൻ തുടങ്ങി... പക്ഷേ അതിൽ ഒന്നിൽപോലും കല്ല്യാണി വന്നില്ല...

www.kkstories.com

അതെന്തോ എന്റെ മനസ്സിൽ ഒരു പേടിയുണർത്തി....

"ചേച്ചി... കല്ല്യാണി....."

അവസാനം ഞാൻ തന്നെ ചേച്ചിയോട് ചോദിച്ചു....

പക്ഷേ ചേച്ചി ഒന്നും മിണ്ടിയില്ല...

"കല്ലുന് കുഴപ്പമൊന്നുമില്ല...."

ചേച്ചി പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു....

മൈര് ഇപ്പോഴാ ഒന്ന് സമാധാനമായേ...

"പക്ഷേ....അവൾക്കിപ്പോ തീരേ വയ്യടാ....."

ചേച്ചി എന്റെ അരികിൽ നിന്നും എണീറ്റു കൊണ്ട് പറഞ്ഞു....

"എന്തു പറ്റി... വല്ല പനിയോ മറ്റോ വന്നോ..."

www.kkstories.com

ഞാൻ നിസാര മട്ടിൽ ചോദിച്ചു....

"അതൊന്നുമല്ല...."

"പിന്നേ....."

"""അന്ന് നിങ്ങളേ മൂന്ന് പേരെയും ഹോസ്പിറ്റലിൽ കൊണ്ടുവന്നെങ്കിലും നിന്റെ ജീവനായിരുന്നു അപകടത്തിൽ ഉണ്ടായിരുന്നത്...കല്ലുവിന്റ വയറിലുള്ള മുറി ആഴത്തിൽ ആയിരുന്നെങ്കിലും എന്തോ ദൈവഭാഗ്യത്തിന് അവൾക്ക് കാര്യമായി ഒന്നും സംഭവിച്ചില്ല.... അതിന്റെ കാരണം എന്താണ് എന്ന് എനിക്കുപോലും അറിയില്ല.

ശേഷം ആദ്യം മായയും അത് കഴിഞ്ഞ് കല്ലുവും സുഖംപ്രാപിച്ചു..

കല്ല്യാണിക്ക് പൂർണമായും ബോധം വന്നപ്പോൾ അവൾ ആദ്യം അന്വേഷിച്ചത് നിന്നെയായിരുന്നു....

എന്നാൽ നീ കോമയിലായിരുന്ന വിവരം അവളെയറിയിക്കാൻ ഞങ്ങൾക്കാർക്കും ധൈര്യമുണ്ടായിരുന്നില്ല...അത് കല്ല്യാണിയുടെ ആരോഗ്യത്തെയും ഭാധിക്കുമായിരുന്നു...

കുറച്ചു ദിവസം കള്ളം പറഞ്ഞ് വിശ്വസിപ്പിക്കാൻ പറ്റിയെങ്കിലും അത് കൂടുതൽ കാലം നില നിന്നില്ല...

അവളോട് എല്ലാം പറയേണ്ടി വന്നു...

www.kkstories.com

കാര്യമറിഞ്ഞപ്പോൾ അവൾ കുറേ കരഞ്ഞു...

എന്നാൽ നിന്റെ ഈ അവസ്ഥക്ക് കാരണം അവളാണെന്ന് പറഞ്ഞിട്ടവൾ ഒരു ദിവസം സൂയിസൈഡ് ചെയ്യാൻ ശ്രമിച്ചു....

പക്ഷേ അരുണേട്ടൻ അടുത്ത് ഉള്ളതുകൊണ്ട് ഒന്നും പറ്റിയില്ല....

എന്നാൽ അന്ന് മുതൽ കല്ലു ആരോടും മിണ്ടിയിട്ടില്ല... മുറിക്ക് പുറത്തിറങ്ങാറില്ല.... അവൾ ഭക്ഷണം കഴിക്കുന്നത് പോലും ആരെങ്കിലും നിർബന്ധിക്കുമ്പോഴോ വാരി

കൊടുക്കുമ്പോഴോ മാത്രമാണ്.... ചുരുക്കി പറഞ്ഞാൽ അവൾക്ക് ജീവനുണ്ടെങ്കിലും മനസ്സ് ഇപ്പോഴും നിന്റൊപ്പമാണ്..."""""

ചേച്ചി ഇത്രയും പറഞ്ഞു തീർത്തതും... കുറ്റബോധം കൊണ്ടെന്തോ മനസ്സ് നീറി...

ആ രാത്രിപോലും എനിക്കൊന്നും അവൾക്കുവേണ്ടി ചെയ്യാനായില്ല... എന്നാൽ ഞാൻ കാരണം വീണ്ടും അവൾ.....

ഞാൻ ബെഡിൽ നിന്നും എഴുന്നേൽക്കാൻ ശ്രമിച്ചു....

എന്റെ പെട്ടെന്നുള്ള പെരുമാറ്റം കണ്ട് ചേച്ചിക്ക് അൽപ്പം ഭയം തോന്നി...

www.kkstories.com

"സിദ്ധു.... നീയെന്താ ഈ കാണിക്കുന്നേ.... ഒന്ന് അടങ്ങി കിടക്ക് അവിടേ.... "

ചേച്ചി എന്നേ വീണ്ടും ബെഡിലേക്ക് അമർത്തികൊണ്ട് പറഞ്ഞു....

"എനിക്ക് അവളേ കാണണം...."

"എന്റെ പൊന്ന് മോനല്ലേ... അവരെല്ലാം ഇങ്ങോട്ട് വരുന്നുണ്ട്.....ചേച്ചി അവളേ നിനക്ക് കാണിച്ചു തരാം...ഇപ്പോ നീ ഒന്ന് കിടക്ക്... പ്ലീസ്....."

ചേച്ചിയുടെ മറുപടിക്കൊപ്പം കണ്ണും കൂടേ നിറഞ്ഞതിനാൽ കൂടുതൽ ഒന്നും ചെയ്യാൻ എനിക്കു കഴിഞ്ഞില്ല....

ഞാൻ വീണ്ടും ബെഡിലേക്ക് ചാരി കിടന്നു...

ഒന്ന് കണ്ണടച്ചതെ ഓർമ്മയുള്ളു.... അങ്ങനെ ഉറങ്ങി പോയി.....

ചേച്ചി എന്റെ അടുത്ത് തന്നെ ഉണ്ടായിരുന്നു.....

മുടിയിൽ ആരോ തഴുകുന്നുണ്ട്..... മുഖത്ത് എന്തോ ഇറ്റിറ്റു വീഴുന്നുണ്ട് എന്റെ കണ്ണുകൾ പതിയേ തുറന്ന്...

www.kkstories.com

ആ മങ്ങിയ കാഴ്ചയിൽ ഞാൻ ആരുടെയോ രണ്ട് മുഖങ്ങൾ കണ്ടു...

കണ്ണു തിരുമ്മി വീണ്ടും നോക്കിയപ്പോൾ മുമ്പിലിതാ മാതാശ്രീയും പിതാശ്രീയും....

രണ്ടു പേരും കണ്ണുകൾ നിറച്ച് എന്നേ തന്നെ നോക്കി നിൽക്കുകയാണ്....

എന്റെ അച്ഛൻ എന്നേ നോക്കി ആദ്യമായിട്ട് കരയുന്നത് കാണുകയാണെങ്കിലും മൊത്തത്തിൽ എനിക്ക് ചൊറിഞ്ഞു വരുകയായിരുന്നു...

ബോധം വന്നത് മുതൽ കാണുന്ന കാഴ്ചയാണ് ഈ കരച്ചിലും പിഴിച്ചിലും...

ഇവിടേ ഞാനെന്താ ചത്തു കിടക്കുകയാണോ....ഇതിനും മാത്രം കരയാൻ...

തല തിരിച്ചു നോക്കിയപ്പോൾ അവിടെയും കരച്ചിൽ....

നന്ദു ചേച്ചിയും പാറു ചേച്ചിയും കെട്ടി പിടിച്ചു കരയുകയാണ്....

എന്റെ ഒരു അവസ്ഥ.... 😐

www.kkstories.com

ഞാൻ ബെഡിൽ ചാരി കിടക്കാൻ ശ്രമിച്ചു...

എന്റെ ശ്രമം കണ്ടിട്ടാവണം... കാർത്തു ചേച്ചി ഒരു മുക്കിൽ നിന്നും വന്ന് ബെഡിന്റെ തല ഭാഗം കുറച്ചു പൊന്തിച്ചു...

ഞാൻ കിടക്കുന്നത് വേറേ ഒരു റൂമിൽ ആണ് എന്ന് എനിക്കപ്പോഴാണ് മനസ്സിലായത്....

ഞാൻ എല്ലാവരെയും കുറച്ചു നേരം നോക്കി...

"സിദ്ധു..... നിനക്ക് ഞങ്ങളെയൊക്കെ ഓർമ്മയുണ്ടോ മോനേ.... "

പാറു എന്നേ നോക്കി നിറ കണ്ണുകളോടെ ചോദിച്ചു....

നീയേതാടി എന്ന് ചോദിക്കാൻ തോന്നിയെങ്കിലും ചോദിച്ചില്ല....

ഇത്രയും ഒക്കെ ആയിട്ടും ഇവർക്കൊന്നും ഒരു മാറ്റവും ഇല്ലല്ലോ എന്ന് ആലോചിക്കുമ്പോളാണ്... 😐

"അതേയ് രാവിലേ മുതൽ കാണുന്നതാണ് ഈ കരച്ചിലും പിഴിച്ചിലും.... ദൈവത്തെ ഓർത്ത് എല്ലാരും ഇതൊന്നു നിർത്തോ...? അല്ലെങ്കി ഞാൻ വീണ്ടും പോവും കോമയിലേക്ക്... "

www.kkstories.com

എല്ലാവരോടും കൂടി ഞാൻ തൊഴു കൈയ്യോടെ ചോദിച്ചു....

എന്തായാലും സംഗതിയേറ്റു.... അവർ കണ്ണുകൾ ഒക്കെ തുടച്ച് മുഖത്ത് ചിരി വരുത്താൻ ശ്രമിച്ചു...

പാവങ്ങൾ... 😕

പിന്നേ അങ്ങോട്ട് വിശേഷങ്ങളോട് വിശേഷങ്ങൾ ആയിരുന്നു... ഒപ്പം കാലിലും കയ്യിലും തലയിലും ഒക്കെയുള്ള മാസ്സാജും

"അമ്മേ... കല്ലുവും ദേവു ചേച്ചിയും എന്ത്യേ...."

അവരെ കാണാത്തതുകൊണ്ട് ഞാൻ ചോദിച്ചു....

"പുറത്തുണ്ട്.... "

എന്ന ഒറ്റ മറുപടിയായിരുന്നു എനിക്ക് കിട്ടിയത്....

ഇത്രയും നേരം പുറത്തുണ്ടായിട്ടാണോ അകത്ത് കയറാത്തത്....

www.kkstories.com

"അതെന്താ അവർ അകത്തേക്ക് കയറാത്തത്....?"

ചോദ്യം ചോദിച്ചു കഴിഞ്ഞതും ഡോർ ശക്തിയായി തുറക്കുന്ന ശബ്ദം ഞാൻ കേട്ടു....

നോക്കുമ്പോൾ കാണുന്നത്...ഡോറിന് കുറച്ചു പിറകിലായി നിൽക്കുന്ന ദേവുചേച്ചിയെയാണ്.....

ഇതെന്ത് കൂത്ത് എന്നുള്ള ഭാവമായിരുന്നു ഞങ്ങളുടെ എല്ലാവരുടെയും മുഖത്ത്.....

"വാ... "

ചേച്ചി സൈഡിലോട്ട് നോക്കി ആരെയോ വരവേൽപ്പിക്കുന്ന പോലേ പറഞ്ഞു...

"ദേ... പെണ്ണേ മര്യാദക്ക് വന്നോ.... ഇല്ലേൽ തലമണ്ട ഞാൻ അടിച്ചു പൊട്ടിക്കും....."

ചേച്ചി കലിപ്പായി....

എന്നാൽ സൈഡിൽ നിന്നും ഒരു കൈ പതിയെ വന്നു....

ആ കൈ കണ്ടതും ആളേ എനിക്ക് മനസ്സിലായി....

www.kkstories.com

'കല്ല്യാണി...'

അവളുടെ കൈ പിടിച്ചുകൊണ്ടു ദേവു ചേച്ചി റൂമിനുള്ളിലേക്ക് കയറി വന്നു...

കല്ല്യാണിയുടെ മുഖം താഴ്ന്നാണിരിക്കുന്നത്...അവൾ കരയുന്നുണ്ട് എന്നെനിക്ക് വ്യക്തമായി... ഒരു പഴയ ചുരിദാറും... പാറി പറക്കുന്ന മുടിയിഴകളും.... മൊത്തത്തിൽ പെണ്ണ് ആകെ ഒരു പരുവം ആയിട്ടുണ്ട്....

അവളെ കണ്ടതും എന്റെ കണ്ണുകളും നിറയാൻ തുടങ്ങി....

അവർ രണ്ടു പേരും ഞാൻ കിടക്കുന്നതിന്റെ ഇടതുവശത്തായി തൊട്ടടുത്ത് നിന്നു...

ദേവു ചേച്ചിയുടെ മുഖത്ത് സങ്കടമാണോ സന്തോഷമാണോ എന്നെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല....

എന്നാൽ കല്ല്യാണി എന്നേ നോക്കുന്നുപോലുമില്ല....

ഞങ്ങളെ രണ്ടുപേരെയും മാറി മാറി നോക്കിയ ദേവുചേച്ചി ശേഷം അച്ഛന്റെയും അമ്മയുടെയും കൈ പിടിച്ചു വലിച്ചുകൊണ്ട് പുറത്തേക്ക് നടന്നു....

"നിനക്കെന്തോടി പെണ്ണേ.... "

www.kkstories.com

അമ്മ ചേച്ചിയോട് ചോദിച്ചു....

"നിങ്ങൾ ഇത്രേം നേരം അവനേ കണ്ടില്ലേ തള്ളേ... അവർക്ക് എന്തെങ്കിലും പറയാനും ചെയ്യാനും ഒക്കെ ഉണ്ടാവും... നിങ്ങളൊന്നു പുറത്തേക്ക് വാ... "

ചേച്ചി അമ്മമാർ കുട്ടികളെ കൊണ്ടുപോകുന്ന പിടിച്ചു വലിച്ചുകൊണ്ടുപോവുകയാണവരെ...

പോവുന്നതിനുമുൻപ് എനിക്കൊരു ഉമ്മയും തന്നു ചേച്ചി...

"നിന്നോടൊക്കെ ഞാൻ ഇനി ആദ്യം വന്ന് പറയണോ.... "

ചേച്ചി മറ്റു ചേച്ചിമാരോട് വാതിൽക്കൽ നിന്നും അലറി....

ഇതൊക്കെ കണ്ടപ്പോൾ മനസ്സൊന്ന് ശാന്തമായി....

എല്ലാവരും റൂമിനുവെളിയിൽ പോയി ഡോർ ചാരി....

ഇപ്പോൾ ഞാനും കല്ല്യാണിയും മാത്രമേ റൂമിനുള്ളിൽ ഉള്ളു.... എന്നാൽ ഞങ്ങളുടെ ഇടയിലേ മൗനം....അതൊരു അസഹിഷ്ണുത ഉണർത്തി....

www.kkstories.com

"മുഖത്തേക്ക് നോക്ക്.... "

ഒടുവിൽ മൗനം വെടിയാൻ ഞാൻ തന്നെ തീരുമാനിച്ചു....

അൽപ്പം പരുഷമായാണ് ഞാൻ അതു പറഞ്ഞത്...

അവൾ പതിയേ മുഖമുയർത്തി... കണ്ണുകൾ കലങ്ങിയിട്ടിട്ടുണ്ട്.... എന്നാൽ അവളുടെ ആ നീല കണ്ണുകൾ കണ്ടപ്പോൾ തന്നെ ഒരു ആശ്വാസം....

"ഇങ്ങോട്ട് വാ... "

ഞാൻ അവളോട് എന്റെ അടുത്തേക്ക് വരാൻ ആവശ്യപ്പെട്ടു...

നല്ല അനുസരണയുള്ള കുട്ടിയേപോലേ അവൾ എന്റെ അടുത്തേക്ക് വന്നു....

ശേഷം അവളെ ഞാൻ എന്റെ അടുത്ത് പിടിച്ചു ഇരുത്തി....

ഞാൻ ആ മുഖം രണ്ടു കൈകൊണ്ടും കോരിയെടുത്തു.... കരയാതിരിക്കാൻ പാടുപെടുന്ന അവൾക്ക് അത് മതിയായിരുന്നു...

അണപ്പൊട്ടിയെ പോലേ കണ്ണുനീർ ഒഴുകുമ്പോൾ ഞാൻ അവളുടെ മുഖത്തേക്ക് നോക്കി നിന്നു....

www.kkstories.com

ഞങ്ങൾ പരസ്പരം എത്രമാത്രം സ്നേഹിക്കുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു....

"എന്റെ പൊന്നല്ലേ... കരയല്ലേ പ്ലസ്.... "

അവളുടെ കണ്ണുകൾ തുടച്ചുകൊണ്ട് ഞാൻ പറഞ്ഞു...

അവൾ കരയുന്നത് നിർത്തുവാൻ പറ്റുന്ന പോലേ ശ്രമിക്കുന്നുണ്ടെങ്കിലും എങ്ങലടി ഇപ്പോഴുമുണ്ട്...

പൂർണമായും ഇല്ലെങ്കിലും ഏകദേശം ഒരു അഞ്ചു മിനിറ്റെടുത്തു അവളെയൊന്നു ഓക്കേയാക്കിയെടുക്കാൻ....

ശേഷം ചാരി കിടക്കുന്ന എന്റെ മാറിലേക്ക് അവൾ തല വച്ച് ഒപ്പം കിടന്നു...

അവളുടെ കൈകളിലൂടെ ഞാൻ എന്റെ വിരലുകൾ ഓടിച്ചു....

"കല്ലൂസേ....."

ഞാൻ അവളുടെ പാറി കിടക്കുന്ന മുടിയൊതുക്കികൊണ്ട് ചോദിച്ചു...

www.kkstories.com

"മ്മ്...."

"എന്റെ പൊന്ന് ആത്മഹത്യക്ക് ശ്രമിച്ചു എന്ന് കേട്ടതൊക്കെ സത്യമാണോ...."

അവൾ അതു കേട്ടെങ്കിലും മറുപടിയൊന്നും തന്നില്ല....

"പറ...."

ഞാൻ വീണ്ടും തിരക്കി...

"മ്മ്....."

"എന്തിനാ അങ്ങനെയൊക്കെ ചെയ്യാൻ നിന്നേ...."

"ഞാൻ കാരണമല്ലേ ഇങ്ങനെയൊക്കെ സംഭവിച്ചേ...."

"എന്നാര പറഞ്ഞേ...."

www.kkstories.com

"എന്നേ രക്ഷിക്കാൻ വന്നതുകൊണ്ടല്ലേ.... നിനക്ക് ഇങ്ങനെയൊക്കെ സംഭവിച്ചേ..."

അവൾ പരാതി പറയുന്നത് പോലേ പറഞ്ഞു....

"എന്റെ പൊന്നിനെയല്ലാതെ ഞാൻ പിന്നേ ആരെയാ രക്ഷിക്കണ്ടേ...."

അതു പറയുമ്പോൾ എന്റെ ചുണ്ടിൽ ഒരു ചിരി വന്നിരുന്നു...

എന്നാൽ ഞാൻ അത് സമർത്ഥമായി മറച്ചു വച്ചു...

കാരണം കല്ല്യാണി ഇപ്പോൾ എന്റെ പഴയ കല്ല്യാണിയാണ്... അവൾക്കിപ്പോ കുട്ടികളുടെ സ്വഭാവമാണ് അത് മാറ്റുവാൻ ഞാൻ ഒരുക്കമല്ലായിരുന്നു....

അതുകൊണ്ട് ഞാനും ഒരു കുട്ടിയാവൻ തീരുമാനിച്ചു...

"എന്നാലും.... എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ അപ്പോൾ.....നിന്റെ ഈ അവസ്ഥ കണ്ട് പറ്റേ സഹിക്കാൻ വയ്യാഞ്ഞപ്പോഴാ ഞാൻ....."

നിർത്തിയതും അവൾ വീണ്ടും കണ്ണൊലിപ്പിക്കാൻ തുടങ്ങി....

"അതുശരി... അന്ന് നിനക്ക് എന്തെങ്കിലും പറ്റിയാർന്നെങ്കിൽ... ഇപ്പോ ഞാൻ ഒറ്റക്കാകുമായിരുന്നില്ലേ..... ഇനി എന്റെ പൊന്ന് അങ്ങനെ ഒക്കെ ചെയ്യോ...."

www.kkstories.com

അവളുടെ കവിളിൾ പിടിച്ചു വലിച്ചുകൊണ്ട് ഞാൻ ചോദിച്ചു....

"മ്മ്ഹ്....."

അവൾ ഇല്ല എന്നർത്ഥത്തിൽ മൂളി....

കൂടുതൽ ഈ കാര്യം സംസാരിക്കാൻ എനിക്കും താൽപ്പര്യമുണ്ടായിരുന്നില്ല...

"അതൊക്കെ പോട്ടെ... എന്റെ പൊന്ന് ഭക്ഷണം ഒന്നും കഴിക്കുന്നില്ല എന്ന് ഞാൻ കേട്ടല്ലോ...?അതോ....?😤"

"ഞാൻ കഴിക്കാറൊക്കെയുണ്ട്....."

"എന്നിട്ടെന്താ നിന്റെ കോലം ഇങ്ങനെ..... കണ്ടോ ഇതിന്റെ വലുപ്പം ഒക്കെ കുറഞ്ഞല്ലോ....ഇനി ഞാനെന്ത് ചെയ്യും..."

ഞാൻ അവളുടെ രണ്ടു മുലകളും ഒന്ന് പിടിച്ചു ഞെരിച്ചുകൊണ്ട് ചോദിച്ചു.....

"പോടാ... പട്ടി...."

www.kkstories.com

അവൾ എന്റെ കയ്യിലേക്ക് ഒരു അടി തന്നു...

ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെതായ ലോകത്ത് മാത്രമാണ്....

"കല്ലൂസേ എത്ര ദിവസമായി ഒന്ന് കുടിക്കാൻ താടി ഇത്... "

ഞാൻ അവളുടെ ചുരിതാറിന് ഉള്ളിലൂടെ ആ പാൽവെണ് മുലകളിൽ തഴുകി കൊണ്ട് ചോദിച്ചു...

അതിന്റെ ആ സോഫ്റ്റ്നെസ്സ് കാരണം കൈ എടുക്കാൻ പോലും തോന്നിയില്ല....

അവളും അതിനു മുതിർന്നില്ല...

"വേണോ.... "

അവൾ മുഖമുയർത്തി നിസാര മട്ടിൽ ചോദിച്ചു....

"മ്മ്...."

www.kkstories.com

ഞാനും അതേ നാണയത്തിൽ മറുപടി പറഞ്ഞു....

അവൾ കുറച്ചു നേരം എന്തോ ആലോചിച്ചു അതേ കിടപ്പ് കിടന്നു....ശേഷം പെട്ടെന്നെഴുന്നേറ്റു...

വീണ്ടും എന്റെ മുഖത്തേക്ക് നോക്കി....

ആ മുഖത്ത് തെളിച്ചമൊക്കെ കാണാം... അതേപോലെ അവളുടെ സ്പെഷ്യൽ ഐറ്റമായ കള്ള ചിരിയും....

അതെന്തോഒരു പണിക്കുള്ള സൂചനയായിട്ടാണ് എനിക്ക് തോന്നിയത്....

ഞാൻ അവളേ ശ്രദ്ധപൂർവ്വം.... വീക്ഷിച്ചു...

തൊട്ടടുത്ത നിമിഷം അവൾ തലവഴി ചുരിദാർ ഊരാൻ നോക്കി..

😳

ഞാൻ പെട്ടെന്ന് ബെഡിൽ നിന്നും എഴുന്നേറ്റിരുന്നു അത് തടഞ്ഞു....

മൈര് വാതിൽ പോലും ലോക്ക് ചെയ്തിട്ടില്ല...

www.kkstories.com

"നിനക്കെന്താ വയ്യേ.... കല്ല്യാണി...."

എന്റെ അമ്പരപ്പ് മറച്ചു വക്കാതെ ഞാൻ ചോദിച്ചു....

"വേണ്ടേ....?"

അവളുടെ മുഖത്ത് ഇപ്പോഴും ആ കള്ളച്ചിരി കാണാം...

"വേണ്ടാ.... നീ ഇപ്പോ ഇവിടേ കിടന്നേ... അതൊക്കെ ഞാൻ പിന്നേ കുടിച്ചോളാം..."

ഞാൻ അവളേ വീണ്ടും പിടിച്ചു കിടത്തി...

ശേഷം വീണ്ടും ഞാൻ അവളുടെ ഓരോ ഭാഗത്തും പിടിച്ചും ഞെക്കിയും ഓരോ കാര്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു....അതിനിടക്ക് ആവശ്യമില്ലാത്ത ഒരു കാര്യവും ഞാൻ ചോദിക്കാൻ നിന്നില്ല....

പെട്ടെന്നാണ് ഡോറിൽ ഒരു മുട്ടു കേൾക്കുന്നത്....

ഞങ്ങൾ ഒരേ പോലേ അങ്ങോട്ട് നോക്കി

www.kkstories.com

"അകത്തേക്ക് വന്നോട്ടേ.... "

അരുണിന്റെ ശബ്ദമാണ് ഞാൻ കേട്ടത്....

"ആ..... വന്നോ... വന്നോ...."

ഡോർ തുറന്നുകൊണ്ട് അവൻ അകത്തേക്ക് വന്നു...

പോലീസ് വേഷത്തിലാണ് വന്നിരിക്കുന്നത്...

ഓഹ് ഇവന്റെ സസ്പെൻഷൻ ഓക്കേ കഴിഞ്ഞോ....

ഇനി ഞാൻ ഉണർന്നതറിഞ്ഞു പിടിച്ചുകൊണ്ടുപോവാൻ വല്ലോം വന്നതാണ്...

ഞാൻ അറിയാതെ കിടന്ന കിടപ്പിൽ ഒന്നെണീച്ചു...

അപ്പോൾ തന്നെ കല്ല്യാണി എന്നേ ബലമായി വീണ്ടും പിടിച്ചു കിടത്തി... എന്റെ കൈകളിലൂടെ കയ്കോർത്ത്കൊണ്ട് കിടന്നു...

അരുൺ വന്നതിന് പുല്ല് വില പോലും അവൾ അവന് കൊടുത്തില്ല...

www.kkstories.com

എന്നാൽ അരുണിന്റെ മുഖത്ത് കല്ല്യാണിയേ വീണ്ടും പഴയത്പോലേ കണ്ടതിന്റെ സന്തോഷം മുഖത്ത് പ്രകടമായിരുന്നു....

"എന്റെ കല്ലൂസേ.... നീ അവന് കുറച്ച് റസ്റ്റ് കൊടുക്ക്..."

കല്ല്യാണിയുടെ സ്നേഹപ്രകടനം കണ്ട അരുൺ തമാശരൂപേണ അവളോട് പറഞ്ഞു....

"നീ നിന്റെ പണി നോക്കി പോടാ.... "

ആവൾ ചിറികോട്ടികൊണ്ട് പറഞ്ഞു...

അവനുള്ളത് കിട്ടിയപ്പോൾ അവനും ഹാപ്പി...

അരുൺ ഞങ്ങളുടെ അടുത്ത് വന്നിരുന്നു...

എനിക്ക് വല്ല്യ ഭാവവ്യത്യാസം ഒന്നുമില്ലെങ്കിലും ഞങ്ങളുടെ ഇടയിലേക്ക് കട്ടുറുമ്പ് പോലേ വന്നത് കല്ല്യാണിക്ക് അത്ര പറ്റിയിട്ടുണ്ടായിരുന്നില്ല....

"കല്ലൂസേ.... ഞങ്ങൾ കുറച്ചു നേരം ഒറ്റക്കിരുന്നു സംസാരിച്ചോട്ടെ.... നീ ഒന്ന് പുറത്ത് പോവോ...."

www.kkstories.com

അരുൺ വന്നതിന്റെ കാര്യത്തിലേക്ക് വരാൻ തുടങ്ങി....

"പറ്റില്ല.... നീ വേണേൽ പുറത്തു പൊക്കോ...."

എന്നാൽ കല്ല്യാണി അമ്പിനും വില്ലിനും അടുക്കുന്നില്ല...

അവസാനം അരുൺ ദയനീയ മായി എന്നേ നോക്കി...

ഒന്ന് പറഞ്ഞു വിടഡാ എന്നൊരു അർത്ഥം ആ നോട്ടത്തിൽ ഉണ്ടായിരുന്നു...

"കല്ലൂസേ.... പ്ലീസ്...."

ഞാൻ അവളോട് കണ്ണുകൾകൊണ്ട് ഗോഷ്ടി കാട്ടി...

ആദ്യം പോവില്ല എന്ന് പറഞ്ഞെങ്കിലും പിന്നേ അവളേ പറഞ്ഞു അങ്ങ് സമ്മതിപ്പിച്ചു...

പോവുന്നതിനു മുൻപ് അരുണിന് കല്ല്യാണി സ്പെഷ്യൽ കുത്തും രണ്ടെണ്ണം കിട്ടി....

ഞങ്ങൾ രണ്ടു പേരും അവൾ പോവുന്നത് ഒരു ചിരിയോടെ നോക്കി നിന്നു...

www.kkstories.com

"അവളേ വീണ്ടും ഇങ്ങനെ കാണാൻ പറ്റും എന്ന് ഞാൻ വിചാരിച്ചതല്ലായിരുന്നു...."

അരുൺ അവൾ പോവുന്നത് നോക്കി പറഞ്ഞു..

ഇവൻ പറഞ്ഞതിന്റെ അർത്ഥം എനിക്ക് ബോധം വരും എന്ന് വിചാരിച്ചില്ല എന്നല്ലേ.... 🙄

"സിദ്ധു.... എനിക്ക് നിന്നോട് കുറച്ചു കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ ഉണ്ട്..."

അരുൺ സീരിയസ് ആയി...

"അതിനു മുൻപ് എനിക്ക് കുറച്ചു കാര്യങ്ങൾ ചോദിക്കാനുണ്ട്...."

"എന്താ....?"

"ആ ആദിയെവിടെ...?എനിക്ക് തന്നതിന് എണ്ണിയെണ്ണി ചോദിക്കാതെ ആ മൈരനെ ഞാൻ വിടില്ല...."

ആ മൈരനെയും അവന്റെ കുടുംബത്തെയും ഓർക്കുമ്പോൾ തന്നെ ശരീരം മൊത്തം ചൂട് കേറുന്നു...

മായ അവൾ പാവം.... എങ്ങനെ വന്നു പെട്ടോ ആവോ....

www.kkstories.com

ഞാൻ അരുണിനെ നോക്കിയപ്പോൾ അവൻ അന്തം വിട്ട് എന്നേ നോക്കി നിൽക്കുകയാണ്....

കുറച്ചു നേരത്തേ മൗനത്തിനു ശേഷം അവൻ വീണ്ടും സംസാരിക്കാൻ തുടങ്ങി...

"അവന്റെ കാര്യം മറന്നേക്ക്... അവനേ ഇനി നിനക്ക് കിട്ടാനൊന്നും പോവുന്നില്ല...."

അരുൺ പറഞ്ഞു...

"എന്ന് വച്ചാൽ....?"

"അവനും അവന്റെ കുടുംബവും എല്ലാവരും മരിച്ചു... അല്ല കൊന്നു എന്ന് വേണം പറയാൻ.... ഇനി അവരുടെ കുടുംബത്തിൽ മായ മാത്രമേ ബാക്കിയുള്ള..."

😳

"കൊന്നു എന്നോ....?ആര്....?"

"മായ....., അവളാ നിങ്ങളേ രണ്ടു പേരെയും രക്ഷിച്ചേ...."

"അവനും അവന്റെ കുടുംബവും എല്ലാവരും മരിച്ചു... അല്ല കൊന്നു എന്ന് വേണം പറയാൻ.... ഇനി അവരുടെ കുടുംബത്തിൽ മായ മാത്രമേ ബാക്കിയുള്ള..."

www.kkstories.com

😳

"കൊന്നു എന്നോ....?ആര്....?"

"മായ....., അവളാ നിങ്ങളേ രണ്ടു പേരെയും രക്ഷിച്ചേ...."

"മായയോ.....എങ്ങനെ...?"

എന്റെ അമ്പരപ്പ് അപ്പോഴും വിട്ടുമാറിയിട്ടുണ്ടായിരുന്നില്ല....

"അതറിയാതോണ്ടല്ലോ നിന്നോട് ഞാൻ ചോദിച്ചത്...."

ഇവൻ എന്ത് തേങ്ങയാ ഈ പറയുന്നേ.... ബോധം പോയ എന്നോട് ഇത് വല്ലോം ചോദിച്ചിട്ട് കാര്യമുണ്ടോ...

മായയുടെ അമ്മയുടെ നിലവിളി വീണ്ടും എന്റെ കാതിൽ വീണ്ടും മുഴങ്ങാൻ തുടങ്ങി...

അന്നവിടെ എന്താണ് സംഭവിച്ചത്.... ഹോ ബോധം പോവാൻ കണ്ടൊരു നേരം.... 😐

www.kkstories.com

ഞാൻ എനിക്കറിയില്ല എന്ന ഭാവത്തിൽ അരുണിനേ നോക്കി തലയാട്ടി....

"അപ്പോ കല്ലുവിന് മാത്രമേ അന്നവിടെ സംഭവിച്ചത് എന്നറിയൂ...."

അവൻ ആരോടെന്നില്ലാതെ പറഞ്ഞു....

ശേഷം വീണ്ടും തുടർന്നു...

"""""""""അന്ന് രാവിലെ നീ ദേവുവിനോട് പറഞ്ഞ കാര്യം അവൾ എന്നോട് വന്ന് പറഞ്ഞായിരുന്നു.... അവൾ ഒറ്റ കാര്യമാണ് അന്ന് എന്നോട് ആവശ്യപ്പെട്ടത്... അത് എന്ത്

തന്നെയായാലും രാജീവനേ കണ്ടുപിടിക്കണമെന്നായിരുന്നു..... കല്ലുവിന്റെ കാര്യത്തിൽ എനിക്കും റിസ്ക് എടുക്കാൻ കഴിയുമായിരുന്നില്ല....

അതിനാൽ തന്നെ ഡിപ്പാർട്മെന്റിൽ തന്നെ ഉള്ള സഹായം വച്ച് ഞാൻ അവനേ കണ്ടുപിടിക്കാൻ ശ്രമിച്ചു....

ഓരോ ക്യാമറയും അരിച്ചു പെറുക്കി ഒടുവിൽ അവൻ തമിഴ്നാടുണ്ട് എന്ന വിവരം എനിക്ക് ലഭിച്ചു വിവരം ഞാൻ ദേവുവിനോട് പറഞ്ഞു... അവൾ കേട്ടപാതി കേൾക്കാത്ത പാതി കാറിനടുത്തേക്ക് ഓടി...കുറേ ദൂരമുണ്ട് എന്നൊക്കെ പറഞ്ഞു നോക്കിയെങ്കിലും അവൾ പിന്മാറാൻ തയാറായില്ല...

പിന്നേയും അവളോട് പറഞ്ഞിട്ട് കാര്യമില്ല എന്ന് മനസ്സിലാക്കിയ ഞാൻ കൂടേ പോവുക എന്നല്ലാതെ വേറേ ഒരു വഴിയും അപ്പോൾ എന്റെ മുമ്പിൽ തെളിഞ്ഞില്ല....ഏകദേശം നാലു മണിക്കൂർ യാത്ര അത് കഴിഞ്ഞ് വീണ്ടും ഒരു മണിക്കൂർ എടുത്തു അവനേ ഒന്ന് കണ്ടുപിടിക്കാൻ. അവനേ കണ്ടതും ദേവു അവന്റെ മുഖത്തിനിട്ട് ആഞ്ഞൊരു അടി കൊടുത്തു.....

www.kkstories.com

അതു മതിയായിരുന്നു അവന്റെ വായിൽ നിന്നും സത്യങ്ങൾ എല്ലാം കേൾക്കാൻ.... എല്ലാത്തിന്റേ പിന്നിലും മഹാദേവനും അവന്റെ കുടുംബവുമാണ് എന്ന് ഞങ്ങൾ മനസ്സിലാക്കി... എന്നാൽ അതിൽ ആദിയും മായയും ഉൾപ്പെട്ടത് ശരിക്കും പറഞ്ഞാൽ വിശ്വസിക്കാനായില്ല.....

മായക്ക് ഉള്ളത് നിന്നോടുള്ള പ്രാന്തമായ പ്രണയമായിരുന്നെങ്കിൽ ബാക്കി ഉള്ളവർക്ക് ആ ആത്മാവിനോടുള്ള ഭയമായിരുന്നു.....പിന്നേ അവനേ ഭീഷണി പെടുത്തിയ കഥ കൂടേ കേട്ടപ്പോൾ തിരിച്ചു എന്ത് പറയും എന്ന് ഞങ്ങൾക്ക് മനസ്സിലായില്ല..... ശേഷം രാജീവനോട് ഞങ്ങളോടൊപ്പം വരാൻ ദേവു കുറേ നിർബന്ധിച്ചു പക്ഷേ ഭയം അപ്പോഴേക്കും അയാളെ കീഴ്പ്പെടുത്തിയിരുന്നു....

അവിടേ ഇനിയും നിന്നിട്ട് കാര്യമില്ല എന്ന് ഞങ്ങൾ മനസ്സിലാക്കി...അങ്ങനെ തിരിച്ചു പോവാൻ നിൽക്കുമ്പോഴാണ് രാജീവൻ അന്ന് രാത്രിയിൽ പരമേശ്വരൻ ചെയ്യാൻ പോകുന്ന കാര്യങ്ങളെ കുറിച്ച് പറയുന്നത്....എല്ലാം കേട്ട് കഴിഞ്ഞ അപ്പോൾ തന്നെ ഞാനും ദേവുവും പല നമ്പറിലേക്കും മാറി മാറി വിളിച്ചു പക്ഷേ ആരും ഫോൺ എടുത്തില്ല....

എന്തോ അരുതാത്തത് നടക്കാൻ പോവുന്ന എന്ന ഭയം ഞങ്ങളിൽ ഉടലെടുത്തു.... ദേവു ഒരിക്കൽ കൂടേ രാജീവനോട് കൂടേ വരാൻ ആവശ്യപെട്ടു അപ്പോഴും അതേ മറുപടി തന്നെയാണ് അയാളിൽ നിന്നും കിട്ടിയത്... എന്നാൽ അതു കേട്ടതും ദേവു കൈ വീശി ഒരടികൂടി ആഞ്ഞടിച്ചു.....

ശേഷം ഞങ്ങൾ മൂന്നു പേരും കൂടേ യാത്ര തിരിച്ചു.... അപ്പോഴും എല്ലാവരെയും വീണ്ടും കുറേ നേരം വിളിക്കാൻ ശ്രമിച്ചു... അവസാനം ചെയ്തതിൽ ആണ് നീ ഫോൺ എടുത്തത്.... എന്നാൽ വീണ്ടും കാര്യങ്ങൾ എല്ലാം പറഞ്ഞു തീരുന്നതിനു മുന്പേ ഫോൺ കട്ട് ആയി. പിന്നീട് തിരിച്ചു വിളിച്ചപ്പോൾ നിരാശയായിരുന്നു ഫലം....

www.kkstories.com

തറവാടിനടുക്കുതോറും മഴയുടെ ശക്തി കൂടി കൂടി വന്നു..... അവസാനം തറവാടെത്തി... വല്ലാത്തൊരു നിശബ്ദതയായിരുന്നു അപ്പോൾ അവിടം.... ഞങ്ങൾ അകത്തേക്ക് കയറിയപ്പോൾ കാണുന്നത് ബോധമറ്റു കിടക്കുന്ന എന്റെ അനിയന്മാരെയും പാറുവിനെയും ലക്ഷ്മിയാന്റിയെയും മറ്റുമാണ് ആദ്യം അവരേ കണ്ടപ്പോൾ എന്റെ ശ്വാസം നിലച്ചു പോയി. എന്നാൽ അവരേ പരിശോധിച്ചപ്പോൾ മയക്കി കിടത്തിയതാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു....

എന്റെ അനിയന്മാർക്ക് പരിക്കുകൾ ഉണ്ടായിരുന്നെങ്കിലും അതത്ര സീരിയസ് ആയിരുന്നില്ല... അവർക്കൊരു കുഴപ്പമില്ല എന്ന് മനസ്സിലാക്കിയപ്പോൾ നിന്റെയും കല്ല്യാണിയുടെയും മുഖം എന്റെ മനസ്സിലേക്ക് കടന്നു വന്നു ഒപ്പം ഒരു തരം ഭയവും. ഞാൻ വേഗം നിങ്ങളുടെ മുറി ലക്ഷ്യമാക്കി ഓടി പിന്നാലേ ദേവുവും രാജീവനും... നിങ്ങളുടെ മുറിയടുക്കുംതോറും ചൂട് ചോരയുടെ മണം എന്റെ മൂക്കിലേക്ക് തറച്ചുകൊണ്ടിരുന്നു... വാതിൽ തുറക്കുമ്പോൾ എന്റെ കൈ വിറക്കുന്നുണ്ടായിരുന്നു...

എന്നാൽ വാതിൽ തുറന്നപ്പോൾ അക്ഷരാർത്ഥത്തിൽ ഞങ്ങൾ ഞെട്ടി പോയി.... അത്രയും ഭയാനകമായിരുന്നു ആ കാഴ്ച...ചോരയിൽ കുളിച്ചുകിടക്കുന്ന മുറി. കയ്യിൽ കത്തിപിടിച്ചു ബോധമില്ലാതെ കിടക്കുന്ന മായ.... അവളുടെ തൊട്ടടുത്തായി കിടക്കുന്ന നീയും... നിന്റെ തലയിൽ നിന്നും രക്തം ഒഴുകുന്നുണ്ടായിരുന്നു....

എന്റെ കണ്ണുകൾ കല്ലുവിനെ തിരഞ്ഞു. അവൾ ഒരു ചുവരിലായി ചാരി നിന്നേ തന്നെ നോക്കി ഇരിക്കുകയായിരുന്നു.ചുമരിൽ രക്തത്തിന്റെ പാടുകൾ കാണാം..... ഒരു കൈകൊണ്ട് വയറും പൊത്തി പിടിച്ചിട്ടുമുണ്ട്.....

ആ കാഴ്ച കണ്ടതും എന്റെ കൈ കാലുകൾ വിറച്ചു തുടങ്ങി.ബാക്കി എല്ലാവരും മരിച്ചിട്ടുണ്ടായിരുന്നു എന്ന് അവരുടെ ശരീരങ്ങളിലേ ചോര പാടുകളിൽ നിന്നും എനിക്ക് വ്യക്തമായി....

ഞാൻ അവളുടെ അടുത്തേക്കും ദേവു നിന്റെ അടുത്തേക്കും ഓടി..... ഞാൻ കല്ലുവിന്റെ അടുത്തേക്ക് ചെന്നപ്പോൾ അവൾ ഒറ്റ കാര്യമാണ് ആവശ്യ പെട്ടത്...'എനിക്ക് കുഴപ്പമൊന്നുമില്ല അവരേ രക്ഷിക്കാൻ...' നിന്നെയും മായയേയുമായിരുന്നു അവൾ ഉദ്ദേശിച്ചത്.... എന്നാൽ എനിക്ക് കാണാൻ കഴിഞ്ഞത് ചോരയിൽ കുളിച്ചു കിടക്കുന്ന എന്റെ അനിയത്തിയേ മാത്രമാണ്....

ഞാൻ അവളേ കോരിയെടുത്തു.... ശേഷം നിന്റടുത്തായി ഇരിക്കുന്ന ദേവുവിനേ നോക്കി... അവൾ ആർത്തു കരയുകയായിരുന്നു...അങ്ങനെ ഒരു അവസ്ഥയിൽ ദേവുവിനേ ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല അവൾ അത്രക്കും തകർന്നു പോയിരുന്നു....ഞാൻ വേഗം കല്ലുവിനെ എടുത്തുകൊണ്ടു പോയി കാറിൽ ഇരുത്തി... അവളുടെ കണ്ണുകൾ അടഞ്ഞു തുടങ്ങിയിരുന്നു അപ്പോഴേക്കും. ശേഷം വീണ്ടും നിന്റെ അടുത്തേക്ക് വന്നു... നിന്റെ കാര്യം വളരേ കഷ്ടത്തിൽ ആയിരുന്നു...

ഞാനും രാജീവനും നിന്നേ പിടിച്ചെഴുന്നേൽപ്പിച്ചു കൊണ്ടു പോയി കാറിൽ കിടത്തി... ദേവു അപ്പോഴേക്കും അവളുടെ മനോധൈര്യം വീണ്ടെടുത്തിരുന്നു..... അവളും രാജീവനും കൂടേ നിന്നേ ആദ്യം ഹോസ്പിറ്റലിലേക്ക് കൊണ്ടു പോയി... പിന്നാലേ ഞാൻ കല്ലുവിനെകൊണ്ട് പോവാൻ നിന്നതും അവൾ എന്റെ കയ്യിൽ കയറി പിടിച്ചു...

www.kkstories.com

മായ അവളാണ് നിങ്ങളേ രക്ഷിച്ചതെന്നും അവളേ കൂടി രക്ഷിക്കണം എന്നതായിരുന്നു അവളുടെ അഭ്യർത്ഥന..... എന്തോ അവളേ അവിടേ തനിച്ചാക്കി പോവാൻ എനിക്കും മനസ്സു വന്നില്ല....

അവളേകൂടേ ഞാൻ ഹോസ്പിറ്റലിലേക്ക് കൊണ്ടു പോയി... അപ്പോഴേക്കും എല്ലാവരും വിവരമറിയുകയും കാർത്തു വരുകയും ചെയ്തിരുന്നു.... കല്ലുവിന്റെയും മായയുടെയും ജീവന് കാര്യമായ അപകടമുണ്ടായിരുന്നില്ല... എന്നാൽ നിന്റെ സ്ഥിതി മറിച്ചായിരുന്നു.... അതുകൊണ്ടാണ് നിന്നേ ഇങ്ങോട്ട് കൊണ്ടു വന്നത്...."""""""""

അരുൺ ഒരു കഥ പറയും പോലേ എല്ലാം പറഞ്ഞു തീർത്തു....

എന്ത് പറയണം എന്നെനിക്ക് അറിയുന്നുണ്ടായിരുന്നില്ല.....

www.kkstories.com

ഒക്കെ ഒരു സ്വപനം പോലേ.....

"അപ്പോൾ മായയാണോ എല്ലാവരെയും കൊന്നത്....?"

എന്റെ ഉള്ളിലേ ചോദ്യം മറച്ചുവെക്കാൻ കഴിഞ്ഞില്ല...

"അറിയില്ല... പക്ഷേ ഇതുവരെയുള്ള നിഗമനം വച്ച് അതാവാനേ ചാൻസ് ഉള്ളു..."

"ഈ കാര്യം അവളോട് സൂചിപ്പിക്കായിരുന്നില്ലേ...."

"ശ്രമിക്കാഞ്ഞിട്ടല്ല.... പക്ഷേ അവൾക്ക് ഒന്നും തന്നെ ഓർമ്മയില്ല....അവളുടെ കുടുംബം നിങ്ങളേ രക്ഷിക്കുന്നതിനിടയിൽ മരിച്ചു എന്നാണ് എല്ലാവരും കൂടേ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുന്നത്..... ഈ വാർത്ത കേട്ടാൽ അവൾ ശരിക്കും വയലന്റ് ആവുമെന്നാണ് ഞങ്ങൾ എല്ലാവരും കരുതിയിരുന്നത്... പക്ഷേ അവൾ സമാധാനപൂർണമാണ് എല്ലാം കേട്ടത് ഒരു തരി വിഷമവും,സന്തോഷവും അവളുടെ മുഖത്ത് ഉണ്ടായിരുന്നില്ല... എന്തിൽ നിന്നോ രക്ഷപെട്ടത് പോലെയുള്ള മനോഭാവം....അവൾ അതിനെക്കുറിച്ചു കൂടുതൽ ചോദിക്കാനും നിന്നില്ല ആരും അതിനേ കുറിച്ച് പറയുവാനും നിന്നില്ല...."

മായ അവളുടെ കുടുംബത്തിന്റെ കരുവായിരുന്നു എന്ന് എനിക്ക് തോന്നിയായിരുന്നെങ്കിലും അരുണിന്റെ വാക്കുകൾ അത് ഉറപ്പിക്കുന്നത് പോലെയായിരുന്നു....

www.kkstories.com

"അവൾ നുണ പറഞ്ഞതാണെങ്കിലോ....?"

ഉള്ളിലെ സംശയം ഞാൻ അതേപോലെ പ്രകടിപ്പിച്ചു...

"അതിനുള്ള എല്ലാ ടെസ്റ്റുകളും കാര്യങ്ങളും ഞങ്ങൾ നടത്തിയതാണ്... പിന്നേ ഇതിനെ പറ്റി ഞാൻ കല്ലുവിനോടും ചോദിച്ചിട്ടുണ്ടായിരുന്നു 'അവൾക്ക് ഒന്നും ഓർമയില്ലെങ്കിൽ അത് സത്യം തന്നെയായിരിക്കും' എന്നാണ് കല്ലു പറഞ്ഞത്..... ബാക്കി ഉള്ളവരോടും അവൾക്കിതിൽ പങ്കില്ല എന്നാണ് പറഞ്ഞിരിക്കുന്നത്... അത്കൊണ്ട് തന്നെ മായ ഉള്ളതിൽ അവർക്ക് പ്രശ്നമില്ലായിരുന്നു....'"

"എന്നിട്ട് അവൾ ഇപ്പോൾ എവിടെയാണ്...."

പ്രശ്നങ്ങൾ എല്ലാം തീർന്ന സ്ഥിതിക്കും അവളേ കാണാത്തതുകൊണ്ടും ഞാൻ ചോദിച്ചു...

"അവൾ അവളുടെ കോഴ്സ് കംപ്ലീറ്റ് ആക്കാൻ വേണ്ടി പോയതാണ് കഴിഞ്ഞ ആഴ്ച്ച വരേ ഇവിടേ ഉണ്ടായിരുന്നു...."

"ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്...."

"നീ കല്ലുവിനോട് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കണം. നിന്നോട് അവൾ പറയും... അതിന്റെ പിറകേ പോവാനൊന്നുമല്ല...മറിച്ച് ഒന്നറിയാനുള്ള ആഗ്രഹം...."

എന്തൊക്കെ ആഗ്രഹങ്ങൾ ആണ് ഇവന്....

www.kkstories.com

ഇതും പറഞ്ഞ് അവളുടെ അടുത്തേക്ക് ചെന്നാൽ എനിക്കിട്ട് രണ്ടെണ്ണം കിട്ടോ എന്നാണ് എന്റെ പേടി.... 😐

"എന്നാൽ ഞാൻ പോട്ടെ..... "

അതും പറഞ്ഞ് അവൻ ബെഡിൽ നിന്നും എഴുന്നേറ്റ് നടക്കാൻ തുടങ്ങി....

"ഒരു കാര്യം കൂടേ ചോദിച്ചോട്ടെ.... "

പെട്ടെന്നാണ് എന്റെ മനസ്സിൽ വീണ്ടും ഒരു സംശയം ഉദിച്ചത്.....

അരുൺ സംശയപൂർവ്വം എന്നേ നോക്കി....

"ഇനി അഥവാ മായ സത്യങ്ങൾ എല്ലാം അറിഞ്ഞാലോ....?"

അരുൺ കുറച്ചു നേരം എന്നേ നോക്കി...

ശേഷം

www.kkstories.com

"പരമേശ്വരന്റെ കൂടേ വന്ന ആളുകൾ ആണ് പുറം ലോകത്തിനു മുന്നിൽ എല്ലാം ചെയ്തത്....തെളിവുകൾ പോലും നിങ്ങളുടെ അടുത്ത് എത്തിയിട്ടില്ല. എങ്ങനെയാണെന്ന് ചോദിച്ചാൽ എനിക്കറിയില്ല.... ചിലപ്പോ ആ ആത്മാവായിരിക്കാം അല്ലെങ്കിൽ നിന്റെ ചേച്ചിയായിരിക്കാം. എന്തായാലും മായ അവൾ ഇത് അറിയാൻ പോവുന്നില്ല... ഞങ്ങളൊട്ട് പറയാനും...."

അതും പറഞ്ഞ് അവൻ ഒരു ചിരിക്കുന്ന മുഖവുമായി റൂമിനു വെളിയിലോട്ട് പോയി...

അവന്റെ വാക്കുകൾ വീണ്ടും ഞാൻ മനസിലൂടെ ഓടിച്ചു... ഇവന് ഇതെന്ത് മൈരാണ് പറഞ്ഞിട്ട് പോയത്.... 🤔

അപ്പോഴേക്കും വീണ്ടും വാതിൽ തുറക്കുന്ന ശബ്ദം ഞാൻ കേട്ടു....

കല്ല്യാണിയേ കണ്ടതും എന്റെ ചിന്തകളും തനിയേ നിന്നു....

പിന്നീടങ്ങോട്ട് അറിയുന്നവരുടെ ഒരു ഘോഷയാത്രയായിരുന്നു.... അറിയുന്നവരും അറിയാത്തവരും ഒക്കെ വന്നെന്നെ കണ്ടിട്ട് പോയി....

ഇതിനിടയിൽ ആരുമില്ലാത്ത തക്കം നോക്കി വന്ന് ദേവു ചേച്ചിയുടെ ഒരു ഷോയും.....

പൂർണമായും ഭേദമാവാൻ ഏകദേശം ആറ് ദിവസം ഞാൻ വീണ്ടും ഹോസ്പിറ്റലിൽ കിടന്നു....

www.kkstories.com

ഇതിനിടയിൽ ദിവസവും മായ എന്നേ വിളിക്കാറുണ്ടായിരുന്നു... അവളോട് സംസാരിച്ചപ്പോൾ എനിക്ക് ഒരു കാര്യം ഉറപ്പായി അവൾക്ക് ഒന്നും ഓർമ്മയില്ല... അതെന്തായാലും നന്നായി.. അതങ്ങനെ തന്നേ കിടന്നോട്ടെ...

എന്റെ പെട്ടെന്നുള്ള റിക്കവറിയിൽ എല്ലാവർക്കും സന്തോഷമായിരുന്നെങ്കിൽ കാർത്തു ചേച്ചിക്കും മറ്റു ഡോക്ടർമാർക്കും അതൊരു അത്ഭുതമായിരുന്നു...

'ഇത് ഇങ്ങനെയൊന്നുമല്ലടാ' എന്നൊരു ഭാവം...

